









സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ
പരിശീലന സമിതി (എസ്.സി.ഇ.ആർ.ടി)
വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം 695 012


# സാമൂഹ്യശാസ്ത്രം I

## സ്റ്റാൻഡേർഡ് X

### ഭാഗം 2




കേരളസർക്കാർ
പൊതുവിദ്യാഭ്യാസവകുപ്പ്




# സാമൂഹ്യശാസ്ത്രം I

## ഭാഗം - 2

## സ്റ്റാൻഡേർഡ് X

കേരളസർക്കാർ
പൊതുവിദ്യാഭ്യാസവകുപ്പ്

തയ്യാറാക്കിയത്

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT) കേരളം

2025

## ദേശീയഗാനം

ജനഗണമന അധിനായക ജയഹേ
ഭാരത ഭാഗ്യവിധാതാ,
പഞ്ചാബസിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്ക്കല ബംഗാ,
വിന്ധ്യഹിമാചല യമുനാഗംഗാ,
ഉച്ഛല ജലധിതരംഗാ,
തവശുഭനാമേ ജാഗേ,
തവശുഭ ആശിഷ മാഗേ,
ഗാഹേ തവ ജയ ഗാഥാ
ജനഗണമംഗലദായക ജയഹേ
ഭാരത ഭാഗ്യവിധാതാ
ജയഹേ, ജയഹേ, ജയഹേ,
ജയ ജയ ജയ ജയഹേ!

## പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീ സഹോദരന്മാരാണ്.

ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു; സമ്പൂർണ്ണവും വൈവിധ്യപൂർണ്ണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനം കൊള്ളുന്നു.

ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർന്നവരെയും ബഹുമാനിക്കും.

ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ടി പ്രയത്നിക്കും.

**സാമൂഹ്യശാസ്ത്രം I**

**10**

**State Council of Educational Research and Training (SCERT)**
Poojappura, Thiruvananthapuram 695012, Kerala
Website : www.scertkerala.gov.in
e-mail : scertkerala@gmail.com, Phone : 0471 - 2341883,
Typesetting and Layout : SCERT
First Edition : 2025
*Printed at* : KBPS, Kakkanad, Kochi-30
© Department of General Education, Government of Kerala

പ്രിയപ്പെട്ട വിദ്യാർഥികളേ,

സമൂഹത്തിന്റെ വിവിധ തലങ്ങളിൽ നടത്തിയ ചർച്ചകളിലൂടെ ഉരുത്തിരിഞ്ഞ കാഴ്ചപ്പാടുകളെ അടിസ്ഥാനമാക്കിയുള്ള പത്താംക്ലാസിലെ പുതിയ സാമൂഹ്യശാസ്ത്രം I പാഠപുസ്തകം രണ്ടുഭാഗങ്ങളിലായി നിങ്ങളുടെ കൈകളിൽ എത്തുകയാണ്. സാമൂഹ്യശാസ്ത്രത്തിലെ പ്രധാന പഠനമേഖലകളായ ചരിത്രം, രാഷ്ട്രതന്ത്രശാസ്ത്രം, സമൂഹശാസ്ത്രം എന്നിവയുമായി ബന്ധപ്പെട്ട പാഠഭാഗങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇന്നത്തെ ലോകത്തെ ശരിയായി മനസ്സിലാക്കാനും അടുത്തറിയാനും നാളെകളെ രൂപപ്പെടുത്താനും ഇന്നലെകളെക്കുറിച്ചുള്ള അറിവ് പ്രധാനപ്പെട്ടതാണല്ലോ. ആധുനികലോകത്തിന്റെ രൂപപ്പെടലിൽ പ്രധാന പങ്കുവഹിച്ച നവോത്ഥാനകാലഘട്ടത്തിൽ വിവിധ മേഖലകളിലുണ്ടായ മാറ്റങ്ങളെയാണ് ഈ പാഠപുസ്തകത്തിലെ ഒന്നാമത്തെ യൂണിറ്റ് ചർച്ചചെയ്യുന്നത്. സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്ന മുദ്രാവാക്യം ലോകത്തിന് നൽകിയ ഫ്രഞ്ച് വിപ്ലവത്തെക്കുറിച്ചും വിവിധകാലഘട്ടങ്ങളിൽ സാമ്പത്തികരംഗത്തുണ്ടായ മാറ്റങ്ങൾ, അവയുടെ പ്രത്യാഘാതങ്ങൾ എന്നിവയെക്കുറിച്ചും തുടർന്നുള്ള ചരിത്ര അധ്യായങ്ങളിൽ ചർച്ചചെയ്യുന്നു. ആധുനികലോകം സാക്ഷ്യം വഹിച്ച ഏറ്റവും വലിയ ബഹുജനസമരങ്ങളിലൊന്നായ ഇന്ത്യൻ സ്വാതന്ത്ര്യസമരത്തെയും അതിൽ നമ്മുടെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയുടെ പങ്കിനെയും സവിസ്തരം പ്രതിപാദിക്കുന്നതാണ് അടുത്ത അധ്യായം. സ്വാതന്ത്ര്യാനന്തരം ഇന്ത്യ നേരിട്ട വെല്ലുവിളികളെയും അവ മറികടന്നുകൊണ്ട് നമ്മൾ കൈവരിച്ച നേട്ടങ്ങളെയുമെല്ലാം ചരിത്രപാഠഭാഗങ്ങൾ ചർച്ചയ്ക്ക് വിധേയമാക്കുന്നു.

സാമൂഹ്യശാസ്ത്രപഠനരംഗത്തെ നൂതന മേഖലകളിലൊന്നായ സമൂഹശാസ്ത്രം സാമൂഹികവിഷയങ്ങളെയും പ്രശ്നങ്ങളെയും സാമാന്യബോധജ്ഞാനത്തിനുപരിയായി സമൂഹശാസ്ത്രസങ്കല്പത്തിലൂടെ സമീപിക്കാനുള്ള നൈപുണി നിങ്ങളിൽ വികസിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് അവതരിപ്പിച്ചിട്ടുള്ളത്. ഇന്ത്യൻ സാമൂഹ്യഘടനയെ വിശദമായി ചർച്ചചെയ്യുന്നതാണ് സമൂഹശാസ്ത്രത്തിലെ മറ്റൊരു പാഠഭാഗം.

സ്വാതന്ത്ര്യാനന്തരകാലഘട്ടത്തിൽ ഇന്ത്യൻ രാഷ്ട്രീയരംഗത്തുണ്ടായ മാറ്റങ്ങളെയും രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലുണ്ടായ ജനകീയ പ്രക്ഷോഭങ്ങളെയും ഇന്ത്യൻ ജനാധിപത്യം നേരിടുന്ന വെല്ലുവിളികളെയും പ്രതിപാദിക്കുന്ന പാഠഭാഗം രാഷ്ട്രതന്ത്രശാസ്ത്രത്തിന്റെ ഭാഗമായി ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

സാമൂഹ്യജീവിയെന്ന നിലയിൽ വിവിധ വിഷയങ്ങളിൽ കാര്യക്ഷമമായി ഇടപെടാനും ജനാധിപത്യബോധത്തോടെ മാനവികമൂല്യങ്ങളെ ഉയർത്തിപ്പിടിച്ച് സമൂഹത്തിന്റെ നെടുംതൂണുകളാവാനും ഈ പാഠപുസ്തകം നിങ്ങൾക്ക് ഒരു വിളക്കുമരമാകുമെന്ന് പ്രതീക്ഷിക്കുന്നു. വൈജ്ഞാനികസമൂഹത്തിന്റെ ഭാഗമാകാൻ നിങ്ങൾക്കോരോരുത്തർക്കും കഴിയട്ടെ എന്ന് ആശംസിക്കുന്നു.

ആശംസകളോടെ,

ഡോ. ജയപ്രകാശ് ആർ. കെ.
ഡയറക്ടർ
എസ്.സി.ഇ.ആർ.ടി.

# പാഠപുസ്തകരചനാസമിതി

**അഡൈ്വസർ**

ഡോ. കെ.എൻ. ഗണേഷ്
ചെയർമാൻ, കേരള കൗൺസിൽ ഫോർ ഹിസ്റ്റോറിക്കൽ റിസർച്ച്

**ചെയർപേഴ്സൺ**

ഡോ. ശിവദാസൻ പി.
സീനിയർ പ്രൊഫസർ, ഡിപ്പാർട്ടുമെന്റ് ഓഫ് ഹിസ്റ്ററി, കാലിക്കറ്റ് യൂണിവേഴ്സിറ്റി

**വിദഗ്ധർ**

ഡോ. കെ.കെ. രാധ
പ്രിൻസിപ്പൽ (റിട്ട)
ഗവ. കോളേജ് ഫോർ വുമൺ
തിരുവനന്തപുരം

ഡോ. പി. മോഹൻദാസ്
അസോസിയേറ്റ് പ്രൊഫസർ (റിട്ട)
ഡിപ്പാർട്ടുമെന്റ് ഓഫ് ഹിസ്റ്ററി
കെ.എം.എം. വുമൺസ് കോളേജ്, കണ്ണൂർ

ഡോ. പി.പി. അബ്ദുൾ റസാക്
പ്രൊഫസർ & ഹെഡ്സ് (റിട്ട)
ഡിപ്പാർട്ടുമെന്റ് ഓഫ് ഹിസ്റ്ററി
പി.എസ്.എം.ഒ. കോളേജ്, തിരൂരങ്ങാടി

ഡോ. പ്രദീപ്കുമാർ കെ.
അസോസിയേറ്റ് പ്രൊഫസർ & ഹെഡ്സ് (റിട്ട)
ഡിപ്പാർട്ടുമെന്റ് ഓഫ് പൊളിറ്റിക്കൽ സയൻസ്
ഗവ. കോളേജ്, ആറ്റിങ്ങൽ, തിരുവനന്തപുരം

**അംഗങ്ങൾ**

യൂസഫ് കുമാർ എസ്.എം.
പ്രിൻസിപ്പൽ, ജി.എച്ച്.എസ്.എസ്.
ചിതറ, കൊല്ലം

ഹരിപ്രദീപ് എസ്.
എച്ച്.എസ്.ടി. (റിട്ട)
എസ്.വി.എച്ച്.എസ്., പുല്ലാട്
പത്തനംതിട്ട

ഡോ. അഞ്ജന വി.ആർ. ചന്ദ്രൻ.
റിസർച്ച് ഓഫീസർ
എസ്.സി.ഇ.ആർ.ടി, കേരള

ഡോ. അജിത് ആർ. പിള്ള
പ്രിൻസിപ്പൽ, ഡി.ബി.എച്ച്.എസ്.എസ്.
പരുമല, പത്തനംതിട്ട

അജു എസ്.
എച്ച്.എസ്.എസ്.ടി., ഹിസ്റ്ററി
ജി.എം.ജി.എച്ച്.എസ്.എസ്.
പട്ടം, തിരുവനന്തപുരം

ജയകൃഷ്ണൻ ഒ.കെ.
എച്ച്.എസ്.എസ്.ടി.
കെ.പി.സി.എച്ച്.എസ്. പട്ടാനൂർ, കണ്ണൂർ

പ്രദീപൻ ടി.
എച്ച്.എസ്.എസ്.ടി., ഹിസ്റ്ററി
ജി.എച്ച്.എസ്.എസ്. പാലയാട്, കണ്ണൂർ

മാർഗരറ്റ് ലിനി വി.പി.
എച്ച്.എസ്.ടി. സോഷ്യൽസയൻസ്
ജി.വി.എച്ച്.എസ്.എസ്. വെള്ളനാട്, തിരുവനന്തപുരം

വിശ്വംഭരൻ എൻ.
എച്ച്.എസ്.എസ്.ടി. (റിട്ട), ബോയ്സ് ഹയർ സെക്കണ്ടറി സ്കൂൾ, കരുനാഗപ്പള്ളി, കൊല്ലം

ശ്രീജിത്ത് എം. മൂത്തേടത്ത്
എച്ച്.എസ്.ടി., സോഷ്യൽ സയൻസ്
സി.എൻ.എൻ. ജി.എച്ച്.എസ്. ചേർപ്പ്, തൃശ്ശൂർ

അനസ് എൻ.എസ്.
ഗവേഷകവിദ്യാർഥി, കേരള സർവകലാശാല

**അക്കാദമിക് കോഡിനേറ്റർ**

**ജഗദീഷ് കെ.ടി.**
റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി, കേരളം

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT) കേരളം
വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം 695 012

# ഉള്ളടക്കം


| | | |
|---|---|---|
| 6 | സ്വാതന്ത്ര്യത്തിനായുള്ള ബഹുജനമുന്നേറ്റം | 111-130 |
| 7 | സ്വതന്ത്ര ഇന്ത്യയുടെ വർത്തമാനം | 131-154 |
| 8 | ജനാധിപത്യം ഒരു ഇന്ത്യൻ അനുഭവം | 155-180 |
| 9 | ഇന്ത്യൻ സാമൂഹികവ്യവസ്ഥയെ അറിയാം | 181-202 |


ഈ പുസ്തകത്തിൽ പഠനസൗകര്യത്തിനായി ചില ചിഹ്നങ്ങൾ ഉപയോഗിച്ചിരിക്കുന്നു



അധികവായനയ്ക്ക് - വിലയിരുത്തലിന് വിധേയമാക്കേണ്ടതില്ല



പഠനപ്രവർത്തനം



തുടർപ്രവർത്തനങ്ങൾ

# ഭാരതത്തിന്റെ ഭരണഘടന

## ആമുഖം

**ഭാരതത്തിലെ ജനങ്ങളായ നാം** ഭാരതത്തെ ഒരു [1]**[പരമാധികാര സ്ഥിതിസമത്വ മതേതര ജനാധിപത്യ റിപ്പബ്ലിക്കായി]** സംവിധാനം ചെയ്യുവാനും അതിലെ പൗരന്മാർക്കെല്ലാം:

സാമൂഹ്യവും സാമ്പത്തികവും രാഷ്ട്രീയവും ആയ **നീതിയും;**

ചിന്തയ്ക്കും ആശയപ്രകടനത്തിനും വിശ്വാസത്തിനും മതനിഷ്ഠയ്ക്കും ആരാധനയ്ക്കും ഉള്ള **സ്വാതന്ത്ര്യവും;**

പദവിയിലും അവസരത്തിലും **സമത്വവും;** സംപ്രാപ്തമാക്കുവാനും;

അവർക്കെല്ലാമിടയിൽ

വ്യക്തിയുടെ അന്തസ്സും [2][രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും] ഉറപ്പുവരുത്തിക്കൊണ്ട് **സാഹോദര്യം** പുലർത്തുവാനും;

സഗൗരവം തീരുമാനിച്ചിരിക്കയാൽ;

**നമ്മുടെ ഭരണഘടനാനിർമ്മാണസഭയിൽ** ഈ 1949 നവംബർ ഇരുപത്താറാം ദിവസം **ഇതിനാൽ ഈ ഭരണഘടനയെ സ്വീകരിക്കുകയും നിയമമാക്കുകയും നമുക്കു തന്നെ പ്രദാനം ചെയ്യുകയും ചെയ്യുന്നു.**

---

1. 1976 - ലെ ഭരണഘടന (നാല്പത്തിരണ്ടാം ഭേദഗതി) ആക്റ്റ് 2-ാം വകുപ്പു പ്രകാരം "പരമാധികാര ജനാധിപത്യ റിപ്പബ്ലിക് "എന്നതിന് പകരം ചേർത്തത് (3.1.1977 മുതൽ പ്രാബല്യം).
2. മേല്പറഞ്ഞ ആക്റ്റ് 2-ാം വകുപ്പു പ്രകാരം "രാഷ്ട്രത്തിന്റെ ഐക്യം"എന്നതിനു പകരം ചേർത്തത് (3.1.1977 മുതൽ പ്രാബല്യം).

# 6

# സ്വാതന്ത്ര്യത്തിനായുള്ള ബഹുജനമുന്നേറ്റം

## മഹത്തായ വിചാരണ

*ഗവൺമെന്റ് സർക്യൂട്ട് ഹൗസ്, അഹമ്മദാബാദ്, മാർച്ച്* 18, 1922 *സെഷൻസ് ജഡ്ജ് ജസ്റ്റിസ് സി.എൻ. ബ്രൂംഫീൽഡ് മുമ്പാകെ.*

*പ്രോസിക്യൂട്ടർ സർ.ജെ.ടി. സ്ട്രാങ്ങ്മാൻ, അഡ്വക്കേറ്റ് ജനറൽ, ബോംബെ.*



പ്രതിക്ക് ബോധിപ്പിക്കാനുള്ള കാര്യങ്ങൾ കേട്ടശേഷം ജഡ്ജി ബ്രൂംഫീൽഡ് പ്രതിയെ വണങ്ങി, തുടർന്ന് വിധി പ്രസ്താവിച്ചു.

" 'ഈ രാജ്യത്ത് ഒരു ന്യായാധിപന് നേരിടേണ്ടിവന്നിട്ടുള്ള ഒരുപക്ഷേ ഏറ്റവും പ്രയാസമുള്ള കാര്യമാണ് ഈ കേസിൽ നീതിപൂർവമായ വിധി പ്രസ്താവിക്കുക എന്നത്. വ്യക്തികളെ നോക്കി വിധിപറയുക എന്നത് നിയമത്തിന്റെ കടമയല്ലല്ലോ. ഞാൻ ഇതുവരെ വിചാരണ ചെയ്തിട്ടുള്ളതും ഭാവിയിൽ വിചാരണ ചെയ്യാൻ ഇടയുള്ളതുമായ വ്യക്തികളിൽ നിന്നും വളരെ വ്യത്യസ്തനാണ് താങ്കൾ എന്ന വസ്തുത അവഗണിക്കാൻ കഴിയില്ല. ദശലക്ഷക്കണക്കിന് ഇന്ത്യക്കാരുടെ ദൃഷ്ടിയിൽ താങ്കൾ വലിയൊരു രാജ്യസ്നേഹിയും നേതാവുമാണെന്ന കാര്യം വിസ്മരിക്കുന്നില്ല. രാഷ്ട്രീയ നിലപാടുകളിൽ താങ്കളോട് വിയോജിക്കുന്നവർ പോലും താങ്കളെ വീക്ഷിക്കുന്നത് ഉന്നതമായ ആദർശങ്ങളെ പാലിച്ചുകൊണ്ട് കുലീനവും പരിപാവനവുമായ ജീവിതം നയിക്കുന്നയാളായിട്ടാണ്'. പ്രതിക്ക് ശിക്ഷയായി ആറ് വർഷത്തെ തടവ് വിധിച്ചുകൊണ്ട് ജഡ്ജി കൂട്ടിച്ചേർത്തു, 'ശിക്ഷയുടെ കാലാവധി സർക്കാർ കുറയ്ക്കുകയാണെങ്കിൽ അതിൽ എന്നേക്കാൾ സന്തോഷിക്കുന്ന ആരും ഉണ്ടാകില്ല' ".

*Source:* Louis Fischer, *The Life of Mahatma Gandhi*

### ദക്ഷിണാഫ്രിക്കയെന്ന രാഷ്ട്രീയക്കളരി

ഗാന്ധിജിയെന്ന രാഷ്ട്രീയനേതാവിനെ രൂപപ്പെടുത്തിയത് ദക്ഷിണാഫ്രിക്കയായിരുന്നു. ഇരുപത് വർഷക്കാലം ഗാന്ധിജി ദക്ഷിണാഫ്രിക്കയിൽ ചെലവഴിച്ചു. ദാദാ അബ്ദുള്ള ജാവേരി എന്ന ഗുജറാത്തി കുടിയേറ്റക്കച്ചവടക്കാരന്റെ നിയമസഹായിയായിട്ടാണ് ഗാന്ധിജി അവിടെ എത്തിയത്. അക്കാലത്ത് ദക്ഷിണാഫ്രിക്കയിലെ വെള്ളക്കാരിൽ നിന്ന് ഏഷ്യക്കാരും കറുത്തവർഗക്കാരും നേരിടേണ്ടിവന്ന വംശീയ വിവേചനങ്ങൾക്കെതിരെ ഗാന്ധിജി സമരം നയിച്ചു. അഹിംസയിൽ അധിഷ്ഠിതമായ തന്റെ സത്യഗ്രഹ സമരരീതിക്ക് ഗാന്ധിജി രൂപം കൊടുത്തത് ദക്ഷിണാഫ്രിക്കയിൽ വച്ചാണ്. ഗാന്ധിജിയെ സംബന്ധിച്ചിടത്തോളം യഥാർഥ സമരത്തിനുള്ള പരിശീലനക്കളരിയായിരുന്നു ദക്ഷിണാഫ്രിക്ക. 1915 ൽ അദ്ദേഹം ഇന്ത്യയിൽ തിരിച്ചെത്തി.

നീതിപൂർവമായ വിധി പറയാൻ പ്രയാസകരമെന്ന് ജഡ്ജി വിശേഷിപ്പിച്ച കേസിലെ വ്യത്യസ്തനും രാജ്യസ്നേഹിയുമായ പ്രതി നമ്മുടെ രാഷ്ട്രപിതാവ് മഹാത്മാഗാന്ധിയായിരുന്നു. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തെ ഒരു ബഹുജന പ്രസ്ഥാനമാക്കി മാറ്റിയത് അദ്ദേഹമാണ്. 1919 മുതൽ ഗാന്ധിജിയുടെ നേതൃത്വത്തിൽ മുന്നേറിയ ഇന്ത്യൻ സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിലെ ചില സുപ്രധാന സംഭവ വികാസങ്ങളാണ് ഈ പാഠത്തിൽ നമ്മൾ ചർച്ച ചെയ്യുന്നത്.

ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ രൂപീകരണവും ആദ്യകാല സമരങ്ങളും നിങ്ങൾ മുൻക്ലാസിൽ പരിചയപ്പെട്ടിട്ടുണ്ടല്ലോ. ഗാന്ധിജി സ്വാതന്ത്ര്യസമരത്തിന്റെ നേതാവായതോടെ കർഷകർ, തൊഴിലാളികൾ, സ്ത്രീകൾ, വിദ്യാർഥികൾ തുടങ്ങി സമൂഹത്തിലെ വിവിധ വിഭാഗങ്ങൾ സമരങ്ങളിൽ സജീവമായി. സമൂഹത്തിലെ വിവിധ വിഭാഗങ്ങളെ ഒന്നിച്ച് അണിനിരത്തിക്കൊണ്ട് മാത്രമേ ബ്രിട്ടീഷ് സാമ്രാജ്യത്തെ എതിരിടാൻ കഴിയുകയുള്ളൂ എന്ന യാഥാർഥ്യം ഗാന്ധിജിക്ക് അറിയാമായിരുന്നു. എല്ലാവരെയും ഒരു കുടക്കീഴിൽ അണിനിരത്താനും അവരിൽ ഒരാളാകാനും അദ്ദേഹത്തിന് കഴിഞ്ഞു.

ഗാന്ധിജിയുടെ നേതൃത്വം ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ ഉണ്ടാക്കിയ മാറ്റം ചർച്ച ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

### ചമ്പാരൻ മുതൽ ഖേദ വരെ

ദക്ഷിണാഫ്രിക്കയിൽ നിന്ന് ഇന്ത്യയിൽ തിരിച്ചെത്തിയ ഗാന്ധിജി ആദ്യം ശ്രദ്ധ പതിപ്പിച്ചത് പ്രാദേശിക സമരങ്ങളിലായിരുന്നു. 1917ൽ ബീഹാറിലെ ചമ്പാരൻ ജില്ലയിലെ നീലം കർഷകരുടെ പ്രശ്നങ്ങളിൽ അദ്ദേഹം ഇടപെട്ടു. ചമ്പാരൻ സ്വദേശിയായ രാജ്കുമാർ ശുക്ലയുടെ പ്രേരണയിലാണ് അദ്ദേഹം അവിടെ എത്തിയത്. നീലം കർഷകരെ യൂറോപ്യന്മാരായ തോട്ടം ഉടമകൾ ചൂഷണം ചെയ്തിരുന്നു. ഗാന്ധിജിയുടെ ഇടപെടലിനെ തുടർന്ന് കർഷകരുടെ പ്രശ്നങ്ങൾ പഠിക്കാൻ അദ്ദേഹം കൂടി ഉൾപ്പെട്ട ഒരു കമ്മീഷനെ ബ്രിട്ടീഷ് ഭരണകൂടം നിയമിച്ചു. തൽഫലമായി കർഷകരുടെ പ്രശ്നങ്ങൾ കുറെയേറെ പരിഹരിക്കപ്പെട്ടു.

1918ൽ ഗുജറാത്തിലെ അഹമ്മദാബാദിൽ തുണിമിൽ തൊഴിലാളികളുടെ സമരത്തിൽ ഗാന്ധിജി പങ്കാളിയായി. വേതനവർധനവ് ആവശ്യപ്പെട്ടായിരുന്നു സമരം. ഗാന്ധിജി ഉപവാസം ആരംഭിക്കുകയും തുടർന്ന് തൊഴിലാളികളുടെ വേതനത്തിൽ വർധനവ് ലഭിക്കുകയും ചെയ്തു.

1918ൽ ഗുജറാത്തിലെ തന്നെ ഖേദയിൽ കർഷകർക്ക് വേണ്ടി ഗാന്ധിജി സമരം നടത്തി. പ്രകൃതിക്ഷോഭം മൂലം കൃഷിനാശമുണ്ടായ ഖേദയിൽ കർഷകർക്ക് നികുതി അടയ്ക്കാൻ കഴിഞ്ഞിരുന്നില്ല. നികുതിയിളവ് ആവശ്യപ്പെട്ട് കർഷകർ സമരം തുടങ്ങി. ഗാന്ധിജി ഗ്രാമങ്ങൾ തോറും സഞ്ചരിച്ച് കർഷകർക്ക് ആവേശം പകർന്നു. വൈകാതെ വിളനാശം നേരിട്ട കർഷകർക്ക് നികുതിയിളവ് നൽകാൻ സർക്കാർ തയ്യാറായി.

ഈ മൂന്ന് സമരങ്ങളിലൂടെ ഗാന്ധിജി എന്ന പുതിയൊരു ദേശീയനേതാവിന്റെ ഉദയത്തിന് ഇന്ത്യ സാക്ഷ്യം വഹിച്ചു. അദ്ദേഹത്തിന്റെ രാഷ്ട്രീയ നിലപാടും അഹിംസയിൽ അധിഷ്ഠിതമായ സത്യഗ്രഹ സമരരീതിയും ഈ സമരങ്ങളിലൂടെ ഇന്ത്യക്കാർ പരിചയപ്പെട്ടു.

പട്ടികപൂർത്തിയാക്കുക

| ............................................ | ചമ്പാരൻ | ............................................ |
|---|---|---|
| 1918 | ............................................ | തുണിമിൽ തൊഴിലാളികളുടെ വേതന വർധനവിനുവേണ്ടി |
| ............................................ | ഖേദ | ............................................ |

ഇന്ത്യയിൽ ഗാന്ധിജി പങ്കെടുത്ത ആദ്യകാല സമരങ്ങളുടെ പൊതുസവിശേഷതകൾ കണ്ടെത്തി ചാർട്ട് തയ്യാറാക്കുക. ഇന്ത്യയുടെ രൂപരേഖയിൽ സമരവുമായി ബന്ധപ്പെട്ട സ്ഥലങ്ങൾ അടയാളപ്പെടുത്തി ചാർട്ടിൽ ഉൾപ്പെടുത്തുക.

## ഒന്നാം ലോകയുദ്ധവും ഇന്ത്യയും

1914 മുതൽ 1918 വരെ നടന്ന ഒന്നാം ലോകയുദ്ധത്തെപ്പറ്റി നമ്മൾ മുമ്പ് ചർച്ച ചെയ്തല്ലോ.

ഒന്നാം ലോകയുദ്ധം ഇന്ത്യയിൽ വലിയ സാമ്പത്തിക പ്രത്യാഘാതങ്ങൾ സൃഷ്ടിച്ചിരുന്നു.

- യുദ്ധത്തിന്റെ പേരിൽ ജനങ്ങളുടെമേൽ അധിക നികുതി ചുമത്തപ്പെട്ടു.
- സൈനികരുടെ ആവശ്യത്തിനായി വൻതോതിൽ ധാന്യങ്ങൾ കയറ്റുമതി ചെയ്തത് ഭക്ഷ്യക്ഷാമത്തിന് ഇടയാക്കി.
- അക്കാലത്തെ വിളനാശവും പകർച്ചവ്യാധികളും സ്ഥിതി കൂടുതൽ ദുരിതപൂർണ്ണമാക്കി. നിരവധിപേർ ക്ഷാമം മൂലം മരണപ്പെട്ടു.

ഈ പശ്ചാത്തലത്തിലായിരുന്നു ഗാന്ധിജി ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ നേതൃത്വത്തിലേക്ക് എത്തിയത്.

## അടിച്ചമർത്തലുകൾക്കെതിരായ പോരാട്ടം

ഒന്നാം ലോകയുദ്ധാനന്തരം ശക്തിപ്രാപിച്ച ഇന്ത്യൻ സ്വാതന്ത്ര്യസമരത്തെ അടിച്ചമർത്താനായി ബ്രിട്ടീഷ് ഭരണകൂടം ചില നടപടികൾ സ്വീകരിച്ചു. ഇതിന്റെ ഭാഗമായി 1919ൽ റൗലറ്റ് നിയമം നടപ്പിലാക്കി. ഈ നിയമപ്രകാരം;

- വാറന്റില്ലാതെ ആരെയും അറസ്റ്റ് ചെയ്യാം
- വിചാരണ കൂടാതെ ആരെയും ജയിലിലടയ്ക്കാം.

പൗരാവകാശങ്ങളെ തടയുന്ന ഈ നിയമത്തിനെതിരെ 1919 ഏപ്രിൽ 6ന് ഗാന്ധിജി ഒരു ദേശീയ ഹർത്താലിന് ആഹ്വാനം ചെയ്തു. ഇതിന്റെ പ്രചരണത്തിനായി 'സത്യഗ്രഹ സഭ' രൂപീകരിക്കുകയുണ്ടായി. ഹർത്താലിൽ വലിയ ജനപങ്കാളിത്തം ഉണ്ടായിരുന്നു. 'ഏറ്റവും വിസ്മയാവഹമായ കാഴ്ച' എന്നാണ് ഈ ദേശീയ ഹർത്താലിനെ ഗാന്ധിജി വിശേഷിപ്പിച്ചത്.

പഞ്ചാബ്, ലാഹോർ എന്നിവിടങ്ങളിൽ റൗലറ്റ് നിയമത്തിനെതിരായ സമരം വളരെ ശക്തമായിരുന്നു. പഞ്ചാബിലെ ജനകീയ നേതാക്കളായ ഡോ. സത്യപാൽ, ഡോ. സെയ്ഫുദ്ദീൻ കിച്ച്‌ലു എന്നിവരെ അറസ്റ്റ് ചെയ്ത് ജയിലിലടച്ചു. അമൃത്സറിൽ പട്ടാളനിയമം പ്രഖ്യാപിക്കുകയും ചെയ്തു.



ജാലിയൻവാലാബാഗിലെ വെടിവയ്പ്പിന്റെ ഫലമായി ചുമരുകളിൽ ഉണ്ടായ ദ്വാരങ്ങൾ

നേതാക്കളുടെ അറസ്റ്റിൽ പ്രതിഷേധിക്കാൻ 1919 ഏപ്രിൽ 13ന് അമൃത്സറിലെ ജാലിയൻവാലാബാഗ് മൈതാനത്ത് നടന്ന പൊതുയോഗത്തിൽ എത്തിയവർക്കുനേരെ സൈനിക ഉദ്യോഗസ്ഥനായ ജനറൽ റെജിനാൾഡ് ഡയറിന്റെ ഉത്തരവ് പ്രകാരം ബ്രിട്ടീഷ് പട്ടാളം വെടിവയ്പ്പ് നടത്തി. ഒരൊറ്റ പ്രവേശന കവാടം മാത്രമേ മൈതാനത്തിന് ഉണ്ടായിരുന്നുള്ളൂ. മുന്നറിയിപ്പ് നൽകാതെയായിരുന്നു വെടിവയ്പ്പ് നടന്നത്. പത്തുമിനുട്ട് നേരം തുടർന്ന വെടിവയ്പ്പിൽ സർക്കാർ രേഖ പ്രകാരം 379 പേർ കൊല്ലപ്പെട്ടു. എന്നാൽ യഥാർഥത്തിൽ കൊല്ലപ്പെട്ടവർ ഇതിലും വളരെ കൂടുതലായിരുന്നു. ആയിരത്തിലധികം പേർക്ക് പരിക്കേറ്റു.

ജാലിയൻവാലാബാഗ് കൂട്ടക്കൊലയുമായി ബന്ധപ്പെട്ട് കൂടുതൽ വിവരങ്ങൾ ശേഖരിച്ച് അതിനെ ആസ്പദമാക്കി റോൾപ്ലേ അവതരിപ്പിക്കുക.

## ഹണ്ടർ കമ്മീഷൻ

ജാലിയൻ വാലാബാഗ് ഉൾപ്പെടെയുള്ള സംഭവങ്ങളെപ്പറ്റി അന്വേഷിക്കാൻ ബ്രിട്ടീഷ് ഗവൺമെന്റ് നിയമിച്ച കമ്മീഷനായിരുന്നു ഹണ്ടർ കമ്മീഷൻ. ഹണ്ടർ കമ്മീഷന് മുമ്പാകെ ഹാജരായ ജനറൽ ഡയറിനോട് കമ്മീഷൻ ചോദിച്ച ചില ചോദ്യങ്ങളും അവയ്ക്കുള്ള ഉത്തരങ്ങളും ഇപ്രകാരമായിരുന്നു:

ചോദ്യം : ജനം കൂടുതലായി നിൽക്കുന്ന സ്ഥലം നോക്കി നിങ്ങൾ വെടിവയ്പിന്റെ ദിശ മാറ്റിക്കൊണ്ടിരുന്നു. ശരിയാണോ?

ഉത്തരം : ശരിയാണ്

ചോദ്യം : പ്രവേശന കവാടം വലുതും കവചിതവാഹനങ്ങൾക്ക് പ്രവേശിക്കാൻ കഴിയുന്നതും ആയിരുന്നെങ്കിൽ നിങ്ങൾ അവ ഉപയോഗിക്കുമായിരുന്നോ?

ഉത്തരം : ഒരു പക്ഷേ ആകാം

കമ്മീഷന് മുമ്പാകെ ഡയർ ഇങ്ങനെ സാക്ഷ്യപ്പെടുത്തി,

എല്ലാവരെയും വധിക്കാൻ ഞാൻ തീരുമാനിച്ചതായിരുന്നു.

*Source:* Louis Fischer, *Life of Mahatma Gandhi*

## ബഹുജനസമരത്തിലേക്ക്

റൗലറ്റ് നിയമത്തിനെതിരായ സമരം സ്വാതന്ത്ര്യ സമരത്തിലെ ഒരു വഴിത്തിരിവായിരുന്നു. എന്നാൽ അത് പ്രധാനമായും നഗരമേഖലകളിൽ ആയിരുന്നു ശക്തിയാർജിച്ചത്. ഗ്രാമീണ മേഖലകളിലേക്കും സമരം വ്യാപിപ്പിക്കേണ്ടതിന്റെ ആവശ്യകത ഗാന്ധിജിക്ക് ബോധ്യപ്പെട്ടിരുന്നു. ഇത് പ്രായോഗികമാകാൻ ഹിന്ദു, മുസ്ലീം ഐക്യം ശക്തിപ്പെടുത്തണമെന്ന് ഗാന്ധിജി മനസ്സിലാക്കി. ഈ ലക്ഷ്യത്തോടെ ഗാന്ധിജി ഖിലാഫത്ത് പ്രശ്നം ഏറ്റെടുത്തു. സഹോദരന്മാരായ മുഹമ്മദ് അലിയും ഷൗക്കത്ത് അലിയും ആയിരുന്നു ഇന്ത്യയിലെ ഖിലാഫത്ത് പ്രസ്ഥാനത്തിന് നേതൃത്വം നൽകിയത്.

## ഖിലാഫത്ത്

ഒന്നാം ലോകയുദ്ധത്തിലെ വിജയികൾ പരാജയപ്പെട്ട തുർക്കിയുമായി സെവ്രെസ് ഉടമ്പടി ഒപ്പുവച്ചു. ഇത് പ്രകാരം തുർക്കി ഭരണാധികാരിയും ഇസ്ലാമിക ലോകത്തിന്റെ ആത്മീയ നേതാവുമായി കണക്കാക്കിയിരുന്ന ഖലീഫയുടെ പല അധികാരങ്ങളും ഇല്ലാതായി.

ഖലീഫയുടെ അധികാരങ്ങൾ പുനഃസ്ഥാപിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഖിലാഫത്ത് പ്രസ്ഥാനം ആരംഭിച്ചത്.

## നിസ്സഹകരണത്തിലൂടെ ഒരു പോരാട്ടം

ഖിലാഫത്ത് കമ്മിറ്റിയുടെയും ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെയും നേതൃത്വത്തിൽ അക്രമരഹിതമായ ഒരു നിസ്സഹകരണ സമരം ആരംഭിച്ചു. ചുവടെ പറയുന്നവയായിരുന്നു നിസ്സഹകരണസമരത്തിന്റെ രീതികൾ.

- ബ്രിട്ടീഷ്ഭരണകൂടം നൽകിയ പദവികൾ തിരിച്ചു നൽകുക
- സർക്കാർ ഉദ്യോഗങ്ങൾ രാജിവയ്ക്കുക
- അഭിഭാഷകർ കോടതികൾ ബഹിഷ്കരിക്കുക
- വിദ്യാർഥികൾ ബ്രിട്ടീഷ് വിദ്യാലയങ്ങൾ ബഹിഷ്കരിക്കുക
- വിദേശവസ്തുക്കൾ ബഹിഷ്കരിക്കുക

### ഹിന്ദ് സ്വരാജ്




ഗാന്ധിജി രചിച്ച് 1909ൽ പ്രസിദ്ധീകരിച്ച പുസ്തക മാണ് 'ഹിന്ദ് സ്വരാജ്'. ഇതിൽ ഇന്ത്യയിലെ ബ്രിട്ടീഷ് ഭരണത്തെ ഗാന്ധിജി ഇപ്ര കാരം വിശദീകരിച്ചു: ഇന്ത്യ ക്കാരുടെ സഹകരണത്തിലൂടെയാണ് ഇന്ത്യയിൽ ബ്രിട്ടീഷ് ഭരണം നിലവിൽ വന്നത്. അത് നിലനിൽക്കുന്നതും ഈ സഹകരണം കാരണമാണ്. ഇന്ത്യക്കാർ നിസ്സഹകരിച്ചാൽ ബ്രിട്ടീഷ് ഭരണം ഒരു വർഷം കൊണ്ട് അവസാനിക്കുകയും സ്വരാജ് നിലവിൽ വരികയും ചെയ്യും. ഹിന്ദ് സ്വരാജ് എന്നതുകൊണ്ട് ഗാന്ധിജി ഉദ്ദേശിച്ചത് ഇന്ത്യയുടെ സ്വയംഭരണം എന്നതാണ്.

- നിയമനിർമ്മാണ സഭകൾ ബഹിഷ്കരിക്കുക

സാമുദായികസൗഹാർദം ശക്തിപ്പെടുത്തുക, സ്വദേശി വസ്തുക്കൾ ഉപയോഗിക്കുക, ഖാദി പ്രചരിപ്പിക്കുക, ദേശീയ വിദ്യാലയങ്ങൾ സ്ഥാപിക്കുക എന്നിവയും സമരകാലത്തെ പരിപാടികളായിരുന്നു.

നിസ്സഹകരണസമരത്തിന്റെ സന്ദേശവുമായി ഗാന്ധി ജിയും അലി സഹോദരന്മാരും രാജ്യത്തിന്റെ വിവി ധഭാഗങ്ങളിൽ സന്ദർശനം നടത്തുകയും ജനങ്ങളെ നേരിൽ കാണുകയും ചെയ്തു. ഈ സന്ദർശനങ്ങൾ സ്വാതന്ത്ര്യസമരം സാധാരണക്കാരുടേതുകൂടിയാ ണെന്ന തിരിച്ചറിവ് ജനങ്ങളിൽ ഉണ്ടാക്കുന്നതിന് സഹായകമായി.

ഗ്രാമ-നഗര മേഖലകളിൽ സമരം ഒരുപോലെ ശക്ത മായിരുന്നു. ഈ സമരത്തിൽ സമൂഹത്തിലെ വിവിധ വിഭാഗം ജനങ്ങളുടെ പങ്കാളിത്തം എങ്ങനെയായിരു ന്നുവെന്ന് നോക്കാം.

**സ്ത്രീകൾ**

വിദേശ വസ്തുക്കളുടെ ബഹിഷ്കരണം, വിദേശ തുണിത്തരങ്ങൾ ശേഖ രിച്ച് കത്തിക്കൽ തുടങ്ങിയ സമരരീതികളിൽ സ്ത്രീകൾ പങ്കാളികളായി.

**തൊഴിലാളികൾ**

നിസ്സഹകരണ സമരത്തോട് തൊഴിലാളികളുടെ പ്രതികരണവും സജീവ മായിരുന്നു. മദ്രാസിലെ ബക്കിങ്ഹാം-കർണ്ണാടിക് തുണിമിൽ തൊഴിലാ ളികൾ, അസമിലെ തോട്ടം തൊഴിലാളികൾ, അസം-ബംഗാൾ റെയിൽവെ തൊഴിലാളികൾ തുടങ്ങിയവർ പണിമുടക്കി സമരത്തോട് സഹകരിച്ചു.

**വിദ്യാർഥികൾ**

ആയിരക്കണക്കിന് വിദ്യാർഥികൾ സർക്കാർ സ്കൂളുകളും കോളേജു കളും ബഹിഷ്കരിച്ചു. അവർ ദേശീയ വിദ്യാലയങ്ങളിൽ ചേർന്ന് പഠനം തുടർന്നു. ബനാറസിലെ കാശിവിദ്യാപീഠം, ഗുജറാത്ത് വിദ്യാ പീഠം, അലിഗറിലെ ജാമിയ മില്ലിയ ഇസ്ലാമിയ എന്നിവ ഇക്കാലത്ത് ആരം ഭിച്ച ദേശീയ വിദ്യാഭ്യാസസ്ഥാപനങ്ങളാണ്.

**ഗോത്രജനത**

ബ്രിട്ടീഷുകാർ നടപ്പിലാക്കിയ വനനിയമങ്ങൾ ലംഘിച്ചുകൊണ്ട് ഗോത്ര ജനത സമരത്തിൽ പങ്കാളികളായി. വനവിഭവങ്ങൾ ശേഖരിക്കുന്നതിന് ഈ നിയമങ്ങൾ തടസ്സമായിരുന്നു.

**കർഷകർ**

ധാരാളം കർഷകർ സമരത്തിൽ പങ്കാളികളായി. ജവഹർലാൽ നെഹ്റു വിന്റെ നേതൃത്വത്തിൽ 'അവധ് കിസാൻ സഭ' രൂപീകരിച്ചത് ഇക്കാല ത്തായിരുന്നു. ബംഗാളിലെ കാർഷികമേഖലയിൽ ചണംകൃഷി ബഹി ഷ്കരണ സമരം നടന്നു. ചണത്തിന് പകരം നെല്ലും പരുത്തിയും കൃഷിചെയ്യാനായിരുന്നു തീരുമാനം.

ചണത്തിനുപകരം നെല്ലും പരുത്തിയും കൃഷിചെയ്യാനുള്ള തീരുമാനത്തിനുപിന്നിലെ പ്രധാന ലക്ഷ്യങ്ങൾ താഴെ പറയുന്നവയായിരുന്നു.

- ചണത്തിന്റെ ലഭ്യത ഇല്ലാതാക്കി ബ്രിട്ടീഷ് ഉടമസ്ഥതയിലുള്ള ചണമില്ലുകളെ പൂട്ടിക്കുക.
- നെൽകൃഷി വ്യാപിപ്പിച്ച് ഭക്ഷ്യവസ്തുക്കളുടെ ലഭ്യത ഉറപ്പാക്കുക.
- പരുത്തി ലഭ്യമാക്കുക വഴി നെയ്ത്തുജോലിയും ഖാദി ഉപയോഗവും വർധിപ്പിക്കുക.

'ബഹിഷ്കരണവും നിർമ്മാണാത്മക പ്രവർത്തനവും ആയിരുന്നു നിസ്സഹകരണ സമരത്തിലെ അടിസ്ഥാന ആശയങ്ങൾ' എന്ന വിഷയത്തിൽ ഒരു ചർച്ച സംഘടിപ്പിക്കൂ.

നിസ്സഹകരണ സമരം നടന്നുകൊണ്ടിരിക്കെ 1922 ഫെബ്രുവരി 5ന് ഉത്തർപ്രദേശിലെ ചൗരിചൗരയിൽ സമരക്കാരും പോലീസും തമ്മിൽ സംഘർഷമുണ്ടായി. പ്രകോപിതരായ ജനക്കൂട്ടം പോലീസ് സ്റ്റേഷന് തീ വച്ചു. ഇതിനെ തുടർന്ന് 22 പോലീസുകാർ കൊല്ലപ്പെട്ടു. സമരം അഹിംസാമാർഗത്തിൽ നിന്ന് വ്യതിചലിക്കുന്നതായി മനസ്സിലാക്കിയ ഗാന്ധിജി സമരം പിൻവലിക്കുകയുണ്ടായി. ഈ തീരുമാനം മറ്റ് നേതാക്കളെ അമ്പരപ്പിച്ചു. ഗാന്ധിജി കടുത്ത വിമർശനങ്ങൾക്ക് വിധേയനായി. സുഭാഷ് ചന്ദ്ര ബോസ് ഈ തീരുമാനത്തെ 'ദേശീയ ദുരന്തം' എന്നാണ് വിശേഷിപ്പിച്ചത്.

### ചിരാല പെരാല

നിസ്സഹകരണ സമരകാലത്ത് ശ്രദ്ധേയമായ ജനകീയസമരം നടന്ന ആന്ധ്രയിലെ ഗുണ്ടൂർ ജില്ലയിലെ ചെറുനഗരമായിരുന്നു ചിരാല പെരാല. ഈ നഗരത്തെ മുൻസിപ്പൽ കോർപ്പറേഷനായി ഉയർത്താൻ ഗവൺമെന്റ് നീക്കം തുടങ്ങിയിരുന്നു. ഇത് അവിടത്തെ നികുതിഭാരം വൻതോതിൽ വർധിക്കാൻ ഇടയാക്കുമായിരുന്നു. ഇതിനെതിരെ ദുഗ്ഗിരാല ഗോപാലകൃഷ്ണയുടെ നേതൃത്വത്തിൽ പതിനയ്യായിരത്തോളം വരുന്ന ജനങ്ങൾ നികുതി നിഷേധ സമരം നടത്തുകയും നഗരം ഒഴിഞ്ഞുപോവുകയും ചെയ്തു. 11 മാസക്കാലം അവർ മറ്റൊരിടത്താണ് കഴിഞ്ഞത്.

*Source:* Sumit Sarkar, *Modern India 1885-1947*

ചൗരിചൗര സംഭവത്തെ ആസ്പദമാക്കി ഒരു പത്രവാർത്ത തയ്യാറാക്കുക.

പിന്നീട് ഗാന്ധിജിയെ അറസ്റ്റ് ചെയ്യുകയും വിചാരണക്ക് ശേഷം ആറ് വർഷത്തെ തടവിന് ശിക്ഷിക്കുകയും ചെയ്തു. ഈ വിചാരണയെക്കുറിച്ചാണ് പാഠഭാഗത്തിന്റെ ആരംഭത്തിൽ നിങ്ങൾ വായിച്ചത്.

## പോരാട്ടം നിയമനിർമ്മാണസഭകളിൽ

നിസ്സഹകരണ സമരകാലത്ത് തിരഞ്ഞെടുപ്പുകളും നിയമനിർമ്മാണസഭകളും ബഹിഷ്കരിച്ചിരുന്നുവല്ലോ. ഇതിനോട് വിയോജിപ്പുണ്ടായിരുന്ന കോൺഗ്രസ് നേതാക്കളായിരുന്ന സി.ആർ. ദാസ്, മോത്തിലാൽ നെഹ്റു തുടങ്ങിയവരുടെ നേതൃത്വത്തിൽ 1923ൽ സ്വരാജ് പാർട്ടി രൂപീകരിക്കപ്പെട്ടു. നിയമനിർമ്മാണസഭകളെ പോരാട്ടത്തിനുള്ള വേദിയാക്കുകയായിരുന്നു അവരുടെ ലക്ഷ്യം. ഇതിനായി


സി.ആർ. ദാസ്


മോത്തിലാൽ നെഹ്റു

അവർ തിരഞ്ഞെടുപ്പിൽ മത്സരിച്ച് നിയമനിർമ്മാണസഭകളിൽ അംഗത്വം നേടിക്കൊണ്ട് സർക്കാറിനെ വിമർശിച്ചു. നിയമനിർമ്മാണസഭകളിൽ സർക്കാറിന്റെ ജനവിരുദ്ധനയങ്ങളെ തുറന്നുകാണിക്കാൻ സ്വരാജ് പാർട്ടിക്ക് കഴിഞ്ഞു.

സ്വരാജ് പാർട്ടിയുടെ നയങ്ങൾ നിസ്സഹകരണസമരനയങ്ങളിൽ നിന്ന് എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു? ചർച്ച ചെയ്യുക.

**നൂറ്റാണ്ട് തികയുന്ന കൂടിക്കാഴ്ച**



ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തെ നയിച്ച ഗാന്ധിജിയും കേരളത്തിലെ നവോത്ഥാന പ്രസ്ഥാനത്തിന് നേതൃത്വം നൽകിയ ശ്രീനാരായണഗുരുവും 1925 മാർച്ച് 12ന് വർക്കലയിലെ ശിവഗിരി മഠത്തിനടുത്തുള്ള വനജാക്ഷി മന്ദിരത്തിൽ വച്ച് കൂടിക്കാഴ്ച നടത്തുകയുണ്ടായി. ഈ രണ്ട് മഹത്വ്യക്തികളുടെ കൂടിക്കാഴ്ചയ്ക്ക് 2025 മാർച്ച് 12ന് ഒരു നൂറ്റാണ്ട് തികഞ്ഞു.

## തുടരുന്ന ജനകീയസമരങ്ങൾ

ചൗരിചൗര സംഭവത്തെ തുടർന്ന് നിസ്സഹകരണ സമരം പിൻവലിച്ചെങ്കിലും ജനങ്ങളിൽ അത് സൃഷ്ടിച്ച ആവേശം അവസാനിച്ചില്ല. തുടർന്നുള്ള വർഷങ്ങളിലും ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ ബ്രിട്ടീഷ് വിരുദ്ധ സമരങ്ങൾ അരങ്ങേറി. ആന്ധ്രയിലെ ഗോത്രജനതയുടെ സമരം ഇതിനുദാഹരണമാണ്. അല്ലൂരി സീതാരാമരാജുവിന്റെ നേതൃത്വത്തിൽ ആയിരുന്നു റാംപ ലഹള എന്ന പേരിലറിയപ്പെട്ട ഈ സമരം. ബ്രിട്ടീഷ് വനനിയമങ്ങൾ കാരണം വനങ്ങളിൽ കാലിമേയ്ക്കാനുള്ള അവകാശങ്ങൾ തടയപ്പെട്ടതും കൊള്ളപ്പലിശക്കാരുടെ ചൂഷണവുമായിരുന്നു അവരെ സമരത്തിന് പ്രേരിപ്പിച്ചത്.

2500 ചതുരശ്ര മൈൽ ഭൂമേഖല സമരക്കാരുടെ നിയന്ത്രണത്തിലായിരുന്നു. മലബാർ സ്പെഷ്യൽ പോലീസ്, അസം റൈഫിൾസ് എന്നീ സൈനിക വിഭാഗങ്ങളെ ഉപയോഗിച്ചാണ് സമരം അടിച്ചമർത്തിയത്. അല്ലൂരി സീതാരാമരാജു സമരത്തിനിടയിൽ കൊല്ലപ്പെടുകയുണ്ടായി.

വിദ്യാർഥി-യുവജന പ്രസ്ഥാനങ്ങൾ ശക്തിപ്പെട്ടതും ഇക്കാലത്തായിരുന്നു. പൂർണ്ണസ്വാതന്ത്ര്യം എന്നതായിരുന്നു ഈ പ്രസ്ഥാനങ്ങൾ മുന്നോട്ടുവച്ച ലക്ഷ്യം. ജവഹർലാൽ നെഹ്റുവും സുഭാഷ്ചന്ദ്രബോസും ഇന്ത്യ മുഴുവൻ സഞ്ചരിച്ച് വിദ്യാർഥികളെയും യുവജനങ്ങളെയും അഭിസംബോധന ചെയ്തു.

## 'സൈമൺ തിരിച്ചുപോവുക' (Simon Go Back)

ഇന്ത്യയിൽ നടപ്പിലാക്കേണ്ട ഭരണഘടനാപരിഷ്കാരങ്ങളെപ്പറ്റി നിർദേശങ്ങൾ നൽകാൻ ബ്രിട്ടീഷ് ഭരണകൂടം നിയമിച്ച കമ്മീഷനായിരുന്നു സർ. ജോൺ സൈമണിന്റെ നേതൃത്വത്തിലുള്ള കമ്മീഷൻ. കമ്മീഷനിലെ ഏഴ് അംഗങ്ങളും ബ്രിട്ടീഷുകാരായിരുന്നു. ഇക്കാരണത്താൽ സൈമൺ കമ്മീഷനെ ബഹിഷ്കരിക്കാൻ കോൺഗ്രസ്സും മറ്റ് ചില രാഷ്ട്രീയപ്പാർട്ടികളും തീരുമാനിച്ചു.



സൈമൺ കമ്മീഷൻ വിരുദ്ധ സമരം

കമ്മീഷൻ ഇന്ത്യയിൽ എത്തിയ ദിവസം (1928 ഫെബ്രുവരി 3) രാജ്യത്തുടനീളം ഹർത്താൽ ആചരിച്ചു. 'സൈമൺ തിരിച്ചുപോവുക' എന്ന മുദ്രാവാക്യം ഇന്ത്യൻ തെരുവുകളിൽ മുഴങ്ങി. ലാഹോറിൽ സമരക്കാർക്ക് നേരെ നടന്ന ലാത്തിച്ചാർജിൽ പരിക്കേറ്റ ലാലാ ലജ്പത്റായ് പിന്നീട് മരണപ്പെട്ടു.

കെട്ടുറപ്പുള്ള ഭരണഘടനാപരിഷ്കാരങ്ങൾ ആവിഷ്കരിക്കാൻ ഇന്ത്യക്കാർക്ക് കഴിയില്ലെന്ന് ബ്രിട്ടീഷ് ഉദ്യോഗസ്ഥർ നിരന്തരം പറഞ്ഞുകൊണ്ടേയിരുന്നു. ഈ പശ്ചാത്തലത്തിൽ പൂനെയിൽ വിവിധ പാർട്ടികൾ യോഗം ചേർന്ന് ഭരണ ഘടന പരിഷ്കരണറിപ്പോർട്ട് തയ്യാറാക്കി. മോത്തിലാൽ നെഹ്റുവിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ ഈ റിപ്പോർട്ട് നെഹ്റു കമ്മിറ്റി റിപ്പോർട്ട് എന്ന റിയപ്പെടുന്നു. പിൽക്കാലത്ത് ഇന്ത്യൻ ഭരണഘടന തയ്യാറാക്കുന്നതിൽ ഈ റിപ്പോർട്ട് സ്വാധീനം ചെലുത്തി.

സൈമൺ കമ്മീഷൻ വിരുദ്ധസമരത്തെക്കുറിച്ച് ഒരു ലഘുകുറിപ്പ് തയ്യാറാക്കുക.

## ബർദോളിയിലെ കർഷകമുന്നേറ്റം

1928ൽ ഗുജറാത്തിലെ ബർദോളി വലിയൊരു കർഷകസമരത്തിന് വേദിയായി. സർദാർ വല്ലഭ്ഭായ് പട്ടേലിന്റെ നേതൃത്വത്തിലായിരുന്നു സമരം. അബ്ബാസ് ത്യാബ്ജി, വിത്തൽഭായ് പട്ടേൽ എന്നിവരും സമരത്തിൽ വലിയ പങ്കുവഹിച്ചു.

നികുതി വർധനവായിരുന്നു സമരത്തിന്റെ പ്രധാനകാരണം. നികുതി അട ക്കാൻ വിസമ്മതിച്ചുകൊണ്ട് കർഷകർ സമരം ആരംഭിച്ചു. കൃഷിയിടങ്ങൾ, വളർ ത്തുമൃഗങ്ങൾ, വണ്ടികൾ, കാർഷിക ഉപകരണങ്ങൾ എന്നിവ സർക്കാർ പിടി ച്ചെടുത്തു. സർദാർ വല്ലഭ്ഭായ് പട്ടേൽ സമരക്കാരോട് ഇങ്ങനെ നിർദേശിച്ചു. 'നിങ്ങളുടെ വണ്ടികളും ഉപകരണങ്ങളും അഴിച്ച് പലഭാഗങ്ങളാക്കി, പല സ്ഥലങ്ങളിൽ സൂക്ഷിക്കുക.' ഗാന്ധിജി ബർദോളി സന്ദർശിച്ച് കർഷകർക്ക് ഉറച്ച പിന്തുണ നൽകി. അവസാനം സർക്കാർ നികുതിവർധനവ് പിൻവലിച്ചു. അങ്ങനെ സമരം വിജയം നേടി.

നിസ്സഹകരണ സമരം പിൻവലിച്ചതിനുശേഷം നടന്ന പ്രധാന സമരങ്ങൾ ഉൾപ്പെടുത്തി ഒരു ചാർട്ട് തയ്യാറാക്കുക.

## ലാഹോർ സമ്മേളനം എന്ന വഴിത്തിരിവ്

*"ഞാനൊരു റിപ്പബ്ലിക്കനും സോഷ്യലിസ്റ്റും ആണ്, എനിക്ക് രാജാക്കന്മാരിലും രാജകുമാരന്മാരിലും വിശ്വാസമില്ല. പുത്തൻ വ്യവസായ രാജാക്കന്മാരെ സൃഷ്ടിക്കുന്ന വ്യവസ്ഥിതിയിലും എനിക്ക് വിശ്വാസമില്ല."*

*(ജവഹർലാൽ നെഹ്റു)*

*Source:* Bipan Chandra et-al, *India's Struggle for Independence*

1929 ഡിസംബറിൽ ലാഹോറിൽ നടന്ന കോൺഗ്രസിന്റെ വാർഷികസമ്മേള നത്തിൽ ജവഹർലാൽ നെഹ്റു നടത്തിയ അധ്യക്ഷപ്രസംഗത്തിൽ നിന്നുള്ള ഭാഗമാണ് മുകളിൽ നിങ്ങൾ വായിച്ചത്. ഇന്ത്യൻ സ്വാതന്ത്ര്യസമരചരിത്രത്തിൽ ലാഹോർ സമ്മേളനം പല കാരണങ്ങൾ കൊണ്ടും സുപ്രധാനമായിരുന്നു.


ജവഹർലാൽ നെഹ്റുവും ഗാന്ധിജിയും

അവയിൽ ചിലത് ചുവടെ കൊടുത്തിരിക്കുന്നു.

- കോൺഗ്രസ് ആദ്യമായി പൂർണ്ണസ്വാതന്ത്ര്യം ആവശ്യപ്പെട്ടു.
- ഇതിനായി ബഹുജനസമരം ആരംഭിക്കാൻ ഗാന്ധിജിയെ ചുമതലപ്പെടുത്തി.
- ത്രിവർണ്ണ പതാക സ്വീകരിച്ചു.

ലാഹോർ സമ്മേളനം സ്വാതന്ത്ര്യസമരത്തിലെ നാഴികക്കല്ലായി മാറിയത് എന്തുകൊണ്ട്?

### സ്വാതന്ത്ര്യത്തിന് മുമ്പ് 'സ്വാതന്ത്ര്യദിനാ'ഘോഷം

ലാഹോർ സമ്മേളന തീരുമാനപ്രകാരം 1930 ജനുവരി 26ന് ഇന്ത്യ മുഴുവനും സ്വാതന്ത്ര്യദിനമായി ആഘോഷിച്ചു. ഗ്രാമങ്ങളിലും നഗരങ്ങളിലും ഒരേസമയം യോഗങ്ങൾ ചേർന്ന് സ്വാതന്ത്ര്യ പ്രഖ്യാപനം നടത്തി. ദേശീയപതാക ഉയർത്തിയും ദേശഭക്തിഗാനങ്ങൾ ആലപിച്ചും ജനം സ്വാതന്ത്ര്യദിനാഘോഷത്തിൽ പങ്കാളികളായി. ചർക്കയിൽ നൂൽനൂല്പ്, മദ്യനിരോധന പ്രവർത്തനങ്ങൾ, ഹിന്ദു-മുസ്ലീം ഐക്യപ്രചരണം എന്നിവയും ഇതിന്റെ ഭാഗമായി നടന്നു. തുടർന്നുള്ള വർഷങ്ങളിലും ജനുവരി 26 സ്വാതന്ത്ര്യദിനമായി ആഘോഷിച്ചു. സ്വാതന്ത്ര്യാനന്തരം റിപ്പബ്ലിക് ദിനമായി ജനുവരി 26 തിരഞ്ഞെടുത്തത് ഈ പശ്ചാത്തലത്തിലാണ്.

## ദണ്ഡിയിലെ കടലിരമ്പം


ഗാന്ധിജി ഉപ്പ് കൈയിൽ എടുത്ത് നിയമം ലംഘിക്കുന്നു

ലാഹോർ സമ്മേളന തീരുമാനപ്രകാരം പൂർണ്ണസ്വാതന്ത്ര്യം നേടുക എന്ന ലക്ഷ്യവുമായി ഒരു ബഹുജനസമരം തുടങ്ങാൻ ഗാന്ധിജിയെ ചുമതലപ്പെടുത്തിയിരുന്നല്ലോ. സമരം ആരംഭിക്കുന്നതിനുമുമ്പ് ഗാന്ധിജി വൈസ്രോയിയായിരുന്ന ഇർവിൻ പ്രഭുവിന് ബ്രിട്ടീഷ് ഭരണത്തിന് കീഴിലെ ഇന്ത്യക്കാരുടെ പ്രയാസങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് ഒരു കത്ത് നൽകിയിരുന്നു. സർക്കാരിനെതിരെ സിവിൽ നിയമലംഘനസമരം ആരംഭിക്കുന്ന കാര്യവും കത്തിൽ സൂചിപ്പിച്ചിരുന്നു. സമൂഹത്തിലെ എല്ലാവിഭാഗങ്ങളെയും സമരത്തിൽ പങ്കാളികളാക്കുക എന്നതായിരുന്നു ഗാന്ധിജിയുടെ ലക്ഷ്യം. തുടർന്ന് ഉപ്പുനിയമം ലംഘിച്ചുകൊണ്ട് നിയമലംഘന സമരം തുടങ്ങാൻ ഗാന്ധിജി തീരുമാനിച്ചു.

ഗുജറാത്തിലെ ദണ്ഡി കടപ്പുറത്തുവച്ച് ഉപ്പുനിയമം ലംഘിക്കാനായിരുന്നു തീരുമാനം. ഇതിനായി സബർമതി ആശ്രമത്തിൽ നിന്ന് ദണ്ഡി കടപ്പുറത്തേക്ക് ഗാന്ധിജിയും തിരഞ്ഞെടുക്കപ്പെട്ട 78 സന്നദ്ധ പ്രവർത്തകരും പദയാത്ര നടത്തി. 24 ദിവസം നീണ്ടുനിന്ന യാത്ര റിപ്പോർട്ട് ചെയ്യാൻ നിരവധി വിദേശ പത്രപ്രവർത്തകരും എത്തി

ച്ചേർന്നു. യാത്രയിൽ പാതക്ക് ഇരുവശത്തും തിങ്ങിക്കൂടിയവരോട് ഗാന്ധിജി ശുചിത്വബോധം, ഖാദി ധരിക്കേണ്ടതിന്റെ ആവശ്യകത, സാമുദായികസൗഹാർദം, തുടങ്ങിയവയെക്കുറിച്ച് ഉദ്ബോധിപ്പിച്ചു. 1930 ഏപ്രിൽ 6ന് ദണ്ഡി കടപ്പുറത്ത് വച്ച് ഉപ്പ് നിർമ്മിച്ച് ഗാന്ധിജി നിയമലംഘനസമരത്തിന് തുടക്കം കുറിച്ചു. ഉപ്പ് നിർമ്മിക്കുന്നത് സംബന്ധിച്ച ലഘുലേഖകൾ തയ്യാറാക്കി ജനങ്ങൾക്ക് വിതരണം ചെയ്തു.

### എന്തുകൊണ്ട് ഉപ്പ്?

ഉപ്പുനിർമ്മാണം സർക്കാരിന്റെ കുത്തകയായിരുന്നു. അതിനാൽ സ്വകാര്യവ്യക്തികൾ ഉപ്പ് നിർമ്മിക്കുന്നത് കുറ്റകരമായി കണക്കാക്കി, അവർക്ക് ശിക്ഷ വിധിച്ചു. ഈ നിയമം ലംഘിക്കാനായിരുന്നു ഗാന്ധിജിയുടെ തീരുമാനം.

പൊതുവെ ഉഷ്ണമേഖലാകാലാവസ്ഥ അനുഭവപ്പെടുന്ന ഇന്ത്യയിലെ ജനങ്ങൾക്കും വളർത്തുമൃഗങ്ങൾക്കുമെല്ലാം ഒരുപോലെ അത്യന്താപേക്ഷിതമായ വസ്തുവായിരുന്നു ഉപ്പ്. കാർഷിക ആവശ്യങ്ങൾക്കുകൂടി ഉപയോഗിച്ചിരുന്ന ഉപ്പിന്മേലുള്ള സർക്കാറിന്റെ കുത്തകയെ ഗാന്ധിജി വിശേഷിപ്പിച്ചത് 'നിന്ദ്യമായ കുത്തക' എന്നായിരുന്നു.

### ധരാസനയിലെ പോരാട്ടം

1930 മെയ് 21ന് രണ്ടായിരത്തിലധികം പേർ അടങ്ങിയ ഒരു സംഘം സമരക്കാർ ഗുജറാത്തിലെ ധരാസന ഉപ്പുനിർമ്മാണ കേന്ദ്രത്തിലേക്ക് എത്തി. അവർ അടുത്തെത്തിയതോടെ പോലീസ് സേന പാഞ്ഞടുത്ത് ഇരുമ്പുകണ്ണങ്ങൾ ഘടിപ്പിച്ച ലാത്തികളുപയോഗിച്ച് സമരക്കാർ നിലത്ത് വീഴുന്നതുവരെ മർദിച്ചു. പരിക്കേറ്റവരെ സഹസമരക്കാർ എടുത്തുകൊണ്ടു പോകുമ്പോഴേക്കും പുതിയ സംഘം മുന്നോട്ട് വന്നു. പോലീസ് അവരേയും തല്ലിച്ചതച്ചു. അവരെ മാറ്റുമ്പോൾ അടുത്ത സംഘം മുന്നോട്ടുവന്നു. അത് തുടർന്നുകൊണ്ടിരുന്നു. അവസാനം 11 മണിക്ക് താപനില 46.67 ഡിഗ്രി സെൽഷ്യസിൽ എത്തി നിൽക്കുമ്പോൾ പരിക്കേറ്റവർ 320 ഉം മരിച്ചവർ രണ്ടും ആയിരുന്നു. അമേരിക്കൻ പത്രപ്രവർത്തകനും സമരത്തിന് ദൃക്സാക്ഷിയുമായിരുന്ന വെബ്ബ്മില്ലർ ഇങ്ങനെ രേഖപ്പെടുത്തി:


സരോജിനി നായിഡു ഗാന്ധിജിയ്ക്കൊപ്പം

'പതിനെട്ട് വർഷം ഇരുപത് രാജ്യങ്ങളിൽ പത്രപ്രവർത്തനം നടത്തിയിട്ടുള്ള ഞാൻ ധാരാളം ജനകീയ പ്രക്ഷോഭങ്ങളും ലഹളകളും തെരുവുയുദ്ധങ്ങളും കലാപങ്ങളും കണ്ടിട്ടുണ്ട്. എന്നാൽ ധരാസനയിൽ ഉണ്ടായതുപോലെ ഒരു സംഭവം ഞാൻ ദർശിച്ചിട്ടില്ല.'

*Source:* Bipan Chandra et-al, *India's Struggle for Independence,*

*(നിയമലംഘന സമരകാലത്ത് സരോജിനി നായിഡു, ഇമാം സാഹേബ് എന്നിവരുടെ നേതൃത്വത്തിൽ ഗുജറാത്തിലെ ധരാസന ഉപ്പുനിർമ്മാണകേന്ദ്രത്തിൽ നടത്തിയ സമരത്തിന്റെ വിശദീകരണം)*

നമ്മൾ നേരത്തെ ചർച്ച ചെയ്ത നിസ്സഹകരണസമരത്തേക്കാൾ കൂടുതൽ ജനപങ്കാളിത്തം പ്രകടമായ സമരമായിരുന്നു നിയമലംഘനസമരം. നിസ്സഹകരണത്തോടൊപ്പം നിയമലംഘനവും നടത്തിക്കൊണ്ടാണ് സമരം പുരോഗമിച്ചത്.


ഖാൻ അബ്ദുൾ ഗാഫർഖാൻ ഗാന്ധിജിക്കൊപ്പം

വടക്കുപടിഞ്ഞാറെ ഇന്ത്യ നിയമലംഘനസമരത്തിന്റെ പ്രധാന കേന്ദ്രങ്ങളിൽ ഒന്നായിരുന്നു. ഖാൻ അബ്ദുൾ ഗാഫർഖാൻ ആയിരുന്നു അവിടെ സമരത്തിന് നേതൃത്വം നൽകിയത്. 'അതിർത്തി ഗാന്ധി' എന്നറിയപ്പെട്ടിരുന്ന അദ്ദേഹത്തിന്റെ കീഴിൽ 'ഖുദായ് ഖിദ്മത്ഗർ' എന്ന ഒരു സന്നദ്ധസേന പ്രവർത്തിച്ചിരുന്നു. ഈ സമരത്തിൽ വിവിധ വിഭാഗം ജനങ്ങളുടെ പങ്കാളിത്തം എങ്ങനെയായിരുന്നുവെന്ന് പരിശോധിക്കാം.

**കർഷകർ**

സർക്കാരിന് നികുതി നൽകാതെയും ജന്മിമാർക്ക് പാട്ടത്തുക നൽകാതെയും സമരത്തിൽ പങ്കാളികളായി.

**തൊഴിലാളികൾ**

റെയിൽവെ, തുറമുഖം, ഖനി എന്നിവയിലെ തൊഴിലാളികൾ സമരത്തിൽ പങ്കെടുത്തു. ഷോലാപ്പൂരിൽ (മഹാരാഷ്ട്ര) തൊഴിലാളികൾ നടത്തിയ സമരം അക്രമത്തിൽ കലാശിച്ചു.

**ഗോത്രജനത**

വനനിയമങ്ങൾ ലംഘിച്ച് കാടുകളിൽ കയറി വിഭവങ്ങൾ ശേഖരിച്ചു.

**സ്ത്രീകൾ**

ഉപ്പുനിർമ്മാണം, വിദേശവസ്തുക്കൾ വിൽക്കുന്ന കടകൾ പിക്കറ്റ് ചെയ്യൽ തുടങ്ങിയ സമരപരിപാടികളിൽ സജീവമായി പങ്കെടുത്തു.

**കച്ചവടക്കാരും വ്യവസായികളും**

ഇറക്കുമതി ചെയ്ത ഉൽപന്നങ്ങൾ വാങ്ങാനും വിൽക്കാനും തയ്യാറായില്ല.

### റാണി ഗൈഡിൻലിയു

നിയമലംഘന സമരകാലത്ത് വടക്കുകിഴക്കൻ ഇന്ത്യയിലെ ധീരയായ വനിതാ പോരാളിയായിരുന്നു റാണി ഗൈഡിൻലിയു. നിയമലംഘന സമരകാലത്ത് അറസ്റ്റിലായ അവർ യൗവനകാലം മുഴുവൻ ജയിലിൽ കഴിഞ്ഞു. ജയിലിൽ അവരെ സന്ദർശിച്ച ജവഹർലാൽ നെഹ്റു ഇങ്ങനെ എഴുതി: 'ഇന്ത്യ അവരെ ഓർമ്മിക്കുകയും ആദരിക്കുകയും ചെയ്യുന്ന ഒരു ദിനം വരും.' ഇന്ത്യ സ്വാതന്ത്ര്യം നേടിയ ശേഷമാണ് റാണി ഗൈഡിൻലിയു ജയിൽ മോചിതയായത്.


റാണി ഗൈഡിൻലിയു

നിയമലംഘനസമരത്തിൽ വിവിധ വിഭാഗം ജനങ്ങളുടെ പങ്കാളിത്തം സൂചിപ്പിക്കുന്ന വാർത്താപത്രിക തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കുക.

## സന്ധി സംഭാഷണങ്ങൾ



ഗാന്ധി-ഇർവിൻ ഉടമ്പടി

പരിമിതമായ ചില അധികാരങ്ങളെങ്കിലും ഇന്ത്യക്കാർക്ക് നൽകേണ്ടിവരും എന്ന് നിയമലംഘന സമരം ബ്രിട്ടീഷ് ഭരണകൂടത്തെ ബോധ്യപ്പെടുത്തി. ഇതിനായി ചില കൂടിയാലോചനകൾ ലണ്ടനിൽ നടന്നു. ഈ കൂടിയാലോചനകൾ വട്ടമേശസമ്മേളനങ്ങൾ എന്നറിയപ്പെടുന്നു. 1930ൽ നടന്ന ആദ്യസമ്മേളനത്തിൽ കോൺഗ്രസ് പങ്കെടുത്തില്ല. ഈ പശ്ചാത്തലത്തിൽ നിയമലംഘനസമരം അവസാനിപ്പിക്കാനും രണ്ടാമത്തെ സമ്മേളനത്തിൽ കോൺഗ്രസ് പ്രതിനിധിയെ പങ്കെടുപ്പിക്കാനും ഗവൺമെന്റ് ശ്രമം ആരംഭിച്ചു. ഇതിന്റെ ഭാഗമായി ഒപ്പുവച്ച ഉടമ്പടിയായിരുന്നു ഗാന്ധി-ഇർവിൻ ഉടമ്പടി (Gandhi - Irwin Pact). 1931 മാർച്ച് 5ന് ഒപ്പുവെച്ച ഈ ഉടമ്പടി പ്രകാരം;

- നിയമലംഘനസമരം നിർത്തിവച്ചു.
- ഗാന്ധിജി രണ്ടാമത്തെ വട്ടമേശസമ്മേളനത്തിൽ പങ്കെടുത്തു.

എന്നാൽ രണ്ടാം വട്ടമേശസമ്മേളനം നിഷ്ഫലമായി അവസാനിച്ചു. മൂന്നാമത്തെ വട്ടമേശസമ്മേളനം കോൺഗ്രസ് ബഹിഷ്കരിക്കുകയുണ്ടായി.

## സായുധ വഴിയിലെ പോരാട്ടം

സ്വാതന്ത്ര്യം എന്ന ലക്ഷ്യത്തിലേക്കെത്താൻ കോൺഗ്രസിന്റെയും മഹാത്മാ ഗാന്ധിയുടെയും നേതൃത്വത്തിൽ നടന്ന സമരരീതികൾക്കൊപ്പം വ്യത്യസ്തമായ മറ്റുമാർഗങ്ങളും പലരും സ്വീകരിച്ചു. ഗാന്ധിജിയുടെ അഹിംസാമാർഗത്തിന് പകരം ചിലർ വിപ്ലവത്തിന്റെ വഴി സ്വീകരിച്ചു. യുവാക്കളായിരുന്നു ഇവരിൽ ഭൂരിഭാഗവും.

റഷ്യൻ വിപ്ലവത്തിന്റെ വിജയവും നിസ്സഹകരണസമരം പാതിവഴിയിൽ അവസാനിപ്പിച്ചതുമാണ് വിപ്ലവത്തിന്റെ പാതയിലേക്ക് ഇവരെ നയിച്ചത്. ഇതിനെ തുടർന്ന് 1924ൽ 'ഹിന്ദുസ്ഥാൻ റിപ്പബ്ലിക്കൻ അസോസിയേഷൻ' (HRA) എന്ന വിപ്ലവസംഘടന രൂപം കൊണ്ടു. വിപ്ലവപ്രവർത്തനങ്ങൾക്ക് പണം കണ്ടെത്താൻവേണ്ടി ഉത്തർപ്രദേശിലെ കാക്കോരിയിൽ വച്ച് റെയിൽവെയുടെ പണം കൈക്കലാക്കാൻ വിപ്ലവകാരികൾ ശ്രമിക്കുകയും ഏതാനും പേർ പിടിയിലാവുകയും ചെയ്തു.

### കാക്കോരി സംഭവം

ആയുധങ്ങൾ വാങ്ങാൻ പണം കണ്ടെത്താനായി 1925 ആഗസ്റ്റ് 9ന് വിപ്ലവകാരികൾ ഉത്തർപ്രദേശിലെ ലഖ്നൗവിനടുത്തുള്ള കാക്കോരിയിൽ വച്ച് 8 ഡൗൺ തീവണ്ടി (8 down train) തടഞ്ഞ് റെയിൽവെയുടെ പണം കൈക്കലാക്കി. നിരവധിപേർ ഈ കേസിൽ അറസ്റ്റിലായി. രാംപ്രസാദ് ബിസ്മിൽ, അഷ്ഫഖുള്ളഖാൻ, രാജേന്ദ്രലാഹിരി, റോഷൻ സിംഗ് എന്നിവർക്ക് ഈ കേസ്സിൽ വധശിക്ഷ നൽകി. 4 പേരെ ആൻഡമാൻ ദ്വീപിലേക്ക് നാടുകടത്തി. 17 പേർക്ക് തടവുശിക്ഷ ലഭിച്ചു.

### ഭഗത്സിംഗിന്റെ ആഹ്വാനം


ഭഗത്സിംഗ്

1931ൽ യുവരാഷ്ട്രീയ പ്രവർത്തകർക്കുള്ള സന്ദേശത്തിൽ ഭഗത്സിംഗ് ഇങ്ങനെ പറഞ്ഞു, 'ഫലത്തിൽ ഞാനൊരു ഭീകരവാദിയായാണ് പ്രവർത്തിച്ചത്. എന്നാൽ ഞാനൊരു ഭീകരവാദിയല്ല... എനിക്ക് സമാഹരിക്കാവുന്ന മുഴുവൻ ശക്തിയുമെടുത്ത് ഞാൻ പ്രഖ്യാപിക്കുന്നു, ഞാൻ ഒരു ഭീകരപ്രവർത്തകനല്ല, ഒരു പക്ഷേ എന്റെ രാഷ്ട്രീയ പ്രവർത്തനത്തിന്റെ തുടക്കത്തിൽ കുറച്ചുനാളൊഴിച്ച്, ഞാൻ അങ്ങനെ ആയിരുന്നിട്ടില്ല. അത്തരം രീതികളിലൂടെ നമുക്ക് ഒരു നേട്ടവും കൈവരിക്കാനില്ലെന്ന് എനിക്ക് ഉറപ്പുണ്ട്.' മതവർഗീയത ദേശീയപ്രസ്ഥാനത്തിനും രാഷ്ട്രത്തിനും നേരെ ഉയർത്തുന്ന അപകടത്തെപ്പറ്റിയും ഭഗത്സിംഗ് ബോധവാനായിരുന്നു. കോളനിവൽക്കരണം പോലെ തന്നെ അപകടമാണ് മതവർഗീയതയെന്ന് അദ്ദേഹം ഓർമിപ്പിച്ചു.

കാക്കോരി സംഭവത്തെ തുടർന്ന് തിരിച്ചടി നേരിട്ട വിപ്ലവപ്രവർത്തനങ്ങൾ വീണ്ടും ശക്തമായത് ഭഗത്സിംഗിന്റെ നേതൃത്വത്തിലായിരുന്നു. 1928ൽ ഭഗത്സിംഗും കൂട്ടരും ഹിന്ദുസ്ഥാൻ സോഷ്യലിസ്റ്റ് റിപ്പബ്ലിക്കൻ അസോസിയേഷൻ (HSRA) രൂപീകരിച്ചു. ഭഗത്സിംഗിന്റെ നേതൃത്വത്തിൽ വിപ്ലവകാരികൾ നടത്തിയ രണ്ട് പ്രധാന പ്രവൃത്തികളായിരുന്നു;

- ലാലാ ലജ്പത്റായിയുടെ മരണത്തിലേക്ക് നയിച്ച ലാത്തിച്ചാർജിൽ പങ്കാളിയായ സാൻഡേഴ്സൺ എന്ന പോലീസ് ഉദ്യോഗസ്ഥനെ വെടിവച്ചുകൊന്നു.
- കേന്ദ്ര നിയമനിർമ്മാണസഭയിലേക്ക് ബോംബെറിഞ്ഞു.

ഇതിനെ തുടർന്ന് പോലീസിന്റെ പിടിയിലായ ഭഗത്സിംഗ്, രാജ്ഗുരു, സുഖ്ദേവ് എന്നീ ധീരവിപ്ലവകാരികളെ വിവിധ കേസുകളിലെ വിചാരണയ്ക്കുശേഷം 1931 മാർച്ച് 23 ന് തൂക്കിലേറ്റി.

അക്കാലത്ത് വിപ്ലവപ്രവർത്തനങ്ങൾ ബംഗാളിലും സജീവമായിരുന്നു. സൂര്യസെന്നിന്റെ നേതൃത്വത്തിൽ വിപ്ലവകാരികൾ ചിറ്റഗോങ്ങിലെ ആയുധപ്പുര കൊള്ളയടിച്ചത് ഭരണകൂടത്തെ ഞെട്ടിച്ചു. വിപ്ലവ പ്രസ്ഥാനങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തവും ശ്രദ്ധേയമായിരുന്നു. പ്രീതിലത വദേദാർ, കൽപ്പന ദത്ത്, ബീന ദാസ് എന്നിവർ ഇവരിൽ പ്രധാനികളായിരുന്നു.

## കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടി (സി.എസ്.പി)

1917ലെ റഷ്യൻ വിപ്ലവത്തിന്റെ വിജയവും സോഷ്യലിസ്റ്റ് ആശയങ്ങളുടെ പ്രചാരണവും കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടിയുടെ രൂപീകരണത്തിലേക്ക് നയിച്ചു. കോൺഗ്രസിനുള്ളിൽ തന്നെയുള്ള സോഷ്യലിസ്റ്റ് ആശയങ്ങളോട് ആഭിമുഖ്യമുള്ളവർ ചേർന്നായിരുന്നു സി.എസ്.പി. രൂപീകരിച്ചത്. ജയപ്രകാശ് നാരായൺ ആയിരുന്നു ആദ്യത്തെ സെക്രട്ടറി. മുതലാളിത്തത്തെയും ജൻമിത്തത്തെയും എതിർത്ത് ഒരു സോഷ്യലിസ്റ്റ് സമൂഹം സ്ഥാപിക്കലായിരുന്നു പാർട്ടിയുടെ ലക്ഷ്യം. കർഷകരെയും തൊഴിലാളികളെയും സംഘടിപ്പിച്ചുകൊണ്ട് അവരുടെ പ്രശ്നങ്ങൾ ചർച്ചയാക്കാൻ കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടിക്ക് കഴിഞ്ഞു.

### കമലാദേവി ചതോപാധ്യായ


കമലാദേവി ചതോപാധ്യായ

കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടി (സി.എസ്.പി) യുടെ രൂപീകരണം മുതൽ അതിന്റെ പ്രവർത്തനങ്ങളിൽ കമലാദേവി ചതോപാധ്യായ സജീവമായിരുന്നു. സി.എസ്.പി.യുടെ അധ്യക്ഷയായി പ്രവർത്തിച്ച അവർ നിയമലംഘനസമരകാലത്തും ക്വിറ്റ് ഇന്ത്യ സമരകാലത്തും അറസ്റ്റിലാവുകയും ജയിലിൽ കഴിയുകയുമുണ്ടായി.

1944ൽ മുബൈയിൽ നടന്ന വനിതാസമ്മേളനത്തിൽ നടത്തിയ പ്രസംഗത്തിൽ അവർ ഇങ്ങനെ പറഞ്ഞു, "സ്ത്രീകളെ പുരുഷന്മാർക്കെതിരെ പോരാടിപ്പിക്കുകയോ സ്ത്രീകൾ പുരുഷൻമാരെ അനുകരിക്കുകയോ അല്ല വനിതാപ്രസ്ഥാനത്തിന്റെ ലക്ഷ്യം, സ്വന്തം കഴിവുകളെക്കുറിച്ചും ചുമതലകളെക്കുറിച്ചും വനിതകളിൽ അവബോധം സൃഷ്ടിക്കുക, മറ്റ് ലിംഗവിഭാഗങ്ങളിൽപ്പെട്ടവരോട് ആദരവ് ഉണ്ടാക്കിയെടുക്കുക എന്നിവയാണ് അതിന്റെ ലക്ഷ്യങ്ങൾ."

*Source:* Ramachandra Guha, *Makers of Modern India,*

## കർഷകമുന്നേറ്റങ്ങൾ

സ്വാതന്ത്ര്യസമരത്തെ ശക്തിപ്പെടുത്താൻ കർഷകരുടെ പങ്കാളിത്തം അനിവാര്യമാണെന്ന് ഗാന്ധിജി ഉൾപ്പെടെയുള്ള നേതാക്കൾ തിരിച്ചറിഞ്ഞിരുന്നു. അക്കാലത്ത് കർഷകർ നിരവധി പ്രയാസങ്ങൾ നേരിട്ടിരുന്നു. താഴെ പറയുന്നവ അവയിൽ പ്രധാനപ്പെട്ടവയായിരുന്നു.

- അമിതമായ നികുതി
- ജന്മിമാരുടെ ചൂഷണം
- കുടിയൊഴിപ്പിക്കൽ

1920 കളിൽ 'കിസാൻസഭകൾ' രൂപീകരിച്ച് കർഷകർ സംഘടിച്ചുതുടങ്ങി. അക്കാലത്ത് ഉത്തർപ്രദേശിലെ അവധ് മേഖലയിൽ നടന്ന കർഷകമുന്നേറ്റം 'ഐക്യപ്രസ്ഥാനം' എന്നറിയപ്പെടുന്നു. 1936ൽ 'അഖിലേന്ത്യ കിസാൻസഭ' രൂപീകരിച്ചത് കർഷക പ്രസ്ഥാനങ്ങളുടെ ചരിത്രത്തിലെ നാഴികക്കല്ലായിരുന്നു. 1940കളിൽ നടന്ന കർഷകസമരങ്ങൾ സ്വാതന്ത്ര്യമെന്ന ലക്ഷ്യത്തിലേക്കെത്തുന്നതിന് സഹായിച്ച പ്രധാനഘടകമായിരുന്നു. പിൽക്കാല കർഷക സമരങ്ങളിൽ പ്രധാനപ്പെട്ടവയാണ് ബംഗാളിലെ തേഭാഗ സമരം, ആന്ധ്രയിലെ തെലങ്കാന സമരം തുടങ്ങിയവ.

### 'തേഭാഗചായ്'

അഖിലേന്ത്യ കിസാൻസഭയുടെ നേതൃത്വത്തിൽ 1946-47 കാലത്താണ് തേഭാഗസമരം നടന്നത്. ഭൂപ്രഭുക്കളായ ജോത്തേദാർമാർക്ക് എതിരെയായിരുന്നു കർഷകരുടെ സമരം. വിളവ് രണ്ടായി ഭാഗിച്ച് ഒരു ഭാഗം ജോത്തേദാർമാർക്ക് നൽകുന്ന രീതിയാണ് ഉണ്ടായിരുന്നത്. വിളവിനെ മൂന്നായി ഭാഗിക്കണമെന്നും രണ്ട് ഭാഗം തങ്ങൾക്ക് ലഭിക്കണമെന്നും ആവശ്യപ്പെട്ട് കർഷകർ നടത്തിയ സമരത്തിലെ മുദ്രാവാക്യമായിരുന്നു 'തേഭാഗാചായ്' (മൂന്നിൽ രണ്ട് ഭാഗം ഞങ്ങൾക്ക് വേണം/We want two third share) എന്നത്.

## സംഘടിതരാവുന്ന തൊഴിലാളികൾ

ആധുനിക വ്യവസായശാലകൾ നിലവിൽ വന്നതോടെ ഒരു ആധുനിക തൊഴിലാളിവർഗം ഇന്ത്യയിൽ രൂപപ്പെട്ടു. തൊഴിലാളികളുടെ പ്രധാന പ്രശ്നങ്ങൾ ആയിരുന്നു;

### നാവിക കലാപം

ബ്രിട്ടീഷ് ഇന്ത്യയിലെ നാവിക സൈന്യമായിരുന്നു റോയൽ ഇന്ത്യൻ നേവി. 1946 ഫെബ്രുവരിയിൽ റോയൽ ഇന്ത്യൻ നേവിയിലെ നാവികർ ബ്രിട്ടീഷ് ഭരണത്തിനെതിരെ കലാപം നടത്തി. 1946 ഫെബ്രുവരി 18ന് മുംബെയിൽ 'തൽവാർ' എന്ന കപ്പലിൽ ആരംഭിച്ച കലാപം ആർ.ഐ.എൻ. കലാപം എന്നറിയപ്പെടുന്നു. കലാപകാരികൾ ബ്രിട്ടീഷ് പതാകകൾ അഴിച്ചുമാറ്റി പകരം കോൺഗ്രസ്, കമ്യൂണിസ്റ്റ്, മുസ്ലീം ലീഗ് പാർട്ടികളുടെ പതാകകൾ ഉയർത്തി. മറ്റ് നാവികകേന്ദ്രങ്ങളിലേക്കും വ്യാപിച്ച കലാപത്തെ സൈനികശക്തി ഉപയോഗിച്ചാണ് അടിച്ചമർത്തിയത്.

- കുറഞ്ഞ കൂലി
- കൂടുതൽ ജോലിസമയം
- സ്ത്രീ, ബാല തൊഴിലാളികൾ നേരിട്ട ചൂഷണം തുടങ്ങിയവ

എ.ഐ.ടി.യു.സി. (All India Trade Union Congress) ആയിരുന്നു ദേശീയ അടിസ്ഥാനത്തിൽ രൂപീകരിക്കപ്പെട്ട ഇന്ത്യയിലെ ആദ്യത്തെ തൊഴിലാളി സംഘടന. രണ്ടാം ലോകയുദ്ധാനന്തരകാലത്ത് നടന്ന റെയിൽവെ, കമ്പിത്തപാൽ തൊഴിലാളികളുടെ പണിമുടക്കുസമരങ്ങൾ ഇന്ത്യയെ പിടിച്ചുകുലുക്കി. 1946ൽ 'റോയൽ ഇന്ത്യൻ നേവി' (RIN) യിലെ കലാപത്തിന് പിന്തുണയുമായി തൊഴിലാളികൾ ബോംബെയിൽ നടത്തിയ പണിമുടക്ക് സംഘർഷത്തിലാണ് അവസാനിച്ചത്.

ബ്രിട്ടീഷ് ഭരണകാലത്ത് ഇന്ത്യയിലെ കർഷകരും തൊഴിലാളികളും നേരിട്ട പ്രശ്നങ്ങളും അതിനെതിരെയുള്ള അവരുടെ പ്രതിഷേധങ്ങളും പ്രതികരണങ്ങളും ഉൾക്കൊള്ളുന്ന ഡിജിറ്റൽ പ്രസന്റേഷൻ തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കുക.

## ബ്രിട്ടീഷുകാർ ഇന്ത്യ വിടുക

രണ്ടാം ലോകയുദ്ധം അവസാനിച്ചതോടെ ഇന്ത്യയുടെ പിന്തുണ ബ്രിട്ടന് അനിവാര്യമായി മാറി. ഇതിനായി സർ സ്റ്റാഫോർഡ് ക്രിപ്സ് ഇന്ത്യയിലെത്തി. എന്നാൽ ഇന്ത്യയിൽ നേതാക്കന്മാരെ ചർച്ചകളിലൂടെ അനുനയിപ്പിക്കുന്നതിൽ സ്റ്റാഫോർഡ് ക്രിപ്സ് പരാജയപ്പെട്ടു. ഇതോടെ ഗാന്ധിജിയുടെ നേതൃത്വത്തിൽ അവസാനത്തെ ബഹുജനസമരത്തിന് തുടക്കമായി.

*"ഇതാ ഒരു മന്ത്രം, ഒരു കൊച്ചുമന്ത്രം, ഞാൻ നിങ്ങൾക്ക് തരുന്നു. ഇത് നിങ്ങൾ ഹൃദയത്തിൽ പതിപ്പിക്കണം. ഓരോ ശ്വാസത്തിലും അതിന് ആവിഷ്കാരം നൽകണം. മന്ത്രം ഇതാണ്, 'പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക' **(Do or Die)** നാം ഒന്നുകിൽ ഇന്ത്യയെ സ്വതന്ത്രയാക്കും അല്ലെങ്കിൽ ആ ശ്രമത്തിൽ മരിക്കും. സ്ഥിരമായ അടിമത്തം കാണാൻ നമ്മൾ ജീവനോടെ ബാക്കിയാവില്ല."*

1942 ആഗസ്റ്റ് 8ന് മുംബെയിൽ നടന്ന ബഹുജന സമ്മേളനത്തെ അഭിസംബോധന ചെയ്ത് ഗാന്ധിജി നടത്തിയ പ്രസംഗത്തിലെ ഭാഗമാണ് മുകളിൽ നിങ്ങൾ വായിച്ചത്. ഇതോടെ 'ക്വിറ്റ് ഇന്ത്യ' സമരത്തിന് തുടക്കമായി. ഗാന്ധിജി ഉൾപ്പെടെയുള്ള നേതാക്കൾ ജയിലിലായിട്ടും സമരം രാജ്യം മുഴുവൻ വ്യാപിച്ചു.



ക്വിറ്റ് ഇന്ത്യ സമരകാലത്തെ ബോംബെയിലെ (ഇന്നത്തെ മുംബൈ) സ്ത്രീകളുടെ ജാഥ

- വിദ്യാർഥികളും, യുവജനങ്ങളും, തൊഴിലാളികളും, സ്ത്രീകളുമെല്ലാം സമരത്തെ ഏറ്റെടുത്ത് മുന്നോട്ടുകൊണ്ടുപോയി.
- പോസ്റ്റ് ഓഫീസുകൾ, കമ്പിത്തപാൽ ഓഫീസുകൾ, റെയിൽവെ സ്റ്റേഷനുകൾ എന്നിവ ആക്രമിക്കപ്പെട്ടു.
- ജയപ്രകാശ് നാരായൺ, റാം മനോഹർ ലോഹ്യ, അരുണ ആസഫ് അലി, സുചേത കൃപലാനി തുടങ്ങിയവർ ഒളിവിൽ നിന്ന് സമരം നയിച്ചു. ബോംബെ നഗരത്തിൽ നിന്ന് രഹസ്യമായി സംപ്രേഷണം ചെയ്ത 'കോൺഗ്രസ് റേഡിയോ' വഴി നേതാക്കന്മാർ സമരക്കാരോട് സംസാരിച്ചിരുന്നു.

സമരം പലയിടത്തും അക്രമത്തിലേക്ക് എത്തിയപ്പോഴും അക്രമങ്ങളെ അപലപിക്കാൻ ഗാന്ധിജി തയ്യാറായില്ല. ഭരണകൂടത്തിന്റെ അക്രമമാണ് ജനങ്ങളെ പ്രകോപിപ്പിച്ചതെന്നായിരുന്നു ഗാന്ധിജിയുടെ നിലപാട്. അക്രമത്തെ അപലപിക്കണമെന്ന സർക്കാറിന്റെ നിർബന്ധത്തിന് വഴങ്ങാതെ ഗാന്ധിജി ജയിലിൽ 21 ദിവസത്തെ നിരാഹാരം പ്രഖ്യാപിച്ചു. ഗാന്ധിജിയെ മോചിപ്പിക്കണമെന്നാവശ്യപ്പെട്ട് അന്തർദേശീയ പത്രങ്ങൾ രംഗത്തു വന്നു. എന്നാൽ എല്ലാറ്റിനെയും അതിജീവിച്ച് ഗാന്ധിജി നിരാഹാരവ്രതം പൂർത്തിയാക്കി.

ക്വിറ്റ് ഇന്ത്യ സമരകാലത്ത് ചില പ്രദേശങ്ങൾ ബ്രിട്ടീഷ് ഉദ്യോഗസ്ഥരുടെ നിയന്ത്രണത്തിൽ നിന്ന് മോചിപ്പിക്കപ്പെട്ടിരുന്നു. അവിടങ്ങളിൽ താൽകാലിക ഭരണകൂടങ്ങൾ സ്ഥാപിക്കപ്പെട്ടു.

**ബല്ലിയ**

ഉത്തർപ്രദേശിലെ ബല്ലിയയിൽ ചിട്ടു പാണ്ഡെയുടെ നേതൃത്വത്തിൽ സമാന്തരഭരണം സ്ഥാപിക്കപ്പെട്ടു.

**സത്താറ**

മഹാരാഷ്ട്രയിലെ സത്താറയിൽ നാനാ പാട്ടീലിന്റെ നേതൃത്വത്തിൽ നിലവിൽ വന്ന ഭരണകൂടം 1945 വരെ നിലനിന്നു.

**താംലൂക്ക്**

ബംഗാളിലെ താംലൂക്കിൽ നിലവിൽവന്ന ഭരണകൂടം ഒരു വർഷക്കാലം വരെ തുടർന്നു. വിദ്യാലയങ്ങൾക്ക് സഹായം നൽകിയും കോടതികൾ സ്ഥാപിച്ചും മിച്ചമുള്ള ധാന്യം ദരിദ്രർക്ക് നൽകിയും ഭരണകൂടം മികച്ച പ്രവർത്തനം കാഴ്ചവച്ചു.

സ്വാതന്ത്ര്യമെന്നത് അടിയന്തര ലക്ഷ്യമാക്കി മാറ്റി എന്നതാണ് ക്വിറ്റ് ഇന്ത്യ സമരത്തിന്റെ പ്രാധാന്യം. അധികാരക്കൈമാറ്റം അനിവാര്യമായി. തുടർന്നുള്ള സംഭവവികാസങ്ങൾ ഇക്കാര്യം അടിവരയിട്ടു.

ക്വിറ്റ് ഇന്ത്യ സമരം മുൻ സമരങ്ങളിൽ നിന്ന് എങ്ങനെയെല്ലാം വ്യത്യാസപ്പെട്ടിരിക്കുന്നു എന്ന് ചർച്ചചെയ്ത് കുറിപ്പ് തയ്യാറാക്കൂ.

### 'ഡൽഹി ചലോ'

**"ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനായുള്ള അവസാനയുദ്ധം ആരംഭിച്ചിരിക്കുന്നു... രാഷ്ട്രപിതാവേ, ഇന്ത്യയുടെ മോചനത്തിനായുള്ള ഈ വിശുദ്ധ യുദ്ധത്തിൽ ഞങ്ങൾ അങ്ങയുടെ അനുഗ്രഹങ്ങൾ തേടുകയാണ്."**

1944 ജൂലൈ 6ന് 'ആസാദ് ഹിന്ദ്' റേഡിയോ വഴി സുഭാഷ്ചന്ദ്രബോസ് ഗാന്ധിജിയെ അഭിസംബോധന ചെയ്ത് നടത്തിയ പ്രസംഗത്തിലെ വാക്കുകളാണ് മുകളിൽ നിങ്ങൾ വായിച്ചത്. ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനായി തികച്ചും വേറിട്ട വഴി സ്വീകരിച്ച നേതാവായിരുന്നു സുഭാഷ് ചന്ദ്രബോസ്. രണ്ട് തവണ കോൺഗ്രസിന്റെ പ്രസിഡന്റായ സുഭാഷ് ചന്ദ്രബോസ് പിന്നീട് ഗാന്ധിജിയുമായുള്ള അഭിപ്രായവ്യത്യാസത്തെ തുടർന്ന് കോൺഗ്രസിൽ നിന്ന് രാജിവച്ച് 'ഫോർവേഡ് ബ്ലോക്ക്' എന്ന പാർട്ടി രൂപീകരിച്ചു.

രണ്ടാം ലോകയുദ്ധകാലത്ത് സിംഗപ്പൂരിലെത്തിയ സുഭാഷ് ചന്ദ്രബോസ് ഇന്ത്യൻ നാഷണൽ ആർമിയുടെ (ഐ.എൻ.എ) നേതൃത്വം ഏറ്റെടുത്തു. ഐ.എൻ.എ.യെ പുനഃസംഘടിപ്പിച്ച അദ്ദേഹം ജപ്പാൻ പട്ടാളത്തോടൊപ്പം ഇന്ത്യയിലേക്ക് മാർച്ച് ചെയ്തു. എന്നാൽ ബ്രിട്ടീഷ് പട്ടാളത്തിന്റെ കനത്ത ചെറുത്തുനിൽപ്പിനെ മറികടക്കാൻ അദ്ദേഹത്തിന്റെ ശ്രമങ്ങൾക്ക് കഴിഞ്ഞില്ല.

ലക്ഷ്യം നേടുന്നതിൽ വേണ്ടത്ര വിജയിച്ചില്ലെങ്കിലും സ്വാതന്ത്ര്യസമരത്തിന്റെ അവസാനഘട്ടത്തിൽ ജനങ്ങളിൽ ആവേശം സൃഷ്ടിക്കാൻ ഐ.എൻ.എ.യ്ക്ക് കഴിഞ്ഞു. രണ്ടാംലോകയുദ്ധം അവസാനിച്ചതിനു ശേഷം ബ്രിട്ടീഷുകാർ പിടികൂടിയ ഐ.എൻ.എ. ഭടന്മാരെ ഡൽഹിയിലെ ചെങ്കോട്ടയിൽ വച്ച് വിചാരണ ചെയ്തു. കേണൽ പ്രേംസൈഗാൾ, കേണൽ

#### ഇന്ത്യൻ നാഷണൽ ആർമി (INA)


സുഭാഷ് ചന്ദ്രബോസും ക്യാപ്റ്റൻ ലക്ഷ്മിയും

ബ്രിട്ടീഷ് ഇന്ത്യൻ പട്ടാളത്തിൽ ഓഫീസറായിരുന്ന മോഹൻസിംഗാണ് ഇന്ത്യൻ നാഷണൽ ആർമിയുടെ രൂപീകരണത്തിന് മുൻകൈയെടുത്തത്. പിന്നീട് സുഭാഷ് ചന്ദ്രബോസ് ഐ.എൻ.എ.യുടെ നിയന്ത്രണം ഏറ്റെടുക്കുകയായിരുന്നു. ഐ.എൻ.എയുടെ പ്രവർത്തനങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തം വളരെ വലുതായിരുന്നു.

'റാണി ഝാൻസി റജിമെന്റ്' എന്ന പേരിൽ വനിതാ വിഭാഗവും പ്രവർത്തിച്ചിരുന്നു. ഇതിന് നേതൃത്വം നൽകിയത് മലയാളിയായ ക്യാപ്റ്റൻ ലക്ഷ്മിസൈഗാൾ ആയിരുന്നു. ഐ.എൻ.എ.യിലെ മറ്റൊരു മലയാളിയായിരുന്നു വക്കം അബ്ദുൾ ഖാദർ. അദ്ദേഹത്തെ ബ്രിട്ടീഷുകാർ പിടികൂടി തൂക്കിലേറ്റി.

ജി.എസ്. ധില്ലൻ, ഷാനവാസ്ഖാൻ തുടങ്ങിയവരെ വിചാരണ ചെയ്യുന്നതിനെതിരെ വലിയ പ്രക്ഷോഭങ്ങൾക്ക് രാജ്യം സാക്ഷ്യം വഹിച്ചു. ജവഹർലാൽ നെഹ്റു ഉൾപ്പെടെയുള്ള കോൺഗ്രസ് നേതാക്കൾ വിചാരണവേളയിൽ കോടതിയിൽ എത്തി. 'ദേശദ്രോഹികളല്ല ദേശാഭിമാനികൾ' എന്ന പേരിൽ ലഘുലേഖകൾ പ്രചരിപ്പിക്കപ്പെട്ടു. യുദ്ധാനന്തരകാലത്ത് ബ്രിട്ടീഷ് ഭരണകൂടം നേരിട്ട ഏറ്റവും വലിയ വെല്ലുവിളിയായിരുന്നു ഐ.എൻ.എ. ഭടന്മാരുടെ വിചാരണക്കെതിരെ നടന്ന ഈ പ്രക്ഷോഭങ്ങൾ.

## സ്വാതന്ത്ര്യത്തിലേക്ക്

രണ്ടാം ലോകയുദ്ധവും മാറിയ അന്താരാഷ്ട്ര സാഹചര്യങ്ങളും സ്വാതന്ത്ര്യത്തിലേക്കുള്ള യാത്ര വേഗത്തിലാക്കി. അന്നത്തെ വൈസ്രോയി ആയിരുന്ന വേവൽ പ്രഭു ഇന്ത്യയിലെ നേതാക്കളുമായി ചർച്ചകൾ നടത്തി ചില നിർദേശങ്ങൾ മുന്നോട്ടുവച്ചു. ഈ നിർദേശങ്ങൾ ചർച്ച ചെയ്യാൻ 1945 ജൂൺ മാസത്തിൽ സിംലയിൽ യോഗം വിളിച്ചെങ്കിലും അത് വേണ്ടത്ര ഫലം കണ്ടില്ല. സിംല സമ്മേളനത്തിനുശേഷമുണ്ടായ മറ്റ് ചില സുപ്രധാന സംഭവങ്ങൾ ചുവടെ പറയുന്നവയായിരുന്നു.

**ക്യാബിനറ്റ് മിഷൻ (1946 മാർച്ച്)**



- അധികാരക്കൈമാറ്റം ചർച്ച ചെയ്യാൻ വേണ്ടി ഇന്ത്യയിലെത്തിയ, ബ്രിട്ടീഷ് മന്ത്രിസഭയിലെ മൂന്ന് അംഗങ്ങൾ ഉൾപ്പെട്ട കമ്മീഷൻ. സ്റ്റാഫോർഡ് ക്രിപ്സ്, പെത്തിക്ക് ലോറൻസ്, എ.വി. അലക്സാണ്ടർ എന്നിവരായിരുന്നു അംഗങ്ങൾ.
- അധികാരക്കൈമാറ്റം നടക്കുന്നത് വരെ ഇടക്കാല ഗവൺമെന്റ് രൂപീകരിക്കുക, ഇന്ത്യക്കായി ഭരണഘടന തയ്യാറാക്കാൻ ഒരു ഭരണഘടന നിർമ്മാണസമിതി രൂപീകരിക്കുക എന്നിവയായിരുന്നു പ്രധാന നിർദേശങ്ങൾ.

**മൗണ്ട് ബാറ്റൺ പദ്ധതി (1947 ജൂൺ 3)**

- അവസാനത്തെ വൈസ്രോയിയായിരുന്ന മൗണ്ട്ബാറ്റൺ മുന്നോട്ട് വച്ച പദ്ധതി.
- രാജ്യത്തെ ഇന്ത്യ, പാക്കിസ്ഥാൻ എന്നിങ്ങനെ രണ്ടായി വിഭജിച്ച് സ്വാതന്ത്ര്യം കൈമാറാൻ നിർദേശിച്ചു.

**ഇന്ത്യയുടെ സ്വാതന്ത്ര്യം (1947 ആഗസ്റ്റ് 15)**

- ബ്രിട്ടീഷ് പാർലമെന്റ് പാസാക്കിയ ഇന്ത്യൻ സ്വാതന്ത്ര്യനിയമപ്രകാരം 1947 ആഗസ്റ്റ് 15ന് ഇന്ത്യ സ്വതന്ത്രമായി.
- ജവഹർലാൽ നെഹ്റു സ്വതന്ത്ര ഇന്ത്യയുടെ ആദ്യത്തെ പ്രധാന മന്ത്രിയായി.

## ബ്രിട്ടീഷ് ഭരണത്തിന്റെ അവസാനം

**1947 ജൂലൈ 18 വെള്ളിയാഴ്ച**

ബ്രിട്ടീഷ് പാർലമെന്റിന്റെ ഉപരിസഭയായ പ്രഭുസഭയുടെ വലിയ മേശമേൽ രാജാവ് ജോർജ് ആറാമന്റെ അനുമതിക്കായി ബില്ലുകൾ അടുക്കിവച്ചിരിക്കുന്നു. മേശയുടെ ഒരു വശത്ത് രാജാവിന്റെ പ്രതിനിധിയായ ഗുമസ്തനും മറുവശത്ത് പാർലമെന്റിന്റെ പ്രതിനിധിയും സന്നിഹിതരായിരുന്നു. പ്രധാനമന്ത്രി ക്ലമന്റ് ആറ്റ്ലിയുടെ നേതൃത്വത്തിൽ ഹൗസ് ഓഫ് കോമൺസിൽ നിന്ന് 30 അംഗ സംഘവും അവിടെ എത്തിയിരുന്നു.

പാർലമെന്റിന്റെ പ്രതിനിധിയായ ഗുമസ്തൻ ഒരു ബില്ല് കൈയിലെടുത്ത് ഇങ്ങനെ വായിച്ചു 'സൗത്ത് മെട്രോപോലീറ്റൻ ഗ്യാസ് ബിൽ'

രാജാവിന്റെ പ്രതിനിധി മറുപടി നൽകി 'Le Roile Veult' (രാജാവ് ഇത് അംഗീകരിക്കുന്നു)

പാർലമെന്റിന്റെ പ്രതിനിധി അടുത്ത ബില്ല് കൈയിലെടുത്തു,

'ദ ഫെലിക്സ് സ്റ്റോവ് പിയർബിൽ'

രാജാവിന്റെ പ്രതിനിധി, 'Le Roile Veult'

പാർലമെന്റിന്റെ പ്രതിനിധി മറ്റൊരു ബില്ല് കൈയിലെടുത്തു,

'ഇന്ത്യൻ ഇൻഡിപെന്റൻസ് ബിൽ'

'Le Roile Veult' ഹാളിൽ രാജപ്രതിനിധിയുടെ ശബ്ദം മുഴങ്ങി.

ഇന്ത്യ സ്വതന്ത്രമായി, ബ്രിട്ടീഷ് ഭരണം ചരിത്രത്തിന്റെ ഭാഗമായി.

*Source:* Dominique Lapierre & Larry Collins, *Freedom at Midnight*

ആധുനികലോകം സാക്ഷ്യംവഹിച്ച ഏറ്റവും വലിയ ജനകീയ പ്രസ്ഥാനങ്ങളിൽ ഒന്നായിരുന്നു ഇന്ത്യൻ സ്വാതന്ത്ര്യസമരം. വർഷങ്ങൾ നീണ്ടുനിന്ന ബ്രിട്ടീഷ് വിരുദ്ധ സമരം എക്കാലത്തും ചില മൂല്യങ്ങളെ ഉയർത്തിപ്പിടിച്ചിരുന്നതായി കാണാം. അഹിംസ, ജനാധിപത്യം, ദേശീയ ഐക്യം, മതേതരത്വം, ബഹുസ്വരത, സാമൂഹിക നീതി, സാമ്പത്തിക സ്വയംപര്യാപ്തത എന്നിവ ഇന്ത്യൻ സ്വാതന്ത്ര്യസമരം മുന്നോട്ടുവച്ച മൂല്യങ്ങളിൽ ചിലതാണ്. ഈ മൂല്യങ്ങളെ ഉയർത്തിപ്പിടിച്ചുകൊണ്ടുവേണം രാഷ്ട്രപുനർനിർമ്മാണത്തിൽ നമ്മൾ ഓരോരുത്തരും പങ്കാളികളാകേണ്ടത്.

## തുടർപ്രവർത്തനങ്ങൾ

- 1919 മുതലുള്ള ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിലെ സുപ്രധാന സംഭവങ്ങളെ കോർത്തിണക്കി ഐ.സി.ടി.യുടെ സഹായത്തോടെ സാമൂഹ്യശാസ്ത്ര ലാബിൽ ഒരു പ്രദർശനം സംഘടിപ്പിക്കുക.
- 'ഇന്ത്യൻ സ്വാതന്ത്ര്യസമരവും ഗാന്ധിജിയും' എന്ന വിഷയത്തിൽ ഒരു ഡിജിറ്റൽ പ്രശ്നോത്തരി സംഘടിപ്പിക്കുക.
- ഇന്ത്യൻ സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട പ്രധാന സ്ഥലങ്ങൾ ഉൾപ്പെടുത്തി ഒരു വെർച്വൽ ടൂർ സംഘടിപ്പിക്കുക.

# 7

# സ്വതന്ത്ര ഇന്ത്യയുടെ വർത്തമാനം



ന്യൂഡൽഹിയിൽ തടിച്ചു കൂടുന്ന ജനലക്ഷങ്ങൾ... എല്ലാ ഭാഗത്തു നിന്നും അവർ വന്നെത്തിയിരുന്നു... ഉല്ലാസത്തോടെ മണികൾ കിലുക്കിക്കൊണ്ട് നിരനിരയായി കുതിരവണ്ടികൾ. മരച്ചക്രങ്ങളിൽ ഘടിപ്പിച്ച തട്ടുകളിൽ നിറയെ ജനങ്ങളെയും വലിച്ചു കൊണ്ടുവരുന്ന, ജീനികളും കുളമ്പുകളുമൊക്കെ ഓറഞ്ചും പച്ചയും വെള്ളയും നിറമുള്ള ചായം കൊണ്ട് വരയിട്ടലങ്കരിച്ച കാളകൾ... ചായം വരച്ചൊരുക്കിയ മേൽത്തട്ടും പാർശ്വങ്ങളുമുള്ള ടക്കുകളിൽ കവിഞ്ഞൊഴുകുന്ന ജനങ്ങൾ... കഴുതപ്പുറത്തും കുതിരപ്പുറത്തും സൈക്കിളിന്മേലും നടന്നും ഓടിയും ജനങ്ങൾ വന്നു... തലപ്പാവുകളുമായി നാട്ടിൻപുറത്തുകാർ, ഉത്സവമോടിയിൽ തിളങ്ങുന്ന സാരിയുടുത്ത്, തങ്ങൾക്കുള്ള മുഴുവൻ ആഭരണങ്ങളും കൈയിലും കാതിലും വിരലിലും മൂക്കിലുമൊക്കെ ധരിച്ച അവരുടെ സ്ത്രീകളോടൊപ്പം വന്നെത്തി... അവർ വിളിച്ചു പറഞ്ഞു... ബ്രിട്ടീഷുകാർ പോവുകയായി... നെഹ്റു ഒരു പുതിയ കൊടി ഉയർത്താൻ പോവുകയാണ്... നാം സ്വതന്ത്രരായിരിക്കുന്നു...

*Source:* Dominique Lapierre & Larry Collins, *Freedom at Midnight*

ബ്രിട്ടീഷ് ആധിപത്യത്തിൽ നിന്നും ഇന്ത്യ സ്വാതന്ത്ര്യം നേടിയ 1947 ആഗസ്റ്റ് 15ന് രാവിലെ ഡൽഹി നഗരത്തിൽ കണ്ട വിവിധ കാഴ്ചകളാണ് മുകളിൽ നൽകിയിരിക്കുന്നത്.



സ്വാതന്ത്ര്യനക്ഷത്രം അസ്തമിക്കാതിരിക്കട്ടെ

സ്വതന്ത്ര ഇന്ത്യയിലെ പ്രധാനമന്ത്രിയുടെ സന്ദേശം

ഒരു പുതിയ നക്ഷത്രം – പൌരസ്ത്യദേശത്തിലെ സ്വാതന്ത്ര്യത്തിൻെറ നക്ഷത്രം — ഉദിക്കുകയാണ് ഒരു പുതിയ ആശ ഉടലെടുക്കുകയാണ്. ചിരകാലപ്രാർത്ഥിതമായ ഒരു സ്വപ്നം നിറവേറുകയാണ്. ആ നക്ഷത്രം അസ്തമിക്കാതിരിക്കട്ടെ. ആ ആശ വഞ്ചിക്കപ്പെടാതിരിക്കട്ടെ!

ന്യൂഡൽഹി —ജവഹർലാൽ നെഹ്റു

ഇന്ത്യക്ക് സ്വാതന്ത്ര്യം ലഭിച്ചതിനോടനുബന്ധിച്ച് പ്രമുഖ പത്രത്തിൽ വന്ന വാർത്ത

- എന്തൊക്കെ വിവരങ്ങളാണ് ഇതിൽ നിന്നും മനസ്സിലാക്കാൻ കഴിയുന്നത്?
- ഇന്ത്യയുടെ ആദ്യ സ്വാതന്ത്ര്യദിനാഘോഷം സന്തോഷം മാത്രം നൽകിയ അവസരമായിരുന്നോ?

ഇന്ത്യ സ്വതന്ത്രമായ ദിനം ആഘോഷിക്കാൻ ചുറ്റുമുള്ള പ്രദേശങ്ങളിൽ നിന്നും ജനങ്ങൾ ഡൽഹിയിലേക്ക് ഒഴുകിയെത്തി. നമ്മുടെ രാജ്യം സ്വതന്ത്രമാകുന്നതിനൊപ്പം ഇന്ത്യ, പാകിസ്ഥാൻ എന്നിങ്ങനെ രണ്ട് സ്വതന്ത്രരാജ്യങ്ങളായി വിഭജിക്കപ്പെടുകയും ചെയ്തു. അതിനാൽ ഇന്ത്യയുടെ ആദ്യത്തെ സ്വാതന്ത്ര്യദിനം സന്തോഷത്തിനൊപ്പം സന്താപവും നിറഞ്ഞ അവസരമായി മാറി.

## വിഭജനാനന്തര ഇന്ത്യ

ഭൂപടം 7.1 നിരീക്ഷിക്കൂ. ഇതിൽ നിന്നും ഇന്ത്യയുടെയും പാകിസ്ഥാന്റെയും സ്ഥാനം തിരിച്ചറിയൂ. ഈ ഭൂപടത്തിന്റെ പ്രത്യേകതകൾ എന്തെല്ലാമാണ്? ഇന്ത്യാവിഭജനത്തെക്കുറിച്ചുള്ള എന്തെല്ലാം വിവരങ്ങളാണ് നിങ്ങൾക്ക് ഈ ഭൂപടത്തിൽ നിന്നും കണ്ടെത്താൻ കഴിയുന്നത്?

- 




ഭൂപടം 7.1

ഇന്ത്യാവിഭജനത്തിന്റെ വിശദമായ ഭൂപടം തയ്യാറാക്കാനായി ലണ്ടനിലെ പ്രസിദ്ധ അഭിഭാഷകനായിരുന്ന സിറിൽ റാഡ്ക്ലിഫിനെ ആയിരുന്നു ചുമതലപ്പെടുത്തിയിരുന്നത്. വിഭജനത്തെ തുടർന്ന് ചില ബ്രിട്ടീഷ് ഇന്ത്യൻ പ്രവിശ്യകൾ പാകിസ്ഥാന്റെ ഭാഗമായി മാറിയെങ്കിലും ബഹുഭൂരിപക്ഷം പ്രദേശങ്ങളും ഇന്ത്യയിൽ തന്നെ നിലനിന്നു എന്നത് നിങ്ങൾ ഭൂപടത്തിൽ നിന്നും മനസ്സിലാക്കിയല്ലോ. എന്നാൽ ബംഗാൾ, പഞ്ചാബ് എന്നീ പ്രവിശ്യകൾ മാത്രം വിഭജിക്കപ്പെട്ടു. പശ്ചിമബംഗാൾ ഇന്ത്യയിൽ നിലനിന്നപ്പോൾ പൂർവബംഗാൾ കിഴക്കൻ പാകിസ്ഥാനായി മാറി. അതുപോലെ, പൂർവപഞ്ചാബ് ഇന്ത്യയുടെയും

പശ്ചിമപഞ്ചാബ് പാകിസ്ഥാന്റെയും ഭാഗമായി. കൂടാതെ അസമിൽ നടത്തിയ ഹിതപരിശോധനയെത്തുടർന്ന് സിൽഹെറ്റ് കിഴക്കൻ പാകിസ്ഥാന്റെ ഭാഗമായി.

വിഭജനാനന്തരം പാകിസ്ഥാന്റെ ഭാഗമായ പടിഞ്ഞാറൻ പഞ്ചാബിൽ നിന്ന് ഹിന്ദുക്കളും സിഖുകാരും ഇന്ത്യയിലേക്ക് പലായനം ആരംഭിച്ചു. അതേസമയം, ഇന്ത്യൻ പഞ്ചാബിൽ നിന്ന് മുസ്ലീങ്ങൾ പാകിസ്ഥാനിലേക്കും നീങ്ങി. ബംഗാൾ വിഭജിതമായെങ്കിലും പഞ്ചാബിൽ സംഭവിച്ചതുപോലുള്ള ഒരു കൂട്ടപ്പലായനം അവിടെ ഉണ്ടായില്ല. ഇതിന് കാരണമായ പ്രധാന ഘടകങ്ങൾ ചുവടെ ചേർക്കുന്നു.

- 1905ലെ ബംഗാൾ വിഭജനത്തിനെതിരായ മുന്നേറ്റത്തിലൂടെ വളർന്ന മതനിരപേക്ഷതയിലൂന്നിയ ദേശീയത
- ബംഗാൾ ജനതയുടെ ഭാഷാപരമായ ഐക്യം
- ബ്രഹ്മപുത്രാനദിയും അവയുടെ പോഷകനദികളും ഇരുരാജ്യങ്ങളിലേക്കുമുള്ള പെട്ടെന്നുള്ള പലായനത്തിന് വിഘാതമായത്.

ഇന്ത്യ-പാക്കിസ്ഥാൻ വിഭജനവുമായി ബന്ധപ്പെട്ട് ഒരു പത്രവാർത്ത തയ്യാറാക്കുക.

## സിൽഹെറ്റും ഹിതപരിശോധനയും

ബ്രിട്ടീഷ് ഭരണകാലത്ത് അസം പ്രവിശ്യയുടെ ഭാഗമായിരുന്നു സിൽഹെറ്റ്. 1947ലെ മൗണ്ട് ബാറ്റൺ പദ്ധതി പഞ്ചാബിനെയും ബംഗാളിനെയും വിഭജിക്കുന്നതോടൊപ്പം സിൽഹെറ്റിൽ ഹിതപരിശോധന നടത്തുവാൻ ശിപാർശ ചെയ്യുകയും ചെയ്തു. തുടർന്നുനടന്ന ഹിതപരിശോധനയുടെ ഫലമായി സിൽഹെറ്റിലെ ഭൂരിഭാഗം പ്രദേശങ്ങളും കിഴക്കൻ പാകിസ്ഥാനിൽ ചേരുന്നതിന് അനുകൂലമായ നിലപാട് സ്വീകരിച്ചു. സിൽഹെറ്റിലെ കരിംഗഞ്ച് പ്രദേശം മാത്രമാണ് അസം പ്രവിശ്യയുടെ ഭാഗമായി ഇന്ത്യയോടൊപ്പം നിലകൊണ്ടത്.




ഇന്ത്യയുടെ സ്വാതന്ത്ര്യപ്രാപ്തിയെ 'ചരിത്രത്തിലെ ഏറ്റവും വലിയ ബന്ധം വിടർത്തൽ' എന്നായിരുന്നു അന്നത്തെ പ്രമുഖ ദിനപത്രമായ 'മാഞ്ചസ്റ്റർ ഗാർഡിയൻ' വിശേഷിപ്പിച്ചത്.

## റാഡ്ക്ലിഫ് വരച്ച അതിർത്തി രേഖ

ഇന്ത്യ-പാക് വിഭജനത്തിന്റെ ഭാഗമായി അതിർത്തിരേഖ തയ്യാറാക്കിയ സിറിൽ റാഡ്ക്ലിഫ് അതിന് മുമ്പ് ഇന്ത്യ സന്ദർശിക്കുകയോ ഇന്ത്യയുടെ ഭൂമിശാസ്ത്രപരമായ സവിശേഷതകൾ മനസ്സിലാക്കുകയോ ചെയ്തിരുന്നില്ല. അങ്ങനെ ഇന്ത്യയെക്കുറിച്ച് യാതൊരു മുൻധാരണയുമില്ലാതെ വെറും അഞ്ച് ആഴ്ചകൊണ്ട് അദ്ദേഹം തയ്യാറാക്കിയതാണ് 'റാഡ്ക്ലിഫ് രേഖ'.



## വിഭജനം നോവായി മാറിയപ്പോൾ...

"ഈയിടെയുണ്ടായ കലാപത്തിനിടയിൽ റാവൽപിണ്ടി ജില്ലയിലെ തോവാഖൽസ ഗ്രാമത്തിലെ തൊണ്ണൂറ് സ്ത്രീകൾ കിണറ്റിൽ ചാടി മുങ്ങിമരിച്ച സംഭവം പഞ്ചാബിലെ ജനങ്ങളുടെ ഭാവനാശക്തിയെ വല്ലാതെ മഥിച്ചിരിക്കുകയാണ്. പുരുഷന്മാർക്ക് അവരെ രക്ഷിക്കാനാകാതെ വരുമ്പോൾ ആത്മാഹുതി നടത്തിയ രാജസ്ഥാനി സ്ത്രീകളുടെ പാരമ്പര്യമാണ് ഇവിടെ പുനർജനിച്ചത്... ഒരു മാസം മുമ്പ് വടികളും കൈത്തോക്കുകളും കൈബോംബുകളുമേന്തിയ ഒരു വർഗീയസംഘം ആ ഗ്രാമം വളഞ്ഞു. ഗ്രാമവാസികൾ അവരാലാവും വിധം ചെറുത്തുനിന്നു. ഒടുവിൽ അവർക്ക് കീഴടങ്ങേണ്ടിവന്നു. തുടർന്ന്, കൂടിയാലോചനകൾ നടത്തി അക്രമികൾ പതിനായിരം രൂപ ആവശ്യപ്പെട്ടു. ഉടൻതന്നെ അത് കൊടുക്കുകയും ചെയ്തു. മടങ്ങിവരികയില്ലെന്ന് ഉറപ്പുകൊടുത്തുകൊണ്ട് അക്രമികൾ തിരിച്ചുപോയി. അടുത്ത ദിവസം തന്നെ ഉറപ്പ് ലംഘിക്കപ്പെട്ടു. അവർ വീണ്ടും വന്നു. കൂടുതൽ പണം ആവശ്യപ്പെട്ടു. തർക്കത്തിനിടയിൽ എതിർത്തവരിൽ നാല്പത് പേരെ അവർ വെട്ടിക്കൊന്നു. വളരെയധികമുണ്ടായിരുന്ന ശത്രുക്കളുടെ കടന്നുകയറ്റം തടയാൻ ആ ഗ്രാമവാസികൾക്ക് കഴിഞ്ഞില്ല. അവരുടെ സ്ത്രീകൾ ധൃതിപിടിച്ച് ഒത്തുകൂടി. അവരുടെ ആത്മാഭിമാനം ഒഴികെ മറ്റെല്ലാം നഷ്ടപ്പെടും എന്നവർക്ക് ബോധ്യമായപ്പോൾ തൊണ്ണൂറ് സ്ത്രീകൾ ഒരു ചെറിയ കിണറ്റിൽ ചാടി. മൂന്നുപേരെ രക്ഷപ്പെടുത്തി. എല്ലാവർക്കും മുങ്ങിമരിക്കാനുള്ള വെള്ളം ആ കിണറ്റിൽ ഇല്ലായിരുന്നു."

*Source:* Urvashi Butalia, *The Other Side of Silence*

'മൗനത്തിന്റെ മറുപുറം' എന്ന ഗ്രന്ഥത്തിൽ ഉർവശി ബൂട്ടാലിയ ഉദ്ധരിച്ച വാർത്തയാണ് (1947 ഏപ്രിൽ 15ന് സ്റ്റേറ്റ്സ്മാനിൽ പ്രസിദ്ധീകരിച്ചത്) മുകളിൽ നൽകിയിരിക്കുന്നത്. വിഭജനകാലത്ത് പഞ്ചാബിലെ ജനങ്ങൾക്ക് സമാനമായ നിരവധി ദുരനുഭവങ്ങൾ നേരിടേണ്ടിവന്നു. ഉറ്റവരെ നഷ്ടപ്പെട്ട ഓർമ്മകൾ ആ പ്രദേശങ്ങളിൽ ജീവിക്കുന്ന ജനങ്ങളിൽ ഇന്നും കാണാൻ കഴിയും. അവരുടെ മനോഭാവവും അഭിപ്രായങ്ങളും രൂപീകരിക്കുന്നതിൽ ഈ ഓർമ്മകൾ ഇന്നും സ്വാധീനം ചെലുത്തുന്നുണ്ട്.



അതിർത്തി പ്രദേശങ്ങളിൽ നിന്നും ഇന്ത്യയിലേക്കും പാകിസ്ഥാനിലേക്കും പലായനം ചെയ്യുന്നവരുടെ ചിത്രങ്ങൾ

വിഭജനം ഇതുപോലെ നിരവധി പ്രശ്നങ്ങൾ സൃഷ്ടിച്ചു. അവ എന്തൊക്കെയാണെന്ന് നമുക്ക് നോക്കാം.

- ലക്ഷക്കണക്കിന് അഭയാർത്ഥികൾ ഇന്ത്യയിൽ നിന്ന് പാകിസ്ഥാനിലേക്കും പാകിസ്ഥാനിൽ നിന്ന് ഇന്ത്യയിലേക്കും പ്രവഹിച്ചു.
- വ്യാപകമായ അക്രമങ്ങളുണ്ടാവുകയും പതിനായിരങ്ങൾ കൊല്ലപ്പെടുകയും ചെയ്തു.
- കൊൽക്കത്ത, ഡൽഹി, ലാഹോർ തുടങ്ങിയ സ്ഥലങ്ങളിൽ വർഗീയലഹളകൾ പൊട്ടിപ്പുറപ്പെട്ടു.
- ഒട്ടേറെ സ്ത്രീകൾക്ക് മാനഹാനി സംഭവിച്ചു.
- നിരവധി സ്ത്രീകളും കുട്ടികളും തട്ടിക്കൊണ്ടുപോകലിന് ഇരകളായി.

വിഭജനത്തെ തുടർന്ന് ഇന്ത്യയിലെയും പാകിസ്ഥാനിലെയും ജനങ്ങൾ അനുഭവിക്കേണ്ടി വന്ന വിവിധ പ്രശ്നങ്ങൾ ഉൾപ്പെടുത്തി ഒരു ഡിജിറ്റൽ പ്രസന്റേഷൻ തയ്യാറാക്കി ഗ്രൂപ്പടിസ്ഥാനത്തിൽ ക്ലാസിൽ അവതരിപ്പിക്കുക.

## രാഷ്ട്രപിതാവ് രക്തസാക്ഷിയായി

**"നമ്മുടെ ജീവിതത്തിൽ നിന്ന് പ്രകാശം മാഞ്ഞുപോയിരിക്കുന്നു. എവിടെയും ഇരുട്ടാണ്... പ്രകാശം പൊലിഞ്ഞെന്നാണോ ഞാൻ പറഞ്ഞത്? എനിക്ക് തെറ്റുപറ്റി. പ്രകാശിച്ചിരുന്നത് ഒരു സാധാരണ ദീപമായിരുന്നില്ല... ഒരായിരം വർഷങ്ങൾക്കുശേഷവും അതിവിടെ പ്രകാശം ചൊരിയും. നൂറ്റാണ്ടുകളിലൂടെ ആയിരമായിരം ഹൃദയങ്ങൾക്ക് അത് ആശ്വാസം പകർന്നുകൊണ്ടിരിക്കും."**

മഹാത്മാഗാന്ധിയുടെ രക്തസാക്ഷിത്വം അറിയിച്ചുകൊണ്ട് അന്നത്തെ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റു രാഷ്ട്രത്തെ അഭിസംബോധന ചെയ്ത് നടത്തിയ പ്രസംഗത്തിൽ നിന്നെടുത്ത ഒരു ഭാഗമാണ് മുകളിൽ നൽകിയിരിക്കുന്നത്.

ഹിന്ദു-മുസ്ലീം ഐക്യത്തിനായി പ്രയത്നിച്ച ഗാന്ധിജിയെ ന്യൂഡൽഹിയിലെ ബിർളാ ഹൗസ് അങ്കണത്തിൽ വച്ച് 1948 ജനുവരി 30ന് വർഗീയവാദിയായ നാഥുറാം വിനായക് ഗോഡ്സെ വെടിവച്ച് കൊലപ്പെടുത്തി.

ഗാന്ധിജിയുടെ രക്തസാക്ഷിത്വവുമായി ബന്ധപ്പെട്ട പത്രവാർത്തകളും ചിത്രങ്ങളും ശേഖരിച്ച് ഒരു പതിപ്പ് തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കുക.



ഗാന്ധിജിയുടെ ഭൗതിക ശരീരം വഹിച്ചുകൊണ്ടുള്ള വിലാപയാത്ര

## ഭരണഘടനയിലേക്കുള്ള പടവുകൾ




ആധുനിക ഇന്ത്യയുടെ നിർമ്മാണത്തിന് അടിത്തറ പാകിയത് ഭരണഘടനാരൂപീകരണത്തിലൂടെയായിരുന്നു. 1946 ഡിസംബർ 13ന് ഭരണഘടനാനിർമ്മാണസഭയുടെ പ്രവർത്തനം ഔപചാരികമായി ആരംഭിച്ചു. ജവഹർലാൽ നെഹ്റു അവതരിപ്പിച്ച ലക്ഷ്യപ്രമേയം 1947 ജനുവരി 22ന് ഭരണഘടനാനിർമ്മാണസഭ അംഗീകരിച്ചു. തുടർന്ന് 1949 നവംബർ 26 ന് ഭരണഘടനാനിർമ്മാണസഭ പുതിയ ഭരണഘടനയ്ക്ക് അംഗീകാരം നൽകി. 1950 ജനുവരി 26ന് ഇന്ത്യൻ ഭരണഘടന നിലവിൽ വരികയും ഇന്ത്യ ഒരു പരമാധികാര ജനാധിപത്യ റിപ്പബ്ലിക്കായി മാറുകയും ചെയ്തു. ഭരണഘടന പ്രകാരം 1951-1952ൽ നടന്ന സ്വതന്ത്ര ഇന്ത്യയിലെ ആദ്യ പൊതുതിരഞ്ഞെടുപ്പിന്റെ അടിസ്ഥാനത്തിൽ ഇന്ത്യയിൽ ഒരു പാർലമെന്ററി ജനാധിപത്യസംവിധാനം നിലവിൽവന്നു.

## സ്വതന്ത്ര ഇന്ത്യ നേരിട്ട വെല്ലുവിളികൾ

കോളനിവൽക്കരണത്തിന്റെ പ്രത്യാഘാതങ്ങൾ അനുഭവിച്ചിരുന്ന ഇന്ത്യ സ്വതന്ത്രമായപ്പോൾ നിരവധി വെല്ലുവിളികൾ നേരിടേണ്ടിവന്നു. അവയിൽ പ്രധാനപ്പെട്ടവ ഏതൊക്കെയാണെന്ന് പരിശോധിക്കാം.

- അഭയാർത്ഥികളുടെ പുനരധിവാസം
- നാട്ടുരാജ്യങ്ങളുടെ സംയോജനം
- പോർച്ചുഗീസ്-ഫ്രഞ്ച് അധീന പ്രദേശങ്ങളുടെ കൂട്ടിച്ചേർക്കൽ
- ഭാഷാടിസ്ഥാനത്തിലുള്ള സംസ്ഥാനങ്ങളുടെ പുനഃസംഘടന
- ഇന്ത്യൻ സമ്പദ്ഘടന ശക്തിപ്പെടുത്തൽ
- സ്വതന്ത്രമായ ഒരു വിദേശനയം രൂപപ്പെടുത്തൽ

ഈ വെല്ലുവിളികൾ നേരിടുന്നതിനായി ഇന്ത്യാഗവൺമെന്റ് സ്വീകരിച്ച നടപടികൾ വിശദമായി പരിശോധിക്കാം.

## അഭയാർത്ഥികളുടെ പുനരധിവാസം

### ബംഗ്ലാദേശ് രൂപീകരണം

1947 ആഗസ്റ്റ് 15 ന് ഇന്ത്യയിൽ ബ്രിട്ടീഷ് ഭരണം അവസാനിച്ചപ്പോൾ ഇന്നത്തെ ബംഗ്ലാദേശ് ഉൾപ്പെടുന്ന ഭാഗം കിഴക്കൻ പാകിസ്ഥാൻ എന്നാണ് അറിയപ്പെട്ടിരുന്നത്. പടിഞ്ഞാറൻ പാകിസ്ഥാനിൽ നിന്ന് വിവേചനം നേരിട്ട കിഴക്കൻ പാകിസ്ഥാൻ 1971ൽ സ്വാതന്ത്ര്യം നേടി ബംഗ്ലാദേശ് എന്ന രാജ്യമായി മാറി.

വിഭജനാനന്തരം പാകിസ്ഥാനിൽ നിന്നുള്ള അറുപത് ലക്ഷത്തിലധികം ജനങ്ങൾ ഇന്ത്യയിൽ അഭയാർത്ഥികളായി മാറി. ഈ അഭയാർത്ഥികളെ പുനരധിവസിപ്പിക്കാനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിച്ചു. 1951 ആയപ്പോഴേക്കും പടിഞ്ഞാറൻ പാകിസ്ഥാനിൽ നിന്നുള്ള അഭയാർത്ഥി പ്രശ്നം പൂർണ്ണമായും പരിഹരിക്കാൻ സാധിച്ചു. വിഭജന കാലത്ത് കിഴക്കൻ പാകിസ്ഥാനിൽ നിന്നുള്ള അഭയാർത്ഥി പ്രവാഹം താരതമ്യേന കുറവായിരുന്നുവെങ്കിലും പിൽക്കാലത്ത് കിഴക്കൻ പാകിസ്ഥാനും പടിഞ്ഞാറൻ പാകിസ്ഥാനും തമ്മിലുള്ള സംഘർഷങ്ങൾ മൂലം കിഴക്കൻ പാകിസ്ഥാനിൽ നിന്നും

ഇന്ത്യയിലേക്കുള്ള അഭയാർത്ഥിപ്രവാഹം തുടർന്നുകൊണ്ടേയിരുന്നു. 1971ൽ ബംഗ്ലാദേശിന്റെ രൂപീകരണത്തോടെയാണ് ഈ അഭയാർത്ഥിപ്രശ്നം താൽക്കാലികമായെങ്കിലും പരിഹരിക്കാനായത്.

## നാട്ടുരാജ്യങ്ങളുടെ സംയോജനം

1947ലെ ഇന്ത്യൻ സ്വാതന്ത്ര്യനിയമപ്രകാരം ഇന്ത്യയിലെ 565 നാട്ടുരാജ്യങ്ങൾക്ക് സ്വതന്ത്ര ഇന്ത്യയിലോ പാകിസ്ഥാനിലോ ചേരുവാനോ, സ്വതന്ത്രരാജ്യങ്ങളായി നിലനിൽക്കാനോ അധികാരമുണ്ടായിരുന്നു. നാട്ടുരാജ്യങ്ങളെ ഇന്ത്യൻ യൂണിയനിൽ ലയിപ്പിക്കുക എന്നത് രാജ്യത്തെ സംബന്ധിച്ചിടത്തോളം ശ്രമകരമായ ഒരു ദൗത്യമായിരുന്നു. ഈ ദൗത്യം വിജയകരമായി പൂർത്തിയാക്കിയത് ആഭ്യന്തരമന്ത്രിയായിരുന്ന സർദാർ വല്ലഭ്ഭായ് പട്ടേലും സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റിന്റെ സെക്രട്ടറിയായിരുന്ന വി.പി മേനോനും നയിച്ച സംഘമായിരുന്നു. ലയനക്കരാറിൽ (Instrument of Accession) ഒപ്പുവച്ച് ഇന്ത്യൻ യൂണിയനിൽ ചേരാൻ അവർ എല്ലാ നാട്ടുരാജ്യങ്ങളെയും ക്ഷണിച്ചു. എന്നാൽ, ജുനഗഡ്, കാശ്മീർ, തിരുവിതാംകൂർ, ഹൈദരാബാദ് എന്നീ നാട്ടുരാജ്യങ്ങളിലെ ഭരണാധികാരികൾ ഇന്ത്യൻ യൂണിയനിൽ ചേരാൻ വിസമ്മതിച്ചു. ഈ നാട്ടുരാജ്യങ്ങളെ അനുരഞ്ജന ചർച്ചകളിലൂടെയും സൈനിക നടപടികളിലൂടെയുമാണ് ഇന്ത്യൻ യൂണിയനിൽ ലയിപ്പിച്ചത്. ഇന്ത്യൻ യൂണിയനിൽ ചേർക്കപ്പെട്ട നാട്ടുരാജ്യങ്ങളിലെ ഭരണാധികാരികൾക്ക് പ്രിവിപേഴ്സ് അനുവദിച്ചു നൽകി.



സർദാർ വല്ലഭ്ഭായ് പട്ടേൽ



വി.പി. മേനോൻ

### പ്രിവി പേഴ്സ്

ഇന്ത്യൻ യൂണിയനിൽ ലയിപ്പിക്കുന്നതിന്റെ ഭാഗമായി നാട്ടുരാജ്യങ്ങളിലെ രാജാക്കന്മാരുമായി ചില കരാറുകളിൽ ഇന്ത്യാഗവൺമെന്റ് ഒപ്പുവച്ചു. ഇതിനെത്തുടർന്ന് രാജാക്കന്മാർക്ക് അധികാരവും വരുമാനവും നഷ്ടപ്പെട്ടു. ഇത് പരിഹരിക്കുന്നതിനായി ഈ നാട്ടുരാജ്യങ്ങളിലെ ഭരണകുടുംബങ്ങൾക്ക് സർക്കാർ സാമ്പത്തികസഹായമായി ഒരു നിശ്ചിത തുക നൽകി. ഇതാണ് പ്രിവി പേഴ്സ് എന്നറിയപ്പെടുന്നത്. ഇതിനായി ഭീമമായ തുക സർക്കാരിന് ചെലവായിരുന്നു. 1971ൽ ഇന്ദിരാഗാന്ധി പ്രധാനമന്ത്രിയായിരുന്ന കാലഘട്ടത്തിൽ ഭരണഘടനയുടെ 26-ാം ഭേദഗതി പ്രകാരം പ്രിവി പേഴ്സ് നൽകുന്നത് നിർത്തലാക്കി.

ഇന്ത്യൻ യൂണിയനിലേക്കുള്ള നാട്ടുരാജ്യങ്ങളുടെ സംയോജനം എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസിൽ ഒരു ചർച്ച സംഘടിപ്പിക്കുക.

## ഫ്രഞ്ച് - പോർച്ചുഗീസ് അധീനപ്രദേശങ്ങളുടെ മോചനം

1947ൽ ഇന്ത്യ ബ്രിട്ടീഷുകാരിൽ നിന്ന് സ്വതന്ത്രമായതിനുശേഷവും രാജ്യത്തെ ചില പ്രദേശങ്ങൾ വിദേശശക്തികളായ പോർച്ചുഗീസുകാരുടെയും ഫ്രഞ്ചുകാരുടെയും അധീനതയിലായിരുന്നു. ഇതിനെതിരെ അതത് പ്രദേശങ്ങളിൽ ജനകീയ സമരങ്ങൾ ശക്തമായി. തുടർന്ന് ഇന്ത്യാഗവൺമെന്റിന്റെ അഭ്യർഥന




ഭൂപടം 7.2

മാനിച്ച് ഫ്രാൻസ് 1954ൽ ഇന്ത്യ വിട്ടുപോകാൻ തയ്യാറായി. തുടർന്ന് പോണ്ടിച്ചേരി, മാഹി, യാനം, കാരയ്ക്കൽ, ചന്ദ്രനഗർ എന്നീ ഫ്രഞ്ച് അധീന പ്രദേശങ്ങൾ കേന്ദ്രഗവൺമെന്റിന്റെ നേരിട്ടുള്ള ഭരണത്തിൻ കീഴിലാവുകയും ചെയ്തു. എന്നാൽ പോർച്ചുഗീസുകാർ ഇന്ത്യയിലെ തങ്ങളുടെ അധീനതയിലുണ്ടായിരുന്ന ഗോവ, ദാമൻ, ദിയു എന്നീ പ്രദേശങ്ങൾ വിട്ടുനൽകാൻ വിസമ്മതിച്ചു. 1954ൽ ജനകീയ സമരത്തെ തുടർന്ന് ദാദ്ര, നഗർ ഹവേലി പ്രദേശങ്ങളിലെ പോർച്ചുഗീസ് ആധിപത്യം അവസാനിച്ചു. തുടർന്ന് 1961ൽ സൈനിക നടപടിയിലൂടെ ഗോവ, ദാമൻ, ദിയു എന്നീ പ്രദേശങ്ങൾ മോചിപ്പിക്കപ്പെടുകയും അവയെ ഇന്ത്യൻ യൂണിയനിൽ ലയിപ്പിക്കുകയും ചെയ്തു.

ഭൂപടം 7.2ൽ നിന്നും ഫ്രഞ്ച്-പോർച്ചുഗീസ് അധീനപ്രദേശങ്ങളെ കണ്ടെത്തി പട്ടികപ്പെടുത്തുക.

## ഭാഷാടിസ്ഥാനത്തിലുള്ള സംസ്ഥാനങ്ങളുടെ പുനഃസംഘടന

> **ഭാഷാപ്രവിശ്യകൾ രൂപീകരിച്ചാൽ അത് പ്രാദേശിക ഭാഷകൾക്കുള്ള ഒരു പ്രോത്സാഹനമായിരിക്കും...**
>
> **മഹാത്മാഗാന്ധി**

- നമ്മുടെ രാജ്യത്തെ ഭൂരിഭാഗം സംസ്ഥാനങ്ങളും എന്തിന്റെ അടിസ്ഥാനത്തിലാണ് രൂപീകരിക്കപ്പെട്ടിട്ടുള്ളത്?
- നമ്മുടെ അയൽ സംസ്ഥാനങ്ങളിലെ ഔദ്യോഗിക ഭാഷ ഏതൊക്കെയാണ്?

ഇന്ന് നമ്മുടെ ഭൂരിഭാഗം സംസ്ഥാനങ്ങളും ഭാഷയുടെ അടിസ്ഥാനത്തിലാണ് രൂപീകരിക്കപ്പെട്ടതെന്ന് നിങ്ങൾക്ക് മനസ്സിലായല്ലോ. എന്നാൽ സ്വാതന്ത്ര്യം ലഭിക്കുന്നതിന് മുമ്പ് രാജ്യത്തെ ഭരണപ്രദേശങ്ങളിലെ അതിരുകൾ (പ്രവിശ്യകൾ) രൂപീകരിക്കപ്പെട്ടത് ഇത്തരം മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലായിരുന്നില്ല. ആശയവിനിമയത്തിനും സംസ്കാരരൂപീകരണത്തിനും ഭാഷയ്ക്ക് ശക്തമായ സ്വാധീനമുള്ളതിനാൽ ഭാഷാടിസ്ഥാനത്തിലാവണം ഭരണപ്രദേശങ്ങൾ നിർണ്ണയിക്കപ്പെടേണ്ടത് എന്ന ശക്തമായ വാദം സ്വാതന്ത്ര്യസമരകാലത്ത് തന്നെ ഉയർന്നുവന്നിരുന്നു. ദേശീയ പ്രസ്ഥാനത്തിലേക്ക്

ജനങ്ങളെ കൂടുതൽ അടുപ്പിക്കുന്നതിനായി ഇന്ത്യൻ നാഷണൽ കോൺഗ്രസ് മാതൃഭാഷയ്ക്ക് ഊന്നൽ നൽകിയാണ് ആശയങ്ങൾ പ്രചരിപ്പിച്ചിരുന്നത്. 1920ലെ നാഗ്പൂർ കോൺഗ്രസ് സമ്മേളനത്തിൽ വച്ച് ഭാഷാടിസ്ഥാനത്തിൽ കോൺഗ്രസ് കമ്മിറ്റികൾ രൂപീകരിക്കാൻ തീരുമാനിച്ചു.


പട്ടാഭി സീതാരാമയ്യ

സ്വാതന്ത്ര്യാനന്തരം സംസ്ഥാനങ്ങളെ ഭാഷാടിസ്ഥാനത്തിൽ പുനഃസംഘടിപ്പിച്ചതുമായി ബന്ധപ്പെട്ട പ്രധാന ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

- സംസ്ഥാന പുനഃസംഘടനയെപ്പറ്റി പഠിക്കാൻ എസ്.കെ. ധർ അധ്യക്ഷനായി 1948ൽ ഒരു ഭാഷാപ്രവിശ്യാകമ്മീഷനെ ഭരണഘടനാനിർമ്മാണ സമിതി നിയമിച്ചു.
- ഭാഷാസംസ്ഥാനങ്ങൾ വേണമെന്ന ശക്തമായ ആവശ്യത്തെ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ജവഹർലാൽ നെഹ്റു, സർദാർ വല്ലഭ്ഭായ് പട്ടേൽ, പട്ടാഭി സീതാരാമയ്യ എന്നിവർ ഉൾപ്പെട്ട (ജെ.വി.പി.) കമ്മിറ്റിയെ 1948ൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ് നിയോഗിച്ചു.
- തെലുങ്ക് ഭാഷ സംസാരിക്കുന്നവർക്ക് പ്രത്യേക ആന്ധ്രാ സംസ്ഥാനം വേണമെന്ന ആവശ്യം ഉയർന്നുവരികയും 1952ൽ ഈ ആവശ്യമുന്നയിച്ച് പോട്ടി ശ്രീരാമലു നിരാഹാരസമരം ചെയ്ത് മരണം വരിക്കുകയും ചെയ്തു. തുടർന്നുണ്ടായ പ്രക്ഷോഭത്തിന്റെ ഫലമായി 1953 ഒക്ടോബർ 1 ന് ആന്ധ്രാ സംസ്ഥാനം നിലവിൽ വന്നു.
- ജസ്റ്റിസ് ഫസൽ അലിയുടെ നേതൃത്വത്തിൽ സർദാർ കെ.എം. പണിക്കർ, എച്ച്.എൻ. കുൻസ്രു എന്നിവരെ ഉൾപ്പെടുത്തി സംസ്ഥാന പുനഃസംഘടന കമ്മീഷനെ (State Reorganisation Commission) 1953ൽ കേന്ദ്രസർക്കാർ നിയോഗിച്ചു.
- 1956 ൽ സംസ്ഥാന പുനഃസംഘടന ബിൽ പാർലമെന്റ് പാസാക്കിയതിന്റെ അടിസ്ഥാനത്തിൽ 1956 നവംബർ ഒന്നിന് 14 ഭാഷാസംസ്ഥാനങ്ങളും ആറ് കേന്ദ്രഭരണ പ്രദേശങ്ങളും രൂപീകൃതമായി.


ജസ്റ്റിസ് ഫസൽ അലി


സർദാർ കെ.എം. പണിക്കർ


എച്ച്.എൻ. കുൻസ്രു

1956ൽ രൂപീകരിക്കപ്പെട്ട സംസ്ഥാനങ്ങൾ ഏതെല്ലാമാണ്? ഓരോ സംസ്ഥാനത്തിന്റെയും ഭാഷകൾ കണ്ടെത്തി പട്ടികപ്പെടുത്തുക.

## ഇന്ത്യൻ സമ്പദ്ഘടന ശക്തിപ്പെടുത്തൽ

'നാം രാഷ്ട്രീയമായി സ്വതന്ത്രരായിരിക്കാം, എന്നാൽ, നമ്മുടെ സ്വാതന്ത്ര്യത്തിനായുള്ള പോരാട്ടം ആ പദത്തിന്റെ ഏത് ശരിയായ പൊരുൾ പ്രകാരവും അവസാനിച്ചിട്ടില്ല. അതിന്റെ സാമ്പത്തിക വിവക്ഷ പൂർത്തീകരിക്കപ്പെട്ടിട്ടില്ല...'

(1949ൽ ജവഹർലാൽ നെഹ്റു മുഖ്യമന്ത്രിമാർക്കെഴുതിയ പ്രത്യേക കത്ത്)
Aditya Mukherjee, *Nehru's India*

ബ്രിട്ടീഷ് ഭരണത്തിന്റെ ഫലമായി തകർന്ന ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയെ പുനരുദ്ധരിക്കേണ്ടതിന്റെ ആവശ്യകതയാണ് ഈ കത്തിൽ സൂചിപ്പിക്കുന്നത്.

1947ൽ നമുക്ക് സ്വാതന്ത്ര്യം ലഭിച്ചുവെങ്കിലും ഇന്ത്യയ്ക്ക് പരിഹരിക്കപ്പെടേണ്ടിയിരുന്ന നിരവധി സാമ്പത്തിക പ്രശ്നങ്ങൾ ഉണ്ടായിരുന്നു. അവ എങ്ങനെയാണ് തരണം ചെയ്തതെന്ന് നോക്കാം. സോവിയറ്റ് യൂണിയന്റെ സാമ്പത്തികാസൂത്രണ മാതൃകയിൽ ഇന്ത്യയിൽ ആസൂത്രണകമ്മീഷൻ രൂപീകരിക്കാൻ നെഹ്റു മുൻകൈയെടുത്തു. തൽഫലമായി സ്വാതന്ത്ര്യാനന്തര ഇന്ത്യ പൊതുമേഖലയ്ക്ക് പ്രാധാന്യം നൽകുന്ന ഒരു മിശ്രസമ്പദ്‌വ്യവസ്ഥയാണ് പിന്തുടർന്നത്.

### ഇന്ത്യൻ ആസൂത്രണത്തിന്റെ നാൾവഴികൾ

- 1938 ൽ നിയോഗിച്ച ദേശീയ ആസൂത്രണ കമ്മിറ്റി (National Planning Committee)
- 1944 ൽ തയ്യാറാക്കിയ ബോംബെ പ്ലാൻ
- ഇന്ത്യയുടെ ഭാവി സമ്പദ്‌വ്യവസ്ഥയെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ മുന്നോട്ടുവച്ച എം.എൻ. റോയിയുടെ ജനകീയ പദ്ധതി.
- ഗാന്ധിയൻ ആശയങ്ങളിൽ അധിഷ്ഠിതമായ ജെ.സി. കുമരപ്പയുടെ പദ്ധതി
- നെഹ്റു അധ്യക്ഷനായി 1950 മാർച്ച് 15ന് നിയമിച്ച ദേശീയ ആസൂത്രണ കമ്മീഷൻ (National Planning Commission)
- 1951 മുതൽ ആരംഭിച്ച പഞ്ചവത്സര പദ്ധതികൾ
- 2015ൽ നിലവിൽ വന്ന നീതി ആയോഗ്

സ്വതന്ത്ര ഇന്ത്യയുടെ പ്രധാനപ്രശ്നങ്ങൾ ഭക്ഷ്യദൗർലഭ്യവും ദാരിദ്ര്യവുമായിരുന്നു. ഇതിനെ മറികടക്കുന്നതിനായാണ് ഒന്നാം പഞ്ചവത്സര പദ്ധതി കാർഷികവികസനത്തിന് ഊന്നൽ നൽകിയത്. കാർഷിക-വ്യാവസായിക മേഖലകളുടെ അഭിവൃദ്ധിക്കായി ജലസേചന സൗകര്യവും ഊർജോൽപാദനവും ആവശ്യമായിരുന്നു. അതിനായി രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ അണക്കെട്ടുകൾ നിർമ്മിക്കാൻ ശ്രമമാരംഭിച്ചു. സത്‌ലജ് നദിയിലെ ഭക്രാനംഗൽ, ദാമോദർ നദീതടപദ്ധതി, മഹാനദിയിലെ ഹിരാക്കുഡ് എന്നിവ ഇക്കാലത്ത് നിർമ്മിച്ച പ്രധാന നദീതട പദ്ധതികളാണ്.

'അണക്കെട്ടുകൾ - ആധുനിക ഇന്ത്യയുടെ ക്ഷേത്രങ്ങൾ'
(ജവഹർലാൽ നെഹ്റു)



**ഇന്ത്യൻ പ്രധാനമന്ത്രിയായിരുന്ന ജവഹർലാൽ നെഹ്റു 1959ൽ ദാമോദർ നദിയിലെ പാഞ്ചേത്ത് അണക്കെട്ട് (ഇന്നത്തെ ഝാർഖണ്ഡ്) സാന്താൾ ഗോത്രവർഗക്കാരിയായ ബുധിനി മെജ്ഹാനെക്കൊണ്ട് ഉദ്ഘാടനം ചെയ്യിക്കുന്നു.**

സാമ്പത്തികവികസനം ഉറപ്പുവരുത്തുന്നതിനും തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുമായി രണ്ടാം പഞ്ചവത്സര പദ്ധതി ഊന്നൽ നൽകിയത് വ്യവസായ വികസനത്തിനായിരുന്നു. പൊതുമേഖലയെ ശക്തിപ്പെടുത്തിക്കൊണ്ടുള്ള രാജ്യപുരോഗതിയാണ് പഞ്ചവത്സര പദ്ധതികളിലൂടെ ഇന്ത്യ ലക്ഷ്യം വച്ചത്.

വിദേശരാജ്യങ്ങളുടെ സാമ്പത്തിക-സാങ്കേതിക സഹായത്തോടുകൂടി പൊതുമേഖലയിൽ ഇരുമ്പുരുക്ക് വ്യവസായശാലകൾ ആരംഭിച്ചു. അവയിൽ പ്രധാനപ്പെട്ടവ ചുവടെ ചേർക്കുന്നു.

| ഇരുമ്പുരുക്ക് വ്യവസായശാല | സ്ഥിതി ചെയ്യുന്ന സംസ്ഥാനം | സഹായം നൽകിയ രാജ്യം |
|---|---|---|
| • റൂർക്കേല ഇരുമ്പുരുക്ക് വ്യവസായശാല | • ഒഡീഷ | • ജർമ്മനി |
| • ഭിലായ് ഇരുമ്പുരുക്ക് വ്യവസായശാല | • ഛത്തീസ്ഗഢ് | • സോവിയറ്റ് യൂണിയൻ |
| • ദുർഗാപ്പൂർ ഇരുമ്പുരുക്ക് വ്യവസായശാല | • പശ്ചിമ ബംഗാൾ | • യുണൈറ്റഡ് കിങ്ഡം |
| • ബൊക്കാറൊ ഇരുമ്പുരുക്ക് വ്യവസായശാല | • ഝാർഖണ്ഡ് | • സോവിയറ്റ് യൂണിയൻ |

തുടർന്നുള്ള പദ്ധതികളിൽ ദാരിദ്ര്യനിർമ്മാർജനം, ഭക്ഷ്യസ്വയംപര്യാപ്തത, വിദ്യാഭ്യാസം, ഊർജോൽപാദനം എന്നീ മേഖലകൾക്കാണ് ഊന്നൽ നൽകിയത്. ഭൂപരിഷ്കരണം, കൃഷി, ബാങ്കിങ് എന്നീ രംഗങ്ങളിലും സ്വതന്ത്ര ഇന്ത്യയിൽ ശ്രദ്ധേയമായ മാറ്റങ്ങൾ ഉണ്ടായി.

പഞ്ചവത്സര പദ്ധതികളിലൂടെ സ്വതന്ത്ര ഇന്ത്യയുടെ സമ്പദ്ഘടന ഭദ്രമാക്കാൻ കഴിഞ്ഞോ? ക്ലാസിൽ ഒരു പാനൽചർച്ച സംഘടിപ്പിക്കൂ.

## ഭൂപരിഷ്കരണം (Land Reforms)

സ്വതന്ത്ര ഇന്ത്യയിൽ കാർഷികരംഗത്ത് ശ്രദ്ധേയമായ മാറ്റങ്ങൾക്ക് തുടക്കം കുറിച്ച നടപടിയായിരുന്നു ഭൂപരിഷ്കരണം. വ്യക്തികൾക്ക് കൈവശം വയ്ക്കാവുന്ന ഭൂമിയുടെ പരിധി നിശ്ചയിക്കുക എന്നതായിരുന്നു ഇതിലൂടെ ലക്ഷ്യമിട്ടത്. സ്വാതന്ത്ര്യത്തിന് മുമ്പ് തന്നെ ഇന്ത്യയിൽ ഭൂപരിഷ്കരണം എന്ന ആശയം രൂപപ്പെട്ടിരുന്നു. നെഹ്റുവിന്റെ അധ്യക്ഷതയിൽ കൂടിയ ഒരു കമ്മിറ്റിയുടെ ശിപാർശ പ്രകാരം സാമ്പത്തികവികസനം ലക്ഷ്യമാക്കി ജെ.സി. കുമരപ്പയുടെ നേതൃത്വത്തിൽ ഒരു കാർഷിക പരിഷ്കരണ കമ്മിറ്റിയെ (Agrarian Reforms Committee) നിയോഗിച്ചു. കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഭൂവുടമകൾക്ക് കൈവശം വയ്ക്കാവുന്ന ഭൂമിയുടെ പരിധി നിശ്ചയിച്ച് മിച്ചഭൂമി പിടിച്ചെടുത്ത് ഭൂരഹിതരായ കർഷകർക്ക് വിതരണം

### ഭൂദാന പ്രസ്ഥാനം (Bhoodan Movement)


വിനോബാ ഭാവെ

നിയമനിർമ്മാണത്തിലൂടെയല്ലാതെ ഭൂപരിഷ്കരണം നടപ്പിലാക്കുന്നതിനായി വിനോബാ ഭാവെയുടെ നേതൃത്വത്തിൽ ആരംഭിച്ചതാണ് ഭൂദാന പ്രസ്ഥാനം. വിനോബാ ഭാവെയും അനുയായികളും ഗ്രാമങ്ങൾ തോറും പദയാത്രകൾ നടത്തി. വൻകിട ഭൂവുടമകളെ അവരുടെ കൈവശമുള്ള ഭൂമിയുടെ ആറിൽ ഒന്ന് ഭൂദാനമായി നൽകുന്നതിന് പ്രേരിപ്പിക്കുകയും അങ്ങനെ ലഭിച്ച ഭൂമി ഭൂരഹിതർക്ക് വിതരണം ചെയ്യുകയും ചെയ്തു. ഭൂപരിഷ്കരണ നിയമങ്ങൾ നിലവിൽ വന്നതോടെ ഭൂദാനപ്രസ്ഥാനത്തിന്റെ പ്രസക്തി കുറഞ്ഞു.

ചെയ്യുന്നതിനുള്ള നിയമം നടപ്പിലാക്കി. ഇത് ഒരുപരിധിവരെ ദാരിദ്ര്യ നിർമ്മാർജനത്തിനും ഭക്ഷ്യോൽപാദനം വർധിപ്പിക്കുന്നതിനും സഹായകമായി

## ഭക്ഷ്യോൽപാദനം - വിപ്ലവങ്ങളിലൂടെ


ഡോ. എം.എസ്. സ്വാമിനാഥൻ

ഭക്ഷ്യോൽപാദനമേഖലയിൽ സ്വയംപര്യാപ്തത കൈവരിക്കാൻ 1960 മുതൽ ഇന്ത്യ നടപ്പാക്കിയ പദ്ധതികൾ ഈ മേഖലയിൽ വലിയ മാറ്റങ്ങൾ സൃഷ്ടിച്ചതിനാൽ അവയെ വിപ്ലവങ്ങൾ എന്നുവിളിക്കുന്നു. രാഷ്ട്രനേതാക്കളുടെയും ശാസ്ത്രജ്ഞരുടെയും കൂട്ടായപരിശ്രമമാണ് ഭക്ഷ്യസ്വയംപര്യാപ്തത നേടുവാൻ ഇന്ത്യയെ സഹായിച്ചത്. കാർഷികമേഖലയുടെ പുരോഗതിയും ഭക്ഷ്യോൽപാദനരംഗത്തെ സ്വയം പര്യാപ്തതയും ലക്ഷ്യമാക്കിയാണ് ഹരിതവിപ്ലവം (Green Revolution) ആരംഭിച്ചത്. അത്യുൽപാദനശേഷിയുള്ള വിത്തിനങ്ങൾ, ജലസേചന സൗകര്യങ്ങൾ, രാസവളം, കീടനാശിനികൾ, അത്യാധുനിക യന്ത്രങ്ങൾ എന്നിവ ഉപയോഗപ്പെടുത്തി ചുരുങ്ങിയ കാലം കൊണ്ട് കാർഷിക മേഖലയിൽ കൈവരിച്ച മാറ്റങ്ങൾ ഹരിതവിപ്ലവം എന്നറിയപ്പെടുന്നു. 1960 മുതൽ 1970 വരെയും 1970 മുതൽ 1980 വരെയുമായി രണ്ട് ഘട്ടങ്ങളിലായാണ് ഹരിതവിപ്ലവം നടന്നത്. ഡോ. എം.എസ്. സ്വാമിനാഥൻ ഇന്ത്യയിലെ ഹരിതവിപ്ലവത്തിന്റെ പിതാവായി അറിയപ്പെടുന്നു.

### ധവളവിപ്ലവം


ഡോ. വർഗീസ് കുര്യൻ

മലയാളിയായ ഡോ. വർഗീസ് കുര്യന്റെ നേതൃത്വത്തിൽ ഇന്ത്യയിൽ പാൽ ഉൽപാദനത്തിൽ സമൂലമായ മാറ്റങ്ങൾക്ക് ധവളവിപ്ലവത്തിലൂടെ തുടക്കം കുറിച്ചു. ഇതിന്റെ ഭാഗമായി ഗുജറാത്തിലെ ആനന്ദ് എന്ന നഗരത്തിൽ ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് മിൽക്ക് പ്രൊഡ്യൂസേഴ്സ് യൂണിയൻ ലിമിറ്റഡ് എന്ന പേരിൽ ഒരു ക്ഷീരോൽപാദക സംഘത്തിന്റെ പ്രവർത്തനമാരംഭിക്കുകയും ക്രമേണ ഇത് "അമൂൽ" (Anand Milk Union Limited) എന്ന പ്രശസ്തമായ ക്ഷീരോൽപാദന സംഘമായി മാറുകയും ചെയ്തു.

ഹരിതവിപ്ലവത്തെ തുടർന്ന് പാലിന്റെയും പാലുൽപന്നങ്ങളുടെയും വർധനവ് ലക്ഷ്യമിട്ട് നടപ്പിലാക്കിയ ധവളവിപ്ലവവും (White Revolution) മത്സ്യ ഉൽപാദനമേഖലയുടെ പുരോഗതി ലക്ഷ്യമാക്കിയുള്ള നീല വിപ്ലവവും (Blue Revolution) ഇന്ത്യയിൽ വിജയകരമായി നടപ്പിലാക്കി. ഇതിലൂടെ രാജ്യത്ത് നിരവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും രാജ്യത്തിന്റെ സാമ്പത്തിക വളർച്ച ഉറപ്പാക്കാനും സാധിച്ചു.

കാർഷികമേഖലയിലുണ്ടായ വിപ്ലവങ്ങൾ ഭക്ഷ്യോൽപാദനം വർധിപ്പിക്കാൻ സഹായകമായതെങ്ങനെ?

## ബാങ്കുകളുടെ ദേശസാൽക്കരണം (Nationalisation of Banks)

സ്വതന്ത്ര ഇന്ത്യയിലെ ബാങ്കുകൾ വൻകിട വ്യവസായികളുടെയും സമ്പന്നരായ വ്യക്തികളുടെയും ഉടമസ്ഥതയിലായിരുന്നു. ബാങ്കുകൾ സമ്പന്നർക്ക് മുൻഗണന നൽകിയതിനാൽ കർഷകർക്കും സാധാരണക്കാർക്കും വായ്പയും മറ്റ്

ബാങ്കുസേവനങ്ങളും ലഭിക്കാതെ വന്നു. തുടർന്ന് 1969ൽ ഇന്ദിരാഗാന്ധിയുടെ നേതൃത്വത്തിലുള്ള ഇന്ത്യാഗവൺമെന്റ് പതിനാല് പ്രധാന ബാങ്കുകളുടെ ഉടമസ്ഥത ഏറ്റെടുത്തു. ഇത് ബാങ്ക് ദേശസാൽക്കരണം എന്നറിയപ്പെടുന്നു. പിൽക്കാലത്ത് ആറ് ബാങ്കുകൾ കൂടി സർക്കാർ ഏറ്റെടുത്തു.

സ്വാതന്ത്ര്യാനന്തരം ആസൂത്രണത്തിലധിഷ്ഠിതമായ ഒരു സാമ്പത്തികനയ മാണ് ഇന്ത്യ പിന്തുടർന്നത് എന്ന് നാം കണ്ടല്ലോ. പൊതുമേഖലയെ ശക്തിപ്പെടു ത്തുന്നതിന് ഈ നയങ്ങൾ സഹായകമായി. എന്നാൽ 1990 കളിൽ രാജ്യ ത്തിന്റെ സാമ്പത്തികനയത്തിൽ പ്രകടമായ മാറ്റങ്ങളുണ്ടായി. തുടർന്ന് ഉദാര വൽക്കരണം, സ്വകാര്യവൽക്കരണം, ആഗോളവൽക്കരണം എന്നീ സാമ്പത്തിക നയങ്ങൾക്ക് മുൻതൂക്കം ലഭിച്ചു. തൽഫലമായി പൊതുമേഖലയിലെ പല സംരംഭങ്ങളും സ്വകാര്യവൽക്കരിക്കപ്പെട്ടു.

സ്വാതന്ത്ര്യാനന്തരം ഇന്ത്യയിൽ നടപ്പിലാക്കി വരുന്ന സാമ്പത്തിക പരിഷ്കാരങ്ങളുടെ ഗുണദോഷങ്ങൾ സംബന്ധിച്ച് ക്ലാസിൽ ഒരു സംവാദം സംഘടിപ്പിക്കുക.

## വിദ്യാഭ്യാസം

ഇന്ത്യയിൽ ആധുനിക വിദ്യാഭ്യാസത്തിന് അടിത്തറ പാകിയത് ബ്രിട്ടീഷ് ഭരണകാലത്തായിരുന്നുവെന്ന് നിങ്ങൾ മുമ്പ് പഠിച്ചിട്ടുണ്ടല്ലോ. സ്വാതന്ത്ര്യത്തി നുശേഷം ഇന്ത്യൻ വിദ്യാഭ്യാസത്തെക്കുറിച്ച് പഠിക്കുന്നതിനും ശിപാർശകൾ സമർപ്പിക്കുന്നതിനുമായി ഗവൺമെന്റ് പല ഘട്ടങ്ങളിലായി വിവിധ കമ്മീഷ നുകളെ നിയമിച്ചു.

സ്വതന്ത്ര ഇന്ത്യയിലെ പ്രധാന വിദ്യാഭ്യാസ കമ്മീഷനുകളും അവ ഊന്നൽ നൽകിയ പ്രധാനമേഖലകളും ചുവടെ ചേർക്കുന്നു.

| വിദ്യാഭ്യാസ കമ്മീഷൻ/ വിദ്യാഭ്യാസ നയം | വർഷം | ഊന്നൽ മേഖല |
|---|---|---|
| ഡോ. രാധാകൃഷ്ണൻ കമ്മീഷൻ | 1948 | സർവകലാശാല വിദ്യാഭ്യാസം |
| ഡോ. ലക്ഷ്മണ സ്വാമി മുതലിയാർ കമ്മീഷൻ | 1952 | സെക്കന്ററി വിദ്യാഭ്യാസം |
| ഡോ. ഡി.എസ്. കോത്താരി കമ്മീഷൻ | 1964 | വിദ്യാഭ്യാസത്തിന്റെ ദേശീയ ഘടന |
| ദേശീയ വിദ്യാഭ്യാസ നയം | 1986 | പ്രാഥമിക വിദ്യാഭ്യാസം, തൊഴിലധിഷ്ഠിത വിദ്യാഭ്യാസം |
| ദേശീയ വിദ്യാഭ്യാസ നയം | 2020 | പ്രീ-പ്രൈമറി മുതൽ ഹയർസെക്കന്ററി വരെയുള്ള വിദ്യാഭ്യാസം, ഉന്നതവിദ്യാഭ്യാസം |

'സ്വതന്ത്ര ഇന്ത്യയുടെ വിദ്യാഭ്യാസ പുരോഗതി' എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസിൽ ഒരു സെമിനാർ സംഘടിപ്പിക്കുക.

## അറിവിന്റെ വിപ്ലവം : ശാസ്ത്രസാങ്കേതികവിദ്യയിലൂടെ

*"ശാസ്ത്രത്തെ പുരോഗമിക്കാൻ അനുവദിക്കുന്ന പക്ഷം അതിന്റെ പുരോഗതിക്ക് ദൃശ്യമായ സീമയൊന്നുമില്ല."*

*(ജവഹർലാൽ നെഹ്റു, ഇന്ത്യയെ കണ്ടെത്തൽ)*



ഹോമി ജെ ഭാഭ



മേഘ്നാഥ് സാഹ

ഇന്ത്യയുടെ ഭാവി നിർണ്ണയിക്കുന്നതിന്റെ അവിഭാജ്യഘടകമാണ് ശാസ്ത്ര വികസനം എന്ന് തിരിച്ചറിഞ്ഞ ജവഹർലാൽ നെഹ്റുവിന്റെ വാക്കുകളാണ് മുകളിൽ നിങ്ങൾ വായിച്ചത്. ഇന്ത്യയിൽ ശാസ്ത്രസാങ്കേതികവിദ്യയുടെ വികസനത്തിന് അദ്ദേഹം പ്രോത്സാഹനം നൽകി. ഇതോടൊപ്പം ശാസ്ത്രീയ മനോഭാവ (Scientific Temper) ത്തിലധിഷ്ഠിതമായ സമൂഹസൃഷ്ടി തന്റെ ദൗത്യമായി അദ്ദേഹം കരുതി. ഇതിനായി ഹോമി ജെ ഭാഭ, മേഘ്നാഥ് സാഹ തുടങ്ങിയ ശാസ്ത്രോപദേഷ്ടാക്കളുടെ സേവനം അദ്ദേഹത്തിന് ലഭ്യമായിരുന്നു.

സ്വതന്ത്ര ഇന്ത്യയിൽ അറിവിന്റെ വിപ്ലവം സൃഷ്ടിക്കാനുതകുന്ന തരത്തിലുള്ള നിരവധി സ്ഥാപനങ്ങൾക്ക് ഈ കാലഘട്ടത്തിൽ അടിത്തറയിട്ടു. അവയിൽ പ്രധാനപ്പെട്ടവ ചുവടെ ചേർക്കുന്നു.

- ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (IIT)
- നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജി (NIV)
- ഭാഭാ അറ്റോമിക് റിസർച്ച് സെന്റർ (BARC)
- ആൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് (AIIMS)
- ഡിഫൻസ് റിസർച്ച് ആന്റ് ഡെവലപ്മെന്റ് ഓർഗനൈസേഷൻ (DRDO)
- ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് (IIM)

### ബുദ്ധൻ ചിരിക്കുന്നു (Smiling Buddha)

ഭാഭാ അറ്റോമിക് റിസർച്ച് സെന്ററാണ് ഇന്ത്യയിൽ ആണവ പരീക്ഷണങ്ങൾക്ക് നേതൃത്വം നൽകുന്നത്. 1974 മേയ് 18ന് രാജസ്ഥാനിലെ പൊഖ്റാനിലാണ് ഇന്ത്യ ആദ്യത്തെ ആണവ പരീക്ഷണം നടത്തിയത്. ഈ പരീക്ഷണം 'ബുദ്ധൻ ചിരിക്കുന്നു' എന്ന പേരിൽ അറിയപ്പെടുന്നു. ആ വർഷത്തെ ബുദ്ധപൂർണ്ണിമ ദിനത്തിൽ പരീക്ഷണം നടത്തിയതിനാലാണ് ഇതിന് ഈ പേര് ലഭിച്ചത്. 1998ൽ പൊഖ്റാനിൽ നടത്തിയ രണ്ടാമത്തെ ആണവപരീക്ഷണമാണ് ഓപ്പറേഷൻ ശക്തി.

ഇന്ത്യയിൽ ശാസ്ത്രസാങ്കേതിക മേഖലയിൽ പ്രവർത്തിക്കുന്ന പ്രധാന സ്ഥാപനങ്ങളുടെ ചിത്രങ്ങളും അവയെക്കുറിച്ചുള്ള വിവരണങ്ങളും ഉൾപ്പെടുത്തി ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുക.

## ബഹിരാകാശ ഗവേഷണം

ബഹിരാകാശ ഗവേഷണരംഗത്ത് മുന്നേറിക്കൊണ്ടിരിക്കുന്ന രാജ്യമാണ് ഇന്ത്യ. രാഷ്ട്രവികസനത്തിന് ബഹിരാകാശ സാങ്കേതികവിദ്യ ഉപയോഗിക്കാമെന്നുള്ള കാഴ്ചപ്പാടാണ് ഇന്ത്യൻ ബഹിരാകാശ ഗവേഷണത്തിന്റെ അടിസ്ഥാനം. ഹോമി ജെ.ഭാഭ, വിക്രം സാരാഭായി എന്നിവർ ബഹിരാകാശ ഗവേഷണ രംഗത്ത് സ്തുത്യർഹമായ സേവനം നൽകിയ പ്രധാന ഇന്ത്യൻ ശാസ്ത്രജ്ഞരാണ്.



വിക്രം സാരാഭായി

ബഹിരാകാശ പര്യവേക്ഷണം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങൾ നമ്മുടെ രാജ്യത്ത് പ്രവർത്തിച്ചുവരുന്നു. ഇതിൽ പ്രധാനപ്പെട്ട ഒരു സ്ഥാപനമാണ് 1969 ൽ ബംഗളൂരു കേന്ദ്രമായി സ്ഥാപിതമായ ഇന്ത്യൻ സ്പേസ് റിസർച്ച് ഓർഗനൈസേഷൻ (ISRO). ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ സ്പേസ് സെന്റർ, ഹൈദരാബാദ് കേന്ദ്രമാക്കി പ്രവർത്തിക്കുന്ന നാഷണൽ റിമോട്ട് സെൻസിംഗ് സെന്റർ (NRSC), തിരുവനന്തപുരത്തുള്ള വിക്രം സാരാഭായി സ്പേസ് സെന്റർ (VSSC) തുടങ്ങിയവ ഇന്ത്യൻ ബഹിരാകാശ ഗവേഷണ വകുപ്പ് നിയന്ത്രിക്കുന്ന മറ്റ് പ്രധാന സ്ഥാപനങ്ങളാണ്.



സതീഷ് ധവാൻ സ്പേസ് സെന്റർ

ബഹിരാകാശ പര്യവേക്ഷണദൗത്യങ്ങളിൽ ഇന്ത്യയെ ലോകത്തിന്റെ നെറുകയിൽ എത്തിച്ച അഭിമാനകരമായ നേട്ടങ്ങളിൽ പ്രധാനപ്പെട്ടവ ചുവടെ ചേർക്കുന്നു.

- 1975 ഏപ്രിൽ 19ലെ ഇന്ത്യയുടെ ആദ്യത്തെ കൃത്രിമോപഗ്രഹമായ ആര്യഭട്ട വിക്ഷേപണ ദൗത്യം
- ചാന്ദ്രയാൻ I, ചാന്ദ്രയാൻ II, ചാന്ദ്രയാൻ III എന്നീ ചാന്ദ്രപര്യവേക്ഷണ ദൗത്യങ്ങൾ
- 2013ലെ മംഗൾയാൻ ദൗത്യം
- സൗരഗവേഷണ ദൗത്യം, ബഹിരാകാശ കാലാവസ്ഥാപഠനം എന്നിവ ലക്ഷ്യമാക്കിയുള്ള ആദിത്യ എൽ 1 വിക്ഷേപണ ദൗത്യം

ഇവ കൂടാതെ മനുഷ്യരെ ബഹിരാകാശത്തെത്തിക്കുന്നതിനായുള്ള ഗഗൻയാൻ ദൗത്യം വിജയകരമായി പൂർത്തീകരിക്കുന്നതിനുള്ള പരിശ്രമത്തിലാണ് ഇന്ത്യയിപ്പോൾ.

### ദേശീയ ബഹിരാകാശ ദിനം



ചന്ദ്രോപരിതലത്തിൽ ചാന്ദ്രയാൻ IIIന്റെ പര്യവേക്ഷണം വിജയകരമായി പൂർത്തീകരിച്ചതിന്റെ സ്മരണയ്ക്കായി ഇന്ത്യയിൽ എല്ലാവർഷവും ആഗസ്റ്റ് 23ന് ദേശീയ ബഹിരാകാശ ദിനമായി ആചരിച്ചുവരുന്നു.

### 'മിസൈൽ മാൻ ഓഫ് ഇന്ത്യ'



ഡോ. എ.പി.ജെ. അബ്ദുൾ കലാം

ഇന്ത്യയുടെ രാഷ്ട്രപതിയായിരുന്ന ഡോ. എ.പി.ജെ. അബ്ദുൾ കലാം ഒരു മിസൈൽ സാങ്കേതികവിദ്യാവിദഗ്ധനും ശാസ്ത്രഗവേഷകനുമായിരുന്നു. പ്രതിരോധ ഗവേഷണ വികസനസംഘടന (DRDO), ഇന്ത്യൻ സ്പേസ് റിസർച്ച് ഓർഗനൈസേഷൻ (ISRO) എന്നീ സ്ഥാപനങ്ങളിൽ അദ്ദേഹം ഉന്നത സ്ഥാനങ്ങൾ വഹിച്ചിരുന്നു. മിസൈൽ സാങ്കേതികവിദ്യയിലുള്ള സംഭാവനകൾ കണക്കിലെടുത്ത് അദ്ദേഹത്തെ 'മിസൈൽ മാൻ ഓഫ് ഇന്ത്യ' എന്ന് വിശേഷിപ്പിക്കുന്നു.

ബഹിരാകാശ ഗവേഷണ രംഗത്തെ നൂതന സാധ്യതകളെക്കുറിച്ച് മനസ്സിലാക്കുന്നതിനായി ബഹിരാകാശ ശാസ്ത്രജ്ഞരുമായി അഭിമുഖം നടത്തുന്നതിന് ആവശ്യമായ ചോദ്യാവലി തയ്യാറാക്കുക.

## ഇന്ത്യയുടെ വിദേശനയം



ലോക സമാധാനം ലക്ഷ്യമാക്കി രൂപീകരിക്കപ്പെട്ട ചേരിചേരാ പ്രസ്ഥാനത്തിന്റെ സ്ഥാപകരാണ് മുകളിൽ നൽകിയിട്ടുള്ള ചിത്രത്തിൽ കാണുന്നത്. ഇവർ ആരൊക്കെയാണെന്ന് തിരിച്ചറിയാൻ ശ്രമിക്കൂ.

ഇന്ത്യൻ വിദേശനയത്തിന്റെ മുഖ്യശില്പിയായ ജവഹർലാൽ നെഹ്റു നമ്മുടെ ദേശീയ താൽപര്യങ്ങൾ സംരക്ഷിക്കുന്ന തരത്തിലുള്ള ഒരു വിദേശനയത്തിനാണ് രൂപം നൽകിയത്. ഇന്ത്യയുടെ വിദേശനയത്തിന്റെ അടിസ്ഥാന തത്വങ്ങൾ നമുക്ക് പരിചയപ്പെടാം.

- സമാധാനപരമായ സഹവർത്തിത്വം
- കൊളോണിയലിസത്തിനും വർണ്ണവിവേചനത്തിനും എതിരായി നിലകൊള്ളുക
- ദേശീയസുരക്ഷയും പരമാധികാരവും സംരക്ഷിക്കുക
- ചേരിചേരാനയം
- പഞ്ചശീലതത്വങ്ങൾ

## പഞ്ചശീലതത്വങ്ങൾ

ഇന്ത്യയുടെ വിദേശനയത്തിന്റെ അടിസ്ഥാനത്തിൽ രൂപപ്പെട്ടതാണ് പഞ്ചശീലതത്വങ്ങൾ. 1954 ൽ ഇന്ത്യയുടെ പ്രധാനമന്ത്രിയായിരുന്ന ജവഹർലാൽ

നെഹ്റുവും ചൈനീസ് പ്രധാനമന്ത്രിയായിരുന്ന ചൗ എൻ ലായും ഒപ്പുവച്ച പഞ്ചശീലതത്വങ്ങളിൽ താഴെ പറയുന്ന കാര്യങ്ങൾ ഉൾക്കൊള്ളുന്നു.

- രാജ്യങ്ങളുടെ അതിർത്തിയും പരമാധികാരവും പരസ്പരം അംഗീകരിക്കുക
- പരസ്പരം ആക്രമിക്കാതിരിക്കുക
- ആഭ്യന്തരകാര്യങ്ങളിൽ പരസ്പരം ഇടപെടാതിരിക്കുക
- സമത്വവും പരസ്പരസഹായവും പുലർത്തുക
- സമാധാനപരമായ സഹവർത്തിത്വം പാലിക്കുക

## ചേരിചേരാ പ്രസ്ഥാനം (Non Aligned Movement)

രണ്ടാം ലോക യുദ്ധത്തിനുശേഷം അമേരിക്കയും സോവിയറ്റ് യൂണിയനും രണ്ട് ആഗോള ശക്തികളായി മാറി. ഇവർ തമ്മിൽ ആരംഭിച്ച ശീതയുദ്ധം (Cold War) ലോകസമാധാനത്തിനുതന്നെ ഭീഷണിയായി. ഇരു ശാക്തിക ചേരികളിലും ചേരാതെ സ്വതന്ത്രമായി നിൽക്കുന്നതിനും രാജ്യതാൽപര്യങ്ങൾ സംരക്ഷിക്കുന്നതിനുമായി ഇന്ത്യയുടെ നേതൃത്വത്തിൽ രൂപപ്പെടുത്തിയ വിദേശനയത്തിന്റെ അടിസ്ഥാനത്തിൽ രൂപീകരിച്ചതാണ് ചേരിചേരാ പ്രസ്ഥാനം.



1983ൽ ന്യൂഡൽഹിയിൽ ചേർന്ന ഏഴാമത് ചേരിചേരാ ഉച്ചകോടിയിൽ പങ്കെടുക്കുന്ന അന്നത്തെ ഇന്ത്യൻ പ്രധാനമന്ത്രി ഇന്ദിരാ ഗാന്ധിയും ക്യൂബൻ പ്രസിഡന്റ് ഫിഡൽ കാസ്ട്രോയും അന്നത്തെ ഇന്ത്യൻ രാഷ്ട്രപതി ഗ്യാനി സെയിൽസിങിന്റെ കൂടെ

ലോകത്തിലെ എല്ലാ രാജ്യങ്ങളുമായും ആരോഗ്യകരമായ ബന്ധം പുലർത്താൻ ശ്രമിക്കുന്നതിനോടൊപ്പം ലോകരാഷ്ട്രങ്ങൾക്കിടയിൽ ഇന്ത്യയുടെ അന്തസ്സും താൽപര്യങ്ങളും ഉയർത്തിപ്പിടിക്കുന്നതിന് രാജ്യം പ്രത്യേകം ശ്രദ്ധിക്കുന്നു.

ചേരിചേരാ പ്രസ്ഥാനത്തിന്റെ പ്രധാന ശില്പികളുമായി ബന്ധപ്പെട്ട വിവരങ്ങൾ ശേഖരിച്ച് ഒരു പ്രൊഫൈൽ ആൽബം തയ്യാറാക്കുക.

കോളനി ഭരണത്തിന്റെ പ്രത്യാഘാതങ്ങളെയും വെല്ലുവിളികളെയും മറികടന്ന് ലോകത്തിലെ പ്രധാന ശക്തികളിലൊന്നായി വളരാൻ സ്വതന്ത്ര ഇന്ത്യയ്ക്ക് കഴിഞ്ഞിട്ടുണ്ട്. എങ്കിലും സാമൂഹിക സാമ്പത്തിക മേഖലകളിൽ നാം ഇനിയും ഏറെ ദൂരം മുന്നേറേണ്ടതായിട്ടുണ്ട്.

സ്വതന്ത്ര ഇന്ത്യ വിവിധമേഖലകളിൽ കൈവരിച്ച പുരോഗതിയെപ്പറ്റിയാണ് നമ്മൾ ചർച്ചചെയ്തത്. ഈ കാലയളവിൽ നമ്മുടെ സംസ്ഥാനമായ കേരളവും വേറിട്ട വഴികളിലൂടെ സഞ്ചരിച്ച് മാതൃകാപരമായ പ്രവർത്തനങ്ങളിലൂടെ ലോകശ്രദ്ധ നേടിയിട്ടുണ്ട്. അവ എന്തൊക്കെയാണെന്ന് നമുക്ക് പരിശോധിക്കാം.

## ലോകം ശ്രദ്ധിച്ച കേരളത്തിന്റെ വികസനാനുഭവങ്ങൾ

**പരിമിതമായ വിഭവങ്ങൾക്കുള്ളിൽ നിന്നുകൊണ്ട് എന്തുചെയ്യാമെന്ന് ഇന്ത്യയുടെ നയരൂപീകരണ വിദഗ്ധർ കേരളത്തിൽ നിന്ന് പഠിക്കേണ്ടിയിരിക്കുന്നു**

*Jean Drez and Amartya Sen, An uncertain glory: India and its contradictions (Quoted in Thirthankar Roy and Ravi Raman K; Kerala 1956 to the present India's Miracle State, 2024)*



(ഭൂപടം 7.3)

കേരളം-ഐക്യകേരള രൂപീകരണത്തിന് മുമ്പ്

പ്രമുഖ സാമ്പത്തിക ശാസ്ത്രജ്ഞനായ അമർത്യാസെൻ കേരളവികസന മാതൃകയെപ്പറ്റി നടത്തിയ നിരീക്ഷണമാണ് മുകളിൽ നിങ്ങൾ വായിച്ചത്. എന്തൊക്കെ കാര്യങ്ങളാണ് നിങ്ങൾക്ക് ഇതിൽ നിന്നും മനസ്സിലാക്കാൻ കഴിയുന്നത്?

- 
- 

തിരുവിതാംകൂർ, കൊച്ചി, മലബാർ എന്നിങ്ങനെ മൂന്ന് രാഷ്ട്രീയ ഭൂവിഭാഗങ്ങളായി വേറിട്ട് കിടന്നിരുന്ന പ്രദേശങ്ങളെയും ദക്ഷിണ കർണ്ണാടക ജില്ലയിലെ കാസർഗോഡ് താലൂക്കും കൂടി ഉൾപ്പെടുത്തിയാണ് 1956 നവംബർ 1ന് കേരള സംസ്ഥാനം ഔദ്യോഗികമായി നിലവിൽ വന്നത്. കേരള നിയമസഭയിലേക്കുള്ള ആദ്യത്തെ തിരഞ്ഞെടുപ്പ് 1957ലാണ് നടന്നത്. ഇ.എം.എസ്. നമ്പൂതിരിപ്പാട് കേരളത്തിന്റെ ആദ്യത്തെ മുഖ്യമന്ത്രിയായി ഗവൺമെന്റ് രൂപീകരിച്ചു.



ഇ.എം.എസ്. നമ്പൂതിരിപ്പാട്

ഐ.സി.ടി.യുടെ സഹായത്തോടുകൂടി കേരള സംസ്ഥാന രൂപീകരണവുമായി ബന്ധപ്പെട്ട് കൂടുതൽ വിവരങ്ങൾ ഉൾപ്പെടുത്തി ഒരു ഡിജിറ്റൽ പ്രസന്റേഷൻ തയ്യാറാക്കുക.

കേരളത്തിൽ നിലനിന്നിരുന്ന സാമൂഹിക-സാമ്പത്തിക അവസ്ഥ പരിഗണിച്ചുകൊണ്ട് സർക്കാർ ദീർഘവീക്ഷണത്തോടുകൂടി ധാരാളം പരിഷ്കാരങ്ങൾ നടപ്പിലാക്കി. അതിൽ പ്രധാനപ്പെട്ടവ നമുക്ക് പരിശോധിക്കാം.

## ഭൂപരിഷ്കരണം കേരളത്തിൽ

മലയപ്പുലയനാ മാടത്തിൻമുറ്റത്തു
മഴ വന്ന നാളൊരു വാഴ നട്ടു.
മനതാരിലാശകൾപോലതിലോരോരോ
മരതകക്കൂമ്പു പൊടിച്ചുവന്നു.
**** **** ****
മലയൻ നടന്നു--നടക്കുന്നു മാടത്തി–
ലലയും മുറയും നിലവിളിയും!
അവശന്മാ,രാർത്തന്മാ,രാലംബഹീനന്മാ–
രവരുടെ സങ്കടമാരറിയാൻ?
പണമുള്ളോർ നിർമ്മിച്ച നീതിക്കിതിലൊന്നും
പറയുവാനില്ലേ? –ഞാൻ പിൻവലിച്ചു!

(ചങ്ങമ്പുഴ കൃഷ്ണപിള്ള - വാഴക്കുല)

ഭൂപരിഷ്കരണനടപടികൾ ആരംഭിക്കുന്നതിന് മുമ്പുള്ള കേരളത്തിലെ കർഷകരുടെ പൊതുസ്ഥിതിയാണ് മുകളിലെ കവിതാഭാഗം സൂചിപ്പിക്കുന്നത്. ഈ കവിതയിൽ നിന്ന് അക്കാലത്തെ സാമൂഹിക വ്യവസ്ഥിതിയെക്കുറിച്ച് എന്തൊക്കെ സൂചനകൾ ലഭിക്കുന്നുണ്ട്?

- 

ഇത്തരം സാമൂഹിക-സാമ്പത്തിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാണ് 1957ൽ നിലവിൽ വന്ന കേരള സർക്കാർ കാർഷിക ബന്ധനിയമം അവതരിപ്പിച്ചത്. തുടർന്ന് 1970 ജനുവരി 1ന് നിലവിൽ വന്ന കേരള ഭൂപരിഷ്കരണ ഭേദഗതി നിയമ പ്രകാരം കുടിയാന്മാർക്ക് കൃഷിഭൂമിയിൽ സ്ഥിരാവകാശം ലഭിച്ചു.

### ഭൂപരിധി

കേരള ഭൂപരിഷ്കരണനിയമം 82-ാം വകുപ്പ് പ്രകാരം ഒരു വ്യക്തിക്ക് പരമാവധി കൈവശം വയ്ക്കാവുന്ന ഭൂപരിധി 7.5 ഏക്കറും ഒരു കുടുംബത്തിന് 15 ഏക്കറുമാണ്. എന്നാൽ കുടുംബത്തിൽ അഞ്ച് അംഗങ്ങളിൽ കൂടുതൽ ഉണ്ടെങ്കിൽ ഇരുപത് ഏക്കർ വരെ കൈവശം വയ്ക്കാവുന്നതാണ്.

(Department of land revenue, Govt. of Kerala)

### കേരളത്തിലെ ഭൂപരിഷ്കരണനിയമങ്ങളുടെ പ്രധാന ഫലങ്ങൾ

- കൈവശ ഭൂമിയുടെ മേലുള്ള പരിധി നിർണ്ണയിക്കപ്പെട്ടു
- ജന്മിത്ത സമ്പ്രദായം നിർത്തലാക്കപ്പെട്ടു
- കൃഷിഭൂമിയിൽ കുടിയാന് സ്ഥിരാവകാശം ലഭിച്ചു
- കാർഷിക മേഖലയിൽ നിലനിന്നിരുന്ന ചൂഷണവും അസമത്വവും ഒരുപരിധി വരെ ഇല്ലാതാക്കാൻ കഴിഞ്ഞു

കേരളത്തിന്റെ സാമൂഹിക സാമ്പത്തിക മേഖലകളിൽ ദൂരവ്യാപകമായ മാറ്റങ്ങൾക്ക് വഴിയൊരുക്കിയ ഭൂപരിഷ്കരണനിയമത്തിന്റെ നാൾവഴികൾ ചിത്രീകരിക്കുന്ന ഫ്ലോചാർട്ട് തയ്യാറാക്കുക.

## അറിവിന്റെ വ്യാപനവും വിനിമയവും കേരളത്തിൽ




### *പാഠമില്ലെങ്കിൽ പാടത്തേയ്ക്കില്ല....*

*'ഞങ്ങളുടെ കുട്ടികൾക്ക് പഠിക്കാൻ സൗകര്യം നൽകിയില്ലെങ്കിൽ കാണായ പാടങ്ങളിലെല്ലാം മുട്ടിപ്പുല്ല് കുരുപ്പിക്കും.'*

മഹാത്മ അയ്യങ്കാളി

താഴ്ന്ന വിഭാഗത്തിൽ പെട്ടവരെന്ന് കണക്കാക്കിയിരുന്ന കുട്ടികളെ സ്കൂളിൽ പ്രവേശിപ്പിക്കുന്നതിനായി തിരുവല്ലയിലെ പുല്ലാട് സർക്കാർ സ്കൂളിൽ ഒരു വിദ്യാഭ്യാസസമരം നടന്നു. തങ്ങളുടെ കുട്ടികളെ അയിത്ത ജാതിക്കാരോടൊപ്പം ഇരുത്തില്ലെന്ന് സവർണ്ണ മേധാവികൾ പ്രഖ്യാപിച്ചതിനെ തുടർന്ന് സ്കൂൾ അനിശ്ചിതകാലത്തേക്ക് അടച്ചിട്ടു. ഇതിൽ പ്രതിഷേധിച്ച് വെള്ളിക്കര ചോതി, കുറുമ്പൻ ദൈവത്താൻ തുടങ്ങിയവരുടെ നേതൃത്വത്തിൽ വൻപ്രതിഷേധ സമരങ്ങൾ അരങ്ങേറുകയും തൽഫലമായി താഴ്ന്ന വിഭാഗത്തിൽ പെട്ടവരെന്ന് കണക്കാക്കിയിരുന്ന കുട്ടികളെ സ്കൂളിൽ പ്രവേശിപ്പിക്കുകയും ചെയ്തു.

സമൂഹത്തിലെ എല്ലാ വിഭാഗം കുട്ടികൾക്കും ഒന്നിച്ചിരുന്ന് വിദ്യ നേടാനുള്ള അവസരം നിഷേധിക്കപ്പെട്ടിരുന്ന ഒരു കാലഘട്ടം നമുക്ക് ഉണ്ടായിരുന്നുവെന്നാണ് മുകളിൽ നൽകിയിരിക്കുന്ന സംഭവം സൂചിപ്പിക്കുന്നത്. എന്നാൽ പിൽക്കാലത്ത് കേരളത്തിൽ വിദ്യാഭ്യാസം ജനകീയവും സാർവത്രികവുമായി മാറി. ഭൂപരിഷ്കരണം, സാമൂഹ്യപരിഷ്കരണ പ്രസ്ഥാനങ്ങൾ, മിഷണറിമാരുടെ ഇടപെടലുകൾ, ദേശീയ പ്രസ്ഥാനത്തിന്റെ വളർച്ച എന്നിവയാണ് ഇതിന് വഴിതെളിച്ച പ്രധാന ഘടകങ്ങൾ. ഇന്ന് നിലനിൽക്കുന്ന സാർവത്രികവും സൗജന്യവുമായ സ്കൂൾ വിദ്യാഭ്യാസത്തിന്റെ വ്യാപനത്തെ സ്വാധീനിച്ച മറ്റുചില ഘടകങ്ങൾ കൂടിയുണ്ട്. അവ ഏതൊക്കെയാണെന്ന് നോക്കാം.

- അച്ചടിയുടെ വ്യാപനം
- ഗ്രന്ഥശാല പ്രസ്ഥാനം
- സാക്ഷരത പ്രസ്ഥാനം
- അനൗപചാരിക വിദ്യാഭ്യാസ പ്രവർത്തനങ്ങൾ
- അധികാരവികേന്ദ്രീകരണം

### ഗ്രന്ഥശാല പ്രസ്ഥാനം


പി.എൻ. പണിക്കർ

കേരളത്തിലെ ഏറ്റവും വലിയ സംഘടിത സാംസ്കാരിക പ്രസ്ഥാനമാണ് കേരള ഗ്രന്ഥശാല പ്രസ്ഥാനം. 1829ൽ തിരുവിതാംകൂർ രാജാവായ സ്വാതിതിരുനാൾ തിരുവനന്തപുരത്ത് സ്ഥാപിച്ച പബ്ലിക് ലൈബ്രറിയാണ് തിരുവിതാംകൂറിലെ ആദ്യത്തെ ഗ്രന്ഥശാല. 1945ൽ പി.എൻ. പണിക്കരുടെ നേതൃത്വത്തിൽ തിരുവിതാംകൂറിലെ ഗ്രന്ഥശാലകളുടെ സമ്മേളനത്തിൽവച്ച് രൂപപ്പെട്ട കൂട്ടായ്മയാണ് ഗ്രന്ഥശാല പ്രസ്ഥാനത്തിന് തുടക്കം കുറിച്ചത്.

## കേരളത്തിന്റെ വിദ്യാഭ്യാസ നേട്ടങ്ങൾ

ഭൂപരിഷ്കരണത്തിലൂടെ കൃഷിഭൂമി കർഷകന് ലഭ്യമായതോടെയാണ് കേരളത്തിൽ വിദ്യാഭ്യാസം ശക്തിപ്പെട്ടത്. ഭൂപരിഷ്കരണ നിയമങ്ങൾ, 1958ലെ കേരള വിദ്യാഭ്യാസനിയമം തുടങ്ങിയവയിലൂടെ പ്രാഥമിക വിദ്യാഭ്യാസം സൗജന്യവും സാർവത്രികവുമാക്കുവാൻ കേരളത്തിന് കഴിഞ്ഞു. ജനകീയ സാക്ഷരതാപ്രവർത്തനങ്ങളുടെ ഫലമായി 1991 ഏപ്രിൽ 18ന് കേരളം ഇന്ത്യയിലെ ആദ്യത്തെ സമ്പൂർണ്ണ സാക്ഷരത നേടിയ സംസ്ഥാനമായി മാറി.

1994 ഏപ്രിൽ 23ന് കേരള പഞ്ചായത്തീരാജ് നിയമം നിലവിൽ വന്നതോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വിദ്യാഭ്യാസമേഖലയിൽ കൂടുതൽ അധികാരങ്ങൾ ലഭ്യമായി. ഇതോടെ ജനപങ്കാളിത്തത്തോടുകൂടി വിവിധ വിദ്യാഭ്യാസ പദ്ധതികൾ രൂപീകരിക്കാൻ തുടങ്ങി.

## കേരളവും ഉന്നതവിദ്യാഭ്യാസവും



കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസസ്, ഇന്നൊവേഷൻ ആൻഡ് ടെക്നോളജി, തിരുവനന്തപുരം

പ്രാഥമിക വിദ്യാഭ്യാസ മേഖലയിൽ നേടിയ പുരോഗതി ക്രമേണ കേരളത്തിലെ ഉന്നത വിദ്യാഭ്യാസമേഖലയിലേക്കും വ്യാപിച്ചു. സമൂഹത്തിന്റെ എല്ലാമേഖലകളിലും സമഗ്രമാറ്റത്തിന് നേതൃത്വം നൽകാൻ ശേഷിയുള്ള യുവതലമുറയെ വാർത്തെടുക്കുക എന്നതാണ് ഉന്നത വിദ്യാഭ്യാസത്തിന്റെ പൊതുവായ ലക്ഷ്യം. ശാസ്ത്ര-സാങ്കേതിക-മാനവിക വിഷയങ്ങളിൽ പ്രാവീണ്യം നേടുന്നതോടൊപ്പം ഗവേഷണവും നൂതനമായ കണ്ടെത്തലുകളും പരിപോഷിപ്പിക്കുക എന്ന ലക്ഷ്യം കൂടി മുൻനിർത്തിയാണ് കേരളത്തിൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നത്.

കേരള സംസ്ഥാന രൂപീകരണവേളയിൽ ഒരു സർവകലാശാല (കേരള സർവകലാശാല) മാത്രമാണ് കേരളത്തിൽ ഉണ്ടായിരുന്നത്. എന്നാൽ ഇന്ന് ശാസ്ത്ര-സാങ്കേതിക-കാർഷിക-ആരോഗ്യ മേഖലകൾക്ക് പ്രാധാന്യം നൽകിക്കൊണ്ട് വിവിധ സർവകലാശാലകൾ കേരളത്തിൽ പ്രവർത്തിച്ചുവരുന്നു. കൂടാതെ തൊഴിൽനൈപുണി വികസിപ്പിക്കുന്നതിന്റെ ഭാഗമായി പോളിടെക്നിക്കുകൾ, വ്യവസായ പരിശീലനസ്ഥാപനങ്ങൾ (ITI) തുടങ്ങിയവയും കേരളത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഇത്തരത്തിൽ കേരള സംസ്ഥാനം രൂപീകൃതമായതുമുതൽ സാർവത്രിക വിദ്യാഭ്യാസത്തിനുനൽകിയ പ്രാധാന്യവും ആ മേഖലയിൽ കൈവരിച്ച നേട്ടങ്ങളുമാണ് കേരളത്തെ വിദ്യാഭ്യാസ രംഗത്ത് മാതൃകാസംസ്ഥാനമായി വളർത്തിയ പ്രധാനഘടകം.

കേരളത്തിലെ ഉന്നത വിദ്യാഭ്യാസരംഗം മറ്റ് സംസ്ഥാനങ്ങളിലെ ഉന്നത വിദ്യാഭ്യാസ രംഗവുമായി താരതമ്യപ്പെടുത്തി കുറിപ്പ് തയ്യാറാക്കുക.

ചുവടെ നൽകിയിരിക്കുന്ന പട്ടിക വിശകലനം ചെയ്ത് ദേശീയസാക്ഷരത നിരക്കുമായി കേരളത്തിന്റെ സാക്ഷരത നിരക്ക് താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

**സാക്ഷരത നിരക്ക് (ശതമാനത്തിൽ)**

| വർഷം | ഇന്ത്യ | കേരളം |
|---|---|---|
| 1951 | 27 | 47 |
| 1961 | 24 | 55 |
| 1971 | 29 | 70 |
| 1981 | 36 | 79 |
| 1991 | 43 | 90 |
| 2001 | 55 | 91 |
| 2011 | 74 | 94 |
| 2021 | 78 | 94 |

*Source*: Census of India, various years; except for the year 2021, *Economic Review*, Government of Kerala *(Quoted in Thirthankar Roy and Ravi Raman K; Kerala 1956 to the present India's Miracle State, 2024)*

## ആരോഗ്യമേഖല




മുകളിൽ നൽകിയിരിക്കുന്ന വാർത്തകളിൽ നിന്ന് കേരളത്തിലെ ആരോഗ്യ മേഖലയെക്കുറിച്ച് എന്തെല്ലാം കാര്യങ്ങളാണ് നിങ്ങൾക്ക് കണ്ടെത്താൻ കഴിയുന്നത്?

- 
- 

വികസിതരാജ്യങ്ങളോട് കിടപിടിക്കത്തക്കവിധത്തിലുള്ള പൊതുജനാരോഗ്യ സംവിധാനമാണ് കേരളത്തിൽ നിലവിലുള്ളത്. കുറഞ്ഞ ചിലവിൽ പരിമിതമായ സാഹചര്യങ്ങളിൽ നിന്നുകൊണ്ടുതന്നെ ആരോഗ്യമേഖലയെ ലോക നിലവാരത്തിലേക്ക് എത്തിക്കുവാനും മികച്ച ആരോഗ്യപരിപാലനം ഉറപ്പാക്കാനും കേരളത്തിന് കഴിയുന്നുണ്ട്. ആരോഗ്യമേഖലയിൽ നാം കൈവരിച്ച ചില നേട്ടങ്ങളുടെ ഫലങ്ങൾ ചുവടെ ചേർക്കുന്നു.

- കുറഞ്ഞ ശിശുമരണനിരക്ക്
- കുറഞ്ഞ മാതൃമരണനിരക്ക്
- ഉയർന്ന ആയുർദൈർഘ്യം
- അതിവേഗം കുറയുന്ന ജനസംഖ്യ വളർച്ചാനിരക്ക്

നിങ്ങളുടെ പ്രദേശത്തെ പ്രാഥമികാരോഗ്യകേന്ദ്രം സന്ദർശിച്ച് ആരോഗ്യരംഗത്ത് സർക്കാർ നടപ്പിലാക്കി വരുന്ന പ്രധാന പ്രവർത്തനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കുക.

വിദ്യാഭ്യാസം, ആരോഗ്യം എന്നീ മേഖലകളിൽ കൈവരിച്ച നേട്ടങ്ങളിലൂടെയാണ് പ്രതിശീർഷവരുമാനം കുറവായിരുന്നിട്ടും മാനവ വികസന സൂചികയിൽ ആഗോള നിലവാരത്തിലേക്കുയരാൻ കേരളത്തിന് സാധിച്ചത്. 1965ൽ നടപ്പാക്കിയ സാർവത്രിക പൊതുവിതരണ സമ്പ്രദായത്തിലൂടെ ദാരിദ്ര്യലഘൂകരണത്തിൽ മറ്റ് സംസ്ഥാനങ്ങൾക്ക് കേരളം മാതൃകയായി. കൂടാതെ സ്ത്രീ ശാക്തീകരണരംഗത്ത് കുടുംബശ്രീയിലൂടെയും പ്രാദേശിക ഭരണത്തിൽ വികേന്ദ്രീകൃത ആസൂത്രണത്തിലൂടെയും സാക്ഷരതയിൽ കേരള സംസ്ഥാന സാക്ഷരത മിഷൻ അതോറിറ്റി (KSLMA) യുടെ പ്രവർത്തനങ്ങളിലൂടെയും മുന്നേറ്റങ്ങളുണ്ടാക്കാൻ കേരളത്തിന് കഴിഞ്ഞിട്ടുണ്ട്.

*കുടുംബശ്രീ ലോഗോ*

ഭൂപരിഷ്കരണം, വിദ്യാഭ്യാസം, പൊതുജനാരോഗ്യം തുടങ്ങിയ മേഖലകളിൽ കേരളം കൈവരിച്ച നേട്ടങ്ങളെ സംബന്ധിച്ച് ക്ലാസിൽ ഒരു പാനൽ ചർച്ച സംഘടിപ്പിക്കുക.

ജനാധിപത്യമൂല്യങ്ങൾക്കും സാമൂഹ്യനീതിക്കും ഊന്നൽ നൽകിക്കൊണ്ടാണ് കേരളത്തിന്റെ കാർഷിക-വിദ്യാഭ്യാസ-ആരോഗ്യ രംഗങ്ങൾ വളർന്നുവന്നത്. അതിനാൽ പുതിയ വെല്ലുവിളികളെ അതിജീവിച്ചുകൊണ്ട് വികസിത രാജ്യങ്ങളുടെ നിലവാരത്തിനൊപ്പം കിടപിടിക്കാൻ നമ്മുടെ സംസ്ഥാനത്തിനും കഴിയുന്നുണ്ട്.

## തുടർപ്രവർത്തനങ്ങൾ

- ഇന്ത്യാവിഭജനവുമായി ബന്ധപ്പെട്ട സംഭവങ്ങളും ചിത്രങ്ങളും ശേഖരിച്ച് ഡിജിറ്റൽ പതിപ്പ് തയ്യാറാക്കുക.
- 'സ്വാതന്ത്ര്യാനന്തര ഇന്ത്യ- എന്റെ ഭൂപടശേഖരം' എന്ന തലക്കെട്ടിൽ പാഠഭാഗവുമായി ബന്ധപ്പെട്ട പ്രധാന ഭൂപടങ്ങൾ ഉൾപ്പെടുത്തി ഡിജിറ്റൽ അറ്റ്ലസ് തയ്യാറാക്കുക.

- കേരളസർക്കാർ വിദ്യാഭ്യാസരംഗത്തും ആരോഗ്യരംഗത്തും നടപ്പിലാക്കിവരുന്ന പ്രധാന പദ്ധതികളും അവയുടെ ലക്ഷ്യങ്ങളും ഉൾപ്പെടുത്തി ഡിജിറ്റൽ പ്രസന്റേഷൻ തയ്യാറാക്കുക.
- സ്വതന്ത്ര ഇന്ത്യയിൽ വിദ്യാഭ്യാസരംഗം മെച്ചപ്പെടുത്തുന്നതിനായി നടപ്പാക്കിയ പ്രധാന പരിഷ്കാരങ്ങൾ കാലഗണനാക്രമത്തിൽ പട്ടികപ്പെടുത്തുക.
- നിങ്ങളുടെ വിദ്യാലയത്തിലെ വിദ്യാഭ്യാസപ്രവർത്തനങ്ങളെ മെച്ചപ്പെടുത്തുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കുന്ന പങ്കിനെക്കുറിച്ച് ചർച്ച സംഘടിപ്പിക്കുക.
- ബഹിരാകാശ പര്യവേക്ഷണദൗത്യങ്ങളിൽ ഇന്ത്യയുടെ അഭിമാനകരമായ നേട്ടങ്ങൾ ചിത്രീകരിക്കുന്ന ഡിജിറ്റൽ ആൽബം തയ്യാറാക്കുക.



# 4

# ജനാധിപത്യം ഒരു ഇന്ത്യൻ അനുഭവം

*നൂറ്റാണ്ടുകളായി വടക്കുപടിഞ്ഞാറൻ അതിർത്തിയിൽ ജീവിച്ചിരുന്ന ലക്ഷക്കണക്കിന് ഹിന്ദുക്കളും സിഖുകാരും തങ്ങളുടെ വീടുകൾ ഉപേക്ഷിച്ച് സ്വയരക്ഷയ്ക്കായി സിഖ്, ഹിന്ദു ഭൂരിപക്ഷമുള്ള കിഴക്കൻ പ്രദേശങ്ങളിലേക്ക് പലായനം ചെയ്തു. അവർ കാൽനടയായും, കാളവണ്ടികളിലും, ലോറികളിൽ തിക്കിത്തിരക്കിയും, ട്രെയിനുകളുടെ വശങ്ങളിലും മേൽക്കൂരയിലും പറ്റിപ്പിടിച്ചും യാത്ര ചെയ്തു. പടിഞ്ഞാറുള്ള സുരക്ഷിതമായ പ്രദേശങ്ങളിലേക്ക് യാത്ര ചെയ്യുകയായിരുന്ന മുസ്ലീങ്ങളുമായി യാത്രയ്ക്കിടയിൽ കടവുകളിലും, കവലകളിലും, റെയിൽവേ സ്റ്റേഷനുകളിലും വച്ച് അവർ ഏറ്റുമുട്ടി. കലാപം സർവനാശമായി പരിണമിച്ചു. 1947 ലെ വേനലോടുകൂടി പാകിസ്ഥാൻ എന്ന പുതിയ രാഷ്ട്രത്തിന്റെ രൂപീകരണം ഔദ്യോഗികമായി പ്രഖ്യാപിക്കപ്പെട്ടപ്പോൾ ഹിന്ദുക്കളും മുസ്ലിങ്ങളും സിഖുകാരും അടങ്ങുന്ന പത്ത് ദശലക്ഷം വരുന്ന മനുഷ്യർ പലായനത്തിലായിരുന്നു. കാലവർഷം പൊട്ടിപ്പുറപ്പെട്ടപ്പോഴേക്കും അവരിൽ ഒരു ദശലക്ഷത്തോളം പേർ മരണമടഞ്ഞു. ഉത്തരേന്ത്യയാകെ ആയുധമേന്തി, ഭീതിയിലും ഒളിവിലും മുങ്ങിക്കഴിഞ്ഞിരുന്നു.*

*Source*: Khushwant Singh, *Train to Pakistan*



പ്രശസ്ത എഴുത്തുകാരൻ ഖുശ്‌വന്ത് സിംഗിന്റെ ട്രെയിൻ ടു പാക്കിസ്ഥാൻ എന്ന നോവലിൽ നിന്നുമുള്ള ഒരു ഭാഗമാണ് നിങ്ങൾ വായിച്ചത്. 1947ലെ ഇന്ത്യാവിഭജനത്തെ തുടർന്നുണ്ടായ അഭയാർത്ഥി പ്രവാഹത്തെക്കുറിച്ചും ജനങ്ങളനുഭവിച്ച യാതനകളെക്കുറിച്ചുമാണ് ഇവിടെ പരാമർശിക്കുന്നത്. സ്വാതന്ത്ര്യാനന്തരം ഇന്ത്യ നേരിടേണ്ടിവന്ന പ്രധാന വെല്ലുവിളികൾ നമ്മൾ മുൻ അധ്യായത്തിൽ ചർച്ച ചെയ്തല്ലോ. എന്തൊക്കെയായിരുന്നു സ്വതന്ത്ര ഇന്ത്യ നേരിട്ട പ്രധാന വെല്ലുവിളികൾ?

- വിഭജനാനന്തര കുടിയേറ്റവും പലായനവും
- ...............................................................................................
- ...............................................................................................

വിഭജനവും വിഭജനാനന്തരകുടിയേറ്റവും പലായനവും ഇന്ത്യൻ സമൂഹത്തിൽ വലിയ പരിവർത്തനങ്ങൾ സൃഷ്ടിച്ചു. പാക്കിസ്ഥാനിൽ നിന്നും ഇന്ത്യയിലേക്ക് കുടിയേറിയവരുടെ പുനരധിവാസം അതത് പ്രദേശങ്ങളിൽ മതപരവും ഭാഷാപരവും സാമൂഹികവും സാമ്പത്തികവുമായ പ്രശ്നങ്ങൾ സൃഷ്ടിച്ചു. ഇവയ്ക്ക് രാഷ്ട്രീയപരിഹാരം കാണേണ്ടത് അനിവാര്യമായിരുന്നു. തട്ടിക്കൊണ്ടുപോകപ്പെട്ട വ്യക്തികൾക്കുള്ള (വീണ്ടെടുക്കലും പുനരധിവാസവും) നിയമം 1949 (The Abducted Persons (Recovery and Restoration) Act, 1949), പലായനം ചെയ്തവർക്കുള്ള (നഷ്ടപരിഹാരവും പുനരധിവാസവും) നിയമം 1954 (The Displaced Persons (Compensation and Rehabilitation) Act, 1954), പൗരത്വനിയമം 1955 (Citizenship Act of 1955) തുടങ്ങിയ നിയമങ്ങളിലൂടെ രാജ്യം ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ ശ്രമിച്ചു. ഇതിനുപുറമെ ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ മൗലികാവകാശങ്ങളായി ഭരണഘടനയിൽ ഉൾപ്പെടുത്തി.

സ്വതന്ത്ര ഇന്ത്യ നേരിട്ട മറ്റൊരു പ്രധാന വെല്ലുവിളിയായിരുന്നു നാട്ടുരാജ്യങ്ങളുടെ സംയോജനം. മൂന്ന് കരാറുകളിലൂടെയാണ് സംയോജനപ്രക്രിയ നടപ്പിലാക്കപ്പെട്ടത്.

- **തൽസ്ഥിതി കരാർ (Stand Still Agreement)**

നാട്ടുരാജ്യങ്ങൾ അവരുടെ നിലവിലെ അവസ്ഥ തുടരണമെന്നതായിരുന്നു ഈ കരാറിലെ വ്യവസ്ഥ. ഇതിലൂടെ ഈ രാജ്യങ്ങൾ പാക്കിസ്ഥാനിൽ ചേരുന്നത് തടയാൻ സാധിച്ചു.

- **പ്രവേശന കരാർ (Instrument of Accession)**

നാട്ടുരാജ്യങ്ങൾ ഇന്ത്യൻ യൂണിയനിൽ ലയിക്കുന്നതിനുള്ള സമ്മതം നൽകുന്ന കരാറായിരുന്നു ഇത്. അതേസമയം ആന്തരിക സ്വയംഭരണത്തിനുള്ള അവകാശം ഇതുപ്രകാരം നാട്ടുരാജ്യങ്ങൾക്ക് അനുവദിച്ചു.

- **സംയോജന കരാർ (Merger Agreement)**




നാട്ടുരാജ്യങ്ങൾ പൂർണ്ണമായും ഇന്ത്യൻ യൂണിയനിൽ ചേരുന്നതിനുള്ള കരാറായിരുന്നു ഇത്. ഈ കരാർ പ്രകാരം സ്വയംഭരണാവകാശം ഇല്ലാതാകുന്നു.

സ്വാതന്ത്ര്യലബ്ധിക്കുശേഷം ഒരു താൽകാലിക സർക്കാർ ആയിരുന്നു ഇന്ത്യയിൽ ഭരണം നടത്തിയിരുന്നത്. ജനാധിപത്യവ്യവസ്ഥയുടെ സ്ഥാപനത്തിനായി ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ട ഒരു ഗവൺമെന്റ് ഉണ്ടാകേണ്ടത് ആവശ്യമായിരുന്നു. ഇതുപ്രകാരം സ്വതന്ത്രവും നീതിയുക്തവുമായ തിരഞ്ഞെടുപ്പ് ആവശ്യമായി വന്നു. ഇതിനുവേണ്ടി ഭരണഘടനാനുസൃതമായി 1950 ജനുവരി 25ന് ഇലക്ഷൻ കമ്മീഷൻ നിലവിൽ വന്നു. 1951 ഒക്ടോബർ മുതൽ 1952 ഫെബ്രുവരി വരെയായിരുന്നു ആദ്യ പൊതുതിരഞ്ഞെടുപ്പ്. ഇന്ത്യയിലെ ആദ്യ പൊതുതിരഞ്ഞെടുപ്പിനെക്കുറിച്ച് ഹിന്ദുസ്ഥാൻ ടൈംസ് എന്ന പ്രമുഖ ഇംഗ്ലീഷ് ദിനപത്രത്തിൽ വന്ന നിരീക്ഷണമാണ് താഴെക്കൊടുത്തിരിക്കുന്നത്.


DELHI EDITION Regd. No. D. 232

The Hindustan Times

LARGEST CIRCULATION IN NORTHERN, NORTH-WESTERN AND CENTRAL INDIA

VOL. XXVII. NO. 344 PRICE TWO ANNAS

**"ലോകചരിത്രത്തിലെ ഏറ്റവും വലിയ ജനാധിപത്യ തിരഞ്ഞെടുപ്പ് പരീക്ഷണം ഇന്ത്യൻ ജനത അങ്ങേയറ്റം പ്രശംസനീയമാംവിധം നിർവഹിച്ചെന്ന് സാർവത്രികമായി അംഗീകരിക്കപ്പെട്ടു."**

ആദ്യ പൊതുതിരഞ്ഞെടുപ്പിനെ ഒരു പരീക്ഷണം എന്ന് വിശേഷിപ്പിക്കാൻ കാരണമെന്തായിരിക്കാം?

ഇന്ത്യയെപ്പോലെ വിശാലവും വൈവിധ്യങ്ങൾ നിറഞ്ഞതുമായ ഒരു രാജ്യത്ത് സ്വതന്ത്രവും നീതിയുക്തവുമായ തിരഞ്ഞെടുപ്പ് നടത്തുകയെന്നത് നിരവധി വെല്ലുവിളികൾ നിറഞ്ഞതായിരുന്നു. അവ എന്തൊക്കെയായിരുന്നുവെന്ന് പരിശോധിക്കാം.

- നിയോജകമണ്ഡലങ്ങളുടെ അതിർത്തി നിർണ്ണയിക്കുക.
- പ്രായപൂർത്തി വോട്ടവകാശത്തിന്റെ അടിസ്ഥാനത്തിൽ വോട്ടർ പട്ടിക തയ്യാറാക്കുക.
- വോട്ട് ചെയ്യേണ്ടതിന്റെ ആവശ്യകത നിരക്ഷരരായ ബഹുഭൂരിപക്ഷം ജനങ്ങളെ ബോധ്യപ്പെടുത്തുക.
- വേണ്ടത്ര തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥരെ കണ്ടെത്തി പരിശീലിപ്പിക്കുക.
- സുതാര്യവും നിഷ്പക്ഷവും നീതിപൂർവകവുമായ തിരഞ്ഞെടുപ്പ് ഉറപ്പാക്കുക

ഇത്തരത്തിലുള്ള നിരവധി വെല്ലുവിളികളെ അതിജീവിച്ചുകൊണ്ട് നടന്ന പൊതു തിരഞ്ഞെടുപ്പിനുശേഷം ആദ്യ പ്രധാനമന്ത്രിയായി ജവഹർലാൽ നെഹ്റു സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു. ഇതോടെ രാജ്യത്ത് ജനാധിപത്യ ഭരണ ക്രമത്തിന് തുടക്കമായി.

സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ ഐക്യം സ്ഥാപിക്കുന്നതിനും ജനാധിപത്യഭരണക്രമം നടപ്പിൽ വരുത്തുന്നതിനും സ്വീകരിച്ച നടപടികൾ ചർച്ചചെയ്ത് കുറിപ്പ് തയ്യാറാക്കുക.

**ഏകകക്ഷി മേധാവിത്വം ഇന്ത്യയിൽ**

ഒരു രാഷ്ട്രീയപ്പാർട്ടി തുടർച്ചയായി വലിയ ഭൂരിപക്ഷത്തിൽ തിരഞ്ഞെടുപ്പിൽ വിജയിച്ച് അധികാരം നിലനിർത്തുന്നതിനെയാണ് ഇന്ത്യയിൽ ഏകകക്ഷി മേധാവിത്വം എന്നുപറയുന്നത്. ഇന്ത്യയിൽ ജനാധിപത്യ ക്രമത്തിനുള്ളിലാണ് ഏകകക്ഷി മേധാവിത്വം നിലനിന്നിരുന്നത്.

ആദ്യ പൊതുതിരഞ്ഞെടുപ്പിൽ ഒരു രാഷ്ട്രീയപ്പാർട്ടിയിൽ ഭൂരിപക്ഷം ജനങ്ങളും വിശ്വാസമർപ്പിച്ചത് ഏകകക്ഷി മേധാവിത്വഭരണത്തിന് തുടക്കം കുറിച്ചു. പിൽക്കാലത്ത് ഏകകക്ഷിമേധാവിത്വം ക്രമേണ ഇല്ലാതാകുകയും ബഹുകക്ഷി സമ്പ്രദായത്തിലേക്കും മുന്നണിസമ്പ്രദായത്തിലേക്കും ഇന്ത്യൻ രാഷ്ട്രീയം പരിവർത്തനം ചെയ്യപ്പെടുകയും ചെയ്തു.

## ഏകകക്ഷി മേധാവിത്വത്തിൽ നിന്ന് മുന്നണി സംവിധാനത്തിലേക്ക്

ആദ്യതിരഞ്ഞെടുപ്പിൽ ഭൂരിപക്ഷം ലഭിച്ച് അധികാരത്തിലെത്തിയത് ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റായിരുന്നു. തുടർന്ന് 1957ലെയും 1962ലെയും തിരഞ്ഞെടുപ്പുകളിലും ഇന്ത്യൻ നാഷണൽ കോൺഗ്രസ് അധികാരം നിലനിർത്തി. 1967ലെ തിരഞ്ഞെടുപ്പിൽ ദേശീയ തലത്തിൽ മേധാവിത്വം നിലനിർത്താൻ കഴിഞ്ഞെങ്കിലും സംസ്ഥാനതലങ്ങളിൽ കോൺഗ്രസ് മേധാവിത്വത്തിന് തിരിച്ചടി നേരിടുകയുണ്ടായി. എങ്കിലും 1989വരെയുള്ള പൊതുതിരഞ്ഞെടുപ്പുകളിൽ (1977 മുതൽ 1979 വരെയുള്ള ജനതാപാർട്ടി ഭരണകാലം ഒഴിച്ചാൽ) കോൺഗ്രസ് പാർട്ടിക്കായിരുന്നു മേൽക്കൈ. 1977-ലെ തിരഞ്ഞെടുപ്പിൽ കോൺഗ്രസ് പരാജയപ്പെടുകയും ജനതാപാർട്ടിയുടെ നേതൃത്വത്തിലുള്ള സർക്കാർ അധികാരത്തിലെത്തുകയും ചെയ്തു. തുടർന്നുള്ള രണ്ട് തിരഞ്ഞെടുപ്പുകളിൽ (1980, 1984) കോൺഗ്രസിന് ഒറ്റയ്ക്ക് ഭൂരിപക്ഷം ലഭിച്ചു. എന്നാൽ 1989ലെ തിരഞ്ഞെടുപ്പോടുകൂടി ബഹുകക്ഷി സമ്പ്രദായത്തിലധിഷ്ഠിതമായ മുന്നണിരാഷ്ട്രീയത്തിലേക്ക് ഇന്ത്യൻ ജനാധിപത്യം കടന്നു. 1989ന് ശേഷം ജനതാദൾ നേതൃത്വത്തിലുള്ള നാഷണൽ

ഫ്രണ്ടും തുടർന്ന് 1991ൽ മറ്റുരാഷ്ട്രീയകക്ഷികളുടെ പിന്തുണയോടെ കോൺഗ്രസും അധികാരത്തിലെത്തി. 1996ലെ തിരഞ്ഞെടുപ്പിനെത്തുടർന്ന് ആദ്യം ബി.ജെ.പി.യും പിന്നീട് വിവിധ കക്ഷികൾ ചേർന്ന ഐക്യമുന്നണിയും (United Front) സർക്കാർ രൂപീകരിക്കുകയുണ്ടായി. 1998, 1999 വർഷങ്ങളിലെ തിരഞ്ഞെടുപ്പുകളിൽ ബി.ജെ.പി. നേതൃത്വത്തിലുള്ള ദേശീയ ജനാധിപത്യ സഖ്യം (National Democratic Alliance) ആണ് അധികാരത്തിൽ വന്നത്. 2004, 2009 വർഷങ്ങളിൽ കോൺഗ്രസ് നേതൃത്വത്തിലുള്ള ഐക്യ പുരോഗമന സഖ്യം (United Progressive Alliance) അധികാരത്തിലെത്തുകയും ചെയ്തു. തുടർന്ന് 2014, 2019, 2024 വർഷങ്ങളിലെ തിരഞ്ഞെടുപ്പുകളിൽ തുടർച്ചയായി ബി.ജെ.പി.യുടെ നേതൃത്വത്തിലുള്ള ദേശീയ ജനാധിപത്യ സഖ്യം വിജയിക്കുകയും അധികാരം നിലനിർത്തുകയും ചെയ്തു.

ഇന്ത്യയിലെ മുന്നണിരാഷ്ട്രീയത്തിന്റെ ചരിത്രം പരിശോധിച്ചാൽ പ്രധാനമായും താഴെ പറയുന്ന രീതികളിലാണ് സർക്കാരുകൾ രൂപീകരിക്കപ്പെടുന്നത്.

- തിരഞ്ഞെടുപ്പിന് മുമ്പുതന്നെ ഒരു പൊതുമിനിമം പരിപാടിയുടെ അടിസ്ഥാനത്തിൽ മുന്നണിയായി മത്സരിക്കുന്നതിന് രാഷ്ട്രീയപ്പാർട്ടികൾ തമ്മിൽ ധാരണയുണ്ടാക്കുക
- തിരഞ്ഞെടുപ്പിനുശേഷം മുന്നണി രൂപീകരിച്ച് ഗവൺമെന്റുണ്ടാക്കുക
- ലോകസഭയിൽ ഭൂരിപക്ഷമില്ലാത്ത ഗവൺമെന്റിന് പുറത്തുനിന്ന് പിന്തുണ നൽകുക

ഒന്നാമത്തെ പൊതുതിരഞ്ഞെടുപ്പ് മുതലുള്ള വിവിധ സർക്കാരുകളുടെ കാലഗണനയനുസരിച്ചുള്ള പട്ടിക തയ്യാറാക്കുക.

## അടിയന്തരാവസ്ഥ - ഇന്ത്യൻ ജനാധിപത്യത്തിലെ പ്രതിസന്ധിഘട്ടം




മുകളിൽ കൊടുത്തിരിക്കുന്ന വാർത്താകൊളാഷ് ശ്രദ്ധിക്കൂ. ഇന്ത്യൻ ജനാധിപത്യം അഭിമുഖീകരിച്ച ഒരു പ്രധാന പ്രതിസന്ധിയായിരുന്നു അടിയന്തരാവസ്ഥ.



ഇന്ദിരാഗാന്ധി



മൊറാർജി ദേശായി



ജയപ്രകാശ് നാരായൺ

1975 ജൂൺ 25നാണ് രാജ്യത്ത് ആഭ്യന്തര അടിയന്തരാവസ്ഥ പ്രഖ്യാപിക്കപ്പെട്ടത്. മൗലികാവകാശങ്ങളുടെ മരവിപ്പിക്കൽ, പത്രസ്വാതന്ത്ര്യം നിഷേധിക്കൽ തുടങ്ങിയ ജനാധിപത്യാവകാശലംഘനങ്ങൾ അടിയന്തരാവസ്ഥയുടെ ഭാഗമായി നടപ്പിലാക്കപ്പെട്ടു. ഇന്ത്യയിൽ അടിയന്തരാവസ്ഥ പ്രഖ്യാപിക്കപ്പെട്ടതിന്റെ പശ്ചാത്തലം നമുക്ക് പരിശോധിക്കാം. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ കേന്ദ്രസർക്കാരിനെതിരായി ഉയർന്നുവന്ന പ്രക്ഷോഭങ്ങളായിരുന്നു പ്രധാനപ്പെട്ട ഒരു കാരണം. ഗുജറാത്തിൽ മൊറാർജി ദേശായിയുടെ നേതൃത്വത്തിൽ നടന്ന പ്രക്ഷോഭം സംസ്ഥാന സർക്കാരിനെ പിരിച്ചുവിടുന്നതിലേക്ക് നയിച്ചു. തുടർന്നുനടന്ന തിരഞ്ഞെടുപ്പിൽ കോൺഗ്രസ് പരാജയപ്പെട്ടു. ജയപ്രകാശ് നാരായണിന്റെ നേതൃത്വത്തിൽ ബീഹാറിൽ നടന്ന പ്രക്ഷോഭപരമ്പര ദേശീയതലത്തിലും സ്വാധീനം ചെലുത്തി. ഇത് കേന്ദ്രഗവൺമെന്റിനെതിരെയുള്ള പ്രക്ഷോഭങ്ങൾക്കും കാരണമായി. 1970കളിൽ നേരിട്ട സാമ്പത്തിക പ്രതിസന്ധി, ഭക്ഷ്യക്ഷാമം, തൊഴിലില്ലായ്മ എന്നിവയായിരുന്നു ഈ പ്രക്ഷോഭങ്ങൾക്ക് കാരണം.

ഈ രാഷ്ട്രീയ പ്രതിസന്ധികൾക്കിടയിലാണ് പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയ്ക്കെതിരെ അലഹബാദ് ഹൈക്കോടതിയിൽ നിലനിന്നിരുന്ന തിരഞ്ഞെടുപ്പ് കേസിൽ പ്രതികൂലമായി വിധി വരുന്നതും തിരഞ്ഞെടുപ്പ് റദ്ദുചെയ്യപ്പെടുന്നതും. വിധിയെത്തുടർന്ന് ഇന്ദിരാഗാന്ധിയുടെ രാജി ആവശ്യപ്പെട്ടുകൊണ്ട് പ്രതിപക്ഷം പ്രക്ഷോഭം ശക്തമാക്കി. എന്നാൽ സുപ്രീം കോടതി അലഹബാദ് ഹൈക്കോടതിയുടെ വിധിക്ക് സ്റ്റേ അനുവദിച്ചു. തുടർന്ന് പ്രതിപക്ഷ പ്രക്ഷോഭങ്ങൾ ആഭ്യന്തരസുരക്ഷയ്ക്ക് ഭീഷണിയുയർത്തുന്നു എന്ന കാരണം ആരോപിച്ച് കേന്ദ്രസർക്കാർ ഭരണഘടനയുടെ അനുഛേദം 352 പ്രകാരം രാജ്യത്ത് ദേശീയ അടിയന്തരാവസ്ഥ പ്രഖ്യാപിച്ചു.

ദേശീയ അടിയന്തരാവസ്ഥ ഭരണഘടനയുടെ ഫെഡറൽ വ്യവസ്ഥയെ ഇല്ലാതാക്കുകയും കേന്ദ്രസർക്കാരിൽ അധികാരം കേന്ദ്രീകരിക്കുകയും മൗലികാവകാശങ്ങൾ മരവിപ്പിക്കുകയും കോടതിയുടെ നീതിന്യായ പുനരവലോകനാധികാരം ഇല്ലാതാക്കുകയും ചെയ്തു. കൂടാതെ മറ്റെന്തെല്ലാം പ്രത്യാഘാതങ്ങളാണ് അടിയന്തരാവസ്ഥ സൃഷ്ടിച്ചതെന്ന് പരിശോധിക്കാം.

- പ്രതിപക്ഷ പാർട്ടി നേതാക്കളെ വിചാരണ കൂടാതെ ജയിലിൽ അടച്ചു.
- പത്രങ്ങൾക്കും വാർത്തകൾക്കും സെൻസർഷിപ്പ് ഏർപ്പെടുത്തി.
- സാമ്പത്തിക നിയന്ത്രണം ഏർപ്പെടുത്തി.

കടുത്ത നിയന്ത്രണങ്ങൾക്കും അടിച്ചമർത്തലുകൾക്കുമിടയിലും അടിയന്തരാവസ്ഥയ്ക്കെതിരെ രാജ്യവ്യാപകമായി നിരവധി പ്രക്ഷോഭങ്ങളുയരുകയുണ്ടായി. അതിനെത്തുടർന്ന് 1977 മാർച്ചിൽ അടിയന്തരാവസ്ഥ പിൻവലിക്കുകയും തിരഞ്ഞെടുപ്പ് പ്രഖ്യാപിക്കുകയും ചെയ്തു. അടിയന്തരാവസ്ഥയ്ക്കുശേഷം നടന്ന തിരഞ്ഞെടുപ്പിൽ കോൺഗ്രസ്സ് പരാജയപ്പെടുകയും ജനതാപാർട്ടിയുടെ നേതൃത്വത്തിൽ ഗവൺമെന്റ് രൂപീകരിക്കുകയും മൊറാർജി ദേശായി പ്രധാന

മന്ത്രിയാവുകയും ചെയ്തു. അടിയന്തരാവസ്ഥക്കാലത്തുണ്ടായ സംഭവവികാസങ്ങൾ ജനാധിപത്യം സംരക്ഷിക്കുന്നതിൽ പൗരസമൂഹത്തിന്റെ ജാഗ്രത, മാധ്യമങ്ങളുടെ ഇടപെടൽ, പൗരാവകാശങ്ങൾ എന്നിവയുടെ പ്രാധാന്യം വ്യക്തമാക്കുന്നു.

### അടിയന്തരാവസ്ഥ (Emergency)

യുദ്ധം, ബാഹ്യാക്രമണം, സായുധകലാപം എന്നിവയാൽ രാജ്യത്തിന്റെ സുരക്ഷയ്ക്ക് ഗുരുതരമായ ഭീഷണി നേരിടുന്ന സാഹചര്യങ്ങളിൽ നടപടികൾ സ്വീകരിക്കാൻ അടിയന്തരാവസ്ഥ സർക്കാരിന് അധികാരം നൽകുന്നു. ഇത്തരം സാഹചര്യങ്ങളിൽ ഭരണഘടനയുടെ അനുച്ഛേദം 352 പ്രകാരം രാഷ്ട്രപതി പ്രഖ്യാപിക്കുന്ന നിയന്ത്രണങ്ങളാണ് അടിയന്തരാവസ്ഥ.

അടിയന്തരാവസ്ഥ സൃഷ്ടിച്ച പ്രതിസന്ധികളെ ജനാധിപത്യമാർഗത്തിലൂടെ ഇന്ത്യൻ ജനത മറികടന്നു. ഇത് ഇന്ത്യൻ ജനാധിപത്യത്തിന്റെ ശക്തിയും പ്രാധാന്യവും വ്യക്തമാക്കുന്നു. ജനാധിപത്യത്തെ ഹനിക്കുന്ന അടിയന്തരാവസ്ഥ പോലുള്ള സാഹചര്യങ്ങൾ ആവർത്തിക്കപ്പെടാതിരിക്കാനുള്ള ജാഗ്രത സൃഷ്ടിക്കുന്നതിന് ഈ അനുഭവങ്ങൾ നമ്മെ സഹായിക്കുന്നു.

അടിയന്തരാവസ്ഥക്കാലത്തെ പത്രവാർത്തകൾ ശേഖരിച്ച് പ്രദർശനം സംഘടിപ്പിക്കുക.

പൊതുജനാഭിപ്രായം രൂപീകരിക്കുന്നതിലും പൗരർക്ക് ജനാധിപത്യവിദ്യാഭ്യാസം നൽകുന്നതിലും രാഷ്ട്രീയപ്പാർട്ടികൾക്കൊപ്പം മറ്റുചില സാമൂഹികപ്രസ്ഥാനങ്ങളും തൽപരഗ്രൂപ്പുകളും സുപ്രധാന പങ്കുവഹിച്ചിട്ടുണ്ട്. അവയിൽ ചിലത് നമുക്ക് പരിചയപ്പെടാം.

## ജനകീയ പ്രസ്ഥാനങ്ങളും ഇന്ത്യൻ ജനാധിപത്യവും

ജനാധിപത്യ ഇന്ത്യയിൽ വിവിധ ജനവിഭാഗങ്ങളുടെ താൽപര്യം സംരക്ഷിക്കുന്നതിനും അധികാരത്തിൽ പ്രാതിനിധ്യം ലഭിക്കുന്നതിനുമായി നിരവധി പ്രസ്ഥാനങ്ങൾ രൂപംകൊള്ളുകയുണ്ടായി. 1970ന് ശേഷം ദളിതർ, സ്ത്രീകൾ, കർഷകർ തുടങ്ങിയ സാമൂഹികവിഭാഗങ്ങൾക്കിടയിൽ മുഖ്യധാരാ രാഷ്ട്രീയപ്പാർട്ടികൾ തങ്ങളുടെ പ്രശ്നങ്ങളെയും ആവശ്യങ്ങളെയും വേണ്ടരീതിയിൽ പരിഗണിക്കുന്നില്ലെന്ന ബോധം ശക്തമാകുകയുണ്ടായി. ഈ വിഭാഗങ്ങൾ ഇതിനെതിരായി അവരുടേതായ പ്രസ്ഥാനങ്ങൾ രൂപീകരിക്കുകയും പ്രക്ഷോഭങ്ങൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ ചില പ്രസ്ഥാനങ്ങളെ പരിചയപ്പെടാം.

## പിന്നാക്കവിഭാഗ പ്രസ്ഥാനങ്ങളും മണ്ഡൽ കമ്മീഷനും

പട്ടികജാതി, പട്ടികവർഗ വിഭാഗങ്ങളിൽ ഉൾപ്പെടാത്തതും സാമൂഹികമായും വിദ്യാഭ്യാസപരമായും പിന്നാക്കം നിൽക്കുന്നതുമായ ജനവിഭാഗമാണ് ഇതര പിന്നാക്ക വിഭാഗങ്ങൾ (Other Backward Classes) എന്നറിയപ്പെടുന്നത്.



ബി.പി. മണ്ഡൽ



വി.പി. സിംഗ്

ഈ വിഭാഗങ്ങളുടെ സർക്കാർ ഉദ്യോഗങ്ങളിലെ പ്രാതിനിധ്യത്തിനും വിദ്യാഭ്യാസപുരോഗതിക്കുമായി നിരവധി പ്രസ്ഥാനങ്ങളും രാഷ്ട്രീയപ്പാർട്ടികളും ഉയർന്നുവരികയുണ്ടായി. പിന്നാക്കവിഭാഗങ്ങളുടെ സാമൂഹികപിന്നാക്കാവസ്ഥയ്ക്കുള്ള കാരണങ്ങളെക്കുറിച്ച് പഠിക്കാനും പരിഹാരനിർദേശത്തിനുമായി 1953ൽ കേന്ദ്രസർക്കാർ ഒരു കമ്മീഷനെ നിയമിച്ചിരുന്നു. ഇത് കാക്ക കലേൽക്കർ (Kaka Kalelkar) കമ്മീഷൻ എന്ന പേരിൽ അറിയപ്പെടുന്നു. കമ്മീഷൻ ചില നിർദേശങ്ങൾ സമർപ്പിച്ചുവെങ്കിലും അവ നടപ്പിലാക്കപ്പെട്ടിരുന്നില്ല. അടിയന്തരാവസ്ഥയ്ക്ക് ശേഷം നിലവിൽവന്ന ജനതാഗവൺമെന്റ് ഒ.ബി.സി. വിഭാഗങ്ങളുടെ സാമൂഹികവും വിദ്യാഭ്യാസപരവുമായ പിന്നാക്കാവസ്ഥയെ കുറിച്ച് പഠിച്ച് പരിഹാരം നിർദേശിക്കുന്നതിനായി 1979ൽ ബി.പി. മണ്ഡൽ അധ്യക്ഷനായി ഒരു കമ്മീഷനെ നിയമിച്ചു. ഇത് രണ്ടാം പിന്നാക്കവിഭാഗ കമ്മീഷൻ (Second Backward Classes Commission) എന്നും മണ്ഡൽ കമ്മീഷൻ എന്നും എന്നറിയപ്പെടുന്നു.

സർക്കാർ ഉദ്യോഗങ്ങളിലും വിദ്യാഭ്യാസസ്ഥാപനങ്ങളിലും പിന്നാക്ക വിഭാഗങ്ങൾക്ക് ഇരുപത്തിയേഴ് ശതമാനം സംവരണം നിർദേശിച്ചുകൊണ്ടുള്ള റിപ്പോർട്ട് 1980ൽ കമ്മീഷൻ കേന്ദ്രസർക്കാരിന് സമർപ്പിച്ചു. വി.പി. സിംഗിന്റെ നേതൃത്വത്തിലുള്ള ദേശീയമുന്നണി 1990ൽ ഈ റിപ്പോർട്ട് നടപ്പിലാക്കാൻ തീരുമാനിച്ചു. ഈ തീരുമാനം ഉത്തരേന്ത്യയിലെ പല നഗരങ്ങളിലും പ്രക്ഷോഭങ്ങൾക്കും അക്രമാസക്തമായ പ്രതിഷേധങ്ങൾക്കും കാരണമായി. എന്നാൽ പിൽക്കാലത്ത് റിപ്പോർട്ട് നടപ്പിലാക്കുന്നതിന് സുപ്രീംകോടതി അനുമതി നൽകി. ഇന്ന് രാജ്യത്തെ എല്ലാ പ്രധാന രാഷ്ട്രീയപ്പാർട്ടികളും ഒ.ബി.സി. സംവരണത്തെ അംഗീകരിക്കുന്നുണ്ട്. ജനസംഖ്യയുടെ പകുതിയോളം വരുന്ന പിന്നാക്കവിഭാഗങ്ങളുടെ ക്ഷേമം ഉറപ്പുവരുത്താൻ സാധിച്ചു എന്ന നിലയിൽ മണ്ഡൽ കമ്മീഷൻ റിപ്പോർട്ടിന് ഇന്ത്യൻ ജനാധിപത്യചരിത്രത്തിൽ വലിയ പ്രാധാന്യമുണ്ട്. മണ്ഡൽ കമ്മീഷന്റെ രൂപീകരണം മുതൽ റിപ്പോർട്ട് നടപ്പിലാക്കുന്നതുവരെയുള്ള കാലഘട്ടത്തിൽ പിന്നാക്കവിഭാഗങ്ങൾക്ക് പ്രാമുഖ്യമുള്ള നിരവധി രാഷ്ട്രീയ പ്രസ്ഥാനങ്ങളും സാമൂഹികപ്രസ്ഥാനങ്ങളും ഉയർന്നുവന്നു. ജനതാദളും ജനതാദളിൽ നിന്നും രൂപപ്പെട്ട മറ്റുപാർട്ടികളും ഇതിനുദാഹരണങ്ങളാണ്.

### ബി.പി. മണ്ഡൽ

ബീഹാറിൽ നിന്നുള്ള സോഷ്യലിസ്റ്റ് നേതാവായിരുന്നു രണ്ടാം പിന്നാക്കവിഭാഗ കമ്മീഷൻ അധ്യക്ഷനായിരുന്ന ബി.പി. മണ്ഡൽ. 1967-1970, 1977-1979 കാലഘട്ടങ്ങളിൽ അദ്ദേഹം പാർലമെന്റ് അംഗമായിരുന്നു. 1968ൽ ഒന്നരമാസത്തോളം ബീഹാർ മുഖ്യമന്ത്രിയായും അദ്ദേഹം ചുമതല നിർവഹിച്ചു. 1977ൽ ജനതാപാർട്ടി അംഗത്വം സ്വീകരിച്ചു.

മണ്ഡൽ കമ്മീഷൻ നിയമിക്കപ്പെട്ട പശ്ചാത്തലവും കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കിയതിനെത്തുടർന്നുള്ള സംഭവവികാസങ്ങളും ചർച്ചചെയ്ത് കുറിപ്പ് തയ്യാറാക്കുക.

## ദളിത് പ്രസ്ഥാനങ്ങൾ (Dalit Movements)

സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ ദളിത് വിഭാഗങ്ങൾ സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നും അകറ്റിനിർത്തപ്പെടുകയാണെന്നും അർഹതപ്പെട്ട അവകാശങ്ങൾ നിഷേധിക്കപ്പെടുകയാണെന്നുമുള്ള വികാരത്തിൽ നിന്നുമാണ് ദളിത് പ്രസ്ഥാനങ്ങൾ ഉയർന്നുവന്നത്. വിദ്യാഭ്യാസം, തൊഴിൽ എന്നീ മേഖലകളിൽ ഭരണഘടന ദളിത് വിഭാഗത്തിന് സംവരണം ഉറപ്പാക്കുന്നുണ്ടെങ്കിലും അവർക്ക് സാമൂഹികപ്രാധാന്യമുള്ള മേഖലകളിലും മുഖ്യധാരാ രാഷ്ട്രീയത്തിലും ഭരണതലത്തിലും അർഹമായ സ്ഥാനം ലഭിക്കാത്ത സാഹചര്യം നിലനിന്നിരുന്നു. വിദ്യാഭ്യാസം, തൊഴിൽ എന്നീ മേഖലകളിലെ പിന്നാക്കാവസ്ഥ, സാമൂഹികവും സാമ്പത്തികവുമായ അസമത്വം, സ്വന്തമായി ഭൂമിയില്ലാത്ത അവസ്ഥ തുടങ്ങിയ പ്രശ്നങ്ങൾ ദളിത് ജനത അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളായിരുന്നു. ഭരണഘടനാശില്പിയായ ഡോ. ബി.ആർ. അംബേദ്കറുടെ ആശയങ്ങളാൽ പ്രചോദിതരായ ദളിത് വിഭാഗങ്ങൾ സംഘടിക്കുകയും പ്രസ്ഥാനങ്ങൾ രൂപീകരിക്കുകയും ചെയ്തു. ഇത്തരം പ്രസ്ഥാനങ്ങളിൽ പ്രധാനപ്പെട്ടതായിരുന്നു ദളിത് പാന്തേഴ്സ് പ്രസ്ഥാനം.

## ദളിത് പാന്തേഴ്സ് പ്രസ്ഥാനം

1972ൽ മഹാരാഷ്ട്രയിലാണ് ദളിത് പാന്തേഴ്സ് പ്രസ്ഥാനം രൂപീകരിക്കപ്പെട്ടത്. നഗരമേഖലയിലെ അഭ്യസ്തവിദ്യരായ ദളിത് ചെറുപ്പക്കാരായിരുന്നു പ്രസ്ഥാനത്തിന് നേതൃത്വം നൽകിയത്. പിന്നാക്കവിഭാഗങ്ങൾക്ക് സാമൂഹികനീതി, തുല്യത, ജാതി ഉന്മൂലനം തുടങ്ങിയ അംബേദ്കറുടെ ആശയങ്ങൾ ദളിത് പാന്തേഴ്സ് പ്രസ്ഥാനത്തെ സ്വാധീനിച്ചു. ജാതിവിവേചനങ്ങൾക്കെതിരെ അക്രമോത്സുകമായ ചെറുത്തുനില്പുകൾ, പോലീസിന്റെ അന്യായമായ നടപടികൾക്കെതിരെ വലിയ ജനപങ്കാളിത്തത്തോടെയുള്ള പ്രക്ഷോഭങ്ങൾ, സാഹിത്യ സാംസ്കാരിക പരിപാടികൾ, മറ്റ് സാമൂഹികനീതി പ്രസ്ഥാനങ്ങളുമായി ചേർന്ന് വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ തുടങ്ങിയവ ഇവർ സംഘടിപ്പിച്ചു. തൊട്ടുകൂടാത്തവരായി കരുതി മാറ്റി നിർത്തപ്പെട്ടവരുടെ ജീവിതം സാഹിത്യം, സിനിമ, നാടകം തുടങ്ങിയവയിൽ പ്രമേയമാക്കുന്നതിനും ദളിതർക്കെതിരായ ആക്രമണങ്ങൾക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കാൻ ഭരണകൂടത്തെ പ്രേരിപ്പിക്കുന്നതിനും ദളിത് പാന്തേഴ്സ് പ്രസ്ഥാനത്തിന് കഴിഞ്ഞു.


ഡോ. ബി.ആർ. അംബേദ്കർ


കാൻഷിറാം

ദളിത് വിഭാഗങ്ങളുടെ ഉന്നമനത്തിനായി രൂപപ്പെട്ട മറ്റൊരു പ്രസ്ഥാനമായിരുന്നു 1978ൽ രൂപീകരിക്കപ്പെട്ട ബാക്ക്വേഡ് ആന്റ് മൈനോറിറ്റി കമ്മ്യൂണിറ്റീസ് എംപ്ലോയീസ് ഫെഡറേഷൻ (BAMCEF). ഇത് കേവലം ഉദ്യോഗസ്ഥരുടെ താൽപര്യസംരക്ഷണാർഥം മാത്രം രൂപീകരിക്കപ്പെട്ട സംഘടനയായിരുന്നില്ല. മറിച്ച് പട്ടികജാതി, പട്ടികവർഗ വിഭാഗങ്ങൾ, മറ്റ് പിന്നാക്കവിഭാഗങ്ങൾ, ന്യൂനപക്ഷങ്ങൾ എന്നിവർക്ക് രാഷ്ട്രീയാധികാരം ലഭിക്കുന്നതിനായും ഈ സംഘടന നിലകൊണ്ടു. ഈ സംഘടനയിൽ നിന്നാണ് ദളിത് ശോഷിത് സമാജ് സംഘർഷസമിതിയും കാൻഷിറാമിന്റെ

നേതൃത്വത്തിൽ ബഹുജൻ സമാജ് പാർട്ടിയും (BSP) രൂപം കൊണ്ടത്. ഉത്തർപ്രദേശ്, ഹരിയാന, പഞ്ചാബ് എന്നീ സംസ്ഥാനങ്ങളിൽ ദളിതരുടെ പിന്തുണയോടെ രാഷ്ട്രീയ സ്വാധീനമുണ്ടാക്കാൻ ബി.എസ്.പി.യ്ക്ക് സാധിച്ചു.

ദളിത് പ്രസ്ഥാനങ്ങളും അവയുടെ പ്രവർത്തനങ്ങളും വിശകലനം ചെയ്യുക.

## സ്ത്രീമുന്നേറ്റങ്ങൾ

ലിംഗസമത്വം, സ്ത്രീകൾക്ക് വിദ്യാഭ്യാസം, തൊഴിൽ, സാമൂഹിക - രാഷ്ട്രീയ മേഖലകളിൽ ആനുപാതിക പ്രാതിനിധ്യം തുടങ്ങിയ ആവശ്യങ്ങൾക്ക് വേണ്ടി നിലകൊള്ളുന്ന പ്രസ്ഥാനങ്ങളാണ് സ്ത്രീകളുടെ അവകാശപ്രസ്ഥാനങ്ങൾ. ഗാർഹികപീഡനം, അവകാശനിഷേധം, അടിച്ചമർത്തലുകൾ, ലൈംഗിക അതിക്രമം, പുരുഷമേധാവിത്വം ഇവയെല്ലാം സ്ത്രീ സമൂഹം നേരിടുന്ന പ്രശ്നങ്ങളാണ്. ഇത്തരം വിഷയങ്ങൾക്ക് പരിഹാരം തേടുന്നതിനായി രാജ്യത്ത് നിരവധി പ്രസ്ഥാനങ്ങൾ രൂപപ്പെട്ടിട്ടുണ്ട്. പ്രധാനപ്പെട്ട ചില സ്ത്രീമുന്നേറ്റങ്ങളെക്കുറിച്ച് നമുക്ക് ചർച്ച ചെയ്യാം.

### ചാരായ വിരുദ്ധപ്രസ്ഥാനം (Anti-Arrack Movement)

1990കളിൽ ആന്ധ്രാപ്രദേശിലെ നെല്ലൂർ ജില്ലയിൽ ഉയർന്നുവന്ന സ്ത്രീമുന്നേറ്റ പ്രസ്ഥാനമാണ് ചാരായ വിരുദ്ധപ്രസ്ഥാനം. ആയിരക്കണക്കിന് സ്ത്രീകൾ അണിചേർന്ന ഈ പ്രസ്ഥാനം പിന്നീട് സംസ്ഥാനമാകെ വ്യാപിച്ചു. പ്രാദേശികമായി നിർമ്മിച്ച് വിതരണം ചെയ്തിരുന്ന ലഹരിപാനീയമായിരുന്നു ചാരായം. ലഹരിയുടെ വ്യാപകമായ ഉപയോഗം സമൂഹത്തിൽ അന്തഃഛിദ്രം സൃഷ്ടിക്കുകയും യുവാക്കളുടെ മാനസിക-ശാരീരികനില തകരാറിലാക്കുകയും ചെയ്തു. ഇത് ഗ്രാമത്തിന്റെ സാമ്പത്തിക അടിത്തറ തകർക്കുന്നതിനും ഗാർഹികപീഡനം, സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ, ദാരിദ്ര്യം തുടങ്ങിയവയ്ക്കും കാരണമായി. സ്ത്രീകൾ നേരിടുന്ന ലൈംഗികാതിക്രമം, പൊതു ഇടങ്ങളിലെ അതിക്രമങ്ങൾ, ലിംഗവിവേചനം തുടങ്ങി വിവിധ പ്രശ്നങ്ങളെ അഭിസംബോധന ചെയ്യുന്ന പ്രക്ഷോഭമായി ചാരായവിരുദ്ധ പ്രസ്ഥാനം പിന്നീട് വളർന്നു. ഇത് സമൂഹത്തിൽ ലഹരിക്കെതിരെയും സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾക്കെതിരെയും സാമൂഹിക അവബോധം സൃഷ്ടിക്കുന്നതിന് സഹായിച്ചു.



ചാരായ വിരുദ്ധസമരം, ഹൈദരാബാദ് - 1992

ചാരായവിരുദ്ധപ്രസ്ഥാനം സ്ത്രീവിമോചനപ്രസ്ഥാനമായി രൂപപ്പെട്ടതെങ്ങനെയെന്ന് ചർച്ചചെയ്ത് കുറിപ്പ് തയ്യാറാക്കുക.






ലഹരിയുടെ ഉപയോഗം സമൂഹത്തിൽ സൃഷ്ടിക്കുന്ന വിവിധ പ്രശ്നങ്ങളെ അഭിസംബോധന ചെയ്യുന്നതായിരുന്നു ചാരായ വിരുദ്ധപ്രസ്ഥാനം. ലഹരി ഉപയോഗം ഇന്നത്തെ സമൂഹത്തിലും നിരവധി പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. അതിനെതിരെ ഒരു ബോധവൽക്കരണ പരിപാടി സംഘടിപ്പിക്കുക.

## നിർഭയ പ്രസ്ഥാനം

സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾക്കെതിരെ ഡൽഹിയിൽ രൂപപ്പെട്ട ബഹുജനമുന്നേറ്റമാണ് നിർഭയ പ്രസ്ഥാനം. 2012ൽ ഡൽഹി നഗരത്തിൽ വച്ച് ഒരു പെൺകുട്ടി ലൈംഗികാതിക്രമത്തിന് ഇരയായി കൊല്ലപ്പെടുന്ന സാഹചര്യമുണ്ടായി. ഈ സംഭവം രാജ്യവ്യാപകമായി വലിയ പ്രക്ഷോഭങ്ങൾക്ക് ഇടയാക്കി. ഈ പ്രക്ഷോഭമാണ് നിർഭയ പ്രസ്ഥാനത്തിന്റെ രൂപീകരണത്തിന് കാരണമായത്. സ്ത്രീകൾക്കെതിരെയുള്ള ലൈംഗിക അതിക്രമങ്ങൾക്കെതിരെ ശക്തമായ നിയമനടപടികൾ സ്വീകരിക്കുക, അത്തരം കേസുകളിൽ നിയമനടപടികൾ വേഗത്തിലാക്കുക, മാതൃകാപരമായ ശിക്ഷ ഉറപ്പാക്കുക തുടങ്ങിയവയായിരുന്നു നിർഭയ പ്രസ്ഥാനം ഉയർത്തിയ പ്രധാന ആവശ്യങ്ങൾ. ഇന്ത്യൻ ക്രിമിനൽ നിയമഭേദഗതി നിയമം 2013 (നിർഭയ നിയമം), ലൈംഗികാതിക്രമകേസുകൾ കൈകാര്യം ചെയ്യുന്നതിനായുള്ള അതിവേഗ കോടതികൾ (Fast-track Courts) എന്നിവ നിർഭയ പ്രക്ഷോഭത്തെ തുടർന്ന് നിലവിൽ വന്നവയാണ്.

## മത്സ്യത്തൊഴിലാളികളുടെ മുന്നേറ്റം

ദേശീയ മത്സ്യബന്ധനത്തൊഴിലാളി സംഘടന - ലോഗോ

ലോകത്തിലെ രണ്ടാമത്തെ വലിയ മത്സ്യബന്ധനസമൂഹമാണ് ഇന്ത്യയിലെ മത്സ്യത്തൊഴിലാളികൾ. കിഴക്കും പടിഞ്ഞാറും തീരപ്രദേശങ്ങളിൽ വസിക്കുന്ന കോടിക്കണക്കിന് ജനങ്ങളുടെ ഉപജീവനമാർഗം മത്സ്യബന്ധനമാണ്. മത്സ്യബന്ധനത്തൊഴിലാളികൾ ഉപജീവനവുമായി ബന്ധപ്പെട്ട് നേരിടുന്ന പ്രശ്നങ്ങളുടെ പരിഹാരത്തിനായി നിരവധി മുന്നേറ്റങ്ങളുണ്ടായിട്ടുണ്ട്. 1980കളുടെ മധ്യത്തോടെ നമ്മുടെ രാജ്യത്തിന്റെ സാമ്പത്തികനയങ്ങളിൽ വന്ന മാറ്റം മത്സ്യബന്ധനരംഗത്തെയും സാരമായി ബാധിച്ചു. പ്രധാനമായും ആഴക്കടൽ മത്സ്യബന്ധനവുമായി ബന്ധപ്പെട്ട കേന്ദ്രസർക്കാരിന്റെ നയങ്ങൾക്കെതിരെയായിരുന്നു പ്രക്ഷോഭങ്ങൾ സംഘടിപ്പിക്കപ്പെട്ടത്. ദേശീയ മത്സ്യബന്ധനത്തൊഴിലാളി സംഘടന (National Fishworkers Forum-NFF) എന്ന സംഘടനയുടെ നേതൃത്വത്തിലായിരുന്നു പ്രക്ഷോഭങ്ങൾ സംഘടിപ്പിക്കപ്പെട്ടത്. വിവിധ സംസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്ന പരമ്പരാഗത മത്സ്യബന്ധനത്തൊഴിലാളികളുടെ കൂട്ടായ്മകളെ ഏകോപിപ്പിച്ച് അവരുടെ അവകാശസംരക്ഷണത്തിനായി പ്രവർത്തിക്കുന്ന സംഘടനയാണിത്. ഇന്ത്യയുടെ കടൽപ്രദേശം വിദേശ കമ്പനികൾക്ക് മത്സ്യബന്ധനത്തിനായി അനുവദിക്കപ്പെട്ടത്, വിദേശ കമ്പനികൾക്ക് ഇന്ത്യൻ തീരത്ത് മത്സ്യബന്ധനത്തിന് ട്രോളിംഗ് ലൈസൻസ് അനുവദിച്ചത് തുടങ്ങിയ പ്രശ്നങ്ങൾ പരമ്പരാഗത മത്സ്യബന്ധനമേഖലയെ തകർക്കുന്നതാണെന്ന് ചൂണ്ടിക്കാണിച്ചായിരുന്നു നിയമപ്പോരാട്ടങ്ങളും പ്രത്യക്ഷസമരങ്ങളും അരങ്ങേറിയത്. കടലോര പരിസ്ഥിതി സംരക്ഷണവും ഈ സംഘടനയുടെ പ്രധാനലക്ഷ്യങ്ങളിൽ ഒന്നാണ്. കേരളത്തിലെ മത്സ്യബന്ധനത്തൊഴിലാളികളാണ് NFFന്റെ നേതൃത്വത്തിൽ തൊഴിലാളികളെ സംഘടിപ്പിച്ച് അവകാശപ്പോരാട്ടം ശക്തമാക്കിയത്. മത്സ്യബന്ധനത്തൊഴിലാളികളുടെ സംഘടനാബോധം ഉണർന്നത് ജനാധിപത്യ സംവിധാനത്തിൽ അവരുടെ പങ്കാളിത്തം വർധിക്കാൻ സഹായകമായിട്ടുണ്ട്.

## പരിസ്ഥിതി പ്രസ്ഥാനങ്ങൾ (Environmental Movements)

അശാസ്ത്രീയമായ വികസനം സൃഷ്ടിക്കുന്ന പരിസ്ഥിതി പ്രശ്നങ്ങൾക്കും അതുമൂലമുണ്ടാകുന്ന സാമൂഹിക നീതി നിഷേധത്തിനും എതിരായാണ് പരിസ്ഥിതി പ്രസ്ഥാനങ്ങൾ ഉയർന്നുവന്നത്. വൻകിട ജലസേചനപദ്ധതികൾ, വ്യവസായങ്ങൾ, ഖനനം, വനനശീകരണം തുടങ്ങിയവ ഉണ്ടാക്കുന്ന പാരിസ്ഥിതിക, സാമൂഹിക പ്രശ്നങ്ങളെയാണ് ഈ പ്രസ്ഥാനങ്ങൾ പ്രധാനമായും അഭിസംബോധന ചെയ്യുന്നത്. പ്രകൃതിവിഭവങ്ങളുടെ സംരക്ഷണം, ജൈവവൈവിധ്യങ്ങളുടെ സംരക്ഷണം, പരിസ്ഥിതി നയരൂപീകരണം, പാരിസ്ഥിതിക അവബോധം വളർത്തൽ, സുസ്ഥിരവികസനം തുടങ്ങി നിരവധി വിഷയങ്ങളിൽ പരിസ്ഥിതി പ്രസ്ഥാനങ്ങൾക്ക് ഇടപെടാൻ സാധിച്ചിട്ടുണ്ട്. അഖിലേന്ത്യാതലത്തിൽ ശ്രദ്ധ നേടിയ ചില പ്രധാന പരിസ്ഥിതി മുന്നേറ്റങ്ങളെ പരിചയപ്പെടാം.

| പ്രസ്ഥാനങ്ങൾ | സവിശേഷതകൾ |
|---|---|

### ചിപ്കോ പ്രസ്ഥാനം



സുന്ദർലാൽ ബഹുഗുണ

- ഉത്തരാഖണ്ഡിലെ ഹിമാലയൻ പ്രദേശങ്ങളിൽ നിന്നും വ്യവസായങ്ങൾക്കായി വൻതോതിൽ വൃക്ഷങ്ങൾ മുറിക്കുന്നതിനെ എതിർത്തു.
- തദ്ദേശീയ ജനതയ്ക്ക് വനവിഭവങ്ങൾക്കുമേലുള്ള അവകാശങ്ങൾ സംരക്ഷിക്കാനായി നിലകൊണ്ടു.
- സ്ത്രീപങ്കാളിത്തവും നേതൃത്വവും.
- വൃക്ഷങ്ങളെ ആലിംഗനം ചെയ്യുന്ന സമരരീതി.

### നർമ്മദാബച്ചാവോ ആന്ദോളൻ



മേധ പട്കർ

- നർമ്മദാനദിയിലെ സർദാർസരോവർ പദ്ധതിക്കെതിരായി രൂപപ്പെട്ട പ്രസ്ഥാനം.
- ഗോത്രവർഗ ജനതയുടെ കുടിയൊഴിപ്പിക്കലിനെതിരെ പ്രവർത്തിച്ചു.
- തദ്ദേശീയ ജനതയുടെ ജീവനോപാധികൾ സംരക്ഷിക്കുന്നതിനായി പ്രവർത്തിച്ചു.
- നീതിപൂർവമല്ലാത്ത കുടിയൊഴിപ്പിക്കലിനും പുനരധിവാസത്തിനും എതിരായി നിലകൊണ്ടു.

### സൈലന്റ്‌വാലി



സൈലന്റ്‌വാലി ദേശീയോദ്യാനം

- സൈലന്റ്‌വാലിയിലെ നിർദിഷ്ട ജലവൈദ്യുത പദ്ധതിക്കെതിരായ പ്രസ്ഥാനം.
- മഴക്കാടും ജൈവവൈവിധ്യങ്ങളും സംരക്ഷിക്കുന്നതിനായി നിലകൊണ്ടു.
- പ്രക്ഷോഭങ്ങളെ തുടർന്ന് സൈലന്റ്‌വാലി ജലവൈദ്യുത പദ്ധതി ഉപേക്ഷിക്കപ്പെട്ടു.
- സൈലന്റ്‌വാലി ദേശീയ ഉദ്യാനമായി പ്രഖ്യാപിക്കപ്പെട്ടു.

പരിസ്ഥിതിസംഘടനകളുടെയും മറ്റ് ജനകീയപ്രസ്ഥാനങ്ങളുടെയും ഇട പെടലുകളുടെ ഫലമായി നിരവധി പരിസ്ഥിതി സംരക്ഷണനിയമങ്ങളും പാരിസ്ഥിതിക അവകാശങ്ങൾ സംരക്ഷിക്കുന്ന നിയമങ്ങളും സംരക്ഷിത വനപ്രദേശങ്ങളുടെ പ്രഖ്യാപനങ്ങളും ദേശീയ ഉദ്യാനങ്ങളുടെ പ്രഖ്യാപനങ്ങ ളുമെല്ലാം ഇന്ത്യയിൽ ഉണ്ടായിട്ടുണ്ട്.

**2002** — *ജൈവവൈവിധ്യനിയമം*

**2006** — *പട്ടികവർഗക്കാരുടെയും മറ്റ് പരമ്പരാഗത വനവാസികളുടെയും അവകാശങ്ങൾ തിരിച്ചറിയൽ നിയമം*

**2013** — *ഭൂമി ഏറ്റെടുക്കൽ, പുനരധിവാസം എന്നിവയിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കുമുള്ള അവകാശനിയമം*

വികസനപ്രവർത്തനങ്ങൾ വർത്തമാനകാലത്ത് സൃഷ്ടിക്കുന്ന പാരിസ്ഥിതിക സാമൂഹിക പ്രശ്നങ്ങൾ എന്ന വിഷയത്തിൽ സംവാദം സംഘടിപ്പിക്കുക.

## കർഷകപ്രസ്ഥാനങ്ങൾ (Peasant Movements)


കർഷകസമരം

കർഷകർ നേരിടുന്ന പ്രശ്നങ്ങൾ മുൻനിർത്തി നിരവധി മുന്നേറ്റങ്ങൾ ഇന്ത്യയിലുണ്ടായിട്ടുണ്ട്. ഹരിതവിപ്ലവത്തോട നുബന്ധിച്ച് കാർഷികമേഖലയ്ക്ക് പ്രോത്സാഹനം ലഭിച്ചിരുന്നു വെങ്കിലും 1980-കളുടെ മധ്യത്തോടെ നമ്മുടെ സാമ്പത്തികന യത്തിൽ വന്ന ഉദാരവൽക്കരണ നയങ്ങൾ കാർഷികരംഗത്തെ പ്രതിസന്ധിയിലാക്കി. ഉൽപാദനത്തെയും ഭക്ഷ്യസുരക്ഷയെ യും തൊഴിൽമേഖലയെയും ഗുരുതരമായി ബാധിക്കുന്നതായി രുന്നു കാർഷികമേഖലയിലെ പരിഷ്കാരങ്ങൾ. ഇതിനെതിരെ ഉത്തർപ്രദേശിൽ രൂപപ്പെട്ട ഭാരതീയ കിസാൻ യൂണിയൻ (BKU) ഗ്രാമീണകർഷകരെ സംഘടിപ്പിച്ച് വൻ പ്രക്ഷോഭങ്ങൾ നടത്തി. മഹാരാഷ്ട്രയിലെ ഷേത്കാരി സംഘടന, കർണാടകയിലെ റയത സംഘം തുടങ്ങിയവ രാജ്യത്തിന്റെ വിവിധപ്രദേശങ്ങളിലുണ്ടായ കർഷക മുന്നേറ്റ പ്രസ്ഥാനങ്ങൾക്ക് ഉദാഹരണങ്ങളാണ്. 2020 – 2021 കാലഘട്ടത്തിൽ ഡൽഹിയുടെ അതിർത്തി പ്രദേശങ്ങളിൽ സംയുക്ത കിസാൻ മോർച്ചയുടെ ആഭിമുഖ്യത്തിൽ കേന്ദ്രസർക്കാരിന്റെ കാർഷികനിയമങ്ങൾക്കെതിരെ സംഘ ടിപ്പിക്കപ്പെട്ട കർഷകസമരം ജനപങ്കാളിത്തം കൊണ്ട് ശ്രദ്ധ നേടിയിരുന്നു. സമരത്തെ തുടർന്ന് കർഷകരുടെ ആവശ്യങ്ങൾ സർക്കാർ അംഗീകരിക്കുക യുണ്ടായി.

കൂടുതൽ കർഷകപ്രസ്ഥാനങ്ങളും കാർഷികനിയമങ്ങളും ഉൾപ്പെടുത്തി കുറിപ്പ് തയ്യാറാക്കുക.

## വിവരാവകാശത്തിനുവേണ്ടിയുള്ള പ്രസ്ഥാനം

വിവരാവകാശത്തിനായുള്ള പ്രസ്ഥാനവും അതിനെത്തുടർന്നുണ്ടായ നിയമവും പൊതുജനപ്രക്ഷോഭങ്ങൾക്ക് ലഭിക്കുന്ന സ്വീകാര്യതയ്ക്കും വിജയത്തിനും ഉദാഹരണമാണ്. 1990ൽ രാജസ്ഥാനിലെ മസ്ദൂർ കിസാൻ ശക്തി സംഘതൻ (MKSS) എന്ന സംഘടനയാണ് ഈ പ്രസ്ഥാനത്തിന് ആരംഭം കുറിച്ചത്. രാജസ്ഥാനിലെ ഭീം തഹ്സിൽ എന്ന പിന്നാക്കപ്രദേശത്തായിരുന്നു ആദ്യമായി പൊതുനിർമ്മാണങ്ങളുമായി ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കാനാവശ്യപ്പെട്ടത്. സ്കൂളുകൾ, ഡിസ്പെൻസറികൾ, ചെറിയ ഡാമുകൾ എന്നിവയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് പൊതുപണം ദുരുപയോഗം ചെയ്യപ്പെട്ടുവെന്ന സംശയത്താലായിരുന്നു ഇത്. എം.കെ.എസ്.എസ്.ന്റെ ആഭിമുഖ്യത്തിൽ ഡൽഹി കേന്ദ്രമാക്കി വിവരാവകാശത്തിനായുള്ള ദേശീയ കൗൺസിൽ (National Council for People's Right to Information) രൂപീകരിക്കപ്പെടുകയും ദേശീയതലത്തിൽ പ്രചാരണം ആരംഭിക്കുകയും ചെയ്തു. കൂടാതെ ഉപഭോക്തൃവിദ്യാഭ്യാസ ഗവേഷണകേന്ദ്രം (Consumer Education and Research Centre), പ്രസ്സ് കൗൺസിൽ, ഷൂരി കമ്മിറ്റി എന്നിവയും ഇതേ ആവശ്യം മുൻനിർത്തി വിവരാവകാശനിയമത്തിനായുള്ള കരട് രൂപം തയ്യാറാക്കാൻ നിർദേശിച്ചിരുന്നു. ഈ പശ്ചാത്തലത്തിലാണ് 2005ൽ വിവരാവകാശനിയമം നിലവിൽ വന്നത്.

### വിവരാവകാശനിയമം (Right to Information Act)

2005ൽ ഇന്ത്യൻ പാർലമെന്റ് വിവരാവകാശനിയമം പാസാക്കുകയും 2005 ഒക്ടോബർ 12ന് നിയമം പ്രാബല്യത്തിൽ വരുകയും ചെയ്തു. പൊതുസ്ഥാപനങ്ങളിൽ നിന്നും അധികാരികളിൽ നിന്നും പൗരർക്ക് വിവരങ്ങൾ ലഭിക്കുന്നതിനുള്ള അവകാശമാണ് ഈ നിയമം ഉറപ്പുവരുത്തുന്നത്. ഇതുപ്രകാരം വിവരങ്ങൾ 30 ദിവസങ്ങൾക്കുള്ളിൽ നൽകേണ്ടതുണ്ട്. ഹർജിക്കാരന്റെ ജീവനും സ്വാതന്ത്ര്യത്തിനും ഭീഷണിയായ കാര്യങ്ങളാണെങ്കിൽ 48 മണിക്കൂറിനുള്ളിൽ വിവരങ്ങൾ നൽകണം. വിവരങ്ങൾ നൽകുന്നതിനായി ഓരോ സ്ഥാപനത്തിലും ഒരു ചീഫ് ഇൻഫർമേഷൻ ഓഫീസർ പ്രവർത്തിക്കുന്നു. നിശ്ചിതസമയത്തിനുള്ളിൽ വിവരങ്ങൾ ലഭിക്കാത്തപക്ഷം ഹർജിക്കാരന് മേലധികാരികൾക്ക് അപ്പീൽ സമർപ്പിക്കാവുന്നതാണ്. വിവരാവകാശനിയമത്തിന്റെ നടത്തിപ്പിനായി കേന്ദ്രത്തിലും സംസ്ഥാനങ്ങളിലും വിവരാവകാശ കമ്മീഷനുകൾ പ്രവർത്തിച്ചുവരുന്നു. ജനാധിപത്യത്തിൽ സുതാര്യത അത്യന്താപേക്ഷിതമായതിനാലും അഴിമതി നിർമാർജനം ചെയ്യേണ്ടതിനാലും പൊതുകാര്യങ്ങളെ സംബന്ധിച്ച് ആധികാരികമായ വിവരങ്ങൾ പൗരർക്ക് ലഭ്യമാക്കേണ്ടതുണ്ട്.

വിവരാവകാശപ്രസ്ഥാനം ഇന്ത്യൻ ജനാധിപത്യത്തെ എങ്ങനെയെല്ലാം ശക്തിപ്പെടുത്തുന്നു എന്ന വിഷയത്തിൽ ഒരു ലേഖനം തയ്യാറാക്കുക.

## പ്രാദേശിക പ്രസ്ഥാനങ്ങൾ

വൈവിധ്യങ്ങൾ നിറഞ്ഞ രാജ്യമാണ് ഇന്ത്യ. ഭൂപ്രകൃതി, കാലാവസ്ഥ, ഭാഷ, സംസ്കാരം, ജീവിതരീതി, മതം, വംശം തുടങ്ങിയവയിലെല്ലാം ഈ വൈവിധ്യം ദർശിക്കാൻ സാധിക്കും. ഇവയുടെ അടിസ്ഥാനത്തിൽ ഒരു പ്രദേശത്തിന് പ്രത്യേക പരിഗണന, ആനുകൂല്യം, സംരക്ഷണം തുടങ്ങിയ ആവശ്യങ്ങൾക്കായി ഉടലെടുക്കുന്ന പ്രസ്ഥാനങ്ങളാണ് പ്രാദേശിക പ്രസ്ഥാനങ്ങൾ. ഉന്നയിക്കുന്ന ആവശ്യത്തിന്റെ അടിസ്ഥാനത്തിൽ ഇത്തരം പ്രസ്ഥാനങ്ങളെ പ്രധാനമായും കുടിയേറ്റ വിരുദ്ധ പ്രസ്ഥാനങ്ങൾ, പ്രാദേശിക സ്വയംഭരണ പ്രസ്ഥാനങ്ങൾ, വിഘടനവാദ പ്രസ്ഥാനങ്ങൾ എന്നിങ്ങനെ തരംതിരിക്കാം. ഇത്തരം ചില പ്രസ്ഥാനങ്ങളും അവയെ ഇന്ത്യൻ ജനാധിപത്യം എങ്ങനെ സമീപിച്ചുവെന്നും നമുക്ക് നോക്കാം.

## ദ്രാവിഡപ്രസ്ഥാനം



ഇ.വി. രാമസ്വാമി നായ്ക്കർ

ദ്രാവിഡജനതയുടെ രാഷ്ട്രീയശാക്തീകരണം, തമിഴ് ഭാഷയുടെ വളർച്ച, യുക്തിവാദം എന്നീ ആശയങ്ങളുടെ സ്വാധീനത്താൽ ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ തമിഴ് നാട്ടിൽ ആരംഭിച്ച പ്രസ്ഥാനമായിരുന്നു ദ്രാവിഡപ്രസ്ഥാനം. ദ്രാവിഡ സംസ്കാരത്തിനുമേൽ ബ്രാഹ്മണസംസ്കാരം മേധാവിത്വം നേടുന്നത് ചെറുക്കുക എന്നതും ഈ പ്രസ്ഥാനത്തിന്റെ ലക്ഷ്യമായിരുന്നു. ഇ.വി. രാമസ്വാമി നായ്ക്കരുടെ ആത്മാഭിമാനപ്രസ്ഥാനത്തിന്റെ ആശയധാരയിൽ നിന്നാണ് ഈ പ്രസ്ഥാനം രൂപമെടുത്തത്. പിന്നീട് അദ്ദേഹം ദ്രാവിഡകഴകം എന്ന രാഷ്ട്രീയപ്പാർട്ടിക്ക് രൂപം നൽകി. ഇത് ദ്രാവിഡ മുന്നേറ്റ കഴകമായി (DMK) മാറി. ശക്തമായ പ്രക്ഷോഭങ്ങളിലൂടെ തമിഴ്നാട് രാഷ്ട്രീയത്തെ സ്വാധീനിച്ച ഡി.എം.കെ. 1967ൽ അധികാരത്തിലെത്തി. പിന്നീടുള്ള തമിഴ്നാട് രാഷ്ട്രീയത്തിൽ വിവിധ ദ്രാവിഡ പ്രസ്ഥാനങ്ങളുടെ സ്വാധീനം ദർശിക്കാൻ സാധിക്കും.

## കുടിയേറ്റ വിരുദ്ധ പ്രസ്ഥാനങ്ങൾ

അനിയന്ത്രിത കുടിയേറ്റം ഒരു പ്രദേശത്തെ തദ്ദേശീയ ജനതയ്ക്ക് സൃഷ്ടിക്കുന്ന വംശീയ-ഭാഷാ-സാംസ്കാരിക-സാമ്പത്തിക-തൊഴിൽ പ്രശ്നങ്ങളെ മുൻനിർത്തി രൂപപ്പെടുന്ന പ്രസ്ഥാനങ്ങളാണ് കുടിയേറ്റ വിരുദ്ധ പ്രസ്ഥാനങ്ങൾ. ഇവയിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് അസം പ്രസ്ഥാനം.

## അസം പ്രസ്ഥാനം

കുടിയേറ്റത്തിനെതിരെ, വിശേഷിച്ച് ബംഗ്ലാദേശികളുടെ കുടിയേറ്റത്തിനെതിരെ 1979 മുതൽ 1985 വരെ അസമിൽ നടന്ന പ്രക്ഷോഭമാണ് അസം പ്രസ്ഥാനത്തിന് തുടക്കം കുറിച്ചത്. ആൾ അസം സ്റ്റുഡൻസ് യൂണിയനാണ് ഈ പ്രസ്ഥാനത്തിന് നേതൃത്വം നൽകിയത്. ബംഗ്ലാദേശിൽ നിന്നുമുള്ള അനധികൃതകുടിയേറ്റം അസം ജനതയുടെ തൊഴിലവസരങ്ങൾ ഇല്ലാതാക്കുമെന്നും ദാരിദ്ര്യത്തിനും സാമ്പത്തിക പ്രതിസന്ധിക്കും കാരണമാകുമെന്നും പ്രക്ഷോഭ

കാരികൾ ആശങ്ക ഉന്നയിച്ചു. 1951ന് ശേഷം അനധികൃതമായി അസമിൽ കുടിയേറിയവരെ പുറത്താക്കാൻ പ്രക്ഷോഭകാരികൾ ആവശ്യപ്പെട്ടു. വ്യാപകമായ അക്രമങ്ങൾക്കും സംഘർഷങ്ങൾക്കും സമരം വഴിയൊരുക്കി. കേന്ദ്രസർക്കാർ പ്രക്ഷോഭകരുമായി 1985ൽ ഒപ്പുവച്ച കരാറും തുടർന്നുണ്ടായ ജനാധിപത്യ ഇടപെടലുകളും പ്രശ്നത്തെ ഒരുപരിധിവരെ പരിഹരിക്കാൻ സഹായിച്ചു.

## സ്വയം ഭരണത്തിനുവേണ്ടിയുള്ള പ്രസ്ഥാനങ്ങൾ

രാജ്യത്തിനുള്ളിൽ കൂടുതൽ സ്വയംഭരണം ആവശ്യപ്പെട്ടുകൊണ്ടോ, പ്രത്യേക സംസ്ഥാനപദവി ആവശ്യപ്പെട്ടുകൊണ്ടോ ഉദയം ചെയ്ത പ്രസ്ഥാനങ്ങളാണ് ഇവ. പ്രാദേശികമായി അവഗണിക്കപ്പെടുന്നു എന്ന മനോഭാവം, ഭാഷാപരവും സാംസ്കാരികവുമായ പ്രത്യേകതകൾ, അസന്തുലിതമായ സാമ്പത്തികവളർച്ച തുടങ്ങിയ വിഷയങ്ങൾ ഉയർത്തിക്കൊണ്ടാണ് ഇത്തരം പ്രസ്ഥാനങ്ങൾ സ്വയംഭരണാവശ്യം ഉന്നയിക്കുന്നത്. ഈ വിഭാഗത്തിൽപ്പെട്ട ചില പ്രസ്ഥാനങ്ങളെ താഴെ കൊടുത്തിരിക്കുന്ന പട്ടികയിൽ നിന്നും നമുക്ക് പരിചയപ്പെടാം.

| പ്രസ്ഥാനം | നേതൃത്വം കൊടുത്ത സംഘടന | കാരണങ്ങൾ/ ആവശ്യം | പരിഹാരം |
|---|---|---|---|
| ഗൂർഖാലാന്റ് പ്രസ്ഥാനം | ഗൂർഖാ നാഷണൽ ലിബറേഷൻ ഫ്രണ്ട് | പശ്ചിമബംഗാളിൽ നേപ്പാളി ഭാഷ സംസാരിക്കുന്ന ഗൂർഖാ വിഭാഗത്തിന് പ്രത്യേക സംസ്ഥാനം രൂപീകരിക്കുക | 1988ൽ സ്വയംഭരണാധികാരമുള്ള ഡാർജിലിംഗ് ഗൂർഖാ ഹിൽ കൗൺസിലിന് രൂപം നൽകി.<br>2012ൽ ഗൂർഖാ ഹിൽ കൗൺസിലിന് പകരം ഗൂർഖാലാന്റ് ടെറിട്ടോറിയൽ അഡ്മിനിസ്ട്രേഷൻ രൂപീകരിച്ചു. |
| ഝാർഖണ്ഡ് പ്രസ്ഥാനം | ഝാർഖണ്ഡ് മുക്തി മോർച്ച | ബീഹാറിൽ നിന്നും ഝാർഖണ്ഡ് മേഖല വിഭജിച്ച് പ്രത്യേക സംസ്ഥാനം രൂപീകരിക്കുക. | 2000-ത്തിൽ ഝാർഖണ്ഡ് സംസ്ഥാനം രൂപീകരിച്ചു. |
| തെലങ്കാന പ്രസ്ഥാനം | തെലങ്കാന രാഷ്ട്ര സമിതി | ആന്ധ്രാപ്രദേശ് വിഭജിച്ച് തെലങ്കാന സംസ്ഥാനം രൂപീകരിക്കുക | 2014ൽ തെലങ്കാന സംസ്ഥാനം രൂപീകരിച്ചു. |

## വിഘടനവാദ പ്രസ്ഥാനങ്ങൾ

ഇന്ത്യയിൽ നിന്ന് ചില പ്രദേശങ്ങൾ വേർപ്പെടുത്തി സ്വതന്ത്രരാഷ്ട്രങ്ങൾ രൂപീകരിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച പ്രസ്ഥാനങ്ങളാണ് ഈ ഗണത്തിൽപ്പെടുന്നത്. പഞ്ചാബ്, ജമ്മുകാശ്മീർ, മിസോറാം, നാഗാലാൻഡ് എന്നീ സംസ്ഥാനങ്ങളിലെ വിഘടനവാദപ്രസ്ഥാനങ്ങൾ ഇക്കൂട്ടത്തിൽപ്പെടുന്നു

## ഖാലിസ്ഥാൻ പ്രസ്ഥാനം

സിഖ് ജനതയ്ക്ക് ഖാലിസ്ഥാൻ എന്ന പ്രത്യേക രാഷ്ട്രം വേണമെന്ന ആവശ്യം മുൻനിർത്തി പഞ്ചാബിൽ ഉയർന്നുവന്ന പ്രസ്ഥാനമാണ് ഖാലിസ്ഥാൻ പ്രസ്ഥാനം. സിഖ് ജനവിഭാഗത്തിലെ തീവ്രവിഭാഗമായിരുന്നു ഈ പ്രസ്ഥാനത്തിന് നേതൃത്വം നൽകിയത്. പ്രത്യേകരാഷ്ട്രം നേടിയെടുക്കുക എന്ന ലക്ഷ്യത്തിനായി സായുധമാർഗമായിരുന്നു ഇവർ സ്വീകരിച്ചത്. പ്രമുഖ സിഖ് ആരാധനാലയമായ അമൃത്സറിലെ സുവർണ്ണക്ഷേത്രത്തെ കലാപകാരികൾ അവരുടെ കേന്ദ്രമാക്കിമാറ്റി. സുവർണ്ണക്ഷേത്രത്തിൽ കടന്നുകയറിയ തീവ്രവാദികളെ കേന്ദ്രസർക്കാർ 1984ലെ 'ഓപ്പറേഷൻ ബ്ലൂസ്റ്റാർ' എന്ന സൈനിക നടപടിയിലൂടെ അമർച്ച ചെയ്തു. ഇതിനെത്തുടർന്ന് പ്രധാനമന്ത്രി ഇന്ദിരാഗാന്ധി തന്റെ രണ്ട് സിഖ് അംഗരക്ഷകരാൽ വധിക്കപ്പെട്ടു. ഇന്ദിരാഗാന്ധിയുടെ മരണത്തെ തുടർന്ന് രാജ്യത്തിന്റെ വിവിധഭാഗങ്ങളിൽ സിഖ് വിരുദ്ധകലാപം പൊട്ടിപ്പുറപ്പെട്ടു. ഈ കലാപത്തിൽ നിരപരാധികളായ നിരവധി സിഖുകാർ കൊല്ലപ്പെട്ടു. പ്രധാനമന്ത്രി രാജീവ് ഗാന്ധിയും സിഖ് നേതാവ് ഹർചന്ദ് സിംഗ് ലോംഗോവാളും ചേർന്ന് 1985ൽ പഞ്ചാബ് കരാർ ഒപ്പുവച്ചതിനെത്തുടർന്നാണ് സ്ഥിതിഗതികൾക്ക് മാറ്റമുണ്ടായത്. തുടർന്നുണ്ടായ കാര്യക്ഷമമായ ജനാധിപത്യനടപടിക്രമങ്ങളിലൂടെ പഞ്ചാബിൽ വിഘടനവാദം പൂർണ്ണമായി അവസാനിപ്പിക്കുവാനും സമാധാനം പുനഃസ്ഥാപിക്കുവാനും സാധിച്ചു.

## ജമ്മുകാശ്മീരിലെ വിഘടനവാദപ്രസ്ഥാനങ്ങൾ

ഭരണഘടനയുടെ അനുച്ഛേദം 370 പ്രകാരം പ്രത്യേക അവകാശങ്ങൾ അനുവദിച്ചിരുന്ന സംസ്ഥാനമാണ് ജമ്മുകാശ്മീർ. ഇന്ത്യയിൽനിന്ന് കാശ്മീരിനെ വിഭജിച്ച് സ്വതന്ത്രരാഷ്ട്രമാക്കുകയോ പാക്കിസ്ഥാനിൽ ചേർക്കുകയോ എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്നവയാണ് ജമ്മുകാശ്മീരിലെ വിഘടനവാദ പ്രസ്ഥാനങ്ങൾ. ഇവർ നടത്തിയ സായുധ ആക്രമണങ്ങൾ രാജ്യത്തിന്റെ സുരക്ഷയ്ക്കും ഐക്യത്തിനും അഖണ്ഡതയ്ക്കും വലിയ ഭീഷണി ഉയർത്തുകയുണ്ടായി. സമാധാനചർച്ചകളിലൂടെയും പ്രത്യേക സാമ്പത്തിക-വികസന പ്രവർത്തനങ്ങളിലൂടെയും സമാധാനം പുനഃസ്ഥാപിക്കാൻ കേന്ദ്രസർക്കാർ ശ്രമം നടത്തുകയുണ്ടായി. ജമ്മുകാശ്മീരിനനുവദിച്ചിരുന്ന അനുച്ഛേദം 370 പ്രകാരമുള്ള പ്രത്യേക അവകാശങ്ങൾ 2019ൽ കേന്ദ്രസർക്കാർ പിൻവലിക്കുകയും ജമ്മുകാശ്മീർ പുനഃസംഘടന നിയമം പാസാക്കുകയും ചെയ്തു. ഇതുപ്രകാരം ജമ്മുകാശ്മീരിന്റെ സംസ്ഥാനപദവി എടുത്തുകളയുകയും ജമ്മുകാശ്മീർ, ലഡാക് എന്നിങ്ങനെ രണ്ട് കേന്ദ്രഭരണ പ്രദേശങ്ങളായി പുനഃസംഘടിപ്പിക്കുയും ചെയ്തു. 2024ൽ ജമ്മുകാശ്മീർ നിയമസഭയിലേക്ക് സമാധാനപരമായി തിരഞ്ഞെടുപ്പ് നടത്താൻ സാധിക്കുകയും ജമ്മുകാശ്മീർ നാഷണൽ കോൺഫറൻസ് നേതാവ് ഒമർ അബ്ദുള്ള മുഖ്യമന്ത്രിയായി സർക്കാർ രൂപീകരിക്കുകയും ചെയ്തു.

ഇന്ത്യയുടെ വടക്കുപടിഞ്ഞാറൻ ഭാഗങ്ങളിലെന്നതുപോലെ വടക്കുകിഴക്കൻ മേഖലകളിലും വിഘടനവാദപ്രസ്ഥാനങ്ങൾ ഉയർന്നുവന്നിരുന്നു. വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ നിലവിലുണ്ടായിരുന്ന ചില വിഘടനവാദ പ്രസ്ഥാനങ്ങളെ നമുക്ക് പരിചയപ്പെടാം.

### വടക്കുകിഴക്കൻ വിഘടനവാദ പ്രസ്ഥാനങ്ങൾ

| പ്രസ്ഥാനം | നേതാവ് | ആവശ്യം | പരിഹാരം |
|---|---|---|---|
| മിസോ നാഷണൽ ഫ്രണ്ട് (MNF) | ലാൽ ഡെംഗെ | മിസോ ഗോത്രവർഗക്കാർക്കായി പ്രത്യേക രാജ്യം | 1986ലെ സമാധാന ക്കരാർ അനുസരിച്ച് മിസോറാമിന് പ്രത്യേക അധികാരങ്ങളോടെ സമ്പൂർണ്ണ സംസ്ഥാനപദവി നൽകാൻ തീരുമാനിച്ചു. |
| നാഗാ നാഷണൽ കൗൺസിൽ | അംഗാമി സഫു ഫിസോ | നാഗാപ്രദേശങ്ങളുടെ ഏകീകരണം, സ്വയം ഭരണം, ഗോത്രസംസ്കാരസംരക്ഷണം | 2015ൽ നാഗാ സമാധാനക്കരാർ ഒപ്പു വച്ചു. |

### ഇന്ത്യൻ ജനാധിപത്യം നേരിടുന്ന മറ്റുചില വെല്ലുവിളികൾ

നമ്മുടെ രാജ്യത്തെ ജനാധിപത്യപ്രക്രിയയെ അസ്ഥിരപ്പെടുത്തുന്ന പ്രധാന വെല്ലുവിളികളാണ് വർഗീയത, കേന്ദ്ര-സംസ്ഥാന ബന്ധങ്ങളിലെ സംഘർഷങ്ങൾ, അഴിമതി, രാഷ്ട്രീയത്തിലെ ക്രിമിനലിസം, കൂറുമാറ്റം തുടങ്ങിയ പ്രവണതകൾ. ഇവ ജനങ്ങളുടെ സ്വൈര്യജീവിതത്തെയും രാഷ്ട്രപുരോഗതിയെയും സാമ്പത്തിക വളർച്ചയെയും പ്രതികൂലമായി ബാധിക്കുന്നു. ഈ പ്രവണതകൾ ഇന്ത്യൻ ജനാധിപത്യത്തിന് വെല്ലുവിളികൾ ഉയർത്തുന്നത് എങ്ങനെയെന്ന് നമുക്ക് പരിശോധിക്കാം.

### വർഗീയത (Communalism)

മതാടിസ്ഥാനത്തിൽ ജനങ്ങളെ ഭിന്നിപ്പിച്ച് സാമൂഹികസംഘർഷം സൃഷ്ടിക്കുന്ന ആശയമാണ് വർഗീയത. കൊളോണിയൽ ഭരണകാലത്ത് ഭിന്നിപ്പിച്ചു ഭരിക്കുക എന്ന ബ്രിട്ടീഷ് തന്ത്രം മതാടിസ്ഥാനത്തിൽ ഇന്ത്യൻ ജനതയെ ഭിന്നിപ്പിക്കുന്നതിനും വർഗീയത വളർത്തുന്നതിനും കാരണമായി. അതുപോലെ ഇന്ത്യാവിഭജനത്തെ തുടർന്നുണ്ടായ കലാപങ്ങളും ജനതയെ മതാടിസ്ഥാനത്തിൽ ഭിന്നിപ്പിക്കുന്നതിനും വർഗീയചിന്ത വളർത്തുന്നതിനും വഴിവച്ചു. വർഗീയ ചേരിതിരിവ് നമ്മുടെ ഭരണഘടനാ മൂല്യങ്ങളായ മതേതരത്വം, സാമൂഹികനീതി എന്നിവയെ ദുർബലപ്പെടുത്തുകയും രാഷ്ട്രത്തിന്റെ ഐക്യത്തിനും അഖണ്ഡതയ്ക്കും ഭീഷണിയുയർത്തുകയും ചെയ്യുന്നു. മതത്തിന്റെയും വർഗീയചിന്തയുടെയും അടിസ്ഥാനത്തിൽ ജനാഭിപ്രായം സ്വരൂപിക്കപ്പെടുന്നതും രാഷ്ട്രീയപ്പാർട്ടികൾ ഇതിനെ തിരഞ്ഞെടുപ്പിൽ വോട്ടർമാരെ സ്വാധീനിക്കുന്നതിനായി ഉപയോഗിക്കുന്നതും ജനാധിപത്യത്തിന് വെല്ലുവിളി ഉയർത്തുന്നുണ്ട്. ജനജാഗ്രത സൃഷ്ടിക്കുന്നതിലൂടെയും ബോധവൽക്കരണത്തിലൂടെയും ശരിയായ ജനാധിപത്യവിദ്യാഭ്യാസത്തിലൂടെയും മാത്രമേ വർഗീയതയെ ചെറുക്കാൻ സാധിക്കുകയുള്ളു.

'വർഗീയത ഇന്ത്യൻ ജനാധിപത്യത്തിന് സൃഷ്ടിക്കുന്ന വിപത്ത്' എന്ന വിഷയത്തിൽ ഒരു പ്രസംഗം തയ്യാറാക്കുക.

## കേന്ദ്ര-സംസ്ഥാന ബന്ധങ്ങളിലെ സംഘർഷങ്ങൾ
## (Tensions in Centre-State Relations)




മുകളിൽ നൽകിയിട്ടുള്ള വാർത്താതലക്കെട്ടുകൾ വായിച്ചല്ലോ. അധികാര പരിധി ലംഘിക്കുന്ന ഗവർണർമാർക്കെതിരെ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ നിരീക്ഷണങ്ങളാണിവ. ഇതിൽ നിന്നും നിങ്ങൾ എന്താണ് മനസ്സിലാക്കുന്നത്?

- 
- 

കേന്ദ്ര-സംസ്ഥാന ബന്ധങ്ങളിലെ സംഘർഷങ്ങൾ ഇന്ത്യൻ ജനാധിപത്യം നേരിടുന്ന മറ്റൊരു പ്രധാന വെല്ലുവിളിയാണ്. ഭരണഘടന, അധികാരം കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കുമായി വിഭജിച്ച് നൽകിയിട്ടുണ്ടെങ്കിലും കൂടുതൽ അധികാരം കേന്ദ്രത്തിൽ നിക്ഷിപ്തമാണ്. ചില കാര്യങ്ങളിൽ കേന്ദ്രസർക്കാരിന്റെ മേൽക്കൈ അത് ഉറപ്പാക്കുകയും ചെയ്തിരിക്കുന്നു. മറുവശത്ത്, സംസ്ഥാനങ്ങൾക്ക് നൽകിയിരിക്കുന്ന അധികാരങ്ങൾ സ്വതന്ത്രമായി വിനിയോഗിക്കാനുള്ള അവകാശം അവയ്ക്ക് ഭരണഘടന നൽകുന്നുമുണ്ട്. എന്നാൽ, പലപ്പോഴും മാറിമാറി വരുന്ന കേന്ദ്രസർക്കാരുകൾ നേരിട്ടും ഗവർണർമാർ മുഖേനയും സംസ്ഥാനങ്ങളുടെ ഈ അവകാശത്തിൽ ഇടപെടുന്നു. കേന്ദ്രാവിഷ്കൃത പദ്ധതികളിലും വിഭവങ്ങളുടെ വിതരണത്തിലും രാഷ്ട്രീയം കലരുന്നതും നമുക്ക് കാണാനാകും. ഇത്തരം നീക്കങ്ങളാണ് കേന്ദ്ര-സംസ്ഥാന ബന്ധങ്ങളെ പ്രധാനമായും കലുഷിതമാക്കുന്നത്. കേന്ദ്രവും സംസ്ഥാനങ്ങളും

തമ്മിലുണ്ടാകുന്ന നിയമപരമായ തർക്കങ്ങൾക്ക് തീർപ്പ് കല്പിക്കാൻ ജുഡീഷ്യറിക്കാണ് അധികാരം.

## കേന്ദ്ര-സംസ്ഥാന ബന്ധങ്ങൾ (Centre – State Relations)

ഭരണഘടന വാസ്തവത്തിൽ ഒരു ചട്ടക്കൂട് അഥവാ അസ്ഥിപഞ്ജരം മാത്രമാണ്. അതിന് മാംസവും രക്തവും പ്രദാനം ചെയ്യുന്നത് യഥാർഥ രാഷ്ട്രീയപ്രക്രിയകളാണ്. അതിനാൽ ഇന്ത്യൻ ഫെഡറലിസത്തെ ഒരു വലിയ പരിധിവരെ സ്വാധീനിച്ചിട്ടുള്ളത് മാറിക്കൊണ്ടിരിക്കുന്ന രാഷ്ട്രീയപ്രക്രിയകളാണ്. ഭരണഘടന നിലവിൽവന്ന നാൾ മുതൽ തന്നെ കേന്ദ്രസംസ്ഥാന ബന്ധങ്ങൾ നിലനിർത്തുന്നതിൽ ഗവർണർമാരുടെ പങ്ക് വളരെ നിർണ്ണായകമാണ്.

## ഗവർണറുടെ പങ്ക് (Role of Governor)

ഗവർണർമാരുടെ പങ്ക് എല്ലാകാലത്തും സംസ്ഥാനങ്ങളും കേന്ദ്രഗവൺമെന്റും തമ്മിലുള്ള ഒരു വിവാദവിഷയമാണ്. ഗവർണർ എന്നത് തിരഞ്ഞെടുക്കപ്പെട്ട ഒരു ഔദ്യോഗിക സ്ഥാനമല്ല. വിരമിച്ച സൈനിക ഉദ്യോഗസ്ഥർ, ഗവൺമെന്റ് ഉദ്യോഗസ്ഥർ, രാഷ്ട്രീയക്കാർ എന്നിവരാണ് ഗവർണർമാരായി പൊതുവെ നിയമിക്കപ്പെടാറുള്ളത്. ഗവർണർമാരെ നിയമിക്കുന്നത് കേന്ദ്ര ഗവൺമെന്റിന്റെ ശിപാർശ പ്രകാരം രാഷ്ട്രപതിയാണ്. ഗവർണർ നിയമനത്തിനുള്ള ഏറ്റവും കുറഞ്ഞ പ്രായം 35 വയസ്സാണ്.

കേന്ദ്രത്തിലും സംസ്ഥാനങ്ങളിലും വ്യത്യസ്തരാഷ്ട്രീയ കക്ഷികൾ ഭരിക്കുന്ന സാഹചര്യങ്ങളിൽ ഗവർണർമാരുടെ പങ്ക് കൂടുതൽ വിവാദങ്ങൾക്ക് കാരണമാകാറുണ്ട്. ഇക്കാരണത്താൽ ഗവർണർമാരുടെ പ്രവർത്തനങ്ങൾ സംസ്ഥാന ഗവൺമെന്റിന്റെ പ്രവർത്തനങ്ങളിലുള്ള കേന്ദ്രഗവൺമെന്റിന്റെ ഇടപെടലായി പലപ്പോഴും വ്യാഖ്യാനിക്കപ്പെടുന്നു. കേന്ദ്ര-സംസ്ഥാന ബന്ധങ്ങളെക്കുറിച്ച് പഠിക്കാൻ 1983ൽ കേന്ദ്രഗവൺമെന്റ് നിയമിച്ച സർക്കാരിയ കമ്മീഷൻ സജീവ രാഷ്ട്രീയക്കാരെ ഗവർണർമാരായി നിയമിക്കരുതെന്ന് ശിപാർശ ചെയ്തിട്ടുണ്ട്.

### സർക്കാരിയ കമ്മീഷൻ

കേന്ദ്ര-സംസ്ഥാന ബന്ധങ്ങളെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ കേന്ദ്രഗവൺമെന്റ് നിയമിച്ച കമ്മീഷൻ. 1983ൽ നിയമിക്കപ്പെട്ട കമ്മീഷന്റെ ചെയർമാൻ സുപ്രീം കോടതിയിൽ നിന്നും വിരമിച്ച ജസ്റ്റിസ് ആർ.എസ്. സർക്കാരിയ ആയിരുന്നു. 1988ൽ കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചു. കേന്ദ്രത്തിന്റെ അധികാരങ്ങൾ കാലം ചെല്ലുന്തോറും വർധിച്ചുവരുന്നതായി കമ്മീഷൻ ചൂണ്ടിക്കാട്ടി. കേന്ദ്ര-സംസ്ഥാന ബന്ധങ്ങളിലെ ഉരസലുകളും സംഘർഷങ്ങളും ഒഴിവാക്കാൻ ഭരണഘടനാപരവും രാഷ്ട്രീയവുമായ മാറ്റങ്ങൾ ആവശ്യമാണെന്ന് കമ്മീഷൻ കണ്ടെത്തി. സർക്കാരിയ കമ്മീഷന്റെ റിപ്പോർട്ട് പരക്കെ സ്വാഗതം ചെയ്യപ്പെട്ടുവെങ്കിലും അവ പൂർണ്ണമായും നടപ്പിലാക്കിയിട്ടില്ല.

ഗവർണർമാരുടെ പങ്കും അധികാരങ്ങളും വിവാദമാകാൻ മറ്റൊരു കാരണം കൂടിയുണ്ട്. ഭരണഘടനയിലെ 356-ാം വകുപ്പാണ് ഈ വിവാദത്തിന്റെ അടിസ്ഥാനം. ഇന്ത്യയിലെ ഏതൊരു സംസ്ഥാനത്തിലും രാഷ്ട്രപതിഭരണം ഏർപ്പെടുത്താമെന്ന് ഈ വകുപ്പ് വ്യവസ്ഥ ചെയ്യുന്നു. ഗവർണർമാരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ രാഷ്ട്രപതിക്ക് ആ സംസ്ഥാനത്ത് രാഷ്ട്രപതിഭരണം ഏർപ്പെടുത്താൻ കഴിയും. എന്നാൽ ഭരണഘടനയിലെ വ്യവസ്ഥകൾക്ക് അനുസൃതമായി ഭരണം നടത്തിക്കൊണ്ടുപോകുന്നതിൽ സംസ്ഥാനഗവൺമെന്റ് പരാജയപ്പെടുന്ന സാഹചര്യങ്ങളിൽ മാത്രമേ ഈ വകുപ്പ് ഉപയോഗിക്കാൻ പാടുള്ളൂവെന്ന് ഭരണഘടന നിഷ്കർഷിക്കുന്നുണ്ട്. ഗവർണർമാരുടെ

### 356-ാം വകുപ്പ്

സംസ്ഥാനങ്ങളിലെ ജനാധിപത്യപരമായി തിരഞ്ഞെടുക്കപ്പെട്ട സർക്കാരുകളെ പിരിച്ചുവിടുവാനോ, സംസ്ഥാനഭരണം ഏറ്റെടുക്കുവാനോ അനുച്ഛേദം 356 രാഷ്ട്രപതിക്ക് അധികാരം നൽകുന്നു. ഗവർണർ രാഷ്ട്രപതിക്ക് സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് രാഷ്ട്രപതിഭരണം ഏർപ്പെടുത്തുന്നത്.

- ഇന്ത്യൻ ഭരണഘടന നിലവിൽ വന്നതിനുശേഷം ആദ്യമായി ഈ വകുപ്പ് പ്രയോഗിച്ചത് 1951ൽ പഞ്ചാബ് സർക്കാരിനെ പിരിച്ചുവിട്ടുകൊണ്ടായിരുന്നു.
- 1967ലെ പൊതുതിരഞ്ഞെടുപ്പിനുമുമ്പ് വരെ 356-ാം വകുപ്പ് അപൂർവമായി മാത്രമേ പ്രയോഗിച്ചിട്ടുള്ളൂ. എന്നാൽ 1967നുശേഷം ഇത് വ്യാപകമായി പ്രയോഗിക്കപ്പെട്ടു.

ഈ അധികാരം അനേകം സംഘർഷങ്ങൾക്ക് വഴിവച്ചിട്ടുണ്ട്. നിയമസഭയിൽ വ്യക്തമായ ഭൂരിപക്ഷമുള്ള സംസ്ഥാന ഗവൺമെന്റുകളെപ്പോലും രാഷ്ട്രപതി പിരിച്ചുവിട്ട സന്ദർഭങ്ങൾ ഉണ്ടായിട്ടുണ്ട്. 1959ൽ കേരള ഗവൺമെന്റിനെ പിരിച്ചുവിട്ടത് ഇതിനുദാഹരണമാണ്.

## ഗവർണറുടെ അധികാരങ്ങളും ചുമതലകളും

കേന്ദ്രത്തിലേതുപോലെ സംസ്ഥാനങ്ങളിലും പാർലമെന്ററി വ്യവസ്ഥയാണ് ഭരണഘടന വിഭാവനം ചെയ്യുന്നത്. അതുകൊണ്ട് സംസ്ഥാനത്തിന്റെ നാമമാത്ര തലവനാണ് (Nominal leader) ഗവർണർ. യഥാർഥ കാര്യനിർവഹണ അധികാരം നിക്ഷിപ്തമായിരിക്കുന്നത് മുഖ്യമന്ത്രി തലവനായുള്ള മന്ത്രിസഭയിലാണ്. ആയതിനാൽ ഗവർണർ അധികാരങ്ങൾ നിർവഹിക്കേണ്ടത് മന്ത്രിസഭയുടെ ഉപദേശപ്രകാരമായിരിക്കണം. ഗവർണറുടെ പ്രധാന അധികാരങ്ങളും ചുമതലകളും ചുവടെ ചേർക്കുന്നു.

### നിയമനിർമ്മാണ അധികാരങ്ങൾ (Legislative Powers)

- നിയമസഭ വിളിച്ചുചേർക്കുക, സഭാസമ്മേളനങ്ങൾ അവസാനിക്കുന്നതായി പ്രഖ്യാപിക്കുക, സഭ പിരിച്ചുവിടുക.
- സഭയെ അഭിസംബോധന ചെയ്യുക.
- സഭ പാസാക്കിയ ബില്ലുകൾക്ക് അംഗീകാരം നൽകുക.
- ഓർഡിനൻസുകൾ പുറപ്പെടുവിക്കുക.
- ബജറ്റും ധനബില്ലുകളും സഭയിൽ അവതരിപ്പിക്കുന്നതിനുവേണ്ട മുൻകൂർ അനുമതി നൽകുക.

### കാര്യനിർവഹണ അധികാരങ്ങൾ (Executive Powers)

- സംസ്ഥാനത്തെ എല്ലാ കാര്യനിർവഹണ അധികാരങ്ങളും നിർവഹിക്കപ്പെടുന്നത് ഗവർണറുടെ പേരിലാണ്.
- സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ഭൂരിപക്ഷം ലഭിച്ച രാഷ്ട്രീയകക്ഷിയുടെയോ, സഖ്യത്തിന്റെയോ നേതാവിനെ സർക്കാർ രൂപീകരണത്തിനായി ക്ഷണിക്കുക.
- സംസ്ഥാന മുഖ്യമന്ത്രിയെയും മുഖ്യമന്ത്രിയുടെ നിർദേശാനുസരണം മറ്റ് മന്ത്രിമാരെയും നിയമിക്കുക.

- അഡ്വക്കേറ്റ് ജനറൽ, സംസ്ഥാന പി.എസ്.സി. ചെയർമാൻ, പി.എസ്.സി. അംഗങ്ങൾ എന്നിവരെ നിയമിക്കുക.

### നീതിന്യായ അധികാരങ്ങൾ (Judiciary Powers)

- സംസ്ഥാനസർക്കാരിന്റെ കാര്യനിർവഹണ അധികാരപരിധിയിൽ വരുന്ന വിഷയങ്ങളിലുള്ള കുറ്റകൃത്യങ്ങൾക്ക് മാപ്പ് നൽകുന്നതിനും ശിക്ഷ താൽക്കാലികമായി നിർത്തിവയ്ക്കുന്നതിനോ, ഇളവ് നൽകുന്നതിനോ, ലഘൂകരിക്കുന്നതിനോ ഉള്ള അധികാരം.

### വിവേചന അധികാരങ്ങൾ (Discretionary Powers)

- നിയമസഭയിലേക്ക് ഒരു കക്ഷിക്കും ഭൂരിപക്ഷം ലഭിക്കാത്ത സാഹചര്യത്തിൽ മന്ത്രിസഭ രൂപീകരണവിഷയത്തിൽ ഗവർണർക്ക് വിവേചന അധികാരം പ്രയോഗിക്കാവുന്നതാണ്.
- സംസ്ഥാന ഭരണകാര്യങ്ങളെക്കുറിച്ച് രാഷ്ട്രപതിക്ക് റിപ്പോർട്ട് സമർപ്പിക്കുക.
- നിയമസഭ പാസാക്കുന്ന ബില്ലുകൾ ഗവർണറുടെ അംഗീകാരത്തിനായി സമർപ്പിക്കുമ്പോൾ ഗവർണർക്ക് താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കാവുന്നതാണ്.
  - ബില്ലിന് അംഗീകാരം നൽകുന്നുവെന്നോ, നൽകുന്നില്ലായെന്നോ പ്രഖ്യാപിക്കുക.
  - ഭേദഗതിയോടെ നിയമസഭയിലേക്ക് തിരിച്ചയയ്ക്കുക. അങ്ങനെ തിരിച്ചയയ്ക്കപ്പെടുന്ന ബിൽ സഭ വീണ്ടും പരിഗണിച്ച് ഭേദഗതിയോടെയോ അല്ലാതെയോ പാസാക്കി ഗവർണർക്ക് സമർപ്പിക്കുന്നപക്ഷം ഗവർണർ അതിന് അനുമതി നൽകാൻ ബാധ്യസ്ഥനാണ്.
  - ബിൽ രാഷ്ട്രപതിയുടെ പരിഗണനയ്ക്കായി സമർപ്പിക്കുക.

സംസ്ഥാനത്തിന്റെ ജനാധിപത്യപ്രക്രിയയെ സുഗമവും ഭരണഘടനയുടെ അന്തഃസത്തയ്ക്ക് യോജിക്കുംവിധവും മുന്നോട്ടുകൊണ്ടുപോകുവാൻ സംസ്ഥാന സർക്കാരിനെ സഹായിക്കുക എന്ന കടമയാണ് ഗവർണർമാർക്കുള്ളത്. ഗവർണർമാർ മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള മന്ത്രിസഭയെ നിയന്ത്രിക്കുന്ന അധികാരികളല്ല. മറിച്ച് അതിന്റെ സുഹൃത്തും ദാർശനികനും വഴികാട്ടിയുമാണ്. ഭരണഘടന അനുശാസിക്കുന്ന രീതിയിലുള്ള, ഗവർണർമാരുടെ ഇടപെടലുകൾ ജനാധിപത്യപ്രക്രിയയെ ശക്തിപ്പെടുത്തുകയും ഭരണഘടനയുടെ അന്തസ്സ് ഉയർത്തിപ്പിടിക്കുകയും ചെയ്യും.

'കേന്ദ്ര-സംസ്ഥാന ബന്ധങ്ങളിലെ സംഘർഷങ്ങൾ ജനാധിപത്യത്തിന് വെല്ലുവിളിയാകുന്നത് എങ്ങനെ?' എന്ന വിഷയത്തിൽ പാനൽ ചർച്ച സംഘടിപ്പിക്കുക.

## അഴിമതി (Corruption)



ഏതെങ്കിലും തരത്തിലുള്ള അധികാരമോ സ്ഥാനമാനങ്ങളോ ഉപയോഗപ്പെടുത്തിയും അനധികൃതമായി സ്വാധീനം ചെലുത്തിയും നിയമപരമായി ലഭിക്കേണ്ട വേതനത്തിന് പുറമെ പണമോ മറ്റെന്തെങ്കിലും പ്രത്യുപകാരമോ സ്വീകരിക്കുന്നതിനെ അഴിമതിയായി കണക്കാക്കാം. കൈക്കൂലി, സ്വജനപക്ഷപാതം, അനധികൃത സ്വത്ത് സമ്പാദനം തുടങ്ങിയവ അഴിമതിക്ക് ഉദാഹരണങ്ങളാണ്. രാജ്യത്തെ സാമ്പത്തികനിക്ഷേപങ്ങൾ, സാമ്പത്തിക വളർച്ച തുടങ്ങിയവയേയും നമ്മുടെ ജനാധിപത്യ വ്യവസ്ഥയേയും അഴിമതി പ്രതികൂലമായി ബാധിക്കുന്നു. അഴിമതി ജനങ്ങൾക്ക് ലഭിക്കേണ്ട അവകാശങ്ങളെയും ക്ഷേമപ്രവർത്തനങ്ങളെയും സൗകര്യങ്ങളെയും ചില വ്യക്തികളിൽ മാത്രം കേന്ദ്രീകരിക്കുന്നതിന് കാരണമാകുന്നു. ഇത് സാധാരണജനങ്ങൾക്ക് ജനാധിപത്യസംവിധാനത്തിലുള്ള വിശ്വാസം നഷ്ടപ്പെടുന്നതിന് ഇടയാക്കുന്നു. അഴിമതിക്കെതിരെ ജനജാഗ്രത വളർത്തിയെടുക്കുക, ശക്തമായ നിയമസംവിധാനം രൂപീകരിക്കുക, അഴിമതി അന്വേഷണ സംവിധാനങ്ങളെ രാഷ്ട്രീയ സ്വാധീനത്തിൽ നിന്ന് സ്വതന്ത്രമാക്കുക, രാഷ്ട്രീയ പ്പാർട്ടികളുടെ സാമ്പത്തിക സ്രോതസുകൾ സുതാര്യമാക്കുക, ഭരണരംഗം സുതാര്യമാക്കുക, ജനങ്ങളിൽ അഴിമതിക്കെതിരെ ബോധവൽക്കരണം നടത്തുക തുടങ്ങിയവയെല്ലാം അഴിമതി തടയുന്നതിനുള്ള മാർഗങ്ങളാണ്.

## ഇലക്ടൽ ബോണ്ട് (Electoral Bond)



നൽകിയിരിക്കുന്ന വാർത്താതലക്കെട്ടുകൾ പരിശോധിച്ചല്ലോ. ഇലക്ടൽ ബോണ്ട് സുപ്രീംകോടതി റദ്ദ് ചെയ്തതിനെക്കുറിച്ചുള്ള വാർത്തകളാണിത്. എന്താണ് ഇലക്ടൽ ബോണ്ട്? നമുക്ക് പരിശോധിക്കാം.

വ്യക്തികൾക്കും കോർപ്പറേറ്റുകൾക്കും തങ്ങൾക്ക് ഇഷ്ടമുള്ള തുക ഏതെങ്കിലും രാഷ്ട്രീയപ്പാർട്ടികൾക്ക് സംഭാവന ചെയ്യാൻ ആവിഷ്കരിച്ച പദ്ധതിയാണിത്. 2017-18ലെ കേന്ദ്ര ബഡ്ജറ്റിലൂടെയാണ് ഇലക്ടൽ ബോണ്ട് അവതരിപ്പിച്ചത്. തൊട്ടുമുമ്പത്തെ സംസ്ഥാന, ലോകസഭ തിരഞ്ഞെടുപ്പുകളിൽ പോൾ ചെയ്ത ആകെ വോട്ടിന്റെ ഒരുശതമാനത്തിൽ കുറയാതെ വോട്ട് നേടുകയും തിരഞ്ഞെടുപ്പ് കമ്മീഷനിൽ രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുള്ള എല്ലാ പാർട്ടികൾക്കും ഈ ബോണ്ടിലൂടെ പണം സ്വരൂപിക്കാം. ആയിരം മുതൽ ഒരു കോടി രൂപ വരെ സ്ഥാപനങ്ങൾക്കോ വ്യക്തികൾക്കോ അവർക്ക് ഇഷ്ടമുള്ള തുകയ്ക്ക് എസ്.ബി.ഐ. വഴി ബോണ്ട് വാങ്ങാം. സംഭാവന എന്ന വിഭാഗത്തിൽ വരുന്നതിനാൽ ഈ തുകയ്ക്ക് നികുതി ഇളവ് ലഭിക്കും. ദാതാക്കളിൽ നിന്നും ലഭിക്കുന്ന ബോണ്ടുകൾ രാഷ്ട്രീയ കക്ഷികൾ പതിനഞ്ച് ദിവസത്തിനകം പണമാക്കിമാറ്റണം.

ബോണ്ടുകളുടെ സുതാര്യതയും നിയമസാധുതയും പരിശോധിച്ച് 2024 ഫെബ്രുവരി 15ന് സുപ്രീംകോടതി ഇലക്ടൽ ബോണ്ട് റദ്ദാക്കി. ഇലക്ടൽ ബോണ്ട് മൗലികാവകാശത്തിന് വിരുദ്ധമാണെന്ന് സുപ്രീംകോടതി വിധിച്ചു.

ഇലക്ടൽ ബോണ്ട് അഴിമതിക്ക് കാരണമാകുന്നത് എങ്ങനെ എന്ന വിഷയത്തിൽ സുപ്രീംകോടതി വിധിയുടെയും പത്രവാർത്തകളുടെയും അടിസ്ഥാനത്തിൽ ഒരു കുറിപ്പ് തയ്യാറാക്കുക.

## രാഷ്ട്രീയത്തിന്റെ ക്രിമിനൽവൽക്കരണം (Criminalisation of Politics)

ജനാധിപത്യം നേരിടുന്ന മറ്റൊരു പ്രധാന വെല്ലുവിളിയാണ് രാഷ്ട്രീയത്തിന്റെ ക്രിമിനൽവൽക്കരണം. രാഷ്ട്രീയപ്പാർട്ടികളിലെ നേതാക്കളോ പ്രവർത്തകരോ ക്രിമിനൽ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതോ, ക്രിമിനൽ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതോ ആയ പ്രവണതയാണ് രാഷ്ട്രീയത്തിന്റെ ക്രിമിനൽ വൽക്കരണം. കൂടാതെ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർ രാഷ്ട്രീയത്തിൽ ഇടപെടുന്നതും രാഷ്ട്രീയത്തിന്റെ ക്രിമിനൽവൽക്കരണമാണ്. ജനങ്ങളെ ഭയപ്പെടുത്തി ഏതെങ്കിലും പാർട്ടിക്ക് അനുകൂലമായി വോട്ടുചെയ്യാൻ പ്രേരിപ്പിക്കുകയോ അതിനുള്ള സാഹചര്യമൊരുക്കുകയോ ചെയ്യുന്നത് ജനാധിപത്യത്തിന്റെ മൂല്യച്യുതിക്ക് കാരണമാകുന്നു. ക്രിമിനൽ പശ്ചാത്തലമുള്ളവർ രാഷ്ട്രീയപ്പാർട്ടികളുടെ നേതൃത്വത്തിലെത്തുന്നതും ഭരണാധികാരികളാകുന്നതും പൗരർക്ക് ജനാധിപത്യസംവിധാനത്തിലുള്ള വിശ്വാസ്യത നഷ്ടപ്പെടുത്തുന്നു. ക്രിമിനൽ കുറ്റങ്ങളിൽ വിചാരണ നേരിടുന്നവരെയും ശിക്ഷിക്കപ്പെട്ടവരെയും തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നത് വിലക്കിക്കൊണ്ടുള്ള തിരഞ്ഞെടുപ്പ് പരിഷ്കാരങ്ങൾ, ശക്തമായ നിയമസംവിധാനങ്ങൾ, രാഷ്ട്രീയ രംഗത്തെ ക്രിമിനൽവൽക്കരണത്തിനെതിരെയുള്ള ബോധവൽക്കരണം തുടങ്ങിയവ രാഷ്ട്രീയത്തിന്റെ ക്രിമിനൽ വൽക്കരണം ഇല്ലായ്മ ചെയ്യുന്നതിനുള്ള മാർഗങ്ങളാണ്.

### കൂറുമാറ്റം (Defection)

1967ലെ തിരഞ്ഞെടുപ്പിന് ശേഷം ഇന്ത്യൻ രാഷ്ട്രീയത്തിൽ രൂപപ്പെട്ട മറ്റൊരു പ്രവണതയായിരുന്നു കൂറുമാറ്റം. ഒരു പാർട്ടിയുടെ സ്ഥാനാർഥിയായി ഇലക്ഷനിൽ മത്സരിച്ച് തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധി സ്വന്തം പാർട്ടിയെ ഉപേക്ഷിക്കുകയോ മറ്റൊരു പാർട്ടിയിൽ ചേരുകയോ ചെയ്യുന്നതിനെയാണ് കൂറുമാറ്റം എന്ന് പറയുന്നത്. തിരഞ്ഞെടുപ്പുകാലത്ത് വോട്ടർമാർ ജനപ്രതിനിധികളിൽ അർപ്പിച്ച വിശ്വാസത്തെ വഞ്ചിക്കുന്ന സാഹചര്യമാണ് ഇവിടെയുണ്ടാകുന്നത്. ഇത് പലപ്പോഴും ഭരണപ്രതിസന്ധി സൃഷ്ടിക്കുകയും ജനാധിപത്യത്തിന് വെല്ലുവിളി ഉയർത്തുകയും ചെയ്യുന്നു. പിന്നീട് കൂറുമാറ്റത്തിന് തടയിടുന്നതിനായി 1985ൽ 52-ാം ഭരണഘടനാഭേദഗതി പ്രകാരം കൂറുമാറ്റ നിരോധനനിയമം പാർലമെന്റ് പാസാക്കി.

രാഷ്ട്രീയപ്പാർട്ടികൾ അവരുടെ അംഗങ്ങളുടെ കൂറുമാറ്റം തടയാൻ വ്യത്യസ്ത തന്ത്രങ്ങൾ സ്വീകരിക്കാറുണ്ട്. ഒരു പാർട്ടിയുടെ വിശ്വസ്ത അംഗത്തിന്റെ നേതൃത്വത്തിൽ ഒരു പ്രത്യേക വേദിയിൽ അംഗങ്ങൾ ഒത്തുകൂടി മറ്റുരാഷ്ട്രീയപ്പാർട്ടികളുടെ സ്വാധീനം തടയുവാനുള്ള പദ്ധതി ആസൂത്രണം ചെയ്യുന്നു. ഈ പ്രക്രിയയെ റിസോർട്ട് രാഷ്ട്രീയമെന്നും വിശേഷിപ്പിക്കാറുണ്ട്. 1982ൽ ഹരിയാനയിലാണ് ഇതിന്റെ ചരിത്രം ആരംഭിക്കുന്നത്. തുടർന്ന് കർണ്ണാടകം, ആന്ധ്രാപ്രദേശ്, ഗുജറാത്ത്, ഉത്തർപ്രദേശ്, ബീഹാർ, മഹാരാഷ്ട്ര, ഉത്തരാഖണ്ഡ്, തമിഴ്നാട് തുടങ്ങിയ സംസ്ഥാനങ്ങളിലും ഈ പ്രവണത ഉണ്ടായിട്ടുണ്ട്.

'രാഷ്ട്രീയത്തിന്റെ ക്രിമിനൽ വൽക്കരണവും കൂറുമാറ്റവും ഇന്ത്യൻ ജനാധിപത്യത്തോടുള്ള വെല്ലുവിളികളാണ്'. ഇന്ത്യൻ തിരഞ്ഞെടുപ്പ് കമ്മീഷൻ ഇക്കാര്യത്തിൽ എടുത്തിരിക്കുന്ന നിലപാടുകളെയും നടപടിക്രമങ്ങളെയും അടിസ്ഥാനമാക്കി കുറിപ്പ് തയ്യാറാക്കുക.

സ്വാതന്ത്ര്യാനന്തരം രാജ്യം നേരിട്ട നിരവധി പ്രതിസന്ധികളെ ജനാധിപത്യമാർഗത്തിലൂടെ അതിജീവിക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്. ഇത് നമ്മുടെ ജനാധിപത്യത്തിന്റെ അതിജീവനശേഷിയെ പ്രകടമാക്കുന്നു. കാലഘട്ടത്തിനനുസരിച്ചുള്ള മാറ്റങ്ങളെ ഉൾക്കൊള്ളാൻ കഴിയുന്ന ഒരു സജീവഭരണഘടനയാണ് നമുക്കുള്ളത്. ഭരണഘടനാമൂല്യങ്ങളോടുള്ള ആദരവും വിധേയത്വവുമാണ് നമ്മുടെ ജനാധിപത്യത്തെ അർഥസമ്പുഷ്ടമാക്കുന്നത്.

## തുടർപ്രവർത്തനങ്ങൾ

- ജനാധിപത്യം ഒരു ജീവിതരീതി എന്ന നിലയിൽ നമ്മുടെ സമൂഹത്തിൽ എത്രമാത്രം പ്രകടമാണ് എന്ന വിഷയത്തിൽ ഒരു സെമിനാർ സംഘടിപ്പിക്കുക.
- ഇന്ത്യൻ പ്രസിഡന്റുമാരുടെയും പ്രധാനമന്ത്രിമാരുടെയും ഡിജിറ്റൽ പ്രൊഫൈൽ ആൽബം തയ്യാറാക്കുക.
- പാരിസ്ഥിതിക അവബോധത്തിന്റെ ആവശ്യകത മുൻനിർത്തി പരിസ്ഥിതി പ്രവർത്തകരുമായി അഭിമുഖം സംഘടിപ്പിക്കുക.

# 9

# ഇന്ത്യൻ സാമൂഹികവ്യവസ്ഥയെ അറിയാം




ചിത്രം 1



ചിത്രം 2



*മുകളിൽ കൊടുത്തിരിക്കുന്ന ചിത്രങ്ങൾ നിരീക്ഷിക്കൂ.*

ചിത്രം 1ൽ ചില സാമൂഹികസ്ഥാപനങ്ങൾ ശ്രദ്ധിച്ചില്ലേ.

ഏതൊക്കെയാണവ?

ചിത്രം 2ൽ നിങ്ങൾ എന്താണ് കാണുന്നത്?

നാം ജീവിക്കുന്ന സമൂഹത്തെ നമ്മുടെ ശരീരവ്യവസ്ഥയുമായി ഒന്ന് താരതമ്യം ചെയ്തു നോക്കിയാലോ.

നമ്മുടെ ശരീരം സങ്കീർണ്ണമായ ഒരു യന്ത്രത്തെപ്പോലെയാണ്. അത് നമ്മെ ജൈവികമായി നില നിർത്താൻ എപ്പോഴും എണ്ണമറ്റ പ്രവൃത്തികൾ ചെയ്തുകൊണ്ടിരിക്കുന്നു. എല്ലാ ജീവികളിലും അവയുടെ ശാരീരിക സവിശേഷതകൾക്കനുസരിച്ച് സ്ഥിരമായി ക്രമപ്പെടുത്തിയ ഒരു ജൈവികഘടനയുണ്ട് (Organic Structure). ഈ ജൈവികഘടനയിലെ ഓരോ അവയവങ്ങൾക്കും അതിന്റേതായ ധർമ്മ ങ്ങളുമുണ്ട്. ഈ ധർമ്മങ്ങൾക്കനുസരിച്ച് ശരീരഭാഗങ്ങൾ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. ജൈവിക ഘടനയിലെ വ്യത്യസ്ത ഭാഗങ്ങൾ തമ്മിലുള്ള പാരസ്പര്യമനുസരിച്ച് ആ ഘടന സജീവമാകുന്നു. ഈ തലമാണ് ജൈവികവ്യവസ്ഥ (Organic System). വിവിധഭാഗങ്ങളുടെ ചിട്ടയായ ക്രമീകരണമാണ് വ്യവസ്ഥ (System) എന്ന പദം കൊണ്ട് ഉദ്ദേശിക്കുന്നത്. രക്തചംക്രമണവ്യവസ്ഥ, ശ്വസനവ്യവസ്ഥ തുടങ്ങിയ ഓരോ ശരീരവ്യവസ്ഥയും പരസ്പരബന്ധിതമായി ഒരുമിച്ച് പ്രവർത്തിക്കുകയും ശാരീരിക പ്രവർത്തനങ്ങൾ സന്തുലിതമായി നിലനിർത്തുകയും ചെയ്യുന്നു.

ഈ രീതിയിൽ സമൂഹത്തിൽ വ്യത്യസ്ത സാമൂഹികസ്ഥാപനങ്ങളും ഘടകങ്ങളും (Parts) ഒത്തൊരുമിച്ച് പ്രവർത്തിച്ച് സമൂഹത്തിന്റെ സ്ഥിരതയും വളർച്ചയും ക്രമവും നിലനിർത്തുന്നത് നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടോ?

സമൂഹത്തിന് സ്ഥിരതയും വളർച്ചയും ക്രമവും നിലനിർത്താൻ സമൂഹത്തിന്റെ വിവിധ ഘടകങ്ങൾ (Parts) ഏകോപിച്ച് പ്രവർത്തിക്കുന്നു. വിദ്യാഭ്യാസം, ഗതാഗതം, ആശയവിനിമയം, മാധ്യമങ്ങൾ, നിയമം, നീതിന്യായവ്യവസ്ഥ, ആരോഗ്യ സുരക്ഷാസംവിധാനങ്ങൾ, മത-സാംസ്കാരികസ്ഥാപനങ്ങൾ, സർക്കാർ തുടങ്ങിയ സമൂഹത്തിന്റെ ഓരോ ഘടകങ്ങളും പരസ്പരാശ്രയത്തോടെയും യോജിച്ചും പ്രവർത്തിക്കുമ്പോഴാണ് ഒരു സാമൂഹികവ്യവസ്ഥ (Social System) രൂപപ്പെടുന്നത്.



ഹെർബർട്ട് സ്പെൻസർ

സമൂഹത്തെ ഒരു ജീവവ്യവസ്ഥയുമായി താരതമ്യം ചെയ്ത സമൂഹശാസ്ത്രജ്ഞനാണ് ഹെർബർട്ട് സ്പെൻസർ. മനുഷ്യശരീരവ്യവസ്ഥയും സാമൂഹികവ്യവസ്ഥയും തമ്മിലുള്ള സാമ്യം അവതരിപ്പിച്ചുകൊണ്ട് സമൂഹം ഒരു സാമൂഹിക ജീവിയാണ് (Social Organism) എന്ന ആശയം അദ്ദേഹം മുന്നോട്ടുവച്ചു.

മനുഷ്യശരീരത്തിൽ അവയവങ്ങൾ പരസ്പരബന്ധിതവും പൂരകവുമായി പ്രവർത്തിക്കുന്നു. അതുപോലെ സമൂഹത്തിന്റെ വിവിധഘടകങ്ങളായ കുടുംബം, വിദ്യാഭ്യാസം, സാമ്പത്തികം, മതം, സർക്കാർ തുടങ്ങിയ സാമൂഹിക സ്ഥാപനങ്ങളെല്ലാം സമൂഹത്തിന്റെ സ്ഥിരതയും വളർച്ചയും ക്രമവും നിലനിർത്താൻ എങ്ങനെ പരസ്പരപൂരകമായി പ്രവർത്തിക്കുന്നുവെന്ന് മനസ്സിലാക്കാൻ ഹെർബർട്ട് സ്പെൻസറിന്റെ സങ്കല്പനം നമ്മെ സഹായിക്കുന്നു.

വിദ്യാലയവും അതിന്റെ വിവിധ ഘടകങ്ങളും സൂചിപ്പിച്ചിരിക്കുന്ന ചിത്രം നിരീക്ഷിക്കൂ.




വിദ്യാലയത്തിന്റെ വിവിധ ഘടകങ്ങൾ ഏതൊക്കെയാണ്?

ഓരോന്നിന്റെയും ധർമ്മങ്ങൾ എന്തെല്ലാമാണ്?

ഇവ പരസ്പരബന്ധിതവും പൂരകവുമാണോ?

ഇവയെല്ലാം ഏകോപിച്ച് പ്രവർത്തിച്ചില്ലെങ്കിൽ എന്താണ് സംഭവിക്കുക?

ഇത്തരത്തിൽ ഓരോ സാമൂഹികസ്ഥാപനങ്ങൾക്കും വിവിധ ഘടകങ്ങളും അവയുടേതായ ധർമ്മങ്ങളുമുണ്ട്. അവ പരസ്പരബന്ധിതവും പൂരകവുമായിരിക്കും.

നിങ്ങളുടെ സമീപപ്രദേശത്തുള്ള ഒരു ധനകാര്യസ്ഥാപനത്തെക്കുറിച്ചും അതിന്റെ വിവിധഘടകങ്ങളെക്കുറിച്ചും ചിന്തിച്ച് നോക്കൂ. ഏതെല്ലാം ഘടകങ്ങളുടെ ഏകോപനമാണ് ആ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളെ നിലനിർത്തുന്നത്?

മനുഷ്യർ സാമൂഹികജീവികളാണല്ലോ.
മിഥുൻ എന്ന വ്യക്തിയുടെ ഒരു ദിവസം നമുക്ക് നിരീക്ഷിക്കാം.



- അച്ഛന്റെ വിളി കേട്ടാണ് മിഥുൻ രാവിലെ ഉണരാറുള്ളത്.
- ഉദ്യോഗസ്ഥനായ മിഥുൻ സർക്കാരിന്റെ പൊതുഗതാഗത സംവിധാനം ഉപയോഗിച്ചാണ് ജോലിക്ക് പോകാറുള്ളത്.
- ഉച്ചഭക്ഷണ സമയത്ത് ആനുകാലിക രാഷ്ട്രീയ വിഷയങ്ങളെക്കുറിച്ചും തിരഞ്ഞെടുപ്പുകളെക്കുറിച്ചുമെല്ലാം സഹപ്രവർത്തകരുമായി ചർച്ചചെയ്യാറുണ്ട്.
- സാമ്പത്തിക ഇടപാടുകൾ നടത്തുന്നതിനായി ഓഫീസിനടുത്തുള്ള ബാങ്കിൽ പോകാറുണ്ട്.
- നാട്ടിലെ ഉത്സവങ്ങളിലും ആഘോഷങ്ങളിലും മറ്റ് വിനോദപരിപാടികളിലും മിഥുൻ പങ്കെടുക്കാറുണ്ട്.
- സ്കൂൾ തലം മുതലുള്ള സഹപാഠികളുമായി സാമൂഹികമാധ്യമങ്ങളിലൂടെ സൗഹൃദം നിലനിർത്താൻ സമയം കണ്ടെത്താറുണ്ട്.
- തന്റെ തുടർപഠനം മുന്നോട്ടുകൊണ്ടുപോകുന്നതിന്റെ ഭാഗമായി രാത്രികാല ഓൺലൈൻ ക്ലാസുകളിൽ പങ്കെടുക്കാറുണ്ട്.

മിഥുന്റെ ജീവിതത്തിലെ ഒരു ദിവസം പരിചയപ്പെട്ടല്ലോ. അദ്ദേഹം ഏതെല്ലാം സാമൂഹിക സ്ഥാപനങ്ങളുമായാണ് പാരസ്പര്യത്തിൽ (Interaction) ഏർപ്പെടാറുള്ളത്?

- 
- 
- 
- 
- 
- 
- 

നിങ്ങൾ ഒരു ദിവസത്തിൽ പരസ്പരം ഇടപഴകുന്ന സാമൂഹികസ്ഥാപനങ്ങൾ ഏതെല്ലാമാണെന്ന് കുറിക്കൂ.

സാമൂഹിക നിലനില്പിനായി പരസ്പരപൂരകമായി പ്രവർത്തിക്കുന്ന വിവിധ സാമൂഹികസ്ഥാപനങ്ങൾ ചേർന്നതാണ് സമൂഹം (Society). സമൂഹത്തിലെ

വ്യക്തികളുടെയും സംഘങ്ങളുടെയും പെരുമാറ്റത്തെയും പ്രവർത്തനങ്ങളെയും നിയന്ത്രിക്കുന്നത് സാമൂഹികസ്ഥാപനങ്ങളാണ്. വിവിധ സാമൂഹികസ്ഥാപനങ്ങളെ പരസ്പരം ബന്ധിപ്പിച്ച് സമൂഹത്തിലെ ബന്ധങ്ങൾക്കും ഇടപെടലുകൾക്കും ക്രമമുണ്ടാക്കുന്ന വ്യവസ്ഥയാണ് സാമൂഹിക വ്യവസ്ഥ (Social System). സാമൂഹികപാരസ്പര്യങ്ങളുടെ ചിട്ടയായ ക്രമീകരണമായി സാമൂഹികവ്യവസ്ഥയെ കാണാവുന്നതാണ്.

## ഇന്ത്യൻ സാമൂഹികവ്യവസ്ഥ (Indian Social System)

വൈവിധ്യങ്ങളുടെ നാടാണ് നമ്മുടെ രാജ്യം. വ്യത്യസ്ത സമൂഹങ്ങളും സംസ്കാരങ്ങളും ചേർന്നാണ് ഇന്ത്യൻ സമൂഹം രൂപപ്പെട്ടിരിക്കുന്നത്. ഇന്ത്യൻ സമൂഹശാസ്ത്രത്തിന്റെ തുടക്കക്കാരിൽ പ്രധാനിയാണ് ജി.എസ്. ഘുര്യെ. ഇന്ത്യൻ സാമൂഹികവ്യവസ്ഥയെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ വീക്ഷണം വായിക്കൂ.


ജി.എസ്. ഘുര്യെ

ഇന്ത്യൻ സാമൂഹികവ്യവസ്ഥ അടയാളപ്പെടുത്തിയിരിക്കുന്നത് വൈവിധ്യത്തിന്റെയും തുടർച്ചയുടെയും സവിശേഷ സമ്മിശ്രണത്താലാണ്. അതിന്റെ കേന്ദ്രസവിശേഷതയാണ് ജാതിവ്യവസ്ഥ. ഇന്ത്യയുടെ സാമൂഹികവ്യവസ്ഥ പ്രാദേശികവും ഭാഷാപരവും മതപരവുമായ ബഹുസ്വരതയാൽ സമ്പന്നമാണ്. അത് ഇന്ത്യൻ സമൂഹത്തെ നിർവചിക്കുന്ന സാംസ്കാരിക സവിശേഷതയാണ്.

*Source*: G.S. Ghurye, *Caste and Race in India*

ഇന്ത്യൻ സാമൂഹികവ്യവസ്ഥയുടെ ഏതെല്ലാം സവിശേഷതകളാണ് ജി.എസ്. ഘുര്യെ ചൂണ്ടിക്കാണിച്ചിരിക്കുന്നത്.

- 
- 
- 

ചരിത്രപരവും സാംസ്കാരികവും മതപരവുമായ സ്വാധീനത്താൽ രൂപപ്പെട്ട സങ്കീർണ്ണമായ ഒരു ഘടനയാണ് ഇന്ത്യൻ സാമൂഹികവ്യവസ്ഥയ്ക്കുള്ളത്. വിവിധ ജാതികളും മതങ്ങളും ഭാഷകളും ഗോത്രങ്ങളും സംസ്കാരങ്ങളുമെല്ലാം പിന്തുടരുന്ന ജനങ്ങൾ അധിവസിക്കുന്ന വൈവിധ്യങ്ങളുടെ നാടാണ് ഇന്ത്യ. ഈ വൈവിധ്യം സവിശേഷമായ ഇന്ത്യൻ സാമൂഹികവ്യവസ്ഥയുടെ നട്ടെല്ലാണ്. ആയിരക്കണക്കിന് വർഷങ്ങളായി സാമൂഹികമായി പരിണമിച്ച് രൂപപ്പെട്ടതാണ് ഇന്ത്യയുടെ സാമൂഹികവ്യവസ്ഥ. അത് രാജ്യത്തിന്റെ ചരിത്രം, മൂല്യങ്ങൾ, പാരമ്പര്യങ്ങൾ എന്നിവയെ പ്രതിഫലിപ്പിക്കുന്നു. ഇന്ത്യൻ സാമൂഹികവ്യവസ്ഥയുടെ ചില സവിശേഷഘടകങ്ങൾ നമുക്ക് പരിശോധിക്കാം.




## I. ജാതി വ്യവസ്ഥ (Caste System)

ഇന്ത്യൻ സാമൂഹികജീവിതത്തിലെ ഏറ്റവും സവിശേഷമായ സ്ഥാപനമാണ് ജാതി. ഇത് കേവലം സാമൂഹിക ശ്രേണീകരണ സംവിധാനം മാത്രമല്ല, മറിച്ച് മത പരവും സാംസ്കാരികവുമായ പാരമ്പര്യങ്ങളിൽ ആഴത്തിൽ ഉൾച്ചേർന്ന ജീവിത രീതിയുമാണ്.

*Source:* M.N. Srinivas, *Caste in Modern India: And Other Essays,*


എം.എൻ. ശ്രീനിവാസ്

ഇന്ത്യൻ സാമൂഹികവ്യവസ്ഥയിൽ ജാതിവ്യവസ്ഥയെക്കുറിച്ച് ഉൾക്കാഴ്ച നൽകുന്ന നിരവധി പഠനങ്ങൾ നടത്തിയ ഇന്ത്യൻ സമൂഹശാസ്ത്രജ്ഞനാണ് എം.എൻ. ശ്രീനിവാസ്. ഇന്ത്യൻ സമൂഹത്തിന്റെ തനത് പ്രത്യേകതയായ ജാതിവ്യവസ്ഥയിൽ ജനങ്ങളെ ജാതിയുടെ അടിസ്ഥാനത്തിൽ വിവിധ തട്ടുകളിലായി തിരിച്ചിരുന്നു. ഹിന്ദുമതവുമായി ആഴത്തിൽ ഇഴചേർന്നതാണ് ജാതിവ്യവസ്ഥ. ജനനത്തിന്റെ അടിസ്ഥാനത്തിലാണ് ഒരു വ്യക്തിയുടെ ജാതി നിശ്ചയിക്കപ്പെടുന്നത്. അതായത് ഒരു ജാതിയിൽ ജനിച്ച വ്യക്തിയ്ക്ക് മറ്റൊരു ജാതിയിലേക്ക് മാറാൻ സാധിക്കില്ല. ഇന്ത്യയിൽ ധാരാളം ജാതികളും ഉപജാതികളും നിലനിൽക്കുന്നുണ്ട്.

## ഒരു ഗ്രാമത്തിന്റെ കഥ

ജാതിവ്യവസ്ഥ നിലനിർത്തിയുള്ള ജീവിതമായിരുന്നു ബാലു താമസിച്ചിരുന്ന ഗ്രാമത്തിൽ. അവിടെ വർണ്ണങ്ങളുടെയും ജാതികളുടെയും അടിസ്ഥാനത്തിൽ ജനങ്ങളെ വിവിധ തട്ടുകളിലായി തിരിച്ചിരുന്നു. ബ്രാഹ്മണർ പുരോഹിതരായും ക്ഷത്രിയർ യോദ്ധാക്കളായും വൈശ്യർ വ്യാപാരികളായും ശൂദ്രർ ഉയർന്ന വിഭാഗങ്ങളെ സേവിക്കുന്നവരായും പരിഗണിക്കപ്പെട്ടിരുന്നു. ഈ നാല് വിഭാഗങ്ങൾക്കും പുറമെയുള്ളവർ പഞ്ചമർ/പുറംജാതികൾ എന്നറിയപ്പെട്ടു. തീർത്തും അരികുവൽക്കരിക്കപ്പെട്ട ഈ വിഭാഗം ഗ്രാമത്തിന്റെ പ്രാന്തപ്രദേശത്താണ് താമസിച്ചിരുന്നത്.

ജാതി വ്യവസ്ഥ കർശനമായി നിലനിന്നിരുന്ന ആ ഗ്രാമത്തിൽ ഓരോ ജാതിക്കാർക്കും പാരമ്പര്യ തൊഴിലുകൾ ഉണ്ടായിരുന്നു. മറ്റ് തൊഴിലുകൾ തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം വ്യക്തികൾക്ക് അനുവദിച്ചിരുന്നില്ല. അതിനാൽ ഗ്രാമത്തിലെ ശൂദ്രജാതിയിൽപ്പെട്ട ബാലുവിന് അക്കാലത്ത് ഒരു വ്യാപാരിയാകാൻ ആഗ്രഹമുണ്ടായിരുന്നെങ്കിലും അദ്ദേഹത്തിന് വയലിൽ പണിയെടുക്കേണ്ടിവന്നു. കർശനമായ ജാതി നിയമങ്ങൾ അവിടെ നിലനിന്നിരുന്നു. ഓരോ ജാതിക്കും തലമുറകളാൽ കൈമാറ്റം ചെയ്യപ്പെട്ട, പ്രത്യേകമായുള്ള ആചാരരീതികളും നിശ്ചയിക്കപ്പെട്ടിരുന്നു. ഒരു വ്യക്തിക്ക് തന്റെ ജാതിയിൽ നിന്ന് മാത്രമേ വിവാഹം ചെയ്യാൻ അനുവാദമുണ്ടായിരുന്നുള്ളൂ. ഇവ പാരമ്പര്യങ്ങളെ നിലനിർത്തി, സമൂഹത്തിലെ ഓരോ ജാതിവിഭാഗങ്ങളെയും പരസ്പരം അകറ്റി നിർത്തിയിരുന്നു. അവിടെ അസമത്വങ്ങൾ ധാരാളമായുണ്ടായിരുന്നു. ജാതിശ്രേണിയിൽ ഏറ്റവും താഴേത്തട്ടിലായി പരിഗണിക്കപ്പെട്ടവർക്ക് ഗ്രാമത്തിലെ പൊതുവഴി ഉപയോഗിക്കാനോ ക്ഷേത്രങ്ങളിൽ പ്രവേശിക്കാനോ അനുവാദമുണ്ടായിരുന്നില്ല. പിൽക്കാലത്ത് വിദ്യാഭ്യാസത്തിന്റെയും സാമൂഹിക ചലനാത്മകതയുടെയും പശ്ചാത്തലത്തിൽ, സമത്വത്തിനായി നിരവധി പോരാട്ടങ്ങൾ ആരംഭിക്കുകയും ജാതി നിയമങ്ങളിൽ അയവുണ്ടാവുകയും ചെയ്തു. കാലക്രമേണ ഗ്രാമവാസികൾക്കെല്ലാം തുല്യ നീതിയും പദവിയും ഉറപ്പുവരുത്തുന്ന ഒരു സമൂഹമായി ആ ഗ്രാമം മാറി.

ജാതിവ്യവസ്ഥ നിലനിന്നിരുന്ന ഒരു ഗ്രാമത്തിന്റെ കഥ നിങ്ങൾ വായിച്ചില്ലേ. ജാതിവ്യവസ്ഥയുടെ പ്രത്യേകതകൾ എന്തെല്ലാമായിരുന്നു?

ഇന്ത്യയിൽ നിലനിന്നിരുന്ന ജാതിവ്യവസ്ഥയുടെ പ്രധാന സവിശേഷതകൾ എന്തൊക്കെയായിരുന്നുവെന്ന് നമുക്ക് നോക്കാം.

### 1. സാമൂഹിക ശ്രേണീകരണം (Social Hierarchy)

ജാതിയുടെ അടിസ്ഥാനത്തിൽ സമൂഹത്തിലെ അംഗങ്ങളെ പല തട്ടുകളിലായി സ്ഥാനപ്പെടുത്തിയിരുന്നു. ഈ ശ്രേണീകരണം ഒരു വ്യക്തിയുടെ സമൂഹത്തിനുള്ളിലെ പങ്ക്, പദവി, ഉത്തരവാദിത്വങ്ങൾ എന്നിവയെ നിശ്ചയിച്ചിരുന്നു. പുരാതന ഇന്ത്യയിൽ ഉയർന്ന തട്ടിലുള്ള ജാതികൾ എന്ന് കണക്കാക്കപ്പെട്ടിരുന്നവർക്ക് സമൂഹത്തിൽ ഉയർന്ന പദവികൾ ലഭിച്ചിരുന്നു. എന്നാൽ ഏറ്റവും താഴേത്തട്ടിലാക്കപ്പെട്ടവർക്കാകട്ടെ യാതൊരു പദവികളും അവകാശങ്ങളും ലഭിച്ചിരുന്നില്ല.

## 2. തൊഴിൽവിഭജനം (Division of Labour)

ഓരോ ജാതിക്കും കുലത്തൊഴിലുകൾ നിശ്ചയിച്ച് നൽകിയിരുന്നു. ബ്രാഹ്മണർക്ക് പൗരോഹിത്യവും ക്ഷത്രിയർക്ക് രാജ്യസംരക്ഷണവും വൈശ്യർക്ക് വ്യാപാരവും അനുവദിക്കപ്പെട്ടപ്പോൾ ശൂദ്രരാകട്ടെ മറ്റ് ഉയർന്ന വിഭാഗങ്ങളെ സേവിക്കുന്നവരായി മാറി. ഒരു വ്യക്തിക്ക് സ്വന്തം കുലത്തൊഴിലല്ലാതെ മറ്റൊരു തൊഴിൽ തിരഞ്ഞെടുക്കാനുള്ള അനുവാദമുണ്ടായിരുന്നില്ല. ഈ അവസ്ഥ സാമൂഹിക ചലനാത്മകത (Social Mobility) തീരെ ഇല്ലാത്ത ഒരു സമൂഹത്തെ നിലനിർത്തിയിരുന്നു.

### സാമൂഹികചലനാത്മകത (Social Mobility)

സാമൂഹികചലനാത്മകത എന്നത് ഒരു വ്യക്തിയുടെയോ അല്ലെങ്കിൽ വ്യക്തികളുടെയോ ഒരു സാമൂഹിക പദവിയിൽ നിന്നും മറ്റൊന്നിലേക്കുള്ള ചലനമാണ്/മാറ്റമാണ്.

*(Wallace and Wallace)*

ജോലി സംബന്ധമായി ഒരു വ്യക്തിക്ക് ലഭിക്കുന്ന സ്ഥാനക്കയറ്റം സാമൂഹികചലനാത്മകതയ്ക്ക് ഉദാഹരണമാണ്.

## 3. സാമൂഹിക നിയന്ത്രണവും ക്രമവും (Social control and order)

പുരാതന ഇന്ത്യയിൽ ജാതിവ്യവസ്ഥ സാമൂഹികനിയന്ത്രണത്തിനുള്ള ഒരു സംവിധാനമായി പ്രവർത്തിച്ചിരുന്നു. ഓരോ ജാതിയിലെയും അംഗങ്ങൾ തങ്ങളുടെ ജാതി അടിസ്ഥാനമാക്കിയുള്ള വഴക്കങ്ങളും കടമകളും നിർബന്ധപൂർവം നിർവഹിക്കേണ്ടിയിരുന്നു. ജാതിസമ്പ്രദായത്തിന്റെ അടിസ്ഥാനമായിരുന്നു ശുദ്ധി-അശുദ്ധി (Purity-Pollution) എന്ന ധാരണ. ഇത് ജാതി വ്യത്യാസങ്ങൾ കർശനമായി നിലനിർത്തുന്നതിന് കാരണമായി. താഴ്ന്ന ജാതിയെന്ന് കണക്കാക്കപ്പെട്ടവർക്ക് ഉയർന്ന ജാതിയായി കണക്കാക്കപ്പെട്ടവരിൽനിന്നും നിശ്ചിത സാമൂഹിക അകലം (Social Distance) പാലിക്കണമായിരുന്നു. 'തൊട്ടുകൂടായ്മ' (Untouchability) എന്ന അനാചാരം അന്ന് നിലനിന്നിരുന്നു. എല്ലാ ജാതിയിൽപ്പെട്ടവർക്കും ഒരുമിച്ചിരുന്ന് ഭക്ഷണം കഴിക്കാൻപോലും അവകാശമില്ലായിരുന്നു. പൗരാവകാശ സംരക്ഷണ നിയമം, 1955 പ്രകാരം ഇന്ത്യയിൽ 'തൊട്ടുകൂടായ്മ' എന്ന സാമൂഹിക തിന്മ പ്രവർത്തിക്കുന്നതും പ്രചരിപ്പിക്കുന്നതും നിരോധിച്ചിട്ടുണ്ട്.

### പൗരാവകാശ സംരക്ഷണ നിയമം, 1955 (The Protection of Civil Rights Act, 1955)

തൊട്ടുകൂടായ്മ പ്രവർത്തിക്കുന്നതും പ്രചരിപ്പിക്കുന്നതും തടയാൻ വേണ്ടി 1955ൽ ഇന്ത്യൻ പാർലമെന്റ് പാസാക്കിയ നിയമമാണ് പൗരാവകാശ സംരക്ഷണ നിയമം. 1955ൽ പാസാക്കുമ്പോൾ തൊട്ടുകൂടായ്മ (കുറ്റകൃത്യങ്ങൾ) നിയമം, 1955 [Untouchability (Offences) Act, 1955] എന്നായിരുന്നു ഈ നിയമത്തിന്റെ പേര്. 1976ലെ ഭേദഗതിയിലൂടെയാണ് ഇതിനെ പൗരാവകാശ സംരക്ഷണ നിയമമെന്ന് പുനർനാമകരണം ചെയ്തത്.

### 4. വിവാഹത്തിലെ നിയന്ത്രണങ്ങൾ (Restrictions on Marriage)

ജാതിവ്യവസ്ഥ സ്വഗണവിവാഹത്തെ (Endogamy) പ്രോത്സാഹിപ്പിച്ചിരുന്നു. സ്വന്തം ജാതിയിൽ നിന്നുള്ള വിവാഹമാണ് സ്വഗണവിവാഹം. അന്യഗണവിവാഹം (Exogamy) ചെയ്യുന്ന വ്യക്തികളെ ജാതിയിൽ നിന്നും പുറത്താക്കുന്ന രീതിയും തുടർന്നുവന്നിരുന്നു. മറ്റുജാതികളുമായി ഇടകലരാതെ ഓരോ ജാതിയും അവരവരുടെ അതിർ വരമ്പുകൾ നിലനിർത്തുന്നതിന് വേണ്ടിയായിരുന്നു സ്വഗണവിവാഹസമ്പ്രദായം പിന്തുടർന്നിരുന്നത്.

### 5. അസമത്വവും അരികുവൽക്കരണവും (Inequality and Marginalisation)

ജാതിവ്യവസ്ഥ സാമൂഹികഘടനയുടെ അടിസ്ഥാനമായി പ്രവർത്തിച്ചിരുന്നുവെങ്കിലും അത് സമൂഹത്തിൽ അസമത്വം വളർത്തിയിരുന്നു. പ്രത്യേകിച്ച് താഴ്ന്ന ജാതിയിലെന്ന് കണക്കാക്കപ്പെട്ട ജനവിഭാഗങ്ങൾക്ക് വിദ്യാഭ്യാസം, ഭൂമി, വിഭവങ്ങൾ എന്നിവയ്ക്കുള്ള പ്രാപ്യത നിഷേധിക്കുകയും ഇത് അരികുവൽക്കരണത്തിന് ആക്കം കൂട്ടുകയും ചെയ്തു.

ജാതിവ്യവസ്ഥയിലെ അസമത്വങ്ങളെ ചോദ്യം ചെയ്യപ്പെടാനാകാത്തതായി കണക്കാക്കപ്പെട്ടിരുന്നു. വിഭവങ്ങൾ എല്ലാവർക്കും അർഹിക്കുന്നരീതിയിൽ ലഭിക്കുന്നതിനും സമത്വം വളരുന്നതിനും അത് തടസ്സമായി. ചില വിഭാഗങ്ങൾക്ക് കൂടുതൽ പരിഗണന ലഭിച്ചപ്പോൾ മറ്റുചില വിഭാഗങ്ങൾ അരികുവൽക്കരിക്കപ്പെട്ടു. കാലക്രമേണ ജാതിപരമായ അസമത്വങ്ങൾക്കെതിരെയും അടിച്ചമർത്തലുകൾക്കെതിരെയും നിരവധി പോരാട്ടങ്ങൾ ഇന്ത്യയിലാകമാനം ഉടലെടുത്തു. കല്ലുമാല സമരം, മൂക്കുത്തിസമരം, പന്തിഭോജനം, ചാന്നാർ ലഹള മുതലായവ കേരളത്തിലുണ്ടായ പോരാട്ടങ്ങൾക്ക് ഉദാഹരണങ്ങളാണ്.

ഇന്ത്യൻ ഭരണഘടന സമൂഹത്തിലെ അസമത്വങ്ങളെ വിലക്കുകയും എല്ലാ പൗരർക്കും തുല്യത ഉറപ്പുവരുത്തുകയും ചെയ്യുന്നു. ആധുനിക ഇന്ത്യയിൽ ജനാധിപത്യമൂല്യങ്ങൾ, ഭരണഘടനാവ്യവസ്ഥകൾ, സാമൂഹിക പ്രസ്ഥാനങ്ങൾ എന്നിവ ജാതിവ്യവസ്ഥയുടെ പരമ്പരാഗത കാർക്കശ്യ രീതികൾക്ക് വെല്ലുവിളിയായി. ഇത് സാമൂഹിക ചലനാത്മകതയെ സ്വാധീനിക്കുകയും ന്യായസമൂഹം കെട്ടിപ്പടുക്കുന്നതിനും തുല്യത പ്രോത്സാഹിപ്പിച്ച് ജാതിവിവേചനം ഇല്ലായ്മ ചെയ്യുന്നതിനും വഴി തെളിയിക്കുകയും ചെയ്തു.

ഇന്ത്യൻ ഭരണഘടന ജാതി വിവേചനത്തെ എങ്ങനെ അഭിസംബോധന ചെയ്യുന്നുവെന്ന് അന്വേഷിക്കൂ. ഭരണഘടനാപരമായ നിബന്ധനകൾ, അനുച്ഛേദങ്ങൾ, സുപ്രധാന കോടതി വിധികൾ എന്നിവ ഉൾപ്പെടുത്തി റിപ്പോർട്ട് തയ്യാറാക്കി സാമൂഹ്യശാസ്ത്ര ക്ലബ്ബിൽ അവതരിപ്പിക്കൂ.

## II. മതം (Religion)

ഇന്ത്യൻ ഭരണഘടനയുടെ ആമുഖത്തിൽ തന്നെ ഇന്ത്യ ഒരു മതേതരരാഷ്ട്രമാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഭരണകൂടം ഒരു മതത്തിനും പ്രത്യേക പരിഗണന നൽകുന്നില്ല എന്നതാണ് ഇന്ത്യൻ മതേതരത്വത്തിന്റെ (Secularism) പ്രത്യേകത. ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 15 പ്രകാരം മതം, വർഗം, ജാതി, ലിംഗം, ജനനസ്ഥലം എന്നിവയുടെ അടിസ്ഥാനത്തിലുള്ള ഏതൊരു വിവേചനത്തെയും നിരോധിച്ചിട്ടുണ്ട്. ഇന്ത്യയിൽ ഉടലെടുത്തതും ഇന്ത്യയ്ക്ക് പുറത്ത് ഉദ്ഭവിച്ചതുമായ മതങ്ങൾ സൗഹാർദത്തോടെ ഇവിടെ നിലനിൽക്കുന്നത് ഇന്ത്യൻ സാമൂഹികവ്യവസ്ഥയുടെ സവിശേഷതകളിലൊന്നാണ്. ഇന്ത്യൻ സാമൂഹികവ്യവസ്ഥയിൽ മതങ്ങളുടെ പങ്ക് എന്തൊക്കെയാണെന്ന് നോക്കാം.

### 1. സാമൂഹിക നിയന്ത്രണത്തിന്റെ ഉപാധി

മതസൗഹാർദ സമ്മേളനനഗരിയിൽ പ്രദർശിപ്പിച്ചിരിക്കുന്ന ബോർഡ് നിരീക്ഷിക്കൂ.




ഇന്ത്യയിലെ വിവിധ മതങ്ങൾ സമൂഹത്തിന് നൽകുന്ന മൂല്യങ്ങളെക്കുറിച്ചുള്ള സൂചനകളാണ് മുകളിൽ നൽകിയിരിക്കുന്ന സന്ദേശങ്ങളിൽ ഉൾക്കൊണ്ടിരിക്കുന്നത്.

ഓരോ മതവും മാനവികമൂല്യങ്ങളായ സത്യസന്ധത, അനുതാപം, പരസ്പരബഹുമാനം, പരസ്പരസ്നേഹം, കരുതൽ, സാമൂഹിക ഉത്തരവാദിത്വം, നീതിബോധം, ധാർമ്മികത എന്നിവ പഠിപ്പിക്കുകയും അതുവഴി സാമൂഹീകരണ പ്രക്രിയയെ സമ്പുഷ്ടമാക്കുകയും ചെയ്യുന്നു. അതിലൂടെ സമൂഹത്തിൽ സഹവർത്തിത്വവും ക്രമവും ഉറപ്പാക്കുന്നതിന് സാധിക്കുന്നു. അങ്ങനെ മതമൂല്യങ്ങൾ വ്യക്തികളുടെ പെരുമാറ്റത്തെ സ്വാധീനിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നതിലൂടെ സാമൂഹികനിയന്ത്രണത്തിന്റെ ഉപാധിയായി വർത്തിക്കുകയും ചെയ്യുന്നു.

## 2. സാംസ്കാരിക വൈവിധ്യത്തെ സമ്പുഷ്ടമാക്കുന്നു

ചിത്രങ്ങൾ നിരീക്ഷിക്കൂ.



ബാന്ദ്രയിലെ മൗണ്ട് മേരി ചർച്ച്



പഞ്ചാബിലെ മൂറിഷ് മോസ്ക്



സിക്കിമിലെ റുംടെക് ധർമ്മചക്ര സെന്റർ



അമൃത്സറിലെ സുവർണ്ണ ക്ഷേത്രം



തിരുവനന്തപുരത്തെ ശ്രീപത്മനാഭസ്വാമിക്ഷേത്രം



മൗണ്ട് അബുവിലെ ദിൽവാര ജൈന ക്ഷേത്രം

ഇന്ത്യയിലെ ചില പ്രധാന മതകേന്ദ്രങ്ങളിലെ ചിത്രകലകളും കൊത്തുപണികളും സൂചിപ്പിക്കുന്ന ചിത്രങ്ങളാണ് മുകളിൽ കൊടുത്തിരിക്കുന്നത്. നമ്മുടെ രാജ്യത്തിന്റെ സാംസ്കാരികവൈവിധ്യത്തെ സമ്പുഷ്ടമാക്കുവാൻ വിശ്വാസങ്ങളിലൂടെയും കലകളിലൂടെയും സാഹിത്യത്തിലൂടെയും മതങ്ങൾക്ക് സാധിക്കുന്നു. ക്ഷേത്രങ്ങൾ, ചർച്ചുകൾ, മോസ്ക്കുകൾ, വിഹാരങ്ങൾ, ഗുരുദ്വാരകൾ തുടങ്ങിയ മതസ്ഥാപനങ്ങളിലെ ചിത്രകലകളും കൊത്തുപണികളുമെല്ലാം ഇത് വ്യക്തമാക്കുന്നതാണ്.

ഹിന്ദു-മുസ്ലീം മൈത്രിക്ക് വേണ്ടി പ്രവർത്തിച്ച കബീർ ദാസ്, സ്ത്രീകളുടെ ആരാധനാ സ്വാതന്ത്ര്യത്തിനുവേണ്ടി നിലകൊണ്ട മീരാഭായ്, ജാതിവിവേചനത്തെയും സാമ്പത്തിക അസമത്വത്തെയും എതിർത്ത ഗുരുനാനാക്ക് തുടങ്ങിയ അനേകം വ്യക്തികളുടെ ആദർശപരമായ പ്രവർത്തനങ്ങളിൽ ഇന്ത്യയിലെ സാംസ്കാരിക വൈവിധ്യത്തെ സമ്പുഷ്ടമാക്കുന്ന നിരവധി ഘടകങ്ങൾ കാണാൻ സാധിക്കും.

ഇന്ത്യയിലെ വിവിധ മതാഘോഷങ്ങൾ ഏതൊക്കെയാണ്?

വിവിധ മതവിഭാഗങ്ങളിൽപ്പെട്ടവർ ഇത്തരം ആഘോഷങ്ങളുടെ ഭാഗമാകുമ്പോൾ അത് സമൂഹത്തിൽ ഐക്യവും സൗഹാർദവും ഊട്ടിയുറപ്പിക്കുന്നതിന് കാരണമാകാറുണ്ടോ? അന്വേഷിക്കൂ.

### 3. സാമൂഹിക മാറ്റത്തിന് ആക്കം കൂട്ടുന്നു

ഇന്ത്യയുടെ നവോത്ഥാനവുമായി ബന്ധപ്പെട്ട നിരവധി പ്രസ്ഥാനങ്ങളെക്കുറിച്ച് നിങ്ങൾ മുൻക്ലാസുകളിൽ ചർച്ചചെയ്തിട്ടുണ്ടല്ലോ. ചില മതപ്രസ്ഥാനങ്ങൾ സാമൂഹിക പ്രസ്ഥാനങ്ങളായി പരിണമിച്ച് അവ സാമൂഹികമാറ്റത്തിന് വഴി തെളിയിച്ചിട്ടുണ്ട്. അവ ജാതിവിവേചനങ്ങളെ വെല്ലുവിളിക്കുകയും സമത്വം പ്രോത്സാഹിപ്പിക്കുകയും ചെയ്തു. രാജാറാം മോഹൻറോയ് നേതൃത്വം കൊടുത്ത ബ്രഹ്മസമാജം ഇതിനുദാഹരണമാണ്.

മതങ്ങൾ സമൂഹത്തിൽ നവീകരണവും ഐക്യവും പ്രോത്സാഹിപ്പിക്കുന്നുണ്ടെങ്കിലും മതത്തിന്റെ പേരിലുള്ള വിഭാഗീയതയും സംഘർഷങ്ങളും ഇന്ത്യയുടെ സാമൂഹികവ്യവസ്ഥയുടെ സന്തുലിതാവസ്ഥയ്ക്ക് ചിലപ്പോഴെങ്കിലും വെല്ലുവിളിയാകാറുണ്ട്. ഇത്തരം പ്രവണതകൾ നമ്മുടെ സാമൂഹിക ഐക്യത്തെ ദോഷകരമായി ബാധിക്കുന്നു.

ഇന്ത്യൻ മതേതരത്വത്തിന്റെ പ്രാധാന്യം എടുത്തുകാട്ടുന്ന കഥ, ചെറുകഥ, കവിത, ലേഖനം, ചിത്രങ്ങൾ, കാർട്ടൂൺ മുതലായവ ഉൾപ്പെടുത്തി ക്ലാസിൽ ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കി സ്കൂൾ വിക്കിയിൽ ചേർക്കൂ.

## III. ഭാഷ (Language)



ലോകത്ത് ഏറ്റവുമധികം ഭാഷാ വൈവിധ്യമുള്ള രാജ്യങ്ങളിൽ ഒന്നാണ് ഇന്ത്യ. 22 ഔദ്യോഗികഭാഷകളും ഒട്ടനേകം ഭാഷാഭേദങ്ങളും ഇന്ത്യയിലുണ്ട്.

കേവലം ആശയവിനിമയത്തിനുള്ള മാധ്യമം മാത്രമല്ല ഭാഷ, അത് സംസ്കാരത്തിന്റെയും സ്വത്വത്തിന്റെയും അടയാളം കൂടിയാണ്. സ്വാതന്ത്ര്യം ലഭിച്ചതിന് ശേഷം ഇന്ത്യയിൽ സംസ്ഥാനങ്ങളെ പുനഃസംഘടിപ്പിച്ചത് ഭാഷയുടെ അടിസ്ഥാനത്തിലായിരുന്നുവെന്ന് നിങ്ങൾക്കറിയാമല്ലോ. വ്യത്യസ്തഭാഷകൾ സംസാരിക്കുന്ന ജനങ്ങൾ തമ്മിൽ സാമൂഹികവ്യവസ്ഥയിലും സംസ്കാരത്തിലും ധാരാളം വ്യത്യാസങ്ങൾ നിലനിൽക്കുന്നു.

ഇന്ത്യയിലെ പ്രശസ്ത സമൂഹശാസ്ത്രജ്ഞയും ആദ്യത്തെ നരവംശശാസ്ത്രജ്ഞയുമായിരുന്ന പ്രൊഫ. ഇരാവതി കാർവെയുടെ പഠനങ്ങൾ ഇന്ത്യയുടെ ഭാഷാഭേദങ്ങളെ ചുവടെ നൽകിയിരിക്കുന്ന രീതിയിൽ പട്ടികപ്പെടുത്തിയിരിക്കുന്നു.



| ഭാഷാകുടുംബം | പ്രധാന ഭാഷകൾ | നിലനിന്നിരുന്ന ഭാഷാഭൂപ്രദേശങ്ങൾ |
|---|---|---|
| ഇന്തോ-യൂറോപ്യൻ | പഞ്ചാബി, സിന്ധി, ഹിന്ദി, ബീഹാരി, ബംഗാളി, അസാമീസ്, രാജസ്ഥാനി, ഗുജറാത്തി, മറാത്തി, കൊങ്കണി, ഒഡിയ | പഞ്ചാബ്, സിന്ധ്, ഉത്തർപ്രദേശ്, മധ്യപ്രദേശിന്റെ ചില ഭാഗങ്ങൾ, ബീഹാർ, ബംഗാൾ, അസം, രാജസ്ഥാൻ, കത്തിയവാഡ്, ഗുജറാത്ത്, മഹാരാഷ്ട്ര, ദക്ഷിണകൊങ്കൺ, ഒറീസ |
| ദ്രാവിഡം | തെലുങ്ക്, കന്നട, തമിഴ്, മലയാളം, തുളു, കൊടക്, തോഡ | ആന്ധ്ര/തെലുങ്കാന, കർണ്ണാടക, തമിഴ്നാട്, കേരളം, തുളുനാട്, കൂർഗ് കുന്നുകൾ, നീലഗിരി കുന്നുകൾ |
| ആസ്ട്രോ-ഏഷ്യാറ്റിക് | മുണ്ടരി, സവോര, ജുവാങ്, ബോണ്ടോ, ഗഡാബ, ഭുമിയ, സന്താലി, ഖാസി | ദക്ഷിണബീഹാർ, ദക്ഷിണ ഒറീസയുടെ വടക്ക് പടിഞ്ഞാറ് മധ്യമേഖലകൾ, പശ്ചിമബംഗാൾ, സന്താൾ പരഗാന ജില്ല, അസം കുന്നുകൾ |

*Source:* Irawathi Karve, *Kinship Organisation in India (1953)*

ജനങ്ങളെ പരസ്പരം ബന്ധിപ്പിക്കുന്നതിലും സംസ്കാരത്തെ പരിപോഷിപ്പിക്കുന്നതിലും ഐക്യം ഉറപ്പുവരുത്തി ഇന്ത്യയുടെ സാമൂഹികവ്യവസ്ഥ നിലനിർത്തുന്നതിലും ഭാഷകളുടെ പങ്ക് എന്തെല്ലാമാണെന്ന് നമുക്ക് പരിശോധിക്കാം.

## 1. സാംസ്കാരിക പാരമ്പര്യങ്ങളെ ജൈവികമാക്കുന്നു

വാമൊഴിപ്പാട്ടുകളെക്കുറിച്ച് നിങ്ങൾ കേട്ടിട്ടുണ്ടോ? കേരളത്തിലെ വടക്കൻ പാട്ടുകൾ വാമൊഴിപ്പാട്ടുകൾക്ക് ഉദാഹരണമാണ്. ഇത്തരം പാട്ടുകളിലൂടെ പരമ്പരാഗത മൂല്യങ്ങളും സാമൂഹികവഴക്കങ്ങളും ചരിത്രസംഭവങ്ങളും സംരക്ഷിക്കപ്പെടുന്നു. വാമൊഴിപ്പാട്ടുകൾക്ക് കൂടുതൽ ഉദാഹരണങ്ങൾ കണ്ടെത്തൂ.

ഭാഷകൾ കാലഘട്ടങ്ങൾക്കനുസരിച്ച് വാമൊഴിയിലൂടെയും മാറ്റങ്ങൾക്കുവിധേയമായി വരമൊഴിയിലൂടെയും അതത് സമൂഹത്തിന്റെ പാരമ്പര്യത്തെ ജൈവികമാക്കുന്നു. ഓരോ സമൂഹത്തിന്റെയും പാരമ്പര്യങ്ങളും കഥകളും മൂല്യങ്ങളും അതത് സമൂഹത്തിന്റെ സംസ്കാരത്തെ പരിപോഷിപ്പിക്കുന്നു.

### 2. സ്വത്വബോധം നൽകുന്നു

മലയാളം സംസാരിക്കുന്നവർ മലയാളികൾ എന്നറിയപ്പെടുന്നതുപോലെ, ഭാഷ വ്യക്തികളെ അവരുടെ സ്വത്വവുമായി ബന്ധിപ്പിക്കുന്നു. തമിഴർ, ബീഹാറികൾ, പഞ്ചാബികൾ മുതലായ പ്രയോഗങ്ങൾ വ്യക്തികളുടെ ഭാഷയും സ്വത്വവും എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു എന്നതിന് ഉദാഹരണമാണ്. ഇങ്ങനെ ഭാഷ വ്യക്തികളുടെ സ്വത്വബോധവുമായി ഉൾച്ചേർന്നിരിക്കുന്നു.

**വടക്കൻപാട്ട്**

വടക്കൻ കേരളത്തിൽ ഉടലെടുത്ത വീരാരാധനാപരമായ നാടോടിപ്പാട്ടുകളാണ് വടക്കൻ പാട്ടുകൾ. വടക്കേ മലബാറിലെ കടത്തനാട്, കോലത്തുനാട്, വയനാട് തുടങ്ങിയ പ്രദേശങ്ങളിലെ കളരി അഭ്യാസങ്ങൾക്ക് പേരുകേട്ട പുത്തൂരം, തച്ചോളി തുടങ്ങിയ തറവാടുകളിലെ അഭ്യാസികളുടെ ജീവചരിത്രവും അവരെ പ്രകീർത്തിക്കലുമാണ് വടക്കൻ പാട്ടുകളിലെ സാരം. ഈ പാട്ടുകൾ മലയാളഭാഷയിലൂടെ കൈമാറ്റം ചെയ്യപ്പെടുന്നു.

### 3. സാംസ്കാരിക വൈവിധ്യങ്ങളോടുള്ള ബഹുമാനവും സഹവർത്തിത്വവും വളർത്തുന്നു

നിങ്ങൾ മാതൃഭാഷ കൂടാതെ മറ്റ് ഏതൊക്കെ ഭാഷകൾ പഠിക്കുന്നുണ്ട്? മറ്റ് ഭാഷകളിലെ കഥകളും കവിതകളും സാഹിത്യസൃഷ്ടികളുമെല്ലാം ആ ഭാഷ സംസാരിക്കുന്ന ജനതയുടെ സംസ്കാരത്തെക്കുറിച്ചറിയാൻ നമ്മെ സഹായിക്കാറില്ലേ? വിവിധ ഭാഷകളിലൂടെ വ്യത്യസ്ത സംസ്കാരങ്ങളെക്കുറിച്ചറിയാനും അവയെ ബഹുമാനിക്കാനും സഹവർത്തിത്വം വളർത്താനും സാധിക്കുന്നു. പ്രാദേശിക ഭാഷകൾ ഉൾപ്പെടെ ഒന്നിലധികം ഭാഷകൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വ്യക്തികൾക്ക് വ്യത്യസ്ത ജീവിത വീക്ഷണങ്ങളും അവസരങ്ങളും നൽകുന്നു.

ഇന്ത്യയുടെ ഭാഷാവൈവിധ്യവും സാംസ്കാരികവിനിമയവും എന്ന വിഷയത്തിൽ ഒരു ലേഖനം തയ്യാറാക്കൂ.

ഇന്ത്യൻ സാമൂഹികവ്യവസ്ഥയെ സന്തുലിതമായി നിലനിർത്തുന്നതിന് ഭാഷാവൈവിധ്യത്തെ തിരിച്ചറിയേണ്ടതും ബഹുമാനിക്കേണ്ടതും അനിവാര്യമാണ്.

രാജ്യത്തിന്റെ ഐക്യം, അഖണ്ഡത, സാഹോദര്യം, മാനവികത തുടങ്ങിയ ആശയങ്ങളും മൂല്യങ്ങളും പ്രതിഫലിക്കുന്ന ഒരു ദേശഭക്തിഗാനം തിരഞ്ഞെടുക്കൂ. ഈ ആശയങ്ങളും മൂല്യങ്ങളും എപ്രകാരമാണ് അതിലെ ഭാഷയിലൂടെ പ്രതിഫലിപ്പിച്ചിരിക്കുന്നതെന്ന് വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കൂ.

## IV. ഗോത്രസമൂഹം (Tribal Society)

> വരയാടുകളുടെ സംരക്ഷണത്തിന് മുതുവാൻ ഗോത്രത്തിന്റെ അറിവുകൾ പ്രയോജനപ്പെടുത്തി വനം വകുപ്പ്

> പശ്ചിമഘട്ടമലനിരകളെ സംരക്ഷിക്കുന്നതിന് കർണ്ണാടകയിലെ സോലിഗ ഗോത്രത്തിന്റെ വിലമതിക്കാനാവാത്ത സംഭാവനകൾ

> പരമ്പരാഗത നെല്ലിനങ്ങളെയും കൃഷിരീതികളെയും സംരക്ഷിച്ചതിന് കുറിച്യ ഗോത്രത്തിൽ നിന്നുള്ള കർഷകൻ ചെറുവയൽ രാമന് പത്മശ്രീ.

വാർത്താതലക്കെട്ടുകൾ വായിച്ചില്ലേ. ഇന്ത്യൻ സാമൂഹികവ്യവസ്ഥ നിലനിർത്തുന്നതിൽ വിവിധ ഗോത്രസമൂഹങ്ങൾ നൽകുന്ന സംഭാവനകളാണ് ഈ വാർത്തകളിലെ പ്രതിപാദ്യവിഷയം. തലക്കെട്ടുകളിൽ നിന്നും ഗോത്രസമൂഹങ്ങളുടെ എന്തെല്ലാം സംഭാവനകളാണ് നിങ്ങൾക്ക് മനസ്സിലാക്കാൻ കഴിയുന്നത്?

ഇന്ത്യൻ സമൂഹത്തെ സാമൂഹികവും സാംസ്കാരികവും ഭൂമിശാസ്ത്രപരവുമായ സവിശേഷതകൾക്കനുസരിച്ച് ഗോത്രസമൂഹം, ഗ്രാമസമൂഹം, നഗരസമൂഹം എന്നിങ്ങനെ തരംതിരിച്ചിരിക്കുന്നു. ഇന്ത്യൻ സമൂഹത്തിന്റെ അവിഭാജ്യ ഘടകമാണ് ഗോത്രസമൂഹം. വൈവിധ്യമാർന്ന ഗോത്രസമൂഹങ്ങൾ ഇന്ത്യയിലുണ്ട്. ലോകത്തിൽ ഏറ്റവും കൂടുതൽ ഗോത്രജനതയുള്ളത് ആഫ്രിക്കയിലാണ്. ഇന്ത്യയാണ് രണ്ടാംസ്ഥാനത്ത്.

ഗോത്രസമൂഹങ്ങൾ ഇന്ത്യയിലെ തദ്ദേശീയ ജനതയാണ്. ഇന്ത്യൻ ജനസംഖ്യയുടെ 8.6 ശതമാനം (2011 സെൻസസ് പ്രകാരം) ഗോത്രസമൂഹമാണ്. വടക്കുകിഴക്കൻ സംസ്ഥാനങ്ങളായ മിസോറാം, നാഗാലാൻഡ്, മേഘാലയ, അരുണാചൽ പ്രദേശ് എന്നിവിടങ്ങളിലും കേന്ദ്രഭരണപ്രദേശമായ ലക്ഷദ്വീപിലും ജനസംഖ്യയുടെ ഭൂരിഭാഗവും ഗോത്രജനതയാണ്.

ഗ്രാമ-നഗര സമൂഹങ്ങളിൽ നിന്ന് വ്യത്യസ്തമായ സവിശേഷതകളുള്ളവരാണ് ഗോത്രസമൂഹം. ഓരോ ഗോത്ര സമൂഹത്തിനും തനതായ ഭാഷ, ആചാരങ്ങൾ, ഭരണസംവിധാനങ്ങൾ എന്നിവയുണ്ട്. ഗോത്രജനത പ്രകൃതിയുമായി അടുത്തിടപഴകി ജീവിക്കുന്നവരും സുസ്ഥിരകൃഷിയിലും വനപരിപാലനത്തിലും വ്യാപൃതരാകുകയും ചെയ്യുന്നവരാണ്. ഇതുവഴി പരിസ്ഥിതിയെ സംരക്ഷിക്കാനും പാരിസ്ഥിതിക സന്തുലിതാവസ്ഥ നിലനിർത്താനും ഗോത്രസമൂഹങ്ങൾക്ക് സാധിക്കുന്നു.

ഇന്ത്യയിലെ ഗോത്രസമൂഹങ്ങളുടെ വ്യത്യസ്തഭാഷകൾ, വിശ്വാസങ്ങൾ, ആചാരങ്ങൾ, ഭക്ഷണരീതികൾ, ജീവിതരീതി എന്നിവ നമ്മുടെ വൈവിധ്യത്തിന്റെ ഭാഗമാണ്. വനം, ജൈവവൈവിധ്യം എന്നിവ തനതായി സംരക്ഷിക്കുന്നതിൽ ഗോത്രസമൂഹത്തിന്റെ സംഭാവനകൾ വളരെ വലുതാണ്. പരമ്പരാഗത

അറിവുകൾ, കല, സംസ്കാരം തുടങ്ങിയവ തലമുറകളായി കൈമാറ്റം ചെയ്യപ്പെടുന്നതിലൂടെ ഇന്ത്യയുടെ സാംസ്കാരിക സംരക്ഷണത്തിൽ ഗോത്രസമൂഹം പ്രധാന പങ്കുവഹിക്കുന്നു.

## 1. പരമ്പരാഗത അറിവ്

കൃഷി, ഔഷധങ്ങൾ, ജൈവവൈവിധ്യസംരക്ഷണം എന്നിവയെക്കുറിച്ച് പരമ്പരാഗത ഗോത്രസമൂഹങ്ങൾക്ക് വിലപ്പെട്ട അറിവുകളാണുള്ളത്. ഉദാഹരണത്തിന് വിവിധ ഗോത്രങ്ങളിലുള്ളവർ വ്യത്യസ്ത കാലാവസ്ഥയെ പ്രതിരോധിക്കുന്ന വിളകൾ ഉൽപാദിപ്പിക്കുകയും അവയുടെ വിത്തുകൾ തനതായ രീതിയിൽ സംരക്ഷിക്കുകയും ചെയ്യുന്നു. ആരോഗ്യപരിപാലനത്തിനായി തനത് പ്രകൃതിദത്ത വിഭവങ്ങൾ ഉപയോഗപ്പെടുത്തുന്നു. ഗോത്രസമൂഹത്തിന്റെ നാട്ടുനടപ്പ് രീതികളും വാമൊഴിചരിത്രങ്ങളും ഇന്ത്യൻ സംസ്കാരത്തിന് മികച്ച സംഭാവനകൾ നൽകുന്നു.



**ശ്രീമതി ലക്ഷ്മിക്കുട്ടി**

*(പരമ്പരാഗത ഔഷധചികിത്സാരീതിക്ക് 2018-ൽ പത്മശ്രീ അവാർഡ് ഇന്ത്യൻ പ്രസിഡന്റ് ശ്രീ. രാംനാഥ് കോവിന്ദിൽ നിന്നും സ്വീകരിക്കുന്നു.)*



**ശ്രീ. ചെറുവയൽ രാമൻ**

*(പരമ്പരാഗത നെൽ വിത്തിനങ്ങളുടെ സംരക്ഷണത്തിനും അവയുടെ പ്രചാരണത്തിനുമായി 2023-ൽ പത്മശ്രീ അവാർഡ് ഇന്ത്യൻ പ്രസിഡന്റ് ശ്രീമതി ദ്രൗപതി മുർമുവിൽ നിന്നും സ്വീകരിക്കുന്നു.)*

## 2. കലയും സംസ്കാരവും

ഗോത്രസമൂഹം തങ്ങളുടെ സവിശേഷമായ ഭാഷ, കലാരൂപങ്ങൾ, ആഘോഷങ്ങൾ, സംഗീതം, നൃത്തം എന്നിവയിലൂടെ ഇന്ത്യൻ സംസ്കാരത്തെ പരിപോഷിപ്പിക്കുന്നു. ഗ്രാമ-നഗര സമൂഹങ്ങളെ പോലെത്തന്നെ ഇന്ത്യയുടെ 'നാനാത്വത്തിൽ ഏകത്വം' എന്ന ആശയത്തെ ഗോത്രസമൂഹവും ബലപ്പെടുത്തുന്നു. ഗോത്രകലകളും (വാർലി പെയിന്റിംഗ് പോലുള്ളവ) സാംസ്കാരിക ഉത്സവങ്ങളും ആഗോള തലത്തിൽ ആകർഷിക്കപ്പെടുകയും വിനോദസഞ്ചാരത്തെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.



വാർലി പെയിന്റിങ്



ഇരുളനൃത്തം



പണിയനൃത്തം



മലപ്പുലയാട്ടം



പളിയനൃത്തം



മംഗലംകളി

ഗോത്രകലകൾ

### 3. സുസ്ഥിരജീവിതം

ഗോത്രസമൂഹങ്ങൾ പ്രകൃതിയുമായി ഇണങ്ങി ജീവിക്കുകയും വനം, വെള്ളം, തുടങ്ങി ഭൂമിയിലുള്ള പ്രകൃതിവിഭവങ്ങളെ പരിസ്ഥിതിസൗഹൃദമായി ജീവിതത്തിന്റെ ഭാഗമാക്കുകയും ചെയ്യുന്നു. ഈ സമൂഹത്തിന്റെ സമ്പ്രദായങ്ങൾ പരിസ്ഥിതി സംരക്ഷണത്തിനും വിഭവപരിപാലനത്തിനും മികച്ച മാതൃകകൾ നൽകുന്നു. വനത്തെ സംബന്ധിച്ച ഗോത്ര സമൂഹത്തിന്റെ അറിവുകൾ ഇക്കോ-ടൂറിസം മേഖലയുടെ വികാസത്തിന് ആക്കം കൂട്ടുന്നു. നമ്മുടെ രാജ്യത്തിന്റെ ജ്ഞാനസമ്പദ്‌വ്യവസ്ഥയ്ക്ക് ഗോത്രസമൂഹത്തിന്റെ അറിവുകൾ മുതൽക്കൂട്ടാകുന്നതിന്റെ ഉദാഹരണമാണിത്.

### 4. അസമത്വത്തിനെതിരെയുള്ള പ്രതിരോധങ്ങൾ



**സന്താൾ കലാപം (1855-1856)**

കാരണങ്ങൾ:

ഭൂവുടമകളുടെയും പണമിടപാടുകാരുടെയും ബ്രിട്ടീഷ് ഉദ്യോഗസ്ഥരുടെയും ചൂഷണം; പൂർവിക ഭൂമിയിൽ നിന്നുള്ള നിർബന്ധിത കുടിയിറക്കം.

സ്ഥലം:

ഇപ്പോഴത്തെ ബംഗാൾ, ഝാർഖണ്ഡ്, ഒഡീഷ, ബീഹാർ എന്നിവ ഉൾപ്പെടുന്ന മേഖലകൾ

പ്രധാന നേതാക്കൾ:

സിദ്ധു മുർമു, കൻഹു മുർമു



**മുണ്ട കലാപം (1899-1900) (ഉൽഗുലാൻ പ്രസ്ഥാനം)**

കാരണങ്ങൾ :

മുണ്ട ഗോത്രവിഭാഗങ്ങളുടെ മേലുള്ള ഭൂവുടമകളുടെ ചൂഷണവും അടിച്ചമർത്തലും. ഭൂവുടമസ്ഥതയിന്മേലുള്ള ബ്രിട്ടീഷ് ഇടപെടൽ.

സ്ഥലം :

ഝാർഖണ്ഡ് ഉൾപ്പെടെയുള്ള ഛോട്ടാനാഗ്പൂർ മേഖലകൾ

പ്രധാന നേതാവ് :

ബിർസ മുണ്ട.



**കുറിച്ച്യ, കുറുമ്പ കലാപം (1812)**

കാരണങ്ങൾ :

അമിതമായ നികുതി, പ്രാദേശിക ഭരണത്തിൽ ബ്രിട്ടീഷ് ഇടപെടലുകൾ, പരമ്പരാഗത ഭൂമിയിൽ നിന്ന് നിർബന്ധിത കുടിയിറക്കൽ, ഭൂമി കണ്ടുകെട്ടൽ

സ്ഥലം :

വയനാട് (കേരളം)

പ്രധാന നേതാവ് :

രാമൻ നമ്പി

ചരിത്ര മ്യൂസിയത്തിൽ പ്രദർശിപ്പിച്ചിരിക്കുന്ന ഇന്ത്യയിലെ പ്രധാന ഗോത്ര കലാപങ്ങളെക്കുറിച്ചുള്ള സചിത്രവിവരണങ്ങൾ നിരീക്ഷിക്കൂ. അസമത്വത്തിനും അടിച്ചമർത്തലിനുമെതിരെ നിരവധി പ്രതിരോധങ്ങൾ തീർക്കുകയും സാമൂഹിക നീതിക്ക് വേണ്ടി പോരാടുകയും ചെയ്തവരാണ് ഇന്ത്യയിലെ ഗോത്രസമൂഹങ്ങൾ.

ഗോത്രസമൂഹങ്ങളുടെ സംസ്കാരം, പരിസ്ഥിതിജ്ഞാനം, അസമത്വത്തിനെതിരെയുള്ള പ്രതിരോധങ്ങൾ എന്നിവ ഇന്ത്യയുടെ സാമൂഹികവ്യവസ്ഥയെ പരിപോഷിപ്പിക്കുന്നതിൽ സുപ്രധാന പങ്കുവഹിക്കുന്നു. ഇന്ത്യയുടെ പ്രകൃതി സമ്പത്തിന്റെയും സാംസ്കാരിക സമ്പന്നതയുടെയും ഉടമകളാണ് ഗോത്ര സമൂഹങ്ങൾ. ഗോത്രസമൂഹത്തിന്റെ വിദ്യാഭ്യാസം, ആരോഗ്യപരിപാലനം, സാമൂഹിക-സാമ്പത്തിക പുരോഗതി എന്നിവയെ ശാക്തീകരിക്കുന്നതിലൂടെ രാജ്യത്തിന്റെ ദേശീയോദ്ഗ്രഥനം കൂടുതൽ ശക്തിപ്പെടുത്താൻ സാധിക്കും.

സ്ഥിതിവിവരക്കണക്കുകളും ചിത്രങ്ങളും ചെറുവിവരണങ്ങളും ഉൾപ്പെടുത്തി ഇന്ത്യൻ സാമൂഹികവ്യവസ്ഥ നിലനിർത്തുന്നതിൽ ഗോത്രസമൂഹത്തിന്റെ പങ്ക് വ്യക്തമാക്കുന്ന ഇൻഫോഗ്രാഫിക്സ് തയ്യാറാക്കൂ.

## V. ഗ്രാമ-നഗര സമൂഹങ്ങൾ (Rural-Urban Societies)



പശ്ചിമബംഗാളിലെ ഒരു ഗ്രാമത്തിലാണ് ആരവ് താമസിക്കുന്നത്. മലകൾക്കിടയിലായി സ്ഥിതിചെയ്യുന്ന ആ ഗ്രാമത്തിന്റെ പ്രകൃതിഭംഗി ആരെയും മോഹിപ്പിക്കും. ഗ്രാമവാസികളിൽ അധികവും കർഷകരാണ്. അതിനാൽ തന്നെ അവിടെ ധാരാളം കൃഷിത്തോട്ടങ്ങളും ഉണ്ട്. എല്ലാദിവസവും കൃഷിയിടത്തിൽ രക്ഷിതാക്കളെ സഹായിച്ചിട്ടാണ് ആരവ് സ്കൂളിലേക്ക് പോകുന്നത്. വീട്ടിൽ നിന്നും കുറച്ച് അകലെയാണ് അവന്റെ സ്കൂൾ. കുറേ ഇടവഴികളും റോഡുകളും ഒക്കെ കടന്നുവേണം സ്കൂളിലെത്താൻ. കുറച്ചു ക്ലാസ് മുറികൾ മാത്രമുള്ള, ആവശ്യത്തിന് പുസ്തകങ്ങളോ ഇന്റർനെറ്റ് സൗകര്യങ്ങളോ ഒന്നും ലഭ്യമല്ലാത്ത പരിമിതമായ സൗകര്യങ്ങളാണ് അവന്റെ സ്കൂളിലുള്ളത്. അവന്റെ ഗ്രാമത്തിന്റെ അവസ്ഥയും വ്യത്യസ്തമല്ല. ഗ്രാമവാസികൾക്ക് ആശുപത്രിയിൽ പോകണമെങ്കിൽ പോലും വളരെ ദൂരം സഞ്ചരിക്കണം. എത്രയൊക്കെ അസൗകര്യങ്ങൾ ഉണ്ടെങ്കിലും ആരവിന് അവന്റെ ഗ്രാമം ഏറെ പ്രിയപ്പെട്ടതാണ്. ഗ്രാമവാസികൾ എല്ലാം തന്നെ വളരെ അടുപ്പവും സ്നേഹവും പുലർത്തി കുടുംബാംഗങ്ങളെ പോലെ സഹകരിച്ചാണ് അവിടെ ജീവിക്കുന്നത്.



കൊൽക്കത്ത നഗരത്തിൽ ജീവിക്കുന്ന മായയുടെ ജീവിതം ഇതിൽ നിന്നും തീർത്തും വ്യത്യസ്തമാണ്. ജനനിബിഡമായ പാതയോരങ്ങളും നിരനിരയായി എത്തുന്ന വാഹനങ്ങളാൽ തിങ്ങിനിറഞ്ഞ റോഡുകളും എല്ലാം അവിടത്തെ സാധാരണ കാഴ്ചയാണ്. സദാ ശബ്ദമുഖരിതമാണ് ആ നഗരം. എല്ലാവർക്കും എപ്പോഴും തിരക്ക് തന്നെ. രാവിലെ ആയാൽ അച്ഛനോടും അമ്മയോടും വേണ്ടത്ര സമയം സംസാരിക്കാൻ പോലും അവൾക്ക് പലപ്പോഴും സാധിക്കാറില്ല. അവരും അപ്പോൾ ഓഫീസിൽ പോകുന്ന തിരക്കിലായിരിക്കും. വലിയ കെട്ടിടങ്ങളും ഓഫീസ് സമുച്ചയങ്ങളും വ്യവസായ ശാലകളും ഉൾപ്പെടെ എല്ലാ ആധുനിക സൗകര്യങ്ങളും ആ

നഗരത്തിലുണ്ട്. വളരെ വലുതും ഇന്റർനെറ്റ് സൗകര്യങ്ങളോടുകൂടിയ സ്മാർട്ട് ക്ലാസ് റൂമുകളും വിശാലമായ ലൈബ്രറിയും ഒക്കെയുള്ള സ്കൂളിലാണ് മായ പഠിക്കുന്നത്. ഇത്രയൊക്കെ സൗകര്യങ്ങൾ ആ നഗരത്തിൽ ഉണ്ടെങ്കിലും അവിടെയുള്ള മനുഷ്യർ തമ്മിൽ സാമൂഹിക അടുപ്പം വളരെ കുറവാണ്. തന്റെ അയൽപക്കത്തുള്ളവരെപോലും മായയ്ക്ക് വേണ്ടത്ര പരിചയമില്ല. ഈ തിരക്കുകൾക്കിടയിലും പാർക്കുകൾ, വ്യായാമ മൈതാനങ്ങൾ തുടങ്ങിയ ഇടങ്ങളിലെല്ലാം നഗരവാസികൾ പരസ്പരം ഇടപഴകുകയും ബന്ധങ്ങൾ വളർത്താൻ ശ്രമിക്കുകയും ചെയ്യാറുണ്ട്.

ആരവിനെയും മായയെയും കുറിച്ചുള്ള വിവരണം വായിച്ചില്ലേ. ഒരേ സംസ്ഥാനത്താണ് ഇവർ താമസിക്കുന്നതെങ്കിലും അവരുടെ വാസസ്ഥലങ്ങൾക്ക് തനതായ ചില പ്രത്യേകതകൾ ഉള്ളതായി ശ്രദ്ധിച്ചല്ലോ. അവ എന്തൊക്കെയാണെന്ന് പട്ടികപ്പെടുത്തൂ.

| ഗ്രാമസമൂഹം | നഗരസമൂഹം |
|---|---|
| • കൃഷി | • വ്യവസായം |
| • | • |
| • | • |

പുരാതനകാലം മുതൽ തന്നെ സ്വയംഭരണമുള്ള ഗ്രാമങ്ങൾ നിലനിന്നിരുന്ന നാടായിരുന്നു ഇന്ത്യ. കൃഷിയിലും ചെറുകിട വ്യവസായങ്ങളിലും അധിഷ്ഠിതമാണ് ഗ്രാമസമൂഹം. ഇഴയടുപ്പമുള്ള ബന്ധങ്ങളും പാരമ്പര്യജീവിതരീതികളുമാണ് ഈ സമൂഹത്തിന്റെ പ്രത്യേകത. ഇന്ത്യയുടെ കാർഷികസമ്പദ് വ്യവസ്ഥയുടെ നട്ടെല്ലാണ് ഗ്രാമസമൂഹങ്ങൾ.

വൈവിധ്യമാർന്ന വ്യവസായങ്ങൾ, വിവിധ സേവനങ്ങൾ, ആധുനിക അടിസ്ഥാന സൗകര്യങ്ങൾ എന്നിവയെല്ലാമാണ് നഗരസമൂഹത്തിന്റെ പ്രത്യേകതകൾ. വൈവിധ്യമാർന്ന മനുഷ്യസമൂഹവും വേഗതയേറിയ ജീവിതരീതികളും ഗ്രാമങ്ങളെ അപേക്ഷിച്ച് നഗരജീവിതത്തിന്റെ സവിശേഷതകളാണ്.



പഞ്ചാബിലെ ഗ്രാമത്തിൽ താമസിക്കുന്ന ജബീർസിങ്ങിന്റെയും കുടുംബത്തിന്റെയും മുഖ്യതൊഴിൽ ഗോതമ്പ് കൃഷിയാണ്. ഗ്രാമത്തിൽ ഉൽപാദിപ്പിക്കുന്ന ഗോതമ്പ് നഗരത്തിലാണ് കൂടുതലായും വിതരണം ചെയ്യുന്നത്.



നഗരത്തിലെ ടെക്നോ പാർക്കിൽ തൊഴിൽ ചെയ്യുന്ന റിനുവും കൂട്ടുകാരും വിവിധ കൃഷികൾക്ക് അനുയോജ്യമായ മണ്ണ് കണ്ടെത്തുന്നതിനും കർഷകരെ സഹായിക്കുന്നതിനുമായി മൊബൈൽ ആപ്ലിക്കേഷൻ വികസിപ്പിച്ചു. ഇത് ഗ്രാമങ്ങളിലെ കൃഷിരീതികൾ മെച്ചപ്പെടുത്തുന്നതിനും ഉയർന്ന ഉൽപാദനം ഉറപ്പുവരുത്തുന്നതിനും സഹായകമാകുന്നു.

റിനുവിന്റെയും ജബീർസിങ്ങിന്റെയും തൊഴിലുകൾ ശ്രദ്ധിച്ചില്ലേ. എന്താണ് അതിലെ പ്രത്യേകതകൾ? ഇവരുടെ തൊഴിലുകൾ പരസ്പരാശ്രിതമാണോ? എങ്ങനെ?

നമ്മുടെ കാർഷിക മേഖലയ്ക്ക് സഹായകരമാകുന്ന സർക്കാരിന്റെ മൊബൈൽ ആപ്പുകൾ ഏതൊക്കെയാണ്?

ഭക്ഷണത്തിനായുള്ള അസംസ്കൃത വസ്തുക്കൾക്കായി നഗരങ്ങൾ ഗ്രാമങ്ങളെ ആശ്രയിക്കുമ്പോൾ സാങ്കേതികവിദ്യക്കും വിപണിക്കുമായി ഗ്രാമങ്ങൾ നഗരങ്ങളെയും ആശ്രയിക്കുന്നു. നഗരങ്ങളിലെ ആധുനികപ്രവണതകൾ ഗ്രാമങ്ങളെ സ്വാധീനിക്കാറുണ്ട്. നഗരങ്ങളെ അപേക്ഷിച്ച് ഗ്രാമങ്ങൾ പരസ്പരബന്ധങ്ങൾക്കും സാമൂഹികസഹകരണത്തിനും കൂടുതൽ ഊന്നൽ നൽകുന്നു.

ഗ്രാമ-നഗര കുടിയേറ്റങ്ങൾ ഇരുസമൂഹങ്ങളെയും പരസ്പരം ബന്ധിപ്പിക്കുന്നു. ഗ്രാമങ്ങളെ അപേക്ഷിച്ച് നഗരസമൂഹങ്ങൾ വ്യവസായവൽക്കരണത്തെ പ്രോത്സാഹിപ്പിക്കുകയും ആധുനിക തൊഴിലവസരങ്ങൾ നൽകുകയും ചെയ്യുന്നു. നഗരങ്ങൾ സാങ്കേതികവിദ്യയെയും ആഗോളബന്ധങ്ങളെയും ആധുനീകരിക്കുന്നു. നഗരജീവിതം, വ്യത്യസ്ത സംസ്കാരങ്ങളുടെ സമ്മിശ്രണമായതുകൊണ്ട് സാംസ്കാരിക കൈമാറ്റത്തെ (Cultural Exchange) പ്രോത്സാഹിപ്പിക്കുന്നു.

ഗ്രാമങ്ങളും നഗരങ്ങളും പരസ്പരാശ്രയത്വത്തോടെ സന്തുലിതാവസ്ഥ നിലനിർത്തുകയും ഇന്ത്യൻ സാമൂഹിക വ്യവസ്ഥയെ ശക്തിപ്പെടുത്തുകയും ചെയ്യുന്നു.

### ഗ്രാമീണ-നഗര തുടർച്ച (Rural-Urban Continuum)

ഗ്രാമസമൂഹങ്ങൾ നഗരസമൂഹങ്ങളായി പരിവർത്തനം ചെയ്യപ്പെടുന്നതുമായി ബന്ധപ്പെട്ട ഒരു സങ്കല്പനമാണ് ഗ്രാമീണ-നഗര തുടർച്ച. ഗ്രാമവും നഗരവും എവിടെ അവസാനിക്കുന്നുവെന്നും എവിടെ ആരംഭിക്കുന്നുവെന്നും കൃത്യമായി തിരിച്ചറിയാൻ പര്യാപ്തമായ രീതിയിൽ ഇവയ്ക്കിടയിൽ ഒരു അതിർവരമ്പ് നിർണ്ണയിക്കപ്പെട്ടിട്ടില്ല എന്ന സ്ഥിതിവിശേഷം ഗ്രാമീണ-നഗര തുടർച്ചയിൽ നിലനിൽക്കുന്നുവെന്ന് മക് ഐവർ അഭിപ്രായപ്പെടുന്നു. കേരളത്തിൽ ഇത്തരത്തിലുള്ള ഗ്രാമീണ-നഗര തുടർച്ച നിലനിൽക്കുന്നതായി കാണാവുന്നതാണ്.

ഗ്രാമ-നഗര സമൂഹങ്ങളുടെ പരസ്പരാശ്രയത്വത്തെ പ്രതിഫലിപ്പിക്കുന്ന ചിത്രങ്ങളും വിവരണങ്ങളും ഉൾപ്പെടുത്തി ഒരു ഡിജിറ്റൽ പ്രസന്റേഷൻ തയ്യാറാക്കി അവതരിപ്പിക്കൂ.

## വൈവിധ്യത്തിൽ നിന്ന് ബഹുസ്വരതയിലേക്ക്

മതം, ജാതി, ഗോത്രം, ദേശം, ഭാഷ തുടങ്ങിയവയിലെ വൈവിധ്യങ്ങൾ നിലനിൽക്കുന്ന രാജ്യമാണ് നമ്മുടേതെന്ന് നാം തിരിച്ചറിഞ്ഞല്ലോ. ഈ വൈവിധ്യങ്ങളെ ബഹുസ്വരതയിലൂടെ സമീപിക്കുമ്പോൾ മാത്രമേ രാജ്യത്തിന്റെ സാമൂഹികവ്യവസ്ഥ സുസ്ഥിരമായി നിലനിൽക്കുകയുള്ളൂ. 'വൈവിധ്യം' (Diversity) 'ബഹുസ്വരത' (Pluralism) എന്നീ വാക്കുകൾ പലപ്പോഴും ഒരേ അർഥത്തിൽ ഉപയോഗിക്കുന്നതായി നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടോ?



ജൈവവൈവിധ്യം



ഓർക്കസ്ട്ര

മുകളിൽ നൽകിയിട്ടുള്ള ചിത്രങ്ങൾ നിരീക്ഷിക്കൂ.

വ്യത്യസ്തമായ അനേകം ജീവജാലങ്ങൾ പ്രകൃതിയിൽ നിലനിൽക്കുന്നു എന്ന ആശയമാണ് ജൈവവൈവിധ്യം എന്നതുകൊണ്ട് അർഥമാക്കുന്നത്. വൈവിധ്യം എന്നാൽ വ്യത്യസ്തതകളാണ്. എന്നാൽ വ്യത്യസ്തതയുള്ള കാര്യങ്ങൾ ഒരുമിച്ച് സഹവർത്തിക്കുന്നതിനെയാണ് ബഹുസ്വരത എന്ന വാക്ക് അർഥമാക്കുന്നത്. ഒരു ഓർക്കസ്ട്രയിൽ വിവിധ സംഗീതോപകരണങ്ങളുണ്ട് എന്നത് അതിന്റെ വൈവിധ്യമായി കാണാം. എന്നാൽ അവയെ മനോഹരമായ സംഗീതം പൊഴിക്കുന്ന രീതിയിൽ വിദഗ്ധമായി ക്രമപ്പെടുത്തുമ്പോഴാണ് (Compose) ബഹുസ്വരത സംഭവിക്കുന്നത്.

വ്യത്യസ്ത സാമൂഹികവിഭാഗങ്ങൾ, മതങ്ങൾ, വംശങ്ങൾ എന്നിവയിൽ ഉൾപ്പെട്ട ആളുകൾ ഒരു സമൂഹത്തിൽ ഒരുമിച്ചായിരിക്കുകയും എന്നാൽ ഓരോരുത്തരും അവരവരുടെ പാരമ്പര്യങ്ങളും താൽപര്യങ്ങളും പിന്തുടരുകയും ചെയ്യുന്ന ഒരു സാഹചര്യമാണ് ബഹുസ്വരത ഉൾക്കൊള്ളുന്നത്.

സമൂഹത്തിലെ വൈവിധ്യം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് സമൂഹത്തിനുള്ളിൽ നിലനിൽക്കുന്ന വ്യത്യസ്തതകളെയാണ്. സാംസ്കാരികവും മതപരവും ഭാഷാപരവും വംശീയവും സാമൂഹികവുമായ വ്യത്യാസങ്ങളെല്ലാം ഇതിൽ ഉൾപ്പെടുന്നു. ഇത്തരം വൈവിധ്യങ്ങൾ തമ്മിൽ പരസ്പരബന്ധമോ പരസ്പരബഹുമാനമോ ഉണ്ടാകണമെന്നില്ല. എന്നാൽ ബഹുസ്വരത ഈ വൈവിധ്യങ്ങൾക്കതീതമായി വിവിധ സംഘങ്ങൾ തമ്മിലുള്ള ആശയവിനിമയം, പരസ്പരബഹുമാനം, പരസ്പരസ്നേഹം, പരസ്പരസൗഹാർദം എന്നിവ പ്രോത്സാഹിപ്പിക്കുന്നു. സമൂഹത്തിലെ വ്യത്യാസങ്ങളും വൈവിധ്യങ്ങളും ഭിന്നതകൾ സൃഷ്ടിക്കുന്നില്ലെന്നും പകരം ഐക്യത്തിലേക്കും സഹവർത്തിത്വത്തിലേക്കും നയിക്കുന്നുവെന്നും 'ബഹുസ്വരത' ഉറപ്പാക്കുന്നു.

വൈവിധ്യം സ്വാഭാവികമായി നിലനിൽക്കുന്നതാണെങ്കിൽ ബഹുസ്വരത ബോധപൂർവമായി സൃഷ്ടിച്ചെടുക്കേണ്ട ഒന്നാണ്. അതുകൊണ്ടുതന്നെയാണ് ബഹുസ്വരതയുടെ സൃഷ്ടി ബോധപൂർവമായ ഒരു പ്രവർത്തനമായി പരിഗണിക്കുന്നത്.

ഇന്ത്യൻ സാമൂഹികവ്യവസ്ഥ എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസിൽ ഒരു പ്രശ്നോത്തരി സംഘടിപ്പിക്കുന്നതിനായുള്ള ചോദ്യാവലി തയ്യാറാക്കൂ.

## ബഹുസ്വരത നേരിടുന്ന വെല്ലുവിളികൾ









ഇന്ത്യൻ ബഹുസ്വരതയ്ക്ക് തടസ്സമാകുന്ന ചില പ്രശ്നങ്ങളാണ് വാർത്താതലക്കെട്ടുകളിൽ നൽകിയിരിക്കുന്നത്. എന്തൊക്കെയാണവ?

- 
- 
- 

നമ്മുടെ രാജ്യത്തിന്റെ വൈവിധ്യങ്ങളെ നാം അംഗീകരിക്കുകയും ബഹുമാനിക്കുകയും ചെയ്യുമ്പോഴാണ് നമ്മുടെ രാജ്യത്ത് ബഹുസ്വരതയുണ്ടാകുന്നത്. ദേശീയോദ്ഗ്രഥനത്തിലൂടെ ഇന്ത്യൻ ബഹുസ്വരത നേരിടുന്ന വെല്ലുവിളികളെ തരണം ചെയ്യാൻ നമുക്ക് സാധിക്കും.

ആനുകാലിക അച്ചടി മാധ്യമങ്ങളിൽ വന്ന സാമൂഹിക സൗഹാർദത്തിന്റെയും സംഘർഷത്തിന്റെയും വാർത്തകൾ ശേഖരിക്കുക. മാധ്യമങ്ങൾ ബഹുസ്വരതയെയും അതിന്റെ വെല്ലുവിളികളെയും എങ്ങനെ അവതരിപ്പിക്കുന്നുവെന്ന് വിശകലനം ചെയ്ത് സെമിനാർ റിപ്പോർട്ട് തയ്യാറാക്കൂ.

## ദേശീയോദ്ഗ്രഥനം

വ്യത്യസ്ത പശ്ചാത്തലം, പ്രദേശം, ഭാഷ, മതം, സംസ്കാരം എന്നിവ പിന്തുടരുന്ന ജനങ്ങളെ അവരുടെ വൈവിധ്യങ്ങളെ മാനിച്ചുകൊണ്ടുതന്നെ ഏകീകൃതവും സൗഹാർദപരവുമായ ഒരു രാഷ്ട്രത്തിലേക്ക് കൊണ്ടുവരുന്ന പ്രക്രിയയാണ് ദേശീയോദ്ഗ്രഥനം (National Integration). വൈവിധ്യങ്ങളെ മാനിക്കുന്നതോടൊപ്പം പൗരർക്കിടയിലുള്ള സ്വത്വബോധത്തിനും ഐക്യദാർഢ്യത്തിനും പൊതുസ്വത്വത്തിനും അത് ഊന്നൽ നൽകുന്നു. സാംസ്കാരികവും ഭാഷാപരവും മതപരവുമായി വൈവിധ്യം പുലർത്തുന്ന ഇന്ത്യൻ സമൂഹത്തെ അവരുടെ വൈവിധ്യങ്ങളെ മാനിച്ചുകൊണ്ടുതന്നെ ഒരു ദേശീയസ്വത്വത്തിലേക്ക് ഒന്നിപ്പിക്കുന്ന പ്രക്രിയയാണ് ഇന്ത്യൻ ദേശീയോദ്ഗ്രഥനം.

നാനാത്വത്തിൽ ഏകത്വം പ്രോത്സാഹിപ്പിക്കുന്ന ആഘോഷങ്ങൾ ഇന്ത്യയുടെ ദേശീയോദ്ഗ്രഥനത്തിന് പ്രചോദനമാണ്. അരികുവൽക്കരിക്കപ്പെട്ട വിഭാഗങ്ങളെ ഉൾച്ചേർക്കുന്നതും സമൂഹത്തിലെ എല്ലാ വിഭാഗങ്ങൾക്കും തുല്യപങ്കാളിത്തവും പ്രാതിനിധ്യവും ഉറപ്പുനൽകുന്നതുമായ ഒരു ജനാധിപത്യക്രമമാണ് ഇന്ത്യയുടെത്. ഇന്ത്യയിലുടനീളം ഒരുമിച്ച് ആഘോഷിക്കുന്ന വിവിധ ഉത്സവങ്ങളും ആഘോഷപരിപാടികളുമെല്ലാം സമൂഹത്തിൽ സഹവർത്തിത്വവും സഹിഷ്ണുതയും ഉറപ്പുവരുത്തുന്നു. അതോടൊപ്പം മത-ഭാഷാന്യൂനപക്ഷങ്ങളെ സംരക്ഷിക്കുന്ന നിയമവ്യവസ്ഥയും പ്രകടമായ മതനിരപേക്ഷതയും സമത്വം പോലുള്ള ഭരണഘടനാമൂല്യങ്ങളെ ശക്തിപ്പെടുത്തുകയും ചെയ്യുന്നു.

### ദേശീയോദ്ഗ്രഥനം- പ്രത്യേകതകൾ

- നാനാത്വത്തിൽ ഏകത്വം വളർത്തുന്നു
- സാമൂഹിക ഐക്യം പ്രോത്സാഹിപ്പിക്കുന്നു
- ദേശീയസ്വത്വം വികസിപ്പിക്കുന്നു
- സാമൂഹിക വികസനത്തെ പ്രോത്സാഹിപ്പിക്കുന്നു
- ജനാധിപത്യ ഭരണക്രമത്തെ ശക്തിപ്പെടുത്തുന്നു
- ബഹുസ്വരത നേരിടുന്ന വെല്ലുവിളികളെ തരണം ചെയ്യാൻ സഹായിക്കുന്നു

ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലെ ഭാഷ, കല, മറ്റ് സാംസ്കാരിക സവിശേഷതകൾ, ദേശീയോദ്ഗ്രഥനത്തിന് സംഭാവന നൽകിയ വ്യക്തികൾ തുടങ്ങിയവ ഉൾപ്പെടുത്തി ഗ്രൂപ്പടിസ്ഥാനത്തിൽ ക്ലാസിൽ ഒരു ഡിജിറ്റൽ അവതരണം നടത്തൂ.

## തുടർപ്രവർത്തനങ്ങൾ

- നിങ്ങളുടെ പ്രദേശത്തോ, സമീപപ്രദേശങ്ങളിലോ നടന്ന സാമൂഹിക തിന്മകൾക്കും അസമത്വത്തിനുമെതിരെയുള്ള പ്രക്ഷോഭങ്ങളെയും പോരാട്ടങ്ങളെയും കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് ഒരു ഡോക്യുമെന്ററി തയ്യാറാക്കൂ.
- ഇന്ത്യയുടെ സ്വാതന്ത്ര്യസമര കാലഘട്ടങ്ങളിൽ വ്യത്യസ്ത ഇന്ത്യൻ ഭാഷകളിലൂടെ ദേശീയ ബോധത്തെ ഉണർത്തിയ കവിതകളും ഗാനങ്ങളും ശേഖരിച്ച് സംഘമായി അവതരിപ്പിക്കൂ.
- ഇന്ത്യയുടെ സാംസ്കാരികവികസനത്തിന് സംഭാവനകൾ നൽകുന്ന ചിത്രങ്ങൾ, ശില്പങ്ങൾ, നൃത്തരൂപങ്ങൾ, സംഗീതം മുതലായ വിവിധ കലാരൂപങ്ങളെ ഉൾപ്പെടുത്തി ഐ.സി.ടി.യുടെ സഹായത്തോടെ ഒരു സാംസ്കാരിക പ്രദർശനം സംഘടിപ്പിക്കൂ.
- 'ഇന്ത്യൻ സമൂഹത്തിലെ ഗോത്ര-ഗ്രാമ-നഗര ജീവിതത്തിന്റെ ദൃശ്യ പ്രതിനിധാനം' എന്ന ശീർഷകത്തിൽ ഫോട്ടോ പ്രദർശനം സംഘടിപ്പിക്കൂ.
- ഇന്ത്യയിലെ സാമൂഹിക പരിഷ്കർത്താക്കളുടെ ചിത്രങ്ങളും അവരുടെ പ്രവർത്തനമണ്ഡലങ്ങളും ഉൾപ്പെടുത്തി ഒരു ഡിജിറ്റൽ പ്രസന്റേഷൻ തയ്യാറാക്കൂ.

## കുറിപ്പുകൾ

| |
|---|
| |
| |
| |
| |
| |
| |
| |
| |
| |
| |
| |
| |
| |
| |
| |

## കുറിപ്പുകൾ

## കുറിപ്പുകൾ

## കുറിപ്പുകൾ

## ഭാരതത്തിന്റെ ഭരണഘടന

ഭാഗം IV ക

# മൗലിക കർത്തവ്യങ്ങൾ

**51 ക. മൗലിക കർത്തവ്യങ്ങൾ - താഴെപ്പറയുന്നവ ഭാരതത്തിലെ ഓരോ പൗരന്റെയും കർത്തവ്യം ആയിരിക്കുന്നതാണ് :**

(ക) ഭരണഘടനയെ അനുസരിക്കുകയും അതിന്റെ ആദർശങ്ങളെയും സ്ഥാപനങ്ങളെയും ദേശീയപതാകയെയും ദേശീയഗാനത്തെയും ആദരിക്കുകയും ചെയ്യുക;

(ഖ) സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള നമ്മുടെ ദേശീയസമരത്തിന് പ്രചോദനം നൽകിയ മഹനീയാദർശങ്ങളെ പരിപോഷിപ്പിക്കുകയും പിൻതുടരുകയും ചെയ്യുക;

(ഗ) ഭാരതത്തിന്റെ പരമാധികാരവും ഐക്യവും അഖണ്ഡതയും നിലനിർത്തുകയും സംരക്ഷിക്കുകയും ചെയ്യുക;

(ഘ) രാജ്യത്തെ കാത്തുസൂക്ഷിക്കുകയും ദേശീയസേവനം അനുഷ്ഠിക്കുവാൻ ആവശ്യപ്പെടുമ്പോൾ അനുഷ്ഠിക്കുകയും ചെയ്യുക;

(ങ) മതപരവും ഭാഷാപരവും പ്രാദേശികവും വിഭാഗീയവുമായ വൈവിധ്യങ്ങൾക്കതീതമായി ഭാരതത്തിലെ എല്ലാ ജനങ്ങൾക്കുമിടയിൽ, സൗഹാർദവും പൊതുവായ സാഹോദര്യമനോഭാവവും പുലർത്തുക, സ്ത്രീകളുടെ അന്തസ്സിന് കുറവു വരുത്തുന്ന ആചാരങ്ങൾ പരിത്യജിക്കുക;

(ച) നമ്മുടെ സമ്മിശ്രസംസ്കാരത്തിന്റെ സമ്പന്നമായ പാരമ്പര്യത്തെ വിലമതിക്കുകയും നിലനിറുത്തുകയും ചെയ്യുക;

(ഛ) വനങ്ങളും തടാകങ്ങളും നദികളും വന്യജീവികളും ഉൾപ്പെടുന്ന പ്രകൃത്യാ ഉള്ള പരിസ്ഥിതി സംരക്ഷിക്കുകയും അഭിവൃദ്ധിപ്പെടുത്തുകയും, ജീവികളോട് കാരുണ്യം കാണിക്കുകയും ചെയ്യുക;

(ജ) ശാസ്ത്രീയമായ കാഴ്ചപ്പാടും മാനവികതയും, അന്വേഷണത്തിനും പരിഷ്കരണത്തിനും ഉള്ള മനോഭാവവും വികസിപ്പിക്കുക;

(ഝ) പൊതുസ്വത്ത് പരിരക്ഷിക്കുകയും ശപഥം ചെയ്ത് അക്രമം ഉപേക്ഷിക്കുകയും ചെയ്യുക;

(ഞ) രാഷ്ട്രം യത്നത്തിന്റെയും ലക്ഷ്യപ്രാപ്തിയുടെയും ഉന്നതതലങ്ങളിലേക്ക് നിരന്തരം ഉയരത്തക്കവണ്ണം വ്യക്തിപരവും കൂട്ടായതുമായ പ്രവർത്തനത്തിന്റെ എല്ലാ മണ്ഡലങ്ങളിലും ഉൽക്കൃഷ്ടതയ്ക്കുവേണ്ടി അധ്വാനിക്കുക;

(ട) ആറിനും പതിനാലിനും ഇടയ്ക്ക് പ്രായമുള്ള തന്റെ കുട്ടിക്കോ തന്റെ സംരക്ഷണയിലുള്ള കുട്ടികൾക്കോ, അതതു സംഗതി പോലെ, മാതാപിതാക്കളോ രക്ഷാകർത്താവോ വിദ്യാഭ്യാസത്തിനുള്ള അവസരങ്ങൾ ഏർപ്പെടുത്തുക.

# കുട്ടികളുടെ അവകാശങ്ങൾ

പ്രിയമുള്ള കുട്ടികളേ,

നിങ്ങൾക്കുള്ള അവകാശങ്ങളെന്തെല്ലാമെന്ന് അറിയേണ്ടതില്ലേ? അവകാശങ്ങളെക്കുറിച്ചുള്ള അറിവ് നിങ്ങളുടെ പങ്കാളിത്തം, സംരക്ഷണം, സാമൂഹികനീതി എന്നിവ ഉറപ്പാക്കാൻ പ്രേരണയും പ്രചോദനവും നൽകും. നിങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ ഇപ്പോൾ ഒരു കമ്മീഷൻ പ്രവർത്തിക്കുന്നുണ്ട്. കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ എന്നാണ് അതിന്റെ പേര്. എന്തെല്ലാമാണ് നിങ്ങൾക്കുള്ള അവകാശങ്ങൾ എന്നു നോക്കാം.

- സംസാരത്തിനും ആശയപ്രകടനത്തിനുമുള്ള സ്വാതന്ത്ര്യം
- ജീവന്റെയും വ്യക്തിസ്വാതന്ത്ര്യത്തിന്റെയും സംരക്ഷണം
- അതിജീവനത്തിനും പൂർണ്ണവികാസത്തിനുമുള്ള അവകാശം
- ജാതി-മത-വർഗ-വർണ്ണ ചിന്തകൾക്കതീതമായി ബഹുമാനിക്കപ്പെടാനും അംഗീകരിക്കപ്പെടാനുമുള്ള അവകാശം
- മാനസികവും ശാരീരികവും ലൈംഗികവുമായ പീഡനങ്ങളിൽ നിന്നുള്ള സംരക്ഷണത്തിനും പരിചരണത്തിനുമുള്ള അവകാശം
- പങ്കാളിത്തത്തിനുള്ള അവകാശം
- ബാലവേലയിൽനിന്നും ആപൽക്കരമായ ജോലികളിൽനിന്നുമുള്ള മോചനം
- ശൈശവവിവാഹത്തിൽനിന്നുള്ള സംരക്ഷണം
- സ്വന്തം സംസ്കാരം അറിയുന്നതിനും അതനുസരിച്ച് ജീവിക്കുന്നതിനുമുള്ള സ്വാതന്ത്ര്യം
- അവഗണനകളിൽനിന്നുള്ള സംരക്ഷണം
- സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശം
- കളിക്കാനും പഠിക്കാനുമുള്ള അവകാശം
- സ്നേഹവും സുരക്ഷയും നൽകുന്ന കുടുംബവും സമൂഹവും ലഭ്യമാകാനുള്ള അവകാശം

## നിങ്ങളുടെ ചില ഉത്തരവാദിത്വങ്ങൾ

- സ്കൂൾ, പൊതുസംവിധാനങ്ങൾ എന്നിവ നശിപ്പിക്കാതെ സംരക്ഷിക്കുക.
- സ്കൂളിലും പഠനപ്രവർത്തനങ്ങളിലും കൃത്യനിഷ്ഠ പാലിക്കുക.
- സ്കൂൾ അധികാരികളെയും അധ്യാപകരെയും മാതാപിതാക്കളെയും സഹപാഠികളെയും ബഹുമാനിക്കുകയും അംഗീകരിക്കുകയും ചെയ്യുക.
- ജാതി-മത-വർഗ-വർണ്ണ ചിന്തകൾക്കതീതമായി മറ്റുള്ളവരെ ബഹുമാനിക്കാനും അംഗീകരിക്കാനും സന്നദ്ധരാവുക.


*ബന്ധപ്പെടേണ്ട വിലാസം:*

**കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ**

ശ്രീ ഗണേഷ്, റ്റി.സി. 14/2036, വാൻറോസ് ജംങ്ഷൻ,

കേരള യൂണിവേഴ്സിറ്റി പി.ഒ, തിരുവനന്തപുരം – 34

ഫോൺ 0471 – 2326603

ഇ- മെയിൽ childrights.cpcr@kerala.gov.in, rte.cpcr@kerala.gov.in

വെബ്സൈറ്റ് : www.kescpcr.kerala.gov.in


ചൈൽഡ് ഹെൽപ്പ് ലൈൻ - 1098, ക്രൈം സ്റ്റോപ്പർ - 1090, നിർഭയ – 1800 425 1400

കേരള പൊലീസ് ഹെൽപ്പ് ലൈൻ - 0471 – 3243000/44000/45000

*online **R.T.E Monitoring : www.nireekshana.org.in***